Ci
XIV
137

N12<526908923 021
N11< 49124955 021
ubTÜBINGEN
UB Tübingen

# KUNDALATA

## A MALAYALAM NOVEL

BY

**T. M. APPU NEDUNGADI, B. A.,**

*Copyright registered.*

തലക്കൊടിമഠത്തിൽ അപ്പുനെടുങ്ങാടി

ഉണ്ടാക്കിയ

# കുന്ദലതാ

എന്നൊരു പുതുമാതിരി കഥാ.

ൟ പുസ്തകത്തിൻെറ കൊപ്പിറൈററ
അവകാശം റജിസ്റ്റർചെയ്തിരിക്കുന്നു.

CALICUT

PRINTED AT THE VIDYA VILASUM PRESS.

1887.

11774

Price 8 As. വില അണ ൮.

# KUNDALATA

## A MALAYALAM NOVEL

BY

**T. M. APPU NEDUNGADI, B. A.**

*Copyright registered.*

തലക്കൊടിമഠത്തിൽ അപ്പുനെടുങ്ങാടി

ഉണ്ടാക്കിയ

# കുന്ദലതാ

എന്നൊരു പുതുമാതിരി കഥാ.

ഈ പുസ്തകത്തിന്റെ കൊപ്പിറൈററ
അവകാശം രജിസ്തർ ചെയ്തിരിക്കുന്നു.

CALICUT

PRINTED AT THE VIDYA VILASUM PRESS.

1887.

Printed at the "VIDYA VILASUM PRESS" Calicut.

UNIV BIBL TÜBINGEN

Ci XIV 137.

# ശുദ്ധപത്രം

താഴെ പട്ടികയിൽ തെറ്റുകൾ രണ്ടാമതും എടുത്തു കാണിച്ചിട്ടില്ല. ശരിയായിട്ടുള്ള വിധം ഇന്നതെന്നു മാത്രമെ കാണിച്ചിട്ടുള്ളു. ഇത്രാമത്തെ വരിഎന്നു കാണിക്കുന്ന അക്കത്തിന്റെ കീഴിൽ വരഞ്ഞിട്ടുണ്ടെങ്കിൽ ആയ്തു ആ ഭാഗത്തിന്റെ ചുവട്ടിൽനിന്നു എണ്ണിക്കൊള്ളേണ്ടതാകുന്നു.

| ഭാഗം | വരി | ശരിയായിട്ടുള്ള മാതിരി |
|---|---|---|
| 4 | 4 | കാലക്ഷേപം ചെയ്തുവരുന്ന അവരും. |
| 6 | 8 | അഭിഷേകമായിരുന്നു ഞാൻ അവിടെ ചെന്നപ്പോൾ |
| 11 | 1 | മനസ്സിലായി എന്നറിയിക്കുവാൻ |
| 16 | 6 | എങ്കിലും ഈ വെട്ടസ്സു വലിയ |
| 27 | 15 | ചൊദിക്കേണ്ടു താമസമെയുള്ളു കിട്ടുവാൻ |
| 41 | 4 | രാജാവ, പ്രതാപചന്ദ്രനെ |
| 43 | 4 | വികൃതരൂപനായിരിക്കാമെന്നു |
| 44 | 13 | പ്രകാശിപ്പിച്ചിരുന്നു. |
| 45 | 11 | അമ്പത ഹരിക്കാരന്മാർ |
| 46 | 15 | തന്റെ ജ്യേഷ്ഠൻ വളരെക്കാലം |
| 48 | 15 | രാജ്ഞിഭർത്താവിന്റെ |
| 69 | 14 | ക്ഷണംകൊണ്ടു തലച്ചുററും തിരിച്ചു |
| 71 | 9 | ദൂതൻ, " വളരെ കാലത്തോളം |
| 81 | 11 | അനുരാഗോത്ഭൂതങ്ങളായ |
| 81 | 4 | എന്നോടിത്രനിഷ്ഠുരത കാണിക്കരുതെ |
| 96 | 2 | അണഞ്ഞു പൊരുതി അനവധി |
| 99 | 7 | നിഷ്പ്രണനാകെണ്ടുത? |
| 103 | 6 | രാജാവ:— സംശയമില്ല, |
| I03 | 9 | അഘോരനാഥൻ:— (വിസ്മയത്തോടുകൂടി) എന്നെ |
| 103 | 7 | ഇവിടത്തെ വീണ്ടുത. വിശേഷിച്ചു- |
| 104 | 6 | വെപിതാംഗനായി |
| 106 | 11 | ആഹ്ലാദകരനായി |
| 110 | 8 | കുന്ദലതാ:— കഷ്ടം! ഞാൻ |

# ശുദ്ധപത്രം.

| ഭാഗം | വരി | ശരിയായിട്ടുള്ള മാതിരി. |
|---|---|---|
| 51 | 12 | ഗുരുശിഷ്യന്മാരുടെ നിലയിൽ ആയി |
| 51 | 11 | ചിലപ്പോൾ പലനമ്മങ്ങൾ പറയും |
| 117 | 1 | കപിലനാഥൻ രാജധാനിയിൽ എത്തി |

ഈ പുസ്തകം അച്ചടിക്കുമ്പോൾ എന്റെ പരിശോധനയുണ്ടാവാൻ സംഗതിവരായ്കയാൽ, മേൽ കാണിച്ച മാതിരി പല അച്ചടിപ്പിഴകളും, വീഴക്ഷരങ്ങളും, അവിടവിടെ കാണ്മാനുള്ളത, വായനക്കാർ ക്ഷമയോടും പകതിരിവോടും കൂടി തീൎത്തുകൊള്ളുമെന്ന ഞാൻ വിശ്വസിക്കുന്നു.

മദ്രാശി<br>
1887 ഒക്ടോബർ } അപ്പനെടുങ്ങാടി

# മുഖവുര

ഇംഗ്ലീഷിൽ പുതുമാതിരി കഥാ എന്നൎത്ഥമായതും "നോവൽ" എന്ന പേർ പറയുന്നതും വായനക്കാൎക്ക വളരെ നേരംപോക്കുള്ളതും ആയ അനേകം പുസ്തകങ്ങൾ ഉണ്ട. മലയാള ഭാഷയിൽ അതുപോലെയുള്ള പുസ്തകങ്ങൾ ഇല്ലായ്കയാൽ മലയാളക്കാരിൽ ഇംഗ്ലീഷ പരിജ്ഞാനമില്ലാത്തവരായ അധികപക്ഷക്കാൎക്ക ആവക പുസ്തകങ്ങളിലെ കഥാരസത്തെയും ഭാഷാചാതുൎയ്യത്തെയും ലേശം പോലും അറിവാൻ കഴിയാതെ ചെറുപ്പകാലങ്ങളിൽ മാതാപിതാക്കന്മാർ പറഞ്ഞറിവാൻസംഗതിയുള്ള ചില പുരാണകഥകൾ അവർ രാമായണം ഭാരതം നളചരിതം മുതലായ ചുരുക്കം ചില പുസ്തകങ്ങളിൽനിന്ന വായിച്ചറിഞ്ഞ അവയെ തന്നെ പിഷ്ടപേഷണം പോലെ ഒട്ടും രസംകൂടാതെ പിന്നെയും പിന്നെയും പലവുരു ആവൎത്തിച്ചുകൊണ്ട കാലംകഴിച്ചുവരുന്നത വളരെ കഷ്ടം തന്നെ. ഇംഗ്ലീഷ ഭാഷാപരിജ്ഞാനവും പ്രാപ്തിയും ഉള്ള അപൂൎവം ചില കേരളീയരുള്ളവര ഇതുവരെയും ആ അവസ്ഥയെ ഭേദപ്പെടുത്തുവാൻ ശ്രമിക്കാത്തതും ആശ്ചൎയ്യമാണ.

നാലമാസം മുമ്പെ "നോവൽസ" എന്ന ഇംഗ്ലീഷ കഥകളുടെ ഏതാണ്ടൊരു മാതിരിയിൽ ഒരു ചെറിയ കഥ ഞാൻ ഉണ്ടാക്കിയത, എന്റെ സ്നേഹിതന്മാർ ചിലർനോക്കി അതകേരളീയരായമഹാജനങ്ങൾക്ക സ്വീകാരയോഗ്യമായി തീരുമെന്നും ഒട്ടും താമസിയാതെ പ്രസിദ്ധപ്പെടുത്തേണമെന്നും അഭിപ്രായപ്പെട്ട എന്നെ ധൈൎയ്യപ്പെടുത്തുകയാൽ ഞാൻ എഴുതികൂട്ടിയതിനെ ഒരിക്കൽ കൂടി പരിശോധന ചെയ്തു അച്ചടിപ്പിക്കുവാൻ തിട്ടയാക്കിയതാണ. ഈ കഥയിൽ കലിംഗം, കുന്തളം, മുതലായ രാജ്യങ്ങളുടെ പേരുകളും, കുന്ദലതാ, താരാനാഥൻ, എന്നിങ്ങിനെ ആളുകളുടെ പേരുകളും ഉപയോഗിച്ചിരിക്കുന്നതിന്റെ മുഖ്യ ആവശ്യം കേരളസമ്പ്രദായത്തിന്ന അനുസരിക്കാത്ത ചിലമാതിരികളും മൎയ്യാദകളും ഇതിൽ എന്തെങ്കിലും കാണ്മാനിടയുണ്ടെങ്കിൽ ഈ കഥ കേരളത്തിൽനിന്ന വളരെ ദൂരമുള്ള ഒരു അന്യദേശത്ത സംഭവിച്ചതായിട്ടാണ പറഞ്ഞിരിക്കുന്നത എന്നും, ആയവ ആ ദേശത്തെ നടപ്പുകൾക്കനുസരിച്ചതായിരിക്കാമെന്നും വായനക്കാർ ഓൎമ്മവെക്കുവാൻ വേണ്ടി മാത്രമാണ. എന്നാൽ ഈ കഥാ പുരാണ പ്രസിദ്ധങ്ങളായ ആ രാജ്യങ്ങൾക്ക ശരിയായതും

ഇപ്പൊൾ വെറെ പെരുകൾ പറഞ്ഞു പൊരുന്നതും ആയ രാജ്യങ്ങളിൽ തന്നെയാണ സംഭവിച്ചത എന്ന വായനക്കാർ ധരിച്ചുപൊകയും വെണ്ട.

ഈ പുസ്തകം ഇംഗ്ലീഷ പരിജ്ഞാനമില്ലാത്ത ബഹുജനങ്ങൾക്കും, പ്രത്യെകിച്ച പിടിപ്പത പണിയില്ലാത്തതിനാൽ നെരം പൊകാതെ ബുദ്ധിമുട്ടുന്നവരായ സ്ത്രീകൾക്കും ദൊഷരഹിതമായ ഒരു വിനൊദത്തിന്ന ഹെതുവായിതീൎന്നെക്കാമെന്നു ഞാൻ വിചാരിക്കുന്നുണ്ടു എന്നാൽ മലയാളക്കാരിൽ അധികപക്ഷക്കാരുടെ മെൽ പ്രസ്താവിച്ച കഷ്ടാവസ്ഥയെ ഭെദപ്പെടുത്തിയാൽ കൊള്ളാമെന്ന എനിക്ക മൊഹമുണ്ടെങ്കിലും അപ്രകാരം ഭെദം വരുത്തത്തക്ക യൊഗ്യത ഇതിന്നുണ്ടെന്നബൊദ്ധ്യമില്ലതാനും. "പ്രാംശുലഭ്യെഫലെലൊഭാദുൽബാഹുരിവവാമന:" എന്നാണ ഈ ആരംഭത്തിൽ ഉദ്യൊഗിച്ചിരിക്കുന്ന എന്റെ അവസ്ഥ. എങ്കിലും എന്റെ ഈ പ്രയത്നം "പ്രാംശു"ക്കളായ ചിലരുടെ ദൃഷ്ടിയിൽ പെടുമ്പൊഴെങ്കിലും, മറ്റൊരൊ വിഷയങ്ങളിൽപരിശ്രമിച്ചുകൊണ്ടൊസ്വസ്ഥന്മാരായൊ കാലക്ഷെപം ചെയ്യുവരുന്നവരും, ഞാൻ കാംക്ഷിച്ചിരിക്കുന്ന "ഫല"ത്തിങ്കൽതന്നെ "ലുബ്ധ"ന്മാരായി തീൎന്ന അതിനെ "ലംഘി"ക്കുവാനായിട്ടു "ഉൽബാഹു"ക്കളാവുകയും ചെയ്താൽ ആഫലം അനായാസെന ഹസ്തപ്രാപ്യമാകുന്നതൊടുകൂടി എന്റെ മൊഹവുംസാധിക്കുന്നതായിരുന്നു.

എന്നു, തലക്കൊടി മഠത്തിൽ അപ്പുനെടുങ്ങാടി.

# കുന്ദലതാ

## എന്നൊരു പുതുമാതിരി കഥാ

### ൧ാം അദ്ധ്യായം.

### യോഗീശ്വരൻ.

ദണ്ഡകാരണ്യത്തിന്റെ എത്രയും ഉത്തരഭാഗത്ത വിലാദ്രി എന്നൊരു മലയുടെ താഴ്വാരത്തിൽ ധൎമ്മപുരീ എന്നൊരു ഗ്രാമം ഉണ്ടായിരുന്നു അവിടെ ൟ കഥയുടെ കാലത്ത രണ്ടൊ നാലൊ ബ്രാഹ്മണഗൃഹങ്ങൾ മാത്രമെ ഉണ്ടായിരുന്നുള്ളു. അധികം ജനങ്ങൾ ചക്കാലന്മാരായിരുന്നു. ധൎമ്മപുരിയിൽ നിന്ന ഒരു കാതം ദൂരത്ത ഒരു ചന്തയും ഉണ്ടായിരുന്നു ആ ചന്തയിൽ എണ്ണ വിററിട്ടായിരുന്നു അവരുടെ നിത്യവൃത്തി. ഒരുദിവസത്തെ വഴി കിഴക്കൊട്ടായി സാമാന്യം വലിയ ഒരു പട്ടണം ഉണ്ടായിരുന്നതിലെക്ക പൊകുന്ന പെരുവഴി ധൎമ്മപുരിയുടെ സമീപത്തിൽ കൂടിയായിരുന്നതിനാൽ ഒരുകുഗ്രാമമാണെങ്കിലും അവിടെ ദിവസെന രണ്ടുനാല വഴിപൊക്കന്മാർ എവിടുന്നെങ്കിലും എത്തി കൂടുക പതിവായിരുന്നു.

ഒരു ദിവസം തിരിഞ്ഞു പതിററടി സമയമായപ്പൊൾ ഒരു ബ്രാഹ്മണൻ വഴിനടന്ന ക്ഷീണിച്ച ധൎമ്മപുരിയിൽ എത്തി, ദേവാലയത്തിന്റെ മുമ്പിലുള്ള ആൽത്തറയിന്മെൽ വന്നിരുന്നു. അല്പം നെരം കാററുകൊണ്ടു ക്ഷീണം തീൎന്നപ്പൊഴെക്ക വെറെ ഒരാൾ കൂടി എത്തി ആ ആളെകണ്ടാൽ ഒരു യൊഗീശ്വരനാണെന്ന തൊന്നും. പീതാംബരം ചുററിയിരിക്കുന്നു വെറെ ഒരുവസ്ത്രംകൊണ്ടു ശരീരം നല്ലവണ്ണം മറയത്തക്ക വിധത്തിൽ പുതച്ചിരുന്നതിന്റെ പുറമെ ഒരു മാന്തൊൽകൊണ്ടു വാമാൎദ്ധം മുഴുവനും മറയ്ക്കുകയും ചെയ്തിരിക്കുന്നു. കഴുത്തിൽ കൂടിപുറത്തെക്ക ഒരു ചെറിയ ഭാണ്ഡം തൂക്കീട്ടുണ്ടു കയ്യിൽ ഒരു ദണ്ഡും ഉണ്ടു വലിയ ജടാഭാരം ശിരസ്സിന്റെ മുൻഭാഗത്ത നിൎത്തികെട്ടിവെച്ചിരിക്കുന്നു. താടി അതിനിബിഡമായി വളൎന്നിട്ടുള്ളതിൽ അങ്ങുമിങ്ങും ധവളമായി ഒന്നൊ

രണ്ടാം നരച്ച രോമവും കാണ്മാനുണ്ട. ഉന്നതകായനായ അദ്ദേഹത്തിന്റെ ലക്ഷണയുക്തമായ മുഖവും, പ്രൌഢമായിരിക്കുന്ന ഉരസ്സും പീവരമായിരിക്കുന്ന സ്കന്ധവും, ഉജ്വലങ്ങളായിരിക്കുന്ന നെത്രങ്ങളും, ശരീരത്തിന്റെ തെജസ്സും, മററും കണ്ടാൽ സാമാന്യനല്ലെന്ന ഉടനെ തൊന്നാതിരിക്കയില്ല അങ്ങിനെയിരിക്കുന്ന യൊഗീശ്വരനും ആ ആൽത്തറയിന്മെൽ തന്നെ വന്നിരുന്നു ക്ഷെത്രാലയത്തിലെക്ക ദൎശനത്തിന്ന പൊയികൊണ്ടിരുന്ന ചിലരല്ലാതെ അവിടെ സമീപം വെറെ ആരും ഉണ്ടായിരുന്നില്ല. ബ്രാഹ്മണൻ യൊഗീശ്വരനെ കണ്ടപ്പൊൾ വളരെ വിസ്മയിച്ചു എങ്കിലും യൊഗീശ്വരൻ മൌനവ്രതക്കാരനായിരിക്കുമൊ എന്നശങ്കിച്ച ഒന്നും ചൊദിച്ചില്ല കുറച്ചുകഴിഞ്ഞപ്പൊൾ യൊഗീശ്വരൻ തന്നെ സംഭാഷണം തുടങ്ങി.

യൊഗീശ്വരൻ:— അങ്ങുന്ന ഏതദിക്കിൽനിന്നാണ വരുന്നത, എങ്ങൊട്ടെക്കാണ ഇപ്പൊൾ പൊകുന്നത എന്നറിവാൻ ആഗ്രഹിക്കുന്നു.

ബ്രാഹ്മണൻ:— ഞാൻ അവന്തിരാജ്യത്തിൽനിന്നാണ ഇപ്പൊൾ വരുന്നത. കുറെ കാലമായിട്ട സഞ്ചാരം തന്നെയായിരുന്നു. ഇപ്പൊൾ പൊകുന്നത ബദരിപട്ടണത്തിലെക്കാണ. അങ്ങുന്ന ആരാണെന്നു അറിഞ്ഞാൽ കൊള്ളായിരുന്നു.

യൊഗീശ്വരൻ:— ഞാനും അങ്ങെപ്പൊലെതന്നെ ഒരു സഞ്ചാരിയാണ. എന്നാൽ ഇയ്യിടെ കുറെ കാലമായി ഒരു ദിക്കിൽ സ്ഥിരമായിട്ട തന്നെയാണ താമസിച്ചു വരുന്നത. അങ്ങെ കണ്ടപ്പൊൾ വിശെഷവൎത്തമാനങ്ങൾ വല്ലതും ഉണ്ടെങ്കിൽ അറിയാമെല്ലൊ എന്ന വിചാരിച്ചുചൊദിച്ചതാണ. ചെദിരാജ്യത്തൊ, അതിന്നടുക്കെയൊ, മറെറാ വിശെഷവൎത്തമാനങ്ങൾ വല്ലതും ഉണ്ടൊ എന്നറിയാമൊ? എനിക്ക കുറച്ചുകാലം കൂടി കഴിഞ്ഞാൽ ആ ദിക്കുകളിലെക്ക പൊകെണമെന്നുണ്ടായിരുന്നു.

ബ്രാഹ്മണൻ:— അവന്തിരാജ്യത്തെ വലിയ രാജാവ വാനപ്രസ്ഥത്തിന്ന പൊയിരിക്കുന്നു എന്നറിയുന്നു. അദ്ദേഹത്തിന്റെ സീമന്തപുത്രന്ന അഭിഷെകമായിരുന്നു; ഞാൻ അവിടെ ചെന്നപ്പൊൾ പിന്നെ വിശെഷാൽ — വിശെഷാൽ ഒന്നുമില്ലെന്നില്ല. കലിംഗ രാജാവിന്റെ പുത്രന്ന വിവാഹം ആലൊചിക്കുന്നുണ്ടെന്നൊ, നിശ്ചയിച്ചിരിക്കുന്നു എന്നൊ ഒരു വൎത്തമാനം കെൾക്കയുണ്ടായി.

യൊഗീശ്വരൻ:— നിശ്ചയിച്ചു കഴിഞ്ഞുവൊ? എന്നാണെന്ന കെൾക്കയുണ്ടായൊ?

ബ്രാഹ്മണൻ— അത എനിക്ക രൂപമില്ല. ആ ദിക്കിൽ രാജകുമാരന്ന വിവാഹം അടുത്തിരിക്കുന്നു എന്നൊരു കിംവദന്തിയുണ്ട. ഞാൻ

ഇങ്ങൊട്ട പൊരുന്നതാകയാൽ സൂക്ഷ്മം അന്വെഷിപ്പാൻ എനിക്ക അത്ര താല്പൎയ്യം ഉണ്ടായതുമില്ല.

യൊഗീശ്വരൻ— വെറെ വിശെഷ വൎത്തമാനങ്ങൾ ഒന്നും ഇല്ലയായിരിക്കും?

ബ്രാഹ്മണൻ— വെറെ ഒന്നും കെട്ട ഓൎമ്മ തൊന്നുന്നില്ല.

ഇങ്ങിനെ ബ്രാഹ്മണനും യൊഗീശ്വരനും തമ്മിൽ കുറച്ചനെരം കൂടി സംഭാഷണം ചെയ്തശെഷം ബ്രാഹ്മണൻ സ്നാനത്തിന്നായിട്ട യൊഗീശ്വരനൊട യാത്ര പറഞ്ഞ പൊയി. യൊഗീശ്വരനും അധികം താമസിയാതെ നെരെ വടക്കൊട്ട ഒരു ചെറിയ ഊടുവഴിയിൽകൂടെ പൊയി വിലപാദ്രിയുടെ താഴ്വാരത്തിൽ ജനസഞ്ചാരമില്ലാത്ത ഒരെടത്തകൂടി യാതൊരു ഭയമൊ സംശയമൊ കൂടാതെ ആ ദിക്കൊക്കെയും നല്ല പരിചയമുള്ളതപൊലെ നടന്നു. നാലപുറത്തും അതി ഘൊരമായ വനം. ജനങ്ങൾ ആരും നട്ടുച്ച സമയത്തകൂടി ആ ദിക്കിലെക്ക സ്മരിക്കയില്ല. വിലപാദ്രിയുടെ മുകളിൽ യക്ഷകിന്നരന്മാരുടെ വാസസ്ഥലമാണെന്നാണ ജനങ്ങളുടെ വിശ്വാസം. യൊഗീശ്വരൻ ഒരു തടസ്ഥവും കൂടാതെ പെരുത്ത വങ്കാട്ടിൽ നടുവെ മലയുടെ മുകളിലെക്ക കയറിത്തുടങ്ങി. ഇടക്ക തന്റെ വഴി തെറ്റിപ്പൊകാതിരിപ്പാൻ ചില വൃക്ഷങ്ങളെയൊ പാറകളെയൊ അടയാളം വെച്ചിട്ടുള്ളത മാത്രം നൊക്കിക്കൊണ്ട വെഗത്തിൽ കയറി ചെന്നപ്പൊൾ വഴിയിൽ വലിയ ഒരു പാറപ്പുറത്ത കരിമ്പടം കൊണ്ട ശരീരം മുഴുവൻ മൂടി ഒരു മനുഷ്യൻ ഇരിക്കുന്നത കണ്ടു. സാധാരണ ഒരാളാണെങ്കിൽ ആ രൂപം കണ്ടാൽതന്നെ പെടിക്കാതിരിക്കയില്ല. യൊഗീശ്വരനെ കണ്ടപ്പൊൾ ആ മനുഷ്യൻ എഴുനീറ്റ അടുത്ത വന്ന വണങ്ങി. "സ്വാമി ഇത്ര താമസിച്ചതകൊണ്ട ഞങ്ങൾ കുറെ ഭയപ്പെട്ടു" എന്ന പറഞ്ഞു. യൊഗീശ്വരൻ "ഞാൻ വിചാരിച്ചതിൽ അല്പം അധികം വൈകിപ്പൊയി, ആകട്ടെ, നീ വെഗം മുമ്പിൽ നടന്നൊ" എന്നുത്തരം പറഞ്ഞു രണ്ടുപെരുംകൂടി വെഗത്തിൽ നടന്നുതുടങ്ങി. വൃക്ഷങ്ങളുടെ നിബിഡതകൊണ്ടും, രാത്രിയായതിനാലും ആ കാത്തനിന്നിരുന്നവൻ ഒരു ചൂട്ട കൊളുത്തി ഏകദെശം ഒരു നാഴിക മെല്പട്ട കയറിയപ്പൊഴെക്ക ദൂരെവെറൊരു വെളിച്ചം കാണമാറായി. ആ വെളിച്ചത്തിന്റെ നെരെ ഇവർ രണ്ടാളുകളും നടന്ന താമസിയാതെ ഒരു പൎണ്ണാശ്രമത്തിൽ എത്തി. അത യൊഗീശ്വരന്റെ വാസസ്ഥലമാണ. വൃക്ഷങ്ങൾ അതിന്ന വളരെ അരികെ ഒന്നും ഇല്ല. പരന്ന സ്ഥലം. വിശെഷ പരിമളമുള്ള അനവധി കുസുമങ്ങൾ ഭവനത്തിന്റെ മുൻഭാഗ

ത്ത തന്നെ പൂത്തനിൽക്കുന്നുണ്ടാകയാൽ മന്ദാനിലൻ വീശുന്നസമയം പരമാനന്ദം തന്നെ. യോഗീശ്വരന്റെ കൂടെ വന്നവൻ അദ്ദേഹത്തിന്റെ ഭൃത്യനായിരുന്നു. രണ്ടുപേരുംകൂടി ആശ്രമത്തിന്റെ പടിക്കൽ എത്തിയപ്പോഴെക്ക കുറെ പ്രായംചെന്ന ഒരു സ്ത്രീ ഒരു കൊല്വിളക്കും കൊണ്ടു പുറത്തുവന്നു. യോഗീശ്വരൻ ചെന്ന കയറിയ ഉടനെ "കുന്ദലത എവിടെ?" എന്ന ചോദിച്ചു. "ഉറങ്ങുന്നു" എന്ന ആ സ്ത്രീ ഉത്തരം പറഞ്ഞു. "ഇത്രനെരത്തെ ഉറക്കമായത എന്തു?" എന്ന ചോദിച്ചപ്പോൾ, "പകലൊക്കെയും വളരെ അഹങ്കരിച്ച ഓടി നടക്കുകയാൽ ക്ഷീണം കൊണ്ടു ഉറങ്ങുന്നതായിരിക്കണം" എന്നുത്തരം പറഞ്ഞു. "ആകട്ടെ, ഉറങ്ങട്ടെ" എന്നപറഞ്ഞു യോഗീശ്വരൻ അകത്തെക്ക കടന്ന ഉടുപ്പ അഴിച്ചുവെച്ചു. അതിന്റെകൂടെ ജടയും, താടിയുംഅഴിച്ചുവെച്ചു. ആയവ കൃത്രിമമായിരുന്നു എന്ന പറയെണ്ടതില്ലല്ലൊ. യോഗീശ്വരൻ പുറത്തെക്ക പൊകുമ്പൊൾ ആ ജടയും, താടിയും വെച്ചുകെട്ടുന്നത പതിവായിരുന്നു. അതിന്റെ ആവശ്യം എന്തെന്നറിവാൻ പ്രയാസം. പക്ഷെ സ്വാകാരാച്ഛാദനത്തിന്നായിരിക്കാം. മഹാന്മാരുടെ അന്തർഗ്ഗതം അറിവാൻ എളുതല്ലല്ലൊ. എന്തെങ്കിലും, വെഷം ഒക്കെയും അഴിച്ച വെച്ചപ്പോൾ മുഖത്തിന്ന വളരെ സൌമ്യത കൂടി. സ്വതെയുള്ള പകുതി നരച്ച താടിയും മീശയും കാണുമാറായി. മുഖത്ത പ്രായാധിക്യസൂചകങ്ങളായ ഒന്നരണ്ടു ചുളികൾ ഉണ്ടു. ചുരുണ്ടു നീളം കുറഞ്ഞ തലമുടി വകഞ്ഞു പിൻഭാഗത്തെക്ക മാടിവെച്ചു. ഉടുപ്പുകൊപ്പുകളും അതാതിന്റെ പാട്ടിൽ എടുത്തുവെച്ച "ആ-ആ- വൂ! കാലം!— കാലം!— എത്ര വെഗത്തിൽ പൊകുന്ന കാലം! അത്ഭുതം!" എന്ന പറഞ്ഞു വളരെ വിചാരങ്ങൾ ആ ക്ഷണനെരം കൊണ്ടു മനസ്സിൽകൂടി പാഞ്ഞുപൊയതപൊലെ ഒരു ദീർഘശ്വാസം അയച്ച മറ്റെ അകത്തിന്റെ വാതിൽ പതുക്കെ തുറന്ന കടന്നു. ചുമരിന്മെൽ വളരെ മങ്ങികൊണ്ടു കത്തിയിരുന്ന ഒരു വെളിച്ചം കുറച്ചു പ്രകാശിപ്പിച്ചു കുറഞ്ഞൊരു പരിഭ്രമത്തൊടുകൂടി അടുക്കെ ഒരു കട്ടിലിന്മെൽ കിടന്ന ഉറങ്ങിയിരുന്ന ഒരു കുമാരിയെ അധികമായ പ്രെമമൊടും ആനന്ദത്തൊടും കൂടി കുറച്ചുനെരം കുമ്പിട്ടു നൊക്കിയപ്പൊൾ മനസ്സിൽ നിറഞ്ഞിരുന്ന വിചാരങ്ങൾ ജലരൂപെണ പുറപ്പെടുകയൊ എന്ന തൊന്നുംവണ്ണം രണ്ടുമൂന്ന അശ്രുവിന്ദുക്കൾ യോഗീശ്വരന്റെ നെത്രങ്ങളിൽനിന്ന അദ്ദേഹത്തിന്റെ അറിവ കൂടാതെ ഉറങ്ങുന്ന കുമാരിയുടെ മാറിടത്തിൽ പൊട്ടുന്നനവെ വീണു. ഉടനെ ആ കുമാരി കണ്ണു മിഴിച്ച അച്ഛാ! അച്ഛാ! എന്ന വിളിച്ചയോഗീശ്വരനെ ഗാഢമായി ആലിംഗനം ചെയ്തു. "ംരം വ്യസനത്തിന്ന കാരണമെന്തെന്ന ചോദിക്കും വിധത്തിൽ അതി

ഖിന്നതയോടുകൂടി യോഗീശ്വരന്റെ മുഖത്തേക്ക നോക്കി" യോഗീശ്വരൻ. "ഒട്ടും പരിഭ്രമിക്കേണ്ട, വിശേഷാൽ ഒന്നും ഇല്ല, ഞാൻ കുറച്ച മുമ്പെ പുറത്തേക്ക പൊയിരുന്നു. വരുവാൻ കുറെ വൈകിപ്പൊയി. വന്ന ഉടനെ എന്റെ കുട്ടിക്ക തരക്കേട ഒന്നും ഇല്ലല്ലൊ എന്നറിവാൻ വെണ്ടി വന്ന നൊക്കിയതാണ. സുഖമായി ഉറങ്ങുന്നത കണ്ടപ്പൊൾ എനിക്ക സന്തൊഷവും, കുട്ടിക്ക വല്ലതും വന്നപൊയാൽ എനിക്കുണ്ടാവുന്ന വ്യസനവുംകൂടി വിചാരിച്ചപ്പൊൾ ഞാൻ അറിയാതെ കണ്ണുനീര പൊടിഞ്ഞതാണ. അല്ലാതെ ഒന്നും ഇല്ല. ഉറങ്ങിക്കൊള്ളു ഞാൻ നമുക്ക അത്താഴത്തിന്ന കാലമായാൽ വന്ന വിളിക്കാം." എന്ന പറഞ്ഞു. കുമാരി, "അച്ഛാ! എനിക്ക സംസാരിപ്പാൻ ആരും ഇല്ലാഞ്ഞിട്ടും, തൊട്ടത്തിൽ പണി എടുത്തതിന്റെ ക്ഷീണം കൊണ്ടും ഇത്രനെരത്തെ ഉറങ്ങിയതാണ. അച്ഛൻ വന്നുവല്ലൊ, ഇനി എനിക്ക ഉറങ്ങെണ്ട" എന്ന പറഞ്ഞ യോഗീശ്വരനും ആ കുമാരിയും കൂടി ഉമ്മറത്തേക്ക പൊകുമ്പൊൾ, മുമ്പെ പറഞ്ഞ മുത്തശ്ശിഅമ്മ "ഉണ്മാൻ കാലായിരിക്കുന്നു" എന്ന പറഞ്ഞു. യോഗീശ്വരൻ "എന്നാൽ ഊണ കഴിയട്ടെ എന്ന പറഞ്ഞ കാലും മുഖവും കഴുകി ഉണ്മാൻ ഇരുന്നു. കുന്ദലത എന്ന ആ കുമാരി യോഗീശ്വരന പതിവ പൊലെ ചൊറ മാത്രം വിളമ്പികൊടുത്ത അടുക്കെത്തന്നെ ഉണ്മാൻ ഇരുന്നു. യോഗീശ്വരൻ ഒന്നും സംസാരിക്കാതെ വെഗത്തിൽ ഉണ്മാൻ തുടങ്ങി. കുന്ദലത "എന്താ അച്ഛാ! എനിക്ക ഉരുള തരാതെ ഉണ്മാൻ തുടങ്ങിയത?" എന്നചൊദിച്ചു. യോഗീശ്വരൻ "ഒ! അത ഞാൻമറന്നപൊയെ!" എന്നപറഞ്ഞ കയ്യുകഴുകി വെറെ കുറെചൊറ മെടിച്ച വെഗത്തിൽ ഒരു ഉരുള ഉരുട്ടി കുന്ദലതക്കകൊടുത്തു. "ഞാൻ വഴിനടന്ന ക്ഷീണംകൊണ്ടും വിശപ്പ കൊണ്ടും പതിവ പൊലെ ഉരുള തരുവാൻ മറന്നതാണ" എന്ന പറഞ്ഞു. കുന്ദലത; അച്ഛൻ ക്ഷീണം കൊണ്ട മറന്നതായിരിക്കും എന്ന ഞാൻ ശങ്കിച്ചു; എങ്കിലും എനിക്ക അച്ഛൻ തരുന്ന ഉരുള ഒന്നാമത ഉണ്ടിട്ടില്ലെങ്കിൽ സുഖമില്ല. അതുകൊണ്ട ചൊദിച്ചതാണ;" എന്ന പറഞ്ഞ ഉണ്മാൻ തുടങ്ങി. ഊണ കഴിഞ്ഞാൽ രണ്ടുപെരും കൂടി ഉമ്മരത്തും മുറ്റത്തും കുറച്ചനെരം നടക്കുക പതിവുണ്ട. അന്ന രാത്രി അധികം നെരം നടന്നില്ല. എന്നതന്നെയല്ലാ തമ്മിൽ അധികമായി ഒന്നും സംസാരിച്ചതും ഇല്ല. അസാരം നെരം നടന്നശെഷം, യോഗീശ്വരൻ "പാർവ്വതി!" എന്ന വിളിച്ചു. അപ്പൊൾ ആ പ്രായംചെന്ന സ്ത്രീ പുറത്ത വന്ന കിടക്ക വിരിച്ചിരിക്കുന്നു എന്നറിയിച്ചു. "കിടക്കാൻ സമയമായാൽ പൊയി കിടന്നകൊള്ളു" എന്ന പറഞ്ഞ യോഗീശ്വരൻ കുന്ദലതയെ കൊണ്ടുപൊയി കിടത്തി. "ഞാനും കിടക്കട്ടെ" എന്ന പറഞ്ഞ പൊകു

വാൻ തുടങ്ങുമ്പോൾ "ഇന്ന അച്ഛന്ന എന്താ ഇത്ര മറവ" എന്ന കുന്ദലത ചൊദിച്ചു. "ഒ! എന്റെ മറവ ഇന്ന കുറെ അധികം തന്നെ. ക്ഷീണം കൊണ്ടാണ." എന്ന പറഞ്ഞു പതിവപൊലെ കുന്ദലതയുടെ കവിളിന്മെൽ ഗാഢമായി ചുംബനം ചെയ്തു "ഉറങ്ങിക്കൊള്ളൂ" എന്ന പറഞ്ഞു വിളക്ക നന്നെ താഴ്ത്തി പുറത്തെക്ക പൊയി. എന്നാൽ കുന്ദലതയൊട പറഞ്ഞപൊലെ ഉറങ്ങുകയല്ലാ ചെയ്തത. കുറെനെരം ഉമ്മറത്ത ഉലാത്തിയശെഷം, മുററത്തെക്കിറങ്ങി, "രാമദാസാ!" എന്ന വിളിച്ചു. അപ്പൊഴെക്ക യൊഗീശ്വരന്റെ ഭൃത്യൻ വന്നു. അവനൊട മൂന്ന നാല നാഴികനെരം രഹസ്യമായി ചിലത സംസാരിച്ചു, അവനെ ഉറങ്ങുവാൻ പറഞ്ഞയച്ചു, പിന്നെയും വളരെ മനൊരാജ്യത്തൊടും ആലൊചനയൊടും കൂടി കുറെ നെരം നടന്നു, ഏകദെശം അദ്ധരാത്രി സമയമായപ്പൊൾ താൻ ഉറങ്ങുവാൻ പൊവുകയും ചെയ്തു.

---

## ൨ ാം അദ്ധ്യായം.

### കുന്ദലതാ.

ഇനി, യൊഗീശ്വരന്റെ ഈ വനവാസത്തെ കുറിച്ച അല്പം പറയെണ്ടിയിരിക്കുന്നു. അദ്ദെഹത്തിന്റെ കൂടെയുള്ളവരെ ഒക്കെയും നാം ഇപ്പൊൾ പറഞ്ഞു കഴിഞ്ഞു ഒന്നാമതായിട്ട അദ്ദെഹത്തിന്റെ വാത്സല്യത്തിന്നും ദയക്കും പാത്രമായ കുന്ദലത എന്ന കുമാരിയാണ. ഈ കുമാരിക്ക പതിനാറ വയസ്സ പ്രായമായി, എങ്കിലും അതെ പ്രായത്തിലുള്ളവരൊടൊന്നിച്ച കളിപ്പാൻ ഇടവരായ്കയാൽ കൌമാരചാപല്യങ്ങൾ ലെശം പൊലും ഇല്ല. ഭക്ഷണത്തിന്റെ കാൎയ്യത്തിലും മററും ദിനചൎയ്യയിലും യൊഗീശ്വരൻ വളരെ ശ്രദ്ധവെക്കുകയാൽ നല്ല ആരൊഗ്യവും ശരീരപുഷ്ടിയും അനല്പമായ സൌന്ദൎയ്യവും ഉണ്ട. എന്നാൽ കുന്ദലതയെ നല്ലവണ്ണം പരിചയമായി എങ്കിൽ, അവളുടെ രൂപലാവണ്യത്തെക്കാൾ സ്വഭാവഗുണവും ബുദ്ധിഗൌരവവുമാണ അധികം വിസ്മയനീയമായിട്ടതൊന്നുക. ഉത്തമസ്ത്രീകളുടെ സ്വഭാവത്തിന്ന സഹജങ്ങളായ, സാധുത്വം, ദയ, സ്നെഹം അധൎമ്മഭീരുത്വം, മുതലായ വിശെഷഗുണങ്ങൾ, ആ ചെറുപ്രായത്തിൽ തന്നെ അവളുടെ സ്വഭാവത്തിൽ വ്യക്തമായി പ്രകാശിച്ചിരുന്നു അത്രയുമല്ല; യൊഗീശ്വരന്റെ ദുൎല്ലഭമായ ഉപദെശംകൊണ്ടും, അനുപമമായ ഉദാഹരണം കൊണ്ടും, അദ്ദെഹത്തിന്റെ സഹവാസത്താൽ ഉണ്ടാ

കുന്ന സൽഗുണങ്ങളെ വിഫലമാക്കി തീക്കേണ്ടതിന്ന, ചപല ബുദ്ധികളും അവിവെകികളും ആയ ആളുകൾ ആരും ഇല്ലാതിരുന്നതിനാലും, സാധാരണ സ്ത്രീകൾക്കുണ്ടാകുന്ന ദുസ്വഭാവങ്ങളും വക്രതകളും, ചപലതകളും, മനസ്സിൽ അങ്കുരിപ്പാൻ സംഗതി വരാതെ, അവൾ, അനിതരവനിതാസാമാന്യങ്ങളായ പല വിശെഷഗുണങ്ങൾക്കും ആസ്പദമായിതിരുകയും ചെയ്തു. അത്ഭുതമല്ലതാനും. യൊഗീശ്വരന്ന ബാലലാളനത്തിന്നും ശിക്ഷക്കും ഉള്ള സാമൎത്ഥ്യം അസാമാന്യം തന്നെയായിരുന്നു. എന്നാൽ കുന്ദലത കാവ്യനാടകാലങ്കാരാദികളിൽ പരിജ്ഞാനമുള്ള ഒരു വിദുഷിയൊ? സംഗീതാദികളിൽ നൈപുണ്യമുള്ളവളൊ? അല്ല. യൊഗീശ്വരൻ ആ വക അഭ്യാസങ്ങളുടെ ആവശ്യത്തെയും, ഉപകാരത്തെയും വളരെ സൂക്ഷ്മമായി ആലൊചിച്ചു ഖണ്ഡിച്ചിട്ടുള്ളാളാകയാൽ കുന്ദലതയെ ആ വിഷയങ്ങളിൽ പരിശ്രമിപ്പിച്ചിട്ടുണ്ടായിരുന്നില്ല. സംഗീതസാഹിത്യാദികൾ കെവലം മനസ്സിന്റെ ഭൂഷണങ്ങൾ. കാഞ്ചികങ്കണാദികളെക്കൊണ്ടു വിരൂപികൾ ശൊഭിക്കുമൊ? സംഗീതസാഹിത്യാദിഗുണങ്ങൾ ഉണ്ടെങ്കിലും ദുൎബ്ബുദ്ധികൾ വന്ദനീയന്മാരൊ? ആയുകൊണ്ടു ആ വക ഭൂഷണങ്ങൾ അത്ര സാരമായിട്ടുള്ളവയല്ല. ഒന്നാമതായി സമ്പാദിക്കെണ്ടത നിൎമ്മലമായും സുജ്ഞാതമായും ഉള്ള മനസ്സാണെന്ന യൊഗീശ്വരൻ തീൎച്ചയാക്കീട്ടുണ്ടായിരുന്നു. ആയതിന്ന ലൊകവ്യുൽപത്തി കൊണ്ടു മതികമലത്തെ വികസിപ്പിക്കെണ്ടത ആവശ്യമാകയാൽ യൊഗീശ്വരൻ കുന്ദലതയെ എപ്പൊഴും കൂടെ കൊണ്ടുനടന്ന, ബീജങ്ങൾ അങ്കുരിക്കുന്നതിനെയും, വൃക്ഷലതാദികളുടെ ഗുണങ്ങളെയും, പക്ഷിമൃഗാദികളുടെ സ്വഭാവങ്ങളെയും, അവകളുടെ ജാതി, തിരിച്ചറിവാനുള്ള വിധങ്ങളെയും, ജീവികളുടെ ശരീരത്തിലുള്ള ഓരൊ അംഗങ്ങളുടെ ധൎമ്മങ്ങളെയും, ഭൂമിയുടെ സ്ഥിതിയെയും, സൂൎയ്യ ചന്ദ്രന്മാരുടെയും നക്ഷത്രങ്ങളുടെയും സൂക്ഷ്മാവസ്ഥയെയും ഗതിഭെദങ്ങളെയും, നദികളുടെ ഉല്പത്തിയെയും, രാജ്യങ്ങളുടെ സ്വഭാവത്തെയും, ഇടി, മഴ, മഞ്ഞ എന്നിങ്ങിനെ പ്രപഞ്ചത്തിലുള്ള പല അത്ഭുതങ്ങളുടെ വിവരണങ്ങളെയും, മററും ഇങ്ങിനെയുള്ള പല പല പ്രകൃതിതത്വങ്ങളെയും, കാൎയ്യകാരണങ്ങളുടെ അന്യൊന്യ സംബന്ധത്തെയും, ദൃഷ്ടാന്തങ്ങളൊടുകൂടി പറഞ്ഞ മനസ്സിലാക്കി കൊടുക്കുക പതിവായിരുന്നു. മനസ്സിന്റെ അതാത പ്രായത്തിലെ വളൎച്ചക്കനുസരിച്ചു, പറഞ്ഞു കൊടുക്കുന്ന വിഷയങ്ങളുടെ കാഠിന്യത്തെ ക്രമീകരിക്കുകയാൽ, ആ വിഷയങ്ങൾ ഒക്കെയും കുന്ദലതക്കു സുഗമമായിട്ടു തൊന്നും. എന്ന തന്നെയല്ലാ, പറഞ്ഞു കൊടുത്തത മനസ്സിലായാൽ

എന്നറിയിക്കുവാൻ അവൾതന്നെ ഉത്സാഹത്തോടുകൂടി വേറെ ഉദാഹരണങ്ങളെ തേടി പിടിക്കുകയും, സംശയമുണ്ടായാൽ അത ജാഗ്രതയോടുകൂടി ചോദിച്ച മനസ്സിലാക്കുകയും, സൂക്ഷ്മമായി ഓരോ സംഗതികളെ ഗ്രഹിച്ചാൽ മുഖപ്രസാദംകൊണ്ട തന്റെ തൃപ്തിയെ പ്രത്യക്ഷപ്പെടുത്തുകയും ചെയ്യും. ഇങ്ങിനെ യോഗീശ്വരന്റെ ബുദ്ധികൌശലംകൊണ്ട മറ്റ പലരുടെയും വിദ്യാഭ്യാസത്തിന്നുണ്ടാകുന്ന ദുഃഖങ്ങളും ദുൎഘടങ്ങളും അറിവാനിടവരാതെ കുന്ദലതയുടെ വിദ്യാഭ്യാസം അവൾക്ക ഏറ്റവും വിനോദകരമായി ഭവിച്ചു. ഈ വിധം വിദ്യാഭ്യാസം വളരെ ചെറുപ്പത്തിൽ തന്നെ തുടങ്ങിയിരുന്നു എങ്കിലും, പന്ത്രണ്ട വയസ്സായതിന്ന ശേഷമാണ കുന്ദലതക്ക അക്ഷര വിദ്യയെ അഭ്യസിപ്പിച്ചത: രണ്ട സംവത്സരത്തിന്നുള്ളിൽ സ്വഭാഷ എഴുതുവാനും വായിക്കുവാനും നല്ല പരിചയമായി. അതിന്റെ പുറമെ, ജഗദീശ്വരനെ പ്രാൎത്ഥിക്കുവാനായി എട്ടുപത്ത ഗാനങ്ങൾ അൎത്ഥത്തോടുകൂടി പഠിപ്പിച്ചിട്ടുണ്ടായിരുന്നത ചിലപ്പോൾ യോഗീശ്വരന്റെ കൎണ്ണാനന്ദത്തിന്നായിട്ട പാടുമാറുണ്ടായിരുന്നു. അതല്ലാതെ വേറെ ഒരു വിധ ഗാനങ്ങളും വശമാക്കീട്ടുണ്ടായിരുന്നതും ഇല്ല!

കുന്ദലതക്ക ശൈശവം മുതൽക്ക ഓരോ പ്രായത്തിന്നടുത്ത കളികളും ഉണ്ടായിരുന്നു. ചങ്ങാതി യോഗീശ്വരൻ തന്നെ. അദ്ദേഹം അവളുടെ ഇഷ്ടം ഇന്നതെന്നറിഞ്ഞാൽ ഉടനെ അത സാധിപ്പിക്കും. കുട്ടിക്കാലത്ത വല്ലതും ഹിതംപോലെ ആവാഞ്ഞിട്ട കരഞ്ഞാൽ അതിന്ന കാരണമെന്തെന്നറിഞ്ഞ ഹിതത്തെ ചെയ്തുകൊടുക്കും. എന്തിനേറെ പറയുന്നു, അദ്ദേഹം അവളുടെ കുട്ടിക്കളികൾക്കൊക്കെയും താലോലിച്ച നില്ക്കും. ചിലപ്പോൾ താൻ തന്നെ ബാലചാപല്യം നടിച്ച അവളുടെ കൂടെ കളിക്കും. ആപത്തുള്ള കളികളിൽനിന്ന വിരമിപ്പിക്കും. വ്യായാമം കൊണ്ട ശരീരത്തിന്ന ലാഘവവും അംഗപുഷ്ടിയും ഉണ്ടാകുന്ന വിനോദങ്ങളിൽ ഇഷ്ടം ജനിപ്പിക്കും. ഇങ്ങിനെ അവളുടെമേൽ അച്ഛന്റെ സ്നേഹത്തോടും, കളിയിൽ സഖാവിന്റെ സഹൃദയതയോടും, ചില സമയങ്ങളിൽ ഉപദേഷ്ടാവിന്റെ ഗാംഭീൎയ്യത്തോടും, എപ്പോഴും അമ്മയുടെ ലാളനയോടും, ഒരിക്കലും അപ്രിയം കൂടാതെയും വളൎത്തിക്കൊണ്ടുവരുവാൻ യോഗീശ്വരൻ ചെയ്ത പ്രയത്നം, കുന്ദലത തന്റെ അപരിമിതമായിരിക്കുന്ന ഗുണോൽകൎഷങ്ങളെക്കൊണ്ട ഏറ്റവും സഫലമാക്കി തീൎക്കുകയും ചെയ്തു. ഇങ്ങിനെയെല്ലാമാണ കുന്ദലതയുടെ അവസ്ഥ.

പിന്നെ പാൎവ്വതി എന്ന പെരായ സ്ത്രീയാണ ഉള്ളത. ആ സ്ത്രീക്ക അമ്പതിൽ അധികം വയസ്സായിരിക്കുന്നു. എങ്കിലും വാൎദ്ധക്യത്തിന്റെ അതിക്രമങ്ങൾ പറവാൻ തക്കവണ്ണം ഒന്നും തുടങ്ങീട്ടില്ല. വളരെ നല്ല സ്വഭാവമാണ. കുന്ദലതയെ കുട്ടിയിൽ തന്നെ എടുത്ത വളൎത്തിയ പൊറ്റമ്മയാകയാൽ അന്യോന്യം വളരെ സ്നെഹമുണ്ടായി തീൎന്നു. യൊഗീശ്വരനെ കുറിച്ച വളരെ ബഹുമാനവും ഭക്തിയും ഉള്ളവളാണ. ഗൃഹകൃത്യങ്ങൾ ഒക്കയും വെടിപ്പായിക്കഴിച്ച എടയുള്ളപ്പൊഴൊക്കയും കുന്ദലതയൊട സംസാരിച്ചും അവളെ ലാളിച്ചും കൊണ്ട കാലക്ഷെപം ചെയ്യുകയും ചെയ്യും.

രാമദാസൻ എന്ന ഭൃത്യന്ന ഒരു നാല്പത വയസ്സ പ്രായമായിരിക്കണം. വളരെ വിശ്വസ്ഥനും വകതിരിവുള്ളവനുമാണ. ചെറുപ്പം മുതല്ക്ക തന്നെ യൊഗീശ്വരന്റെ ഭൃത്യനാകയാൽ അദ്ദെഹത്തിന്റെ സംസൎഗ്ഗം ഹെതുവായിട്ട, എല്ലാ ഭൃത്യന്മാൎക്കും ഇല്ലാത്തതായ സ്വാമിഭക്തി, സത്യം എന്ന രണ്ട ഗുണങ്ങൾ അവന്റെ സ്വഭാവത്തിന്ന സഹജമായി തീൎന്നിരിക്കുന്നു. അവൻ യൊഗീശ്വരന്ന എന്ത വെണം എന്ന വെച്ചാൽ അത ചെയ്വാൻ സന്നദ്ധനാണ. ദെഹത്തിന്ന നല്ല ശെഷിയും അധികമായ ധൈൎയ്യവും ഉണ്ട. അവനെ കാണുന്നവൎക്ക, അവന്റെ സ്വാമിയുടെ യൊഗ്യത അവനിൽ പ്രതിഫലിച്ച കാണാം.

യൊഗീശ്വരന്റെ ഭവനം ഘൊര കാന്താരത്തിൽ വളരെ ഏകാന്ത സ്ഥലത്താണെങ്കിലും, ചുരുക്കത്തിൽ ഉറപ്പുള്ള ഭവനമാണ. ഗജം, വ്യാഘ്രം മുതലായ വനമൃഗങ്ങളുടെ ആക്രമം തട്ടാതിരിപ്പാൻ വെണ്ടി നാല പുറത്തും ബലമുള്ള വൃക്ഷങ്ങൾ വളരെ അടുപ്പിച്ച വെച്ച ഒരു വളരുന്ന വെലിയുണ്ടാക്കീട്ടുണ്ട. അതകൊണ്ടും, യൊഗീശ്വരൻ അത്യാവശ്യം ചില ആയുധങ്ങൾ കരുതീട്ടുണ്ടായിരുന്നതിനാലും ആ വക ദുഷ്ട മൃഗങ്ങളിൽനിന്ന ഭീതിയുണ്ടാവാൻ സംഗതി കൂടാതെ കഴിഞ്ഞു. ഭവനത്തിന്ന ചുറ്റും ഒരു വലിയ തൊപ്പാണ. അതിൽ സസ്യാദികൾ കുന്ദലതയുടെ കയ്യുകൊണ്ട ജലം ആസ്വദിച്ചവ അനവധിയുണ്ട. ഉമ്മറത്ത മുറ്റത്തിന്നരികെ കുന്ദലതക്ക പ്രത്യെകമായി ഒരു വളപ്പുണ്ട. അതിൽ മന്ദാരം, പനിനീര, പിച്ചകം, മുല്ല മുതലായ സുഗന്ധ പുഷ്പങ്ങളുടെ ചെടികളും, വള്ളികളും, നാരകം, ദ്രാക്ഷ, മാതളനാരകം മുതലായ വിശെഷ ഫലങ്ങൾ ഉണ്ടാവുന്ന വൃക്ഷങ്ങളും ചെടികളും കുന്ദലതയുടെ കയ്യുകൊണ്ട തന്നെ നട്ടുനനച്ചുണ്ടാക്കീട്ടുണ്ടായിരുന്നു. ദിവസംപ്രതി രാവിലെ സമയങ്ങളിലും യൊഗീശ്വരന്റെ കൂടെ നടക്കാത്ത മറ്റ സമയങ്ങളിലും കുന്ദലത ആ ചെടികളെ നനച്ച, അവക്ക മണ്ണും വളവും

ചെത്ത, വളരെ വാത്സല്യത്തോടുകൂടി രക്ഷിക്കുകയും, അവ മുളെക്കുന്നതും, വളരുന്നതും, തെഴുക്കുന്നതും, മൊട്ടിടുന്നതും, പൂക്കുന്നതും, കായ്ക്കുന്നതും മററും വളരെ കൌതുകത്തോടുകൂടി നോക്കി കണ്ട സന്തോഷിക്കുകയും ചെയ്യും. അങ്ങിനെ കുന്ദലതയുടെ പ്രയത്നത്തിന്റെ ഫലവും വിനോദത്തിന്റെ ഹെതുവും ആയ ആ ചെറിയ പൂന്തോട്ടം, സുഗന്ധമുള്ള പുഷ്പങ്ങളെക്കൊണ്ടും, മാധുൎയ്യമുള്ള ഫലങ്ങളെക്കൊണ്ടും ആ ആരാമത്തിന്ന ഒരു തൊടുകുറിയായി തീൎന്നിട്ടുണ്ടായിരുന്നു.

തൊപ്പിന്റെ ഒരു ഭാഗത്ത ഗൊതമ്പം വിളയിട്ടിട്ടുണ്ട. അതും കായ്ക്കനികളുമാണ പ്രധാന ഭക്ഷണ സാധനങ്ങൾ. തെനമുതലായ വന്യങ്ങളായ ദ്രവ്യങ്ങൾ സുലഭം. വന്യങ്ങളല്ലാത്ത സാധനങ്ങളും ഇല്ലെന്നില്ല. ആ വക സാമാനങ്ങൾ ധൎമ്മപുരിക്ക സമീപമുള്ള ചന്തയിൽനിന്ന വാങ്ങി കരുതുമാറുണ്ടായിരുന്നു. ഭവനത്തിന്റെ അല്പം തെക്ക ഭാഗത്തായിട്ട വില്വാദ്രിയുടെ അധികം ഉയൎന്ന ഒരു കൊടുമുടിയുണ്ട. അതിന്റെ അടിയിൽനിന്ന ഒരു ചെറുതായ ചൊലശാശ്വതമായി പ്രവഹിച്ചവരുന്നതിന്റെ മാൎഗ്ഗം തിരിച്ച യൊഗീശ്വരന്റെ വളപ്പിന്നുള്ളിലെക്ക കടത്തി, അവിടെ ഒന്ന രണ്ട വലിയ കുഴികളിൽ കെട്ടി നിൎത്തീട്ടുണ്ടായിരുന്നതിനാൽ കുടിക്കുവാനും കുളിക്കുവാനും ആ നിൎമ്മല ജലം തന്നെ ഉതകുമാറാക്കിരുന്നു. ആ കുഴികളിൽനിന്ന കവിഞ്ഞു ഒഴുകിപ്പൊകുന്ന വെള്ളം ചെറിയ ചാലുകളിൽക്കൂടി പല വഴിക്കും തിരിച്ചിട്ടുണ്ടായിരുന്നതിനാൽ തൊപ്പിലെ വൃക്ഷാദികൾക്ക നനയ്ക്കുവാൻ വളരെ എളുപ്പമായി തീൎന്നിരുന്നു. ആകപ്പാടെ വാസസൌഖ്യം ഒരു രാജാവിന്നുകൂടെ ഇതിലധികം ഉണ്ടാവാൻ പ്രയാസമാണ. അങ്ങിനെയിരിക്കുന്ന ആ വനഭവനത്തിൽ, യൊഗീശ്വരനും കുന്ദലതയും കൂടി സൌഖ്യമായിവസിക്കട്ടെ. ഇനി നമ്മുടെ കഥ വില്വാദ്രിയിൽനിന്ന വളരെ ദൂരമുള്ള വെറെ ഒരു രാജ്യത്തിൽവെച്ച തുടങ്ങെണ്ടിയിരിക്കുന്നു.

## ൨ാം അദ്ധ്യായം.

## നായാട്ട.

ശിശിരകാലം അവസാനിച്ച വസന്തം ആരംഭമായി. സൌരഭ്യവാനായ മന്ദമാരുതനെക്കൊണ്ടും, ശീതൊഷ്ണങ്ങളുടെ ആധിക്യം ഇല്ലായ്മയാലും, കൊകിലങ്ങളുടെ കളകൂജിതങ്ങളെക്കൊണ്ടും പ്രഭാതകാലം വളരെ ഉത്സാഹകരമായിതീൎന്നു. അങ്ങിനെയിരിക്കുംകാലം ഒരു നാൾ

സൂൎയ്യോദയത്തിന്ന അല്പം മുമ്പെ, ആയുധപാണികളായി ഏകദെശം ഒരു നൂറാളുകൾ കലിംഗരാജ്യത്തിന്ന സമീപമുള്ള ഒരു വനപ്രദെശത്ത വട്ടമിട്ട നില്ക്കുന്നത കാണായി. അവർ തമ്മിൽ തമ്മിൽ അകലമിട്ടാണ നില്ക്കുന്നത. അതുകൊണ്ട അവരുടെ എല്ലാവരുടെയും മദ്ധ്യത്തിലുള്ള വൃത്താകാരമായ സ്ഥലം ഒന്ന രണ്ട നാഴിക വിസ്താരമുള്ളതായിരിക്കണം. അന്യോന്യം ഒന്നും സംസാരിക്കുന്നില്ല. ആംഗ്യങ്ങളെക്കൊണ്ട മാത്രമെ വിവരം അറിയിക്കുന്നുള്ളു. ചിലർ വില്ലു കുലച്ചും, ചിലർ കുന്തം തെയ്യാറാക്കി പിടിച്ചും, മററ ചിലർ വാളൂരി പിടിച്ചും, ഇങ്ങിനെ എല്ലാവരും സന്നദ്ധന്മാരായി നില്ക്കുന്നുണ്ട. നായാട്ടുകാരാണ, മൃഗങ്ങൾ വരുന്നവയെ സംഹരിപ്പാൻ തെയ്യാറായി നില്ക്കുന്നവരാണെന്ന അറിവാൻ പ്രയാസമില്ല. എല്ലാവരും സന്നദ്ധന്മാരായി നിശ്ശബ്ദന്മാരായി അങ്ങിനെ നില്ക്കുംനെരം, കറുത്ത കുപ്പായവും, ചുവന്ന തൊപ്പിയും ഉള്ള നീണ്ട ഒരാൾ, ഒരു വലിയ കുതിരപ്പുറത്ത കയറി, നായാട്ടുകാർ നില്ക്കുന്നതിൻെറ ചുററും ഓടിച്ച, അവരൊട വാളുകൊണ്ട ഓരൊ അടയാളം കാണിച്ചുംകൊണ്ടുപൊയി. ആ അടയാളത്തിന്നനുസരിച്ച വെടന്മാർ എല്ലാവരും വെഗത്തിൽ മുൻപക്കം വെക്കുംതൊറും അവരുടെ നടുവിലുള്ള വൃത്താകാരമായ സ്ഥലം ക്രമെണ ചുരുങ്ങിത്തുടങ്ങി. അതിന്നിടയിൽ ആ വൃത്താകാരമായ സ്ഥലത്തിൻെറ നടുവിൽനിന്ന, നാലുദിക്കുകളിൽനിന്നും മാറെറാലിക്കൊള്ളും വണ്ണം ഒരു കാഹള ശബ്ദം മുഴങ്ങി. ആ ശബ്ദത്തിൻെറ മുഴക്കം തീരുന്നതിന്ന മുമ്പെ തന്നെ അതെ സ്ഥലത്തനിന്ന ആൎപ്പും വിളികളും മററ ശബ്ദങ്ങളും ഉച്ചത്തിൽ കെൾക്കുമാറായി അപ്പൊഴെക്കു വട്ടത്തിൽ പതിയിരിക്കുന്ന വെടന്മാരുടെ പരിഭ്രമവും ജാഗ്രതയും സന്തൊഷവും പറഞ്ഞാൽ തീരുന്നതല്ല. കാടിളകി; മൃഗങ്ങൾ പല ദിക്കിലെക്കും പ്രാണരക്ഷക്കായി പാഞ്ഞു തുടങ്ങി എങ്ങൊട്ട പാഞ്ഞാലും ചെന്ന വീഴുന്നത ആ അന്തകന്മാരുടെ മുമ്പാകെ തന്നെ. അവർ, അതാ ഇതാ! പൊയി! പിടിച്ചൊ! എന്നിങ്ങിനെ ചില ശബ്ദങ്ങൾ പറയുന്നു. മൃഗങ്ങളെ അതി വിദഗ്ദ്ധതയൊടുംകൂടി സംഹരിക്കുന്നു. ആയുസ്സു ഒടുങ്ങാത്ത ദുർലഭം ചില മൃഗങ്ങൾ വെടന്മാരുടെ ഇടയിൽക്കൂടി ചാടിയൊടി ഒഴിക്കുന്നു. വ്യാഘ്രം, കരടി, പന്നി, മുതലായ വലിയ മൃഗങ്ങളെ നടുവിൽനിന്ന കാടിളക്കിയവർ, നായ്ക്കളെക്കൊണ്ടും, കുതിരപ്പുറത്തനിന്ന കുന്തങ്ങളെക്കൊണ്ടും, ഓട്ടിക്കൊണ്ട വരുമ്പൊൾ ചുററും നില്ക്കുന്ന വെടർ അവയെ വഴി തെററിച്ച, കുണ്ടുകളിലെക്കും, പാറകളുടെയും വൃക്ഷങ്ങളുടെയും ഇടുക്കുകളിലെക്കു പായിച്ച, എങ്ങും പൊകുവാൻ നിവൃ

തിയില്ലാതാക്കി, നാലുപുറത്തുനിന്നും പലവിധ ആയുധങ്ങൾ അവയുടെ മെൽ പ്രയൊഗിക്കുമ്പോൾ, പ്രാണഭയംകൊണ്ടുണ്ടാവുന്ന ആൎത്ത നിസ്വനത്തൊടു കലൎന്ന സ്വാതെ ഭയങ്കരങ്ങളായ അവയുടെ ശബ്ദങ്ങളും, നഖമുഖാദികളെക്കൊണ്ടു കാണിക്കുന്ന ഭയാനകങ്ങളായ പലചെഷ്ടകളും, നിഷ്കണ്ടകന്മാരായ ആ വെടൎക്കു ഉത്സാഹത്തെ വൎദ്ധിപ്പിക്കുന്നതല്ലാതെ അല്പം പൊലും ദയ തൊന്നിക്കുന്നില്ല, കഷ്ടം! എങ്കിലും ഈ വെട്ടൎക്കു വലിയ ഒരു ഗുണമുണ്ടു. മാൻ, മുയൽ മുതലായ സാധുക്കളായ മൃഗങ്ങളെ ആരും ഉപദ്രവിച്ചു പൊകരുതെന്നു കല്പനയുണ്ടായിരുന്നു. അതിനാൽ ദുഷ്ടമൃഗങ്ങൾ മാത്രമെ നശിക്കുന്നുള്ളു. മൃഗങ്ങളെ കൊന്നു കൊന്നു, ആ വൃത്തത്തിന്നുള്ളിലുണ്ടായിരുന്ന മൃഗങ്ങൾ ഒക്കെയും ഒടുങ്ങിയപ്പൊഴെക്കു ഭക്ഷിക്കത്തക്കതായ ചില മൃഗങ്ങളെ വെടർ തിരഞ്ഞെടുത്തു വെറെ വെച്ചുകൊണ്ടിരിക്കെ നായാട്ടിന്നു വന്നിട്ടുള്ളവരിൽ പ്രധാനികളായ രണ്ടാളുകൾ തങ്ങളുടെ ഭവനത്തിലെക്കു പൊകുവാൻ തെയ്യാറായി. കുതിരപ്പുറത്തു കയറി; അവരുടെ വെഷം കൊണ്ടും, മറ്റുള്ളവർ അവൎക്കു കാണിക്കുന്ന വണക്കംകൊണ്ടും അവർ പ്രധാനികളാണെന്നു വെഗത്തിൽ അറിയാം. കറുത്തകുപ്പായവും ചുവന്നതൊപ്പിയും ഉള്ള ഒരാളെ ഞാം പറഞ്ഞുവെല്ലൊ. അയാൾക്കു ഒരു അമ്പതു വയസ്സു പ്രായമായിരിക്കുന്നു. പലപ്പൊഴും ഇങ്ങിനെ വെട്ടയാടീട്ടായിരിക്കുമെന്നു തൊന്നുന്നു, ആയാളുടെ അംഗങ്ങൾ വളരെ പീവരങ്ങളായി തീൎന്നിരിക്കുന്നു. മുഖത്തിന്നു സൌമ്യത കുറയുമെങ്കിലും പുരുഷലക്ഷണം തികച്ചും ഉണ്ടു. നീണ്ടു അല്പം വളഞ്ഞ മൂക്കും, വിസ്തൃതമായ നെറ്റിയും, വളരെ തടിച്ച പുരികക്കൊടികളും ഉണ്ടായിരുന്നതിനാൽ മറ്റ അനവധി മുഖങ്ങളുടെ ഇടയിൽനിന്നു തിരിച്ചറിവാൻ പ്രയാസമുണ്ടായിരുന്നില്ല; ഒരിക്കൽ കണ്ടാൽ ആ മുഖം മറക്കുവാനും എളുപ്പമല്ല. മറ്റെ ആൾ അതി സുഭഗനും സൌമ്യനുമായ ഒരു ചെറുപ്പക്കാരനാണ. ഏകദെശം ഇരുപത്തഞ്ചു വയസ്സു പ്രായമായിരിക്കുന്നു. അധികം എകരമില്ല. വളരെ കൌതുകം തൊന്നുന്ന നീലവില്ലീസ്സുകൊണ്ടു ഒരു കുപ്പായവും ചുവന്ന തൊപ്പിയും ഉണ്ടു. വെട്ടെക്കു താല്പൎയ്യമുണ്ടെങ്കിലും പരിചയം കുറയുമെന്നു കണ്ടാൽ തീൎച്ചയാവും. ദുഷ്ടമായ ദിക്കുകളിൽകൂടി കുതിരയെ വെഗത്തിൽ ഓടിപ്പാനും മറ്റും സാമൎത്ഥ്യം കുറയും. വെട്ടയുടെ അദ്ധ്വാനം കൊണ്ടു രണ്ടു പെൎക്കും നല്ലവണ്ണം വിയൎത്തിരിക്കുന്നു. ക്ഷീണം തീൎക്കുവാനായിട്ടു ഒരുവൻ കുറെ പാലും പലഹാരങ്ങളും കൊണ്ടുവന്നു. രണ്ടു പെരും കൂടി അതു ഭക്ഷിച്ചു ക്ഷീണം തീൎത്ത ശെഷം, "നമ്മുടെ കുമാരനെവിടെ?" എന്നു വലിയ ആൾ ഉച്ചത്തിൽ ചൊതിച്ചതിന്നു "സ്വാമി അല്പം തെക്കൊട്ടു പൊയിരിക്കുന്നു. ഞങ്ങ

ളിൽ ചിലരും ഒരുമിച്ചുപൊയിട്ടുണ്ട" എന്ന ഒരു വെടൻ ഉത്തരം പറഞ്ഞു. "ആയാൾക്ക അപകടം ഒന്നും വരില്ലായിരിക്കും" എന്ന ആ ചെറുപ്പക്കാരനും പറഞ്ഞു. ഇങ്ങിനെ രണ്ടാളുകളും കൂടി പൊയ കുമാരൻ വരുന്നത കാത്തുകൊണ്ടിരിക്കെ തെക്കനിന്ന അതിഘൊഷമായ ആൎപ്പ കൊലാഹലവും കെൾക്കുമാറായി. ഉടനെ എല്ലാവരും കൂടി ആ ദിക്കിന്ന നെരിട്ട പാഞ്ഞു. ഇവരും അങ്ങൊട്ട കുതിരയെ ഓടിച്ചു. അവിടെ വൃക്ഷങ്ങൾ കുറഞ്ഞ നിരന്ന ഒരു സ്ഥലമുണ്ട. അതിന്റെ അങ്ങെ അറ്റത്തനിന്ന ഇവർ കാത്ത നിന്നിരുന്ന കുമാരൻ ജീനില്ലാത്ത ഒരു കുതിരപ്പുറത്ത കയറി, അതിവെഗത്തിൽ പായിപ്പിക്കുന്നതും, അതിന്റെ പിന്നിൽ തൊട്ടു തൊട്ടില്ല, എന്ന വിധത്തിൽ വലിയ ഒരു കൊമ്പനാന പിടിപ്പാനണയുന്നതും കണ്ടു. ആനക്ക ധൈൎയ്യം സഹിക്കുന്നില്ല. ഉള്ള ശക്തി ഒക്കെയുമിട്ട മണ്ടുന്നുണ്ട. ആപൽക്കരമായ ആ അവസ്ഥ കണ്ടപ്പൊൾ അയ്യൊ! എന്ന ശബ്ദം കണ്ടുനിൽക്കുന്ന നൂറിൽ അധികം ആളുകളിൽനിന്ന ഒന്നായിട്ട പുറപ്പെട്ടു. ആ ശബ്ദം പുറപ്പെടാനിടയുണ്ടായില്ല അപ്പൊഴെക്ക തന്നെ എങ്ങിനെ എന്നറിയാതെ ആന പൊടുന്നനവെ അവിടെനിന്ന, എടത്തും വലത്തും ചുമട്ടിലെക്കും നൊക്കി വട്ടം തിരിഞ്ഞു തുടങ്ങി. അതിന്നിടയിൽ കുമാരൻ കുതിരയെ ഓടിച്ച ആനയെ വളരെ പിന്നിട്ടു. അപ്പൊൾ ഹാ ഹാ! എന്ന സന്തൊഷ സൂചകമായ ശബ്ദം കാണികളിൽനിന്ന പുറപ്പെട്ടു. ഉടനെ ജനങ്ങൾ എല്ലാവരും ഏകാഗ്രദൃഷ്ടികളായി, ആന നിന്നു പൊവാൻ കാരണമെന്തെന്ന സൂക്ഷിച്ച നൊക്കിയപ്പൊൾ, ഒരു വെടൻ ഓടുന്ന ആനയുടെ കാലിന്നിടക്കകടന്നുകൂടി, ഒരു കാലിന്മെൽ പറ്റിനിന്ന അതിന്മെൽ കുത്തുന്നത കണ്ടു. കുമാരന്റെ പിന്നാലെ പായുകയാൽ ആ ഉപദ്രവം ഏല്പിക്കുന്നത കുറെ നെരത്തെക്ക ആന അറിഞ്ഞില്ല. പിന്നെ വെദന സഹിക്കുവാൻ കഴിയാഞ്ഞപ്പൊൾ ആന കുമാരനെ ഉപെക്ഷിച്ച തന്റെ പുതിയ ശത്രുവിനെ പിടിപ്പാൻ ശ്രമിച്ചു തുടങ്ങിയതാണെന്ന തെളിവായി. അത്ര കഠിനമായി ഉപദ്രവിക്കുന്ന ആ ശത്രുവിനെ പിടി കിട്ടായ്കയാൽ, ആ വലിയ ജന്തുവിന്ന ഭ്രാന്തപിടിച്ചു കാണിക്കുന്ന ഗൊഷ്ഠികൾ കണ്ട, കാണികൾ സന്തൊഷിക്കുമ്പൊൾ, കാലിന്നിടയിൽ പറ്റികൂടിയിരുന്ന വെടൻ വളരെ സാമൎത്ഥ്യത്തൊടുകൂടി ഉരുണ്ട പിരണ്ട, ആനക്ക പിടിപ്പാൻ കിട്ടാതെ പാഞ്ഞൊഴിച്ചു അപ്പൊഴും ജനങ്ങളിൽനിന്ന സന്തൊഷശബ്ദം പുറപ്പെട്ടു. ഇനി ആന എങ്ങൊട്ട പായുന്നുവൊ എന്നറിയാതെ എല്ലാവരും ഒന്ന നടുങ്ങി. അപ്പൊഴെക്ക വെറൊരു വെടൻ ജീനി കൂടാതെ ഒരു കുതിരപ്പുറത്ത കയറി വൃക്ഷ

ഭാഗം ആനയുടെ മുമ്പിലെക്കാക്കി ആനയുടെ അടുത്ത ചെന്ന നിന്നും തലതിരിച്ച പിന്നൊക്കം ആനയെ നൊക്കിക്കൊണ്ടും ആനയെ വെറി ഇടുപ്പിക്കുവാൻ ഓരോന്ന പറഞ്ഞുകൊണ്ടും കുതിരയെ പതുക്കെ പതുക്കെ ഓരോ അടിയായി പിന്നൊട്ട നടത്തി ആനയോട അധികം അടുപ്പിച്ചു തുടങ്ങി. കണ്ട നിൽക്കുന്നവർ അത്ഭുതം കൊണ്ട നിശ്ശബ്ദന്മാരായി. ആന കുറെ നെരത്തെക്ക ഒന്നും അനങ്ങാതെ നിന്നു. വെടനും കുതിരയും ഹസ്തപ്രാപ്യമായി എന്ന തൊന്നിയപ്പൊൾ അവിടെ നിൽക്കുന്നവർ ഒക്കെയും പെടിക്കത്തക്കവണ്ണം ഒന്ന ചീറി, ചെവി എടുത്തപിടിച്ച, തുമ്പിക്കൈ നീട്ടി, വാലുയൎത്തി, ഭൂമികുലുങ്ങത്തക്ക വിധത്തിൽ മുമ്പൊട്ട പാഞ്ഞു കയ്യിൽ കിട്ടി എന്ന തന്നെയാണ ആന വിശ്വസിച്ചത; നൊക്കിയപ്പൊൾ വെടൻ ആനയുടെ എടത്ത ഭാഗത്തായിട്ട കുറെ ദൂരെ നിൽക്കുന്നത കണ്ടു. ആശാഭംഗം കൊണ്ട ആനക്കുണ്ടായ വൈഷമ്യം വിചാരിച്ചാൽ അറിയാവുന്നതാണ. ഒട്ടും താമസിയാതെ ആന പിന്നെയും അവനെ പിടിക്കുവാൻ പാഞ്ഞു. വെടൻ മുമ്പിലും ആന പിന്നിലുമായി നെരുംകിടയുമിട്ട പായുന്നതിന്നിടയിൽ, വെടൻ പിന്നൊക്കം തിരിഞ്ഞു ആനയെ ചൊടിപ്പിക്കുവാൻ ഒരു വടി പിന്നൊക്കം കാണിച്ചുകൊടുക്കുന്നു. കുതിര നില്ക്കാതെ പായുന്നു. ആന വെടനെ അടുക്കുംതൊറും അതി ധീരനായ ആ വെടൻെറ ജീവനെ കുറിച്ച എല്ലാവൎക്കും പെടി തുടങ്ങി. ഇതിന്നിടയിൽ ആനയുടെ പിന്നാലെ വെട്ടുകത്തി ഊരിപ്പിടിച്ചുകൊണ്ട രണ്ട വെടന്മാർ പാളിപ്പതുങ്ങിയടുത്ത കൂടുന്നത എല്ലാവൎക്കും കാണുമാറായി. ആനമാത്രം അവരെ കണ്ടില്ല കഷ്ടം! വെടനെ പിടിച്ചു, പിടിച്ചു എന്ന എല്ലാവൎക്കും തൊന്നിയപ്പൊഴെക്ക ആന പൊട്ടുന്നനെ പിന്നൊക്കം ഇരുത്തുന്നത കണ്ടു. നൊക്കിയപ്പൊൾ, പിന്നാലെ വന്നിരുന്ന വെടൻ മുഴങ്കാലിൻെറ പിൻ ഭാഗത്തുള്ള വലിയ പാൎണ്ണികസ്നായുവിനെ വെട്ടി മുറിക്കുകയാൽ ആനക്കു പിന്നെ ഒരു അടി വെക്കുവാൻ നിവൃത്തിയില്ലാതായി വീണതാണെന്ന പ്രത്യക്ഷമായി. രണ്ടു കാലിന്മെൽനിന്നും രക്തം ധാരാളമായി പ്രവഹിക്കുകയാൽ ആന മൊഹാലസ്യപ്പെട്ട കിടന്നു. വെടന്മാൎക്ക ജയംകൊണ്ട വളരെ സന്തൊഷം ആനക്ക അതി കഠിനമായ മരണം.

ആന വീണ ഉടനെ, അതിൻെറ മുമ്പിൽ ഓടിച്ച വന്നിരുന്ന കുമാരനെ കാത്ത നിന്നിരുന്ന രണ്ടാളുകളും സന്തൊഷത്തൊടുകൂടി ആലിംഗനം ചെയ്തു. പിന്നെ ഇത്തിരി നെരം ആനയുടെ വ്യസനകരമായ അവസാനം കണ്ട ഖിന്നന്മാരായിനിന്ന, മൂന്നപെരും കൂടി തങ്ങളുടെ ഭവനത്തിന്ന നെരിട്ട കുതിരകളെ നടത്തുകയും, അവരുടെ ആൾക്കാരായ പലരും അവരുടെ ഒരുമിച്ച തന്നെ പൊവുകയും ചെയ്തു.

## ൪-ാം അദ്ധ്യായം.

## ചന്ദനോദ്യാനം.

നായാട്ടുകാരിൽ പ്രധാനികളായവർ മൂന്നപെരും തമ്മിൽ തങ്ങളുടെ പരാക്രമങ്ങളെ പറഞ്ഞും കൊണ്ട രണ്ട നാഴിക വഴി ചെന്നപ്പൊഴെക്ക അവരുടെ ഭവനം ദൂരത്ത കണ്ടു തുടങ്ങി. ഒരു വലിയ കുന്നിന്റെ മുകളിൽ വിസ്തീൎണ്ണമായ ഒരു ഉദ്യാനമുള്ളതിന്റെ നടുവിലാണ ആ ഭവനം. ആ ഉദ്യാനത്തിൽ ചന്ദനവൃക്ഷങ്ങൾ അധികം ഉണ്ടായിരുന്നതിനാൽ അതിന്ന ചന്ദനൊദ്യാനമെന്നാണ പണ്ടെക്കപണ്ടെ പെര പറഞ്ഞുപൊരുന്നത. കുന്ന പൊക്കം കുറഞ്ഞു പരന്ന മാതിരിയാണ. നാല പുറത്തും ചുള്ളിക്കാടുകൾ ഉണ്ട. അധികം ചെരിവുള്ള ഒരു ഭാഗത്ത ആ ചുള്ളിക്കാടുകൾ വെട്ടി, മുകളിലെക്ക പൊകുവാൻ ഒരു വഴിയുണ്ടാക്കീട്ടുണ്ട. അത സൎപ്പഗതി പൊലെയാകയാൽ കയറ്റത്തിന്റെ ഞെരുക്കം അധികം തൊന്നുകയില്ല. വഴിയുടെ രണ്ട ഭാഗത്തും അടുപ്പിച്ച പുലാവവെച്ച പിടിപ്പിച്ചിട്ടുണ്ടായിരുന്നതിനാൽ വെയിലിന്റെ ഉഷ്ണം അല്പം പൊലും തട്ടുകയുമില്ല. ആ വഴിയിൽ കൂടെ കയറി ചെന്നാൽ പടിപ്പുരയിൽ എത്തും. പടിപ്പുരയല്ല, ഗൊപുരം എന്നു തന്നെ പറയാം, അത്രവലിയതാണ. ആനവാതില്ക്കളും, ചങ്ങലകളും, വലിയതഴുതുകളും മറ്റും ഉണ്ട. പടിവാതിൽ കടന്നാൽ ചെല്ലുന്നത ഒരു മനൊഹരമായ തൊട്ടത്തിലെക്കാണ. അതിൽ വിവിധമായ ചെടികളും സുഗന്ധപുഷ്പങ്ങളും ഭംഗിയിൽ നട്ടുണ്ടാക്കീട്ടുണ്ട. അതിലൂടെയാണ ഗൃഹത്തിലെക്ക ചെല്ലുവാനുള്ള വഴി. വഴിയുടെ ഇരുഭാഗത്തും ഉള്ള വെലിയിന്മെൽ ഭംഗിയുള്ളൊരൊലതകൾ പടന്നുപുഷ്പിച്ച നിൽക്കുന്നുണ്ട. ആ വഴിയിൽകൂടെചെന്ന കയറുന്നത ഒരു താഴ്വാരത്തിലെക്കാണ. അതിന്റെ മീതെ അല്പം എകന്ന ഒരു തറമെൽ തറയും ഉണ്ട. വളരെ ദീൎഘവിസ്താരവും തട്ടെകരവും ഉള്ള വിലാസമായ പൂമുഖം. പൂമുഖത്തെക്ക കയറുന്നത, ഒരു വലിയ ക്രമാനത്തിൻ കീഴിൽ കൂടിയാണ. താഴ്വാരത്തിന്റെ മൂന്ന ഭാഗത്തും ഉള്ള വലിയ താലപ്രമാണങ്ങളായ തൂണുകൾ ഒക്കെയും കരിങ്കല്ലുകൊണ്ടുണ്ടാക്കി മീതെ വെള്ളക്കുമ്മായമിട്ട മിനുക്കുകയാൽ വെണ്ണക്കല്ലുകൊണ്ട കടഞ്ഞുണ്ടാക്കിയതാണെന്ന തൊന്നും. തറമെൽ തറയുടെ മെലുള്ള കുറുന്തൂണുകൾ, പാലുത്തരങ്ങൾ, തട്ട, തുലാങ്ങൾ ഇതുകളിന്മെൽ ശില്പിശാസ്ത്രത്തിന്റെ വൈഭവത്തെ അതിശയമാകുംവണ്ണം കാണിച്ചിരിക്കുന്നു. തൂണുകളും തുലാങ്ങളും

ഒരു നൊക്കിന്ന വീരാളിപട്ടുകൊണ്ട പൊതിഞ്ഞിരിക്കുന്നുവൊ എന്ന തൊന്നത്തക്കവണ്ണം വിശെഷമായി ചായം കയററിയിരിക്കുന്നു. തട്ടിന്ന നാംവിരൽ കീഴായിട്ട നാലഭാഗത്തും ഇരുവിരൽ വീതിയിൽ കുമ്മായംകൊണ്ട ഒരുദളമുണ്ട. അതിന്മെൽ പലെടത്തും പഞ്ചവൎണ്ണക്കിളികളുടെയും വെള്ളപ്പിറാവുകളുടെയും മററും ചിലപക്ഷികളുടെയും രൂപങ്ങൾ ഉണ്ടാക്കിവെച്ചിരിക്കുന്നതു കണ്ടാൽ, അവ ചിറകവിരുത്തി, ഇപ്പൊൾ പറക്കുമൊ എന്ന തൊന്നും. ശില്പികളുടെ സാമൎത്ഥ്യംകൊണ്ട അവക്ക അത്ര ജീവസ്സും തന്മയത്വവും വരുത്തിയിരിക്കുന്നു. താഴ്വാരത്തിന്റെ നടുവിൽ വെറെ ഒരു വിചിത്രപ്പണിയുണ്ട ഒററക്കരിങ്കല്ലുകൊണ്ട കൊത്തിയുണ്ടാക്കി, ഒററക്കാലിന്മെൽ നിൎത്തിയ ഒരു വലിയ വൃത്താകാരമായ പാത്രത്തിൽ നിറഞ്ഞിരിക്കുന്ന അതിനിൎമ്മലമായ ജലത്തിൽ, ചുവന്നും സ്വൎണ്ണവൎണ്ണമായും, മുത്തുച്ചിപ്പിയുടെ നിറത്തിലും ഉള്ള ചെറിയ ഓരൊ മാതിരി മത്സ്യങ്ങൾ, അതിൽ തന്നെ വളരുന്ന ജലജങ്ങളായ ചില ചെടികളുടെ നീലക്കരിഞ്ചണ്ടികളിൽ പൂണ്ടുകൊണ്ട ഏററവും കൌതുകമാകുംവണ്ണം തത്തിക്കളിക്കുന്നു. വെറെ ഒരെടത്ത വളരെ അപൂൎവമായ ചില പക്ഷികളെ ഭംഗിയുള്ള പഞ്ജരങ്ങളിലാക്കി തൂക്കീട്ടുമുണ്ട.

പൂമുഖത്തിന്റെ എടത്തും വലത്തും ഭാഗങ്ങളിൽനിന്ന രണ്ട കൊണികൾ മെല്പട്ട പൊകുന്നുണ്ട. കയറിചെന്നാൽ ഒരു വലിയ ഒഴിഞ്ഞ മുറിയിൽ എത്തും. ആ മുറിവളരെ തട്ടെകരവും ദീൎഘവിസ്താരവുമുള്ളതാണ. പുറമെ ആരെങ്കിലും വന്നാൽ അവരെ സൽക്കരിക്കുവാനുള്ള സ്ഥലമാണ. അതിൽ പലവിധമായ ആസനങ്ങൾ, കട്ടിലുകൾ, കൊസരികൾ, ചാരകസാലകൾ, മെശകൾ, വിളക്കുകൾ, ചിത്രങ്ങൾ മുതലായവയുണ്ട. അതിന്റെ പിൻഭാഗത്ത അതിലധികം വലുതായ വെറെ ഒരു ഒഴിഞ്ഞ മുറിയുണ്ട. അതിൽമെൽപറഞ്ഞവയൊന്നുംതന്നെയില്ല. ആയ്തു, പുറത്ത ഇറങ്ങി കളിക്കുവാൻ കഴിയാത്ത കാലങ്ങളിൽ പന്താട്ടുവാനും മററും ഉള്ള സ്ഥലമാണ. ൟ രണ്ട അകങ്ങൾക്ക വിസ്താരമുള്ള ജനലുകൾ നാലപുറത്തും വളരെയുണ്ടാകയാൽ വായുസഞ്ചാരം നല്ലവണ്ണമുണ്ട. മാളികയുടെ മുകളിൽ വിശെഷ വിധിയായി വെറെ ഒന്നും ഉണ്ടായിരുന്നില്ല.

താഴത്ത, പൂമുഖത്തിൽനിന്ന അകായിലെക്ക കടന്നാൽ, മുകളിൽഉള്ളതിന്ന നെരെ കീഴിൽ, അതപൊലെ തന്നെ ഒഴിഞ്ഞ രണ്ട സ്ഥലങ്ങൾ ഉണ്ട. അതിൽ ഒരുസ്ഥലം ആയുധശാലയാണ. അതിനുള്ളിൽ പലവിധമായ വാളുകൾ വെട്ടുകത്തികൾ, വില്ലുകൾ, കുന്തങ്ങൾ, ൟട്ടികൾ, എമതാടകൾ, ഗദകൾ, 'കവചങ്ങൾ, വെണ്മഴുക്കൾ എന്നിമാതിരി പലവിധ

ആയുധങ്ങൾ, ഉപയോഗിക്കുവാൻ തെയ്യാറാക്കി വെച്ചിരിക്കുന്ന പൊലെ തുടച്ച വെടുപ്പാക്കി വെച്ചിരിക്കുന്നു. ആയ്യൊക്കെയും ചുമരിന്മെൽ ആണിതറച്ച തൂക്കിയിരിക്കയാണ. അപ്രകാരം ആയുധങ്ങൾ അടക്കിവെച്ചിട്ടുള്ളതിന്റെ ഇടക്ക കലമാൻ, കാട്ടിമുതലായ കൊമ്പുള്ള മൃഗങ്ങളുടെ തലകൾ കൊമ്പുകളൊടു കൂടി ഉണക്കി കൃത്രിമനെത്രങ്ങളും മററും വെച്ചുണ്ടാക്കി, ചുമരിന്മെൽ പലെടത്തും തറച്ചിരിക്കുന്നതു കണ്ടാൽ, ആ മൃഗങ്ങൾ അകത്തെക്ക കഴുത്ത നീട്ടി എത്തിനൊക്കുകയൊ എന്ന തൊന്നും. നിവത്ത വ്യാഘ്രം കരടി, മുതലായവയുടെ തൊലുകൾ, രൊമംകളയാതെ ഉണക്കി പലെടങ്ങളിലും വിരിച്ചിട്ടുണ്ട. മറെറാരു ഭാഗത്ത, വലിയ ആനക്കൊമ്പുകൾ പന്നിത്തെററകൾ, പുലിപ്പല്ലുകൾ, ചമരിവാലുകൾ, കാട്ടികൊമ്പുകൾ, പുലിനഖങ്ങൾ, എന്നിങ്ങിനെ നായാട്ടുകൊണ്ട കിട്ടുന്ന സാധനങ്ങൾ പലതും ശെഖരിച്ച വെച്ചിരിക്കുന്നു. മെൽപറഞ്ഞ മൃഗചൎമ്മങ്ങൾ, ചിലെടത്ത മെൽക്കുമെലായി അട്ടുക്കിവെച്ചിട്ടുള്ളതിന്മെൽ സിംഹതുല്യന്മാരായ മൂന്നു നായാട്ടനായ്ക്കൾ കിടക്കുന്നുണ്ട. അവയുടെ മുഖത്തെ ക്രൂരതയും, മാന്തകൊണ്ടും, കടികൊണ്ടും ഏററിട്ടുള്ള അനവധി വ്രണങ്ങളുടെ വടുക്കളും, അതിതീക്ഷ്ണങ്ങളായ കണ്ണുകളും, വളഞ്ഞുനീണ്ട ദംഷ്ട്രകളും, വിസ്തീൎണ്ണമായ വായയും കറുത്ത തടിച്ച ചുണ്ടുകളുടെ ഇടയിൽകൂടി പുറത്തെക്ക തുറിച്ചിരിക്കുന്ന രക്തവൎണ്ണമായ നാവും മററുംകണ്ടാൽ ആ അകത്ത കൂട്ടീട്ടുള്ള അനവധി സാമാനങ്ങളെ സമ്പാദിക്കുന്നതിൽ അതി സാഹസമായി പ്രയത്നിച്ചവരാണെന്ന തൊന്നും. മെൽ വിവരിച്ച സ്ഥലങ്ങളാണ ഭവനത്തിന്റെ പ്രധാന ഭാഗങ്ങൾ. ഭവനത്തിന്റെ പിൻഭാഗം ഒരു വിസ്തീൎണ്ണമായ വളൎത്തകാടാണ. അത കുന്നിന്റെ ഇറക്കിലൊളമുണ്ട. ആ വളൎത്തകാട്ടിൽ പ്രായം ചെന്ന വളരെ ചന്ദനവൃക്ഷങ്ങളും, പൊന്തക്കാടുകളും, വള്ളിക്കുടിലുകളും, വാഴക്കൂട്ടങ്ങളും, ഇല്ലിപ്പട്ടിലുകളും തമ്മിൽ ഇടകലൎന്ന നിൽക്കുന്നുണ്ട.

ൟ വിശെഷ ഭവനം കലിംഗ രാജാവിന്റെ രാജധാനിയിൽനിന്ന ഒരു കാതം വഴി തെക്കായിട്ടാണ. സമീപം വെറെ ഭവനങ്ങൾ ഒന്നും ഇല്ലാത്തതിനാൽ അത വിജന വാസത്തിന്ന വളരെ സൌഖ്യമുള്ള ഒരു സ്ഥലമാണ. അങ്ങിനെ വിജനവാസത്തിന്നായിട്ടാണ നായാട്ടിന്ന പൊയിരുന്നതിൽ പ്രായം ഏറിയ ആൾ അത ഉപയൊഗിച്ച വന്നിരുന്നത. അദ്ദെഹത്തിന്റെ പെര അഘൊരനാഥൻ എന്നാണ. കലിംഗ മഹാ രാജാവിന്റെ ഭണ്ഡാരാധിപനും, ഒരു മന്ത്രിയും ആയ അദ്ദെഹം രാജ്യകാൎയ്യം വളരെ ആലൊചിച്ച മുഷിഞ്ഞാൽ, സംവത്സരത്തിൽ ഒന്ന രണ്ട മാസം ആ ഭവനത്തിൽ ചെന്ന, രാജ്യകാൎയ്യങ്ങളിലെ ചിന്ത അല്പം കുറച്ച, അവിടെ സൌഖ്യമായി താമസിക്കുന്നത പതിവാ

യിരുന്നു. എന്നാൽ ശരീരസൌഖ്യം പൊരായ്കയാലൊ മറെറാ, കുറച്ചു
കാലമായി സ്ഥിരവാസം തന്നെ ചന്ദനൊദ്യാനത്തിൽ ആക്കിയിരിക്കുന്നു.
എങ്കിലും രാജ്യഭാരത്തിൻെറ അമരം യാതൊരാൾക്കും താൻ കൈവിട്ടു
കൊടുത്തിട്ടുണ്ടായിരുന്നതുമില്ല. അഘൊരനാഥൻെറ ഒരുമിച്ചു സ്വൎണ്ണ
മയീദെവി എന്നൊരു കുമാരിയും, താരാനാഥൻ എന്നൊരു കുമാരനും
കൂടിയുണ്ടായിരുന്നു. നായാട്ടിൽ അതി സാഹസമായി ആനയുടെ മു
മ്പിൽ ഓടിച്ചുവന്നിരുന്നു എന്നു പറഞ്ഞ കുമാരനാണു താരാനാഥൻ.
ആ ചെറുപ്പക്കാരായ സൊദരീ സൊദരന്മാൎക്കു അച്ഛനമ്മമാർ ഇല്ലായ്ക
യാൽ എളയച്ഛനായ അഘൊരനാഥൻെറ രക്ഷയിലാണു അവർ വള
ൎന്നുവരുന്നതു. അഘൊരനാഥൻെറ ജ്യെഷ്ഠനും, മെല്പറഞ്ഞ ചെറുപ്പക്കാ
രുടെ അച്ഛനും ആയി കപിലനാഥൻ എന്നൊരാൾ ഉണ്ടായിരുന്നു. ക
ലിംഗ മഹാരാജാവിൻെറ പ്രധാന മന്ത്രിയായിരുന്ന അദ്ദെഹത്തെ, രാ
ജാവിന്നും രാജ്ഞിക്കും പ്രാണ വിശ്വാസമായിട്ടായിരുന്നു. രാജ്ഞി മ
രിച്ചശെഷം, രാജാവിന്നു മുമ്പെത്തെപ്പൊലെ ബുദ്ധിക്കു ശക്തിയും സ്ഥൈ
ൎയ്യവും ഇല്ലാതായി. വാൎദ്ധക്യത്തിൻെറ അതിക്രമങ്ങളും തുടങ്ങി. കു
ടിലന്മാരായ ചില സചിവന്മാരുടെയും, വാൎദ്ധക്യത്തിലുണ്ടാകുന്ന ചില
ചപലതകൾക്കു കൊണ്ടാടിനിന്നിരുന്ന ഒരു വെശ്യയുടെയും പൈശൂന്യ
ത്താൽ, അകാരണമായിട്ടു അതി വിശ്വസ്തനായ ആ കപിലനാഥനെ
കാരാഗ്രഹത്തിലാക്കെണമെന്നു രാജാവു കല്പിക്കുകയും, അദ്ദെഹം ഏക
ശാസനയായി ഭരിച്ചിരുന്ന രാജ്യത്തിൽ തന്നെ, ഒരു കാരാഗ്രഹത്തിൽ
വസിക്കുവാനുള്ള ദൈന്യതയെ ഭയപ്പെട്ടു സ്വന്തം കയ്യിനാൽ ജീവനാ
ശം വരുത്തിയിരിക്കുന്നു എന്നുമാണു വൎത്തമാനം. താരാനാഥന്നു ഇരിപ
ത്തരണ്ടു വയസ്സു പ്രായമായി വിദ്യാഭ്യാസവും മററും വെണ്ടതുപൊലെ
കഴിഞ്ഞു. അഘൊരനാഥൻെറ ശിക്ഷയാൽ ശസ്ത്രശാസ്ത്രത്തിൽ അധി
കം നിപുണനായി തീരുകയും ചെയ്തു. സ്വൎണ്ണമയീദെവിക്കു പതിനെഴു
വയസ്സായി. അഘൊരനാഥൻെറ സഹവാസം കൊണ്ടു രണ്ടുപെൎക്കും
വളരെ ബുദ്ധിഗുണം ഉണ്ടായിട്ടുണ്ടു. താരാനാഥന്നു ഇരുപതു വയസ്സാ
യവരെയും, രാജധാനിയിൽ തന്നെ ആയിരുന്നു സൊദരീ സൊദരന്മാ
ർ പാൎത്തിരുന്നതു. കപിലനാഥൻ രാജാവിൻെറ കൊപം നിമിത്തം
ആത്മഹത്യ ചെയ്തു എന്നു രാജാവു കെട്ടപ്പൊൾ ശുദ്ധാത്മാവായ അദ്ദെ
ഹത്തിന്നു അതി കഠിനമായ പശ്ചാത്താപം ഉണ്ടായി. അതിന്നു കാരണ
ഭൂതന്മാരായ ചില ദുഷ്ട സചിവന്മാരെ അപ്പൊൾ തന്നെ കാരാഗ്രഹ
ത്തിലാക്കുവാൻ കല്പിച്ചു. കപിലനാഥൻെറ സന്താനങ്ങളെ വെണ്ടും

വണ്ണം വാത്സല്യത്തോടു കൂടി നോക്കി വളൎത്തുവാൻ എല്ലാം കൊണ്ടും അഘോരനാഥനെപ്പോലെ ആരും തരമാവില്ലെന്നുവെച്ചു, അവരെ അദ്ദെഹത്തെ പ്രത്യെകം ഭരമെല്പിച്ചുകൊടുക്കുകയും ചെയ്തു. എന്നു തന്നെയല്ലാ രാജാവു കൂടക്കൂടെ, അവരെ ആളെ അയച്ചു വരുത്തി അവൎക്കു വെണ്ടുന്നതിനെ ഒക്കയും അന്വെഷിക്കുകയും ചെയ്യും. കുട്ടിക്കാലത്തു അവരുടെ ഭവനം രാജമന്ദിരം തന്നെയായിരുന്നു. രാജകുമാരൻ അവരുടെ സഖാവായിരുന്നു. രണ്ടു സംവത്സരത്തിനിപ്പുറമാണ അവർ അഘോരനാഥൻ ഒരുമിച്ചു ഉദ്യാന ഭവനത്തിലെക്കു പാൎപ്പു മാററിയതു. അഘോരനാഥന്റെ ഭാൎയ്യ മുപ്പതിൽ അധികം വയസ്സായിട്ടും പ്രസവിച്ചിട്ടുണ്ടായിരുന്നില്ല. ആയതുകൊണ്ടു ആ സ്ത്രീ താരാനാഥനെയും സുൎണ്ണമയി ദെവിയെയും വളരെ സ്നെഹത്തൊടുകൂടി തന്റെ സ്വന്തം മക്കളെപ്പോലെ രക്ഷിച്ചു പൊരുന്നതുമുണ്ടു. ഇങ്ങിനെയാണ ചന്ദനൊദ്യാനത്തിന്റെയും, അതിൽ പാൎത്തുവരുന്ന ആളുകളുടെയും വൃത്താന്തം.

---

## ൩-ാം അദ്ധ്യായം.

## രാജകുമാരൻ.

അഘോരനാഥന്റെ ഒരുമിച്ചു നായാട്ടിന്നു വന്നിരുന്ന മററെ ചെറുപ്പക്കാരൻ ചിത്രരഥൻ എന്നു പെരായ കലിംഗ മഹാരാജാവവൎകളുടെ സീമന്തപുത്രനാണ. പ്രതാപചന്ദ്രനെന്നാണ പെര. മഹാരാജാവിന്നു രണ്ടു പുത്രിമാർ കൂടി ഉണ്ടായിരുന്നു. പ്രതാപചന്ദ്രന്റെ ജ്യെഷ്ഠത്തിയായിരുന്ന ഒരു പുത്രിയെ വെറൊരു രാജ്യത്തെക്കു വെട്ടുകൊണ്ടു പൊയി, പട്ടമഹിഷിയായി കുറെക്കാലം ഇരുന്നു സന്തതിയുണ്ടാവാതെ മരിച്ചുപൊയി. പ്രതാപചന്ദ്രന്റെ അനുജത്തിയായി അതിസുന്ദരിയായ ഒരു കന്യകയും ഉണ്ടായിരുന്നു. ആ കന്യകയെ വളരെ ചെറുപ്പത്തിൽ കള്ളന്മാർ എടുത്തുകൊണ്ടുപൊയി, ആഭരണങ്ങൾ തസ്കരിച്ചു കാട്ടിൽ എങ്ങാണ്ടൊരെടത്തുവെച്ചു കൊന്നിരിക്കുന്നുവത്രെ. കള്ളന്മാരെ തുമ്പുണ്ടാക്കുവാൻ വളരെ ശ്രമിച്ചിട്ടും കഴിഞ്ഞില്ല. രാജകന്യകയുടെ ശരീരസൌഭാഗ്യം കണ്ടു കൌതുകപ്പെട്ടു, ഇവൾ ഭൂമിയിൽ ഇരിക്കെണ്ടുന്നവളല്ലെന്നുവെച്ചു, യക്ഷന്മാരൊ കിന്നരന്മാരൊ കൊണ്ടുപൊയതായിരിക്കെണം, എന്നു ബുദ്ധിമാന്മാരായ ചില ദൈവജ്ഞന്മാർ തീൎച്ചപറയുകയും ചെയ്തിട്ടു

ണ്ടായിരുന്ന. ഏതെങ്കിലും പുത്രിയെ കാണായ്കയാൽ വൃദ്ധനായ രാജാവിന്ന കുറെ കാലത്തെക്ക വളരെ വ്യസനത്തിന്ന കാരണമായി. ഇങ്ങിനെ സൊദരിമാരും കൂടിയില്ലാതെ ഏകപുത്രനായി തീൎന്ന പ്രതാപചന്ദ്രന്ന ചെറുപ്പത്തിൽതന്നെ താരാനാഥനും സ്വൎണ്ണമയീദെവിയും ചങ്ങാതിമാരായി തീൎന്നു. അവർ മൂന്ന പെരും പരസ്പരം വളരെ സ്നെഹത്തൊടുകൂടിയും, എപ്പൊഴും ഒരുമിച്ചും, വളരുകയാൽ താരാനാഥനും സ്വൎണ്ണമയിയും ചന്ദനൊദ്യാനത്തിലെക്ക പാൎപ്പ മാററിയപ്പൊൾ, പ്രതാപചന്ദ്രന്ന വളരെ ബുദ്ധിക്ഷയമുണ്ടായി. ഉദ്യാനഭവനത്തിൽ വാസം വളരെ സുഖമാണെങ്കിലും, താരാനാഥന്നും, സ്വൎണ്ണമയിക്കും, തങ്ങളുടെ പ്രിയസഖാവായ രാജകുമാരനെയും, നിത്യൊത്സവവതിയായിരിക്കുന്ന രാജധാനിയിലെ ഓരൊ ആഘൊഷങ്ങളെയും കാണ്മാൻ കഴിയായ്കയാൽ ആ മാററം ഒട്ടുംതന്നെ സന്തൊഷത്തെ ഉണ്ടാക്കീല. ചില ദിവസങ്ങളിൽ പ്രതാപചന്ദ്രൻ രാജാവിനൊട സമ്മതം വാങ്ങി ചന്ദനൊദ്യാനത്തിലെക്ക പൊരും. ഉദ്യാനത്തിൽ എത്തി ഒന്നൊ രണ്ടൊ ദിവസം താമസിച്ച രാജധാനിയിലെക്ക തന്നെ മടങ്ങുകയും ചെയ്യും. അതകൊണ്ട രാജാവിന്ന ഒട്ടും അപ്രിയം ഉണ്ടാവുകയില്ലതാനും. എന്നാൽ അഞ്ചാറുമാസമായിട്ട രാജകുമാരൻ ചന്ദനൊദ്യാനത്തിൽ വന്നാൽ എട്ടുപത്ത ദിവസം താമസിച്ചല്ലാതെ മടങ്ങിപ്പൊവുകയില്ല. കൂടെക്കൂടെ വരികയും ചെയ്യും. അതകൊണ്ടും രാജാവിന്ന ഒട്ടും അപ്രിയം ഉണ്ടായില്ല. എന്തകൊണ്ടെന്നാൽ അഘൊരനാഥൻ ഉള്ളതകൊണ്ട, ആയാൾ ഉണ്ണിയുടെ മെൽ നല്ലവണ്ണം ദൃഷ്ടിവെച്ചു കൊള്ളുമെന്ന രാജാവിന്ന നല്ല വിശ്വാസം ഉണ്ടായിരുന്നു. അഘൊരനാഥന്നും രാജകുമാരൻ വരുന്നത വളരെ സന്തൊഷമായിരുന്നു. അങ്ങിനെയിരിക്കെ പ്രതാപചന്ദ്രനും സ്വൎണ്ണമയീദെവിയും തമ്മിലുള്ള സ്നെഹത്തിന്ന ഒരു മാററം സംഭവിച്ചു. പ്രതാപചന്ദ്രന്ന കുറെക്കാലമായിട്ട സ്വൎണ്ണമയിയെക്കുറിച്ച അധികമായി ഇഷ്ടം തൊന്നിത്തുടങ്ങീട്ടുണ്ടായിരുന്ന. ആദിയിൽ അതിന്ന കാരണമെന്തായിരിക്കാമെന്ന തനിക്കതന്നെ അറിവാൻ കഴിഞ്ഞില്ല. ഒരു സംവത്സരത്തിന്നിപ്പുറം അത പ്രത്യക്ഷമായി കാണിക്കുവാനും തുടങ്ങി. എന്തെങ്കിലും വിശെഷിച്ച ഒരു വസ്തു തനിക്ക കിട്ടിയാൽ അത അപ്പൊൾതന്നെ ദെവിക്കകൊടുക്കും. എവിടെ എങ്കിലും പൊയാൽ പ്രധാനമായ സ്ഥാനത്തിൽ ദെവിയെ ഇരുത്തും. ദെവിയുടെ ഹിതം എന്തെന്ന പറയാതെ തന്നെ അറിഞ്ഞ പ്രവൃത്തിക്കും. താരാനാഥനെ കുറിച്ചുള്ള സ്നെഹത്തിന്ന ഒട്ടും

കുറവുണ്ടായില്ല, എങ്കിലും സദാപ്പൊഴും ദെവിയൊട അധികമായ ആദരവ ഭാവിക്കുകയാൽ താരാനാഥനൊട മുമ്പെത്തപ്പൊലെ ആഭിമുഖ്യം കാണിക്കുവാനും കൂടി ഓൎമ്മവിട്ടുതുടങ്ങി. ഇങ്ങിനെ ഒരു പക്ഷപാതംപൊലെ രാജകുമാരൻ സ്വൎണ്ണമയിയൊട അധികം സ്നെഹം കാണിക്കുവാൻ തുടങ്ങിയപ്പൊൾ താരാനാഥന്ന ഒരു ആശ്ചൎയ്യമാണുണ്ടായത. തന്റെസൊദരിയൊട തനിക്ക വളരെ സ്നെഹമുണ്ടായിരുന്നതിനാൽ പ്രതാപചന്ദ്രൻ പക്ഷപാതംപൊലെ കാണിച്ചതകൊണ്ട താരാനാഥന്ന ഒട്ടുംകുണ്ഠിതമുണ്ടായതും ഇല്ല. സ്വൎണ്ണമയി മററ രണ്ടപെരൊട്ടും ഒരുപൊലെയാണ സ്നെഹം കാണിച്ചിരുന്നത. എന്നാൽ ആന്തരമായിട്ട താരാനാഥനെ അധികം സ്നെഹം ഉണ്ടായിരുന്ന താനും. എങ്ങിനെയെന്നറിയാതെ സ്വൎണ്ണമയിക്ക കുറച്ച കാലത്തിന്നുള്ളിൽ രാജകുമാരനെ അധികം പ്രതിപത്തി തൊന്നിതുടങ്ങി. ബുദ്ധി ഗൌരവം ഉള്ളവളാകയാൽ പുറത്തെക്ക ഒട്ടും പ്രകാശിപ്പിക്കാതെ തന്റെ അധികമായ പ്രെമത്തെ ഉള്ളിൽ ഒതുക്കി വെക്കുകയും ചെയ്യും. രാജകുമാരൻ ചന്ദനവനത്തിലെക്ക വരുന്നത അധികം സാധാരണയായതിൽ പിന്നെ, വന്നാൽ അധികം നെരം സ്വൎണ്ണമയിയുടെ ഒരുമിച്ച തന്നെയാണ കഴിക്കുക. ഒരുദിവസം രാജകുമാരനും സ്വൎണ്ണമയീദെവിയും കൂടി ഓരൊ നൎമ്മങ്ങൾ പറഞ്ഞ സന്തൊഷിച്ചകൊണ്ടിരിക്കുമ്പൊൾ, താരാനാഥൻ ആ അകത്തെക്കു കടന്നുചെന്ന അപ്പൊൾ ഇവരുടെ സംസാരം ഉടനെ നിൎത്തി. സംസാരം നിൎത്തിയത താരാനാഥൻ വന്നതുകൊണ്ടാണെന്ന ആയാളെ അറിയിക്കാതെ കഴിക്കുവാൻ വെണ്ടി സ്വൎണ്ണമയി വെറെ ഒരു വൎത്തമാനം നട്ടക്കിൽ പിടിച്ച പറഞ്ഞുതുടങ്ങി. രാജകുമാരന്ന അതമനസ്സിലായില്ല "എന്താംദെവി! അസംബന്ധം പറയുന്നത" എന്നചൊദിച്ചു. "അസംബന്ധമാണ, എന്നൊട ചൊദിച്ചതിന്ന ഉത്തരമല്ലെ?" എന്നുത്തരം പറഞ്ഞു, കഷ്ടം! ഇദ്ദെഹത്തിന്ന ഇത മനസ്സിലാകുന്നില്ലെല്ലൊ എന്ന പറയുംവിധത്തിൽ മുഖത്തെക്ക ഒന്ന നൊക്കി. രാജകുമാരന ആകപ്പാടെ ഒരു പരിഭ്രമമാണ ഉണ്ടായത. ഒന്നും ഉത്തരം പറഞ്ഞതും ഇല്ല. "ഒ! ഞാൻവന്നിട്ട നിങ്ങളുടെ സല്ലാപം മുടങ്ങി അല്ലെ, ഞാൻ ഇതാ പൊകുന്നു" എന്ന പറഞ്ഞ താരാനാഥൻ പുറത്തെക്ക നടന്നുതുടങ്ങി. ഞങ്ങൾക്ക ഏട്ടൻ കെൾക്കുവാൻ പാടില്ലാത്ത സ്വകാൎയ്യം എന്താണുള്ളത?, ഞങ്ങളും കൂടെ പൊരാം" എന്ന പറഞ്ഞ സ്വൎണ്ണമയി രാജകുമാരന്റെ കയ്യും പിടിച്ചകൊണ്ട വെഗത്തിൽ തൊട്ടത്തിലെക്ക നടന്നു. താരാനാഥൻ അവിടെ ഒട്ടും നില്ക്കാതെ തന്റെ കുതിരകളെ നൊക്കുവാനായിട്ട പന്തിയിലെക്കും പൊയി.

സ്വൎണ്ണമയി "കുമാരാ! ഞാൻ പറഞ്ഞതിന്റെ താല്പൎയ്യം മനസ്സിലായിലെ? ജ്യേഷ്ഠൻ വരുന്നതകൊണ്ട നമ്മുടെ സംസാരം തടസ്ഥപ്പെട്ടു എന്ന തൊന്നിക്കുന്നത നന്നൊ?" എന്ന ചൊദിച്ചു,

രാജകുമാരൻ— "ആ വിദ്യ എനിക്ക അറിവുണ്ടായിരുന്നില്ല. ഇനി ഞാൻ ഓൎമ്മവെച്ചുകൊള്ളാം". എന്ന പറഞ്ഞു പകുതിയാക്കി വെച്ചിരുന്ന മുമ്പെത്തെ സല്ലാപം രണ്ടാമതും തുടങ്ങി. ഉദ്യാനത്തിന്റെ ഒരു അറ്റത്ത വലിയ ഒരു പരന്ന കല്ലിന്മെൽ രണ്ടുപെരും പൊയിരുന്നു.

രാജകുമാരൻ— ദെവീ, വരുന്ന ആയില്യം എന്റെ ജന്മനക്ഷത്രമാണ. പുറന്നാൾ സദ്യക്ക വളരെ ഘൊഷമായി വട്ടം കൂട്ടുവാൻ അച്ഛൻ കല്പിച്ചിരിക്കുന്നു. ദെവിയെയും താരാനാഥനെയും പുറന്നാളിന്ന നാല ദിവസം മുമ്പെ തന്നെ ക്ഷണിച്ചു കൊണ്ടു വരെണമെന്ന അച്ഛൻ എന്നൊട പറഞ്ഞിരിക്കുന്നു. അച്ഛന്ന നിങ്ങളെ രണ്ടാളെയും കാണുന്നത വളരെ സന്തൊഷമാണെന്ന അറിയാമെല്ലൊ. അതുകൊണ്ട ദെവിയും താരാനാഥനും മറ്റന്നാൾ തന്നെ എന്റെ ഒരുമിച്ചു രാജധാനിയിലെക്ക പൊരെണം.

സ്വൎണ്ണമയി— ഞങ്ങൾ രണ്ടാളുകളും ഇവിടുത്തെ ഒരുമിച്ചു വരുന്നത അത്ര ഭംഗിയാകുമൊ? ജനങ്ങൾ ഞാൻ ഇവിടുത്തെ കൂടെ വന്നാൽ എന്ത പറയും.

രാജകുമാരൻ— അഘൊരനാഥനും കൂടെ വരുന്നില്ലെ? നിങ്ങൾ എല്ലാവരും കൂടെ രാജധാനിയിലെക്ക പൊകുമ്പൊൾ ഞാനും നിങ്ങളുടെ കൂട്ടത്തിൽ വന്നു എന്നല്ലാതെ നിങ്ങളെ ഞാൻ കൂട്ടിക്കൊണ്ടുവന്നു എന്ന പറയുമൊ?

സ്വൎണ്ണമയി— ഇവിടുന്ന കൂടെയുണ്ടായിരിക്കുക, ഞങ്ങൾ രാജധാനിയിലെക്ക പൊവുക, ഇങ്ങിനെയായാൽ തന്നെ ഇവിടുന്ന ഞങ്ങളെ കൂട്ടിക്കൊണ്ടു പൊകുന്നു എന്നല്ലാതെ വരികയില്ല. പരമാൎത്ഥം മറ്റൊരുപ്രകാരമാണെങ്കിലും ജനങ്ങൾ അങ്ങിനെ പറയാതിരിക്കയില്ല.

രാജകുമാരൻ— അഥവാ അങ്ങിനെ പറയുന്നതായാൽ തന്നെ എന്ത തരക്കെടാണ ഉള്ളത? നാം ചങ്ങാതിമാരാണെന്ന എല്ലാവൎക്കും അറിവില്ലെ. പണ്ട നാം പലപ്പൊഴും ഒരുമിച്ചു പൊവുകയും വരികയും ചെയ്തിട്ടുമില്ലെ?

സ്വൎണ്ണമയി— ഒന്നും ഉണ്ടായിട്ടല്ല. പക്ഷെ നമ്മുടെ സൂക്ഷ്മവൃത്താന്തം അധികം വെഗത്തിൽ പ്രസിദ്ധമാവാൻ വഴിയുണ്ട. ഇപ്പൊൾതന്നെ കുറെ സംസാരമായിരിക്കുന്നപൊൽ, നാം അറിയാത്തത

കണക്കല്ല. എന്റെ ദാസി എന്നോട സ്വകാൎയ്യമായി രണ്ട ദിവസം മുമ്പെ ചോദിക്കയുണ്ടായി.

രാജകുമാരൻ:— അവളപ്പോഴെക്ക അത എങ്ങിനെയറിഞ്ഞു? ഈ വക വൎത്തമാനങ്ങൾ അറിവാൻ പെണ്ണുങ്ങൾക്ക വളരെ സാമൎത്ഥ്യമുണ്ട.

സ്വൎണ്ണമയി:— ആണുങ്ങൾക്കും ഒട്ടും കുറവില്ല. രാജധാനിയിൽനിന്ന ഇവിടുത്തെ കൂടെ വന്ന ഒരു സചിവൻ ഇവിടെ പാൎക്കുന്നവരൊട പ്രസ്താവിക്കുന്നത കെട്ടിട്ടാണത്രെ അവൾ മനസ്സിലാക്കിയത.

രാജകുമാരൻ— എന്നാൽ ഇനി ഒട്ടും താമസിക്കുകയല്ല നല്ലത.

സ്വൎണ്ണമയി— താമസിക്കുന്നത വെറതെ. എന്നാൽ എളയച്ഛനൊട ആരറിയിക്കും,”? എന്ന പറഞ്ഞു ലജ്ജയൊടു കൂടി മുഖം താഴ്ത്തി.

രാജകുമാരൻ— ദെവി എന്തിന നാണിക്കുന്നു? ഞാൻ തന്നെ അഘോരനാഥനൊട പറഞ്ഞു സമ്മതം വാങ്ങി വരാമെല്ലൊ, ദെവി യാതൊന്നും ചെയ്യെണ്ടതില്ല. അച്ഛന്റെ സമ്മതം കിട്ടുവാൻ മാത്രമെ മറെറാരാളെ അയക്കെണ്ട ആവശ്യമുള്ളു.

സ്വൎണ്ണമയി:— അത ചൊദിക്കെണ്ടതാമസമെയുള്ളു കിട്ടുവാൻ. എന്നെക്കുറിച്ച രാജാവിന്ന വളരെ വാത്സല്യമായിട്ടാണ. അവിടുത്തെക്ക ഇത വളരെ സന്തൊഷകരമായി തീരുകയും ചെയ്യും.

ഇങ്ങിനെ രണ്ടാളുകളും കൂടി പറഞ്ഞു സന്തൊഷിച്ചുകൊണ്ടിരിക്കെ മെൽഭാഗത്തനിന്ന വൃക്ഷങ്ങളുടെ ഇല ഒച്ചപ്പെടുന്നത കെട്ടു, കാരണമെന്തെന്ന നൊക്കുന്നതിന്ന മുമ്പായി വലിയ ഒരു കാട്ടുകൊഴി അവരുടെ വളരെ അടുക്കെ മുൻഭാഗത്ത വീണു, ഉടനെ ചിറകിട്ട ഒന്നരണ്ട തച്ച, പിടച്ച ചാവുകയും ചെയ്തു. നൊക്കിയപ്പൊൾ അതിന്റെ കഴുത്തിൽ ഒരു ശരം തറച്ച നില്ക്കുന്നതകണ്ട, ആ അപകടം പ്രവൃത്തിച്ചതാരെന്ന രാജകുമാരൻ ദ്വെഷ്യത്തൊടു കൂടി തിരയുമ്പൊൾ, കുറെ ദൂരത്തുനിന്ന ഹ, ഹ, ഹാ! എന്ന പൊട്ടിച്ചിരിക്കുന്നത കെട്ടു, താരാനാഥന്റെ ചിരിയാണ. ആയാൾ വെഗത്തിൽ വില്ലുമായി അടുത്തുവന്നു. “അങ്ങിനെയാണ ഏറനെരം സ്വകാൎയ്യം പറഞ്ഞാൽ. ഞാൻ പലഹാരം തരുവാനായിട്ട നിങ്ങളെ രണ്ടാളെയും എത്രനെരമായി തിരയുന്നു? ഇനിയും സംസാരം മതിയാക്കാറായില്ലെ?” എന്ന ചൊദിച്ചു.

രാജകുമാരൻ വിധം പകൎന്ന കുറഞ്ഞൊന്ന ദ്വെഷ്യപ്പെട്ട തന്റെ അനിഷ്ടത്തെ പ്രകാശിപ്പിച്ചു. സ്വൎണ്ണമയിയും ഒന്നും പറയാതെ നിന്നതിനാൽ ആ പ്രവൃത്തി തനിക്കും ഒട്ടും രസിച്ചില്ലെന്ന താരാനാഥനെ മനസ്സിലാക്കി. താരാനാഥൻ:— “ഞാൻ കളിയായിട്ട എയ്തതാണ. ആ

പക്ഷിയുടെ കഷ്ടകാലംകൊണ്ടൊ, ശരത്തിന്റെ ദുസ്സാമൎത്ഥ്യം കൊണ്ടൊ അത വീണ ചത്തതിന്ന ഞാൻ എന്തു ചെയ്യും. എന്റെ നെരെ ദെഷ്യപ്പെട്ടാൽ ഞാൻഒട്ടും ബഹുമാനിക്കയുംഇല്ല". എന്നഒട്ടും കൂശൽ കൂടാതെ രാജകുമാരന്റെ മുഖത്ത നൊക്കി പറഞ്ഞു ഉദ്യാനത്തിന്റെ മറ്റൊരു ഭാഗത്തെക്ക പൊവുകയും ചെയ്തു.

രാജകുമാരൻ. കുറെനെരം ഒന്നും സംസാരിക്കാതെ ഒരു സാലഭഞ്ജികപൊലെ നിന്നു. "ദെവിയുടെ സൊദരനാകയാൽ ഈ ദുൎവ്വാദം സഹിക്കെണ്ടിവന്നു. നമ്മുടെ ശുഭകാൎയ്യത്തിന്ന ഇത ഒരു മഹാ ദുൎല്ലക്ഷണമാണെല്ലൊ. കഷ്ടം! കഷ്ടം!! ദൈവംതന്നെ ഇതിന്ന വിപരീതമാണെന്ന വരുമൊ?" എന്ന പറഞ്ഞു. സഷണ്ണമയി, തന്റെ സൊദരനും രാജകുമാരനും, തമ്മിൽ നിരൂപിക്കാതെ ഒരു വൈരസ്യം സംഭവിക്കുവാൻ സംഗതിവന്നത വിചാരിച്ച വ്യസനിച്ചു. നനുങ്ങനെ പൊടിഞ്ഞിരുന്ന കണ്ണുനീര തുടച്ചുകൊണ്ട "കുമാരാ, ഇതു ദുൎല്ലക്ഷണമാണെന്ന വിചാരിച്ച ഒട്ടും വ്യസനിക്കരുതെ. ആ വക ചപലതകൾ ഒക്കെയും സ്ത്രീകൾക്കുണ്ടാവുന്നതാണ. ഇതൊക്കെയും അജ്ഞാനം കൊണ്ടുണ്ടാവുന്നവയാണ, സാരമില്ലെന്ന എളയച്ശൻ എനിക്ക ദൃഷ്ടാന്തപ്പെടുത്തി തന്നിട്ടുണ്ട ഞാൻ വ്യസനിക്കുന്നത അതുകൊണ്ടല്ല." എന്നു പറഞ്ഞു. രാജകുമാരൻ:—"ഞാൻ താരാനാഥനൊട ഭാവം പകൎന്ന പറകയാലായിരിക്കും അല്ലെ" അത എന്റെ തൽക്കാലമുണ്ടായ ദെഷ്യംകൊണ്ട ചെയ്തതാണ. ഒട്ടും കുണ്ഠിതം തൊന്നരുതെ. ഞാൻ തന്നെ ആയാളെ പറഞ്ഞു സമാധാനപ്പെടുത്തി കൊള്ളാം". എന്നപറഞ്ഞു. ഇങ്ങിനെ രണ്ടുപെരും പരസ്പരം സമാധാനപ്പെടുത്തി, സന്തൊഷത്തൊടു കൂടി ഗൃഹത്തിലെക്ക പൊവുകയും ചെയ്തു.

താരാനാഥനാകട്ടെ, വളരെ ഖിന്നനായി, ഗൃഹത്തിൽ ചെന്നു, മറ്റവർ ആരും വരുന്നതിന്ന മുമ്പെ അത്താഴം കഴിച്ച ഒരു ചെറിയ അകത്ത ചെന്ന വാതിൽ അടച്ച വിചാരം തുടങ്ങി. താരാനാഥന്റെ അവസ്ഥയും കുറച്ച കഷ്ടം തന്നെ. തനിക്ക കളിക്കുവാനും നെരമ്പൊക്ക പറയുവാനും മററും ആരുമില്ലാതായി. കൂട്ടത്തിൽനിന്ന തള്ളിക്കളഞ്ഞാലുള്ളതപൊലെ മനസ്സിന്ന ഒരു മാന്ദ്യം സംഭവിച്ചു. രാജകുമാരനും, തന്റെ സൊദരിയും തമ്മിലുള്ള രഞ്ജിപ്പും, ലാളനയും കാണുമ്പൊൾ തന്റെ സൊദരിയുടെ ഭാഗ്യാവസ്ഥയെ കുറിച്ച സന്തൊഷിക്കുമെങ്കിലും, തനിക്ക ലാളിക്കുവാനൊ, തന്നെ ലാളിക്കുവാനൊ ആരും ഇല്ലാതിരുന്നതിനാലുള്ള വിഷാദം വെളിച്ചത്തെ ആശ്രയിച്ച നിൽക്കുന്ന നിഴൽ എന്ന പൊലെ ആ സന്തൊഷത്തൊട വെർപെടാതെയുണ്ടായിരുന്നു.

മെൽപറഞ്ഞപ്രകാരം, രാജകുമാരൻ പണ്ടുണ്ടാവാത്ത വിധം അല്പം ദുൎമ്മുഖം ഭാവിക്കുക ഹെതുവാൽ, താരാനാഥന്ന തന്റെ സ്ഥിതി യഥാൎത്ഥമായിട്ടുള്ളതിൽ തുലൊം അധികം, കഠിനമായി തൊന്നി. ഏററവും അഭിമാനിയാകയാൽ, കുണ്ഠിതത്തിന്ന അല്പം വല്ലതും കാരണമുണ്ടായാൽ, അതിനെക്കുറിച്ച അധികമായി വിചാരിച്ച ക്ലെശിക്കുന്നത താരാനാഥന്റെ സ്വഭാവമായിരുന്നു.

രാജകുമാരനും സ്വൎണ്ണമയിയും കൂടി അഘൊരനാഥന്റെ ഒരുമിച്ച അത്താഴത്തിന്ന ചെന്നിരുന്നു. താരാനാഥനെ കാണാഞ്ഞപ്പൊൾ സ്വൎണ്ണമയി വളരെ അൎത്ഥത്തൊടുകൂടി രാജകുമാരന്റെ മുഖത്തെക്ക ഒന്ന നൊക്കി. താരാനാഥന്റെ സ്വഭാവം നല്ലവണ്ണം പരിചയമുള്ളതാകയാൽ രാജകുമാരന്ന സ്വൎണ്ണമയിയുടെ നൊക്കിന്റെ താല്പൎയ്യം മനസ്സിലായി, സുഖക്കെടകൊണ്ടു തല താഴ്ത്തി. അത്താഴം കഴിഞ്ഞു അഘൊരനാഥനും രാജകുമാരനും കൂടി അഘൊരനാഥന്റെ അകത്തെക്കും, സ്വൎണ്ണമയിയും അഘൊരനാഥന്റെ ഭാൎയ്യയും കൂടി അവരുടെ പതിവപൊലെയുള്ള സ്ഥലത്തെക്കും കിടക്കുവാൻ പൊയി. താരാനാഥൻ നെരത്തെ അത്താഴം കഴിച്ച ഉറക്കമായി എന്ന അടുക്കളക്കാരൻ പറകയാൽ ആയാളെക്കുറിച്ച അഘൊരനാഥൻ അധികമായി അന്വെഷിക്കയും ഉണ്ടായില്ല.

---

## ൬-ാം അദ്ധ്യായം.

## അതിഥി.

ധൎമ്മപുരിക്കസമീപം ഒരു ചന്തസ്ഥലമുണ്ടെന്ന മുമ്പെ ഒരെടത്തപ്രസ്താവിച്ചിട്ടുണ്ടല്ലൊ. ആ ചന്തക്ക ഒരു ദിവസം ആ ദിക്കുകാരല്ലാത്ത നാലഞ്ചപെർ വരികയുണ്ടായി. ക്രയവിക്രയാദികൾക്ക വരികയല്ല. വഴിപൊക്കന്മാരാണ. അവിടെ നിന്ന ഭക്ഷണത്തിന്നും, മററും തരമായ സ്ഥലമെതെന്ന അന്വെഷിച്ചപ്പൊൾ ധൎമ്മപുരിയിൽ ബ്രാഹ്മണഗൃഹംഉണ്ടെന്നറിഞ്ഞു, ചക്കാലന്മാർ ഒരു കൊമ്പലയായി വരുന്നവരുടെ കൂടെ അവരും വന്നുകയറി. ചക്കാലന്മാർ ചിലര അവരുടെ കൂടെ ചെന്ന ബ്രാഹ്മണഗൃഹങ്ങൾ, കാണിച്ചു കൊടുത്തു. ആ പാന്ഥന്മാരും ബ്രാഹ്മണരാണത്രെ. ഏകദെശം ഏഴഎട്ട നാഴിക പകലുള്ളപ്പൊഴാണ ധൎമ്മപുരിയിൽ

വന്നെത്തിയത. എല്ലാവരുംവഴിപൊക്കന്മാരുടെ പരിവപൊലെ, കുറെ നെരം ആൽത്തറയിന്മെൽ കാററുകൊണ്ടിരുന്നു. ചിലർ പതുക്കെ സ്നാനത്തിന്നപൊയി. രണ്ടാളുകൾ പൊകാതെ പിന്നെയും ആൽത്തറയിന്മെൽ തന്നെ ഇരിക്കുമ്പൊൾ യൊഗീശ്വരനും വന്നെത്തി. വെഷം ഒക്കെയും മുമ്പെത്തെക്കുറി വന്നപ്പൊഴുണ്ടായിരുന്നതുപൊലെ തന്നെ വന്ന, ആൽത്തറയിന്മെൽ കയറി. കുറഞ്ഞൊന്ന ഇരുന്നതിന്റെ ശെഷം ആ രണ്ട പാന്ഥന്മാരൊടും ഓരൊ വൎത്തമാനം ചൊദിക്കുവാനാരംഭിച്ചു. അവരിൽ അധികം ചെറുപ്പക്കാരനായ പാന്ഥൻ യൊഗീശ്വരനെ കണ്ടപ്പൊൾ വളരെ വിസ്മയത്തൊടുകൂടി സൂക്ഷിച്ചു നൊക്കിത്തുടങ്ങി. യൊഗീശ്വരനും, ആ യുവാവിന്റെ കാന്തിയെറിയ മുഖവും, വിസ്തീൎണ്ണമായ മാറിടവും മററും കാണുകയാൽ അധികമായ കൌതുകമുണ്ടായി. അദ്ദെഹത്തെ കണ്ടാൽ ഒരു വൈഷ്ണവ ബ്രാഹ്മണനാണെന്ന തൊന്നും. ഗൊപി നാസികാഗ്രം മുതൽ മൂൎദ്ധാവവരെ വളരെ വിശദമാകുംവണ്ണം കുറിയിട്ടിട്ടുണ്ട. ആ വിഷ്ണുമുദ്രതന്നെ, മാറത്തും കയ്യിന്മെലും, പുറത്തും മററും പലദിക്കിലും ചെറിയതായി കാണ്മാനുണ്ട. വളരെ ദക്ഷിണദിക്കിൽ നിന്നാണ വരുന്നത എന്നും, പലരാജ്യങ്ങളെയും പരിചയമുണ്ടെന്നും മററും പറഞ്ഞു ക്രമെണ, സംഭാഷണം യൊഗീശ്വരനും ആ യുവാവും തമ്മിൽ തന്നെയായി. ആ കുറച്ച നെരത്തിനുള്ളിൽ യൊഗീശ്വരൻ തന്റെമെൽ ആ യുവാവിന്ന എങ്ങിനെ എന്നറിയാതെ, ഒരു വിശ്വാസം ജനിപ്പിച്ചു. അപ്പൊഴെക്ക അപ്രശസ്തനായ മറെറ പാന്ഥൻസ്നാനത്തിന്നായിട്ടിറങ്ങി പൊവുകയും ചെയ്തു.

യൊഗീശ്വരൻ:— "ഞാൻ അങ്ങെ സംസാരിച്ച താമസിപ്പിക്കുകയല്ലല്ലൊ? മററവരെല്ലാവരും സ്നാനത്തിന്ന പൊയിതുടങ്ങി. അങ്ങുന്നും കൂടെ പൊകുന്നില്ലെ? എന്നചൊദിച്ചു.

പാന്ഥൻ:— എനിക്ക അങ്ങുന്നുമായുണ്ടായ പരിചയത്തിൽ കുറച്ച അധികം നെരമുണ്ടായിരിക്കാം അവരുമായുള്ള പരിചയം. അല്ലാതെ അധികമായ സംബന്ധം ഒന്നും ഇല്ല. സമീപം എവിടെ എങ്കിലും ഒരെടത്ത ഭക്ഷണത്തിന്ന തരമായി കിട്ടെണം. അവരുടെ കൂടെ പൊകെണമെന്ന നിശ്ചയമില്ലതാനും.

യൊഗീശ്വരൻ:— കുറഞ്ഞൊരു പുഞ്ചിരിയൊടു കൂടി "വിരൊധമില്ലെങ്കിൽ എന്റെ ഒരുമിച്ച പൊന്നാൽ എന്റെ ഭവനത്തിൽ ഉള്ളതിന്ന ഒട്ടും അസ്വാധീനമില്ല. യഥെഷ്ടം എത്രകാലമെങ്കിലും ഒരുമിച്ച താമസിക്കുന്നതും എനിക്ക വളരെ സന്തൊഷമാണെ"ന്ന പറഞ്ഞു.

പാന്ഥൻ:— എനിക്ക ഇന്ന ദിവസം ഇന്നദിക്കിൽ എത്തെണമെന്നും മററും ഒരുനിശ്ചയവും ഇല്ലെല്ലൊ. സൌഖ്യമാണെന്ന തൊന്നിയാൽ ൟ വിശിഷ്ടന്റെ കൂടെ താമസിക്കുന്നതിന്ന എന്തവിരൊധം? എന്ന വിചാരിച്ച, "അങ്ങെടെ ഭവനത്തിലെക്ക ഇവിടുന്ന എത്ര ദൂരമുണ്ട"ന്ന ചൊദിച്ചു.

യൊഗീശ്വരൻ:— " അധികം ദൂരമില്ല, എങ്കിലും അങ്ങുന്ന വഴി നടന്ന ക്ഷീണിച്ചിരിക്കയാൽ അടുക്കെ ഒരു ഭവനത്ത നിന്ന ഭക്ഷണസാധനങ്ങൾ വല്ലതും വാങ്ങി അല്പം ക്ഷീണം തീക്കാമെന്ന പറഞ്ഞ എഴുനീററു. പാന്ഥനും കൂടെ പുറപ്പെട്ടു. അദ്ദെഹത്തിന്ന ചെറിയ ഒരു ഭാണ്ഡവും ഉറയിൽ ഇട്ട ഒരു വാളും ഉണ്ട. അല്ലാതെ ഒന്നും ഉണ്ടായിരുന്നില്ല. പൊകുന്ന വഴിക്ക ഒരു ബ്രാഹ്മണഗൃഹത്തിൽനിന്ന പാന്ഥന്ന കുറെ ഭക്ഷണസാധനം വാങ്ങികൊടുത്ത ക്ഷീണം തീത്തശെഷം രണ്ടുപെരും കൂടി മുമ്പ പ്രസ്താവിച്ച ഭയങ്കരമായ മാർഗ്ഗത്തിലൂടെ യാത്രതുടങ്ങി. മാർഗ്ഗത്തിന്റെ വിജനതയും, ഘൊരകാന്താരത്തെയും കണ്ടപ്പൊൾ പാന്ഥന്നവളരെ വിഷാദമായി. "ഇദ്ദെഹം എന്നെ ചതിക്കുകയല്ലെല്ലൊ? ൟശ്വരാ! ഞാൻ ഒരു അവിവെകിയായ ബാലൻ- ഏകൻ- അസഹായൻ- മുമ്പലെശം പൊലും പരിചയമില്ലാത്ത ഇദ്ദെഹത്തിന്റെ ഒരുമിച്ച പൊരുവാൻ ഞാൻ സമ്മതിച്ചുവെല്ലൊ. കഷ്ടം! പിന്നൊക്കം വെച്ചാലൊ- ഭീരുവാണെന്ന വന്നാലും തരക്കെടില്ല, പ്രാണരക്ഷയാണെല്ലൊ അധികം പ്രധാനം— അങ്ങിനെയല്ല. കൂടെ പൊവുകതന്നെ- വല്ലതും അക്രമത്തിന്ന മുതിന്നാൽ ഇയ്യാളൊട ഞാൻ പൊരെ?— വെറെയും ആളുകൾ ഉണ്ടെങ്കിലൊ- കണ്ടാൽ ഒരു ദുഷ്ടനാണെന്ന ഒരിക്കലും തൊന്നുന്നില്ല— അബദ്ധമായെൊ-" എന്നീമാതിരി അനവധി വിചാരങ്ങൾ അര നിമിഷംകൊണ്ട പാന്ഥന്റെ മനസ്സിൽ ഉളവായി. അതിനാൽ തല താണ നടത്തത്തിന്ന വെഗം കുറയുകയും യൊഗീശ്വരൻ ഒരിക്കൽ പിന്നൊക്കം തിരിഞ്ഞ നൊക്കിയപ്പൊൾ പാന്ഥനെ കുറ ദൂരത്തായി കാണുകയും ചെയ്തു. അദ്ദെഹം ബുദ്ധിമാനാകയാൽ യുവാവിന്റെ വിചാരം പത്തിനഞ്ചുകണ്ടറിഞ്ഞു. അവിടെനിന്ന, "വെഗത്തിൽ വരൂ" എന്നവിളിച്ചു. ഒരുസ്വപ്നത്തിൽനിന്ന ഞെട്ടി ഉണന്നപൊലെ പാന്ഥൻ തലപൊങ്ങിച്ച നൊക്കി, തന്റെ അകാരണമായ ഭയം വിചാരിച്ച നാണംപൂണ്ട, വെഗത്തിൽ നടന്നെത്തി. യൊഗീശ്വരൻ ഭയമാസകലം നീങ്ങത്തക്ക വിധത്തിൽ കനിവൊടുകൂടി ചിലതപറഞ്ഞപ്പൊൾ, പാന്ഥന്ന മുമ്പെത്തെ വിശ്വാസവും ബഹുമാനവും വീണ്ടും ജനിച്ചു. പിന്നെ

യോഗീശ്വരൻ പാന്ഥനോട ഓരോന്ന ചോദിച്ചുകൊണ്ടു, വഴിയുടെ ബുദ്ധിമുട്ട അറിവാൻ അയക്കാതെ, കുറെനെരം മലകയറിയപ്പൊഴെക്ക ഭവനത്തിൽനിന്ന വെളിച്ചം കണ്ടുതുടങ്ങി. "അതാ! എന്റെ ഭവനം" എന്ന യോഗീശ്വരൻപറഞ്ഞു "വെറെ എത്ര ഭവനങ്ങൾ സമീപം ഉണ്ടു?" എന്ന പാന്ഥൻ ഉടനെ ചോദിച്ചപ്പോൾ, "എന്റെ വാസം വളരെ ഏകാന്തമായിട്ടാണ. ഒരു അഞ്ചാറ നാഴികകളിൽ വെറെ ഒരു ഭവനവും ഇല്ല, എന്ന തന്നെയല്ല, ഈ പ്രദെശത്തമനുഷ്യരെ തന്നെ കാണുകയില്ല" എന്ന ഉത്തരം പറഞ്ഞു. രണ്ടു പെരും കൂടി ഭവനത്തിന്റെ ഉമ്മരത്ത എത്തിയപ്പൊഴെക്ക പാൎവ്വതി ഒരു പായ കൊണ്ടുവന്ന നീൎത്തി. കുറച്ചു നെരം അവിടെ കാററുകൊണ്ടു ഇരുന്ന ശെഷം, യൊഗീശ്വരൻ അകത്തെക്ക പൊയി, പുതുതായിവന്ന ആളെക്കുറിച്ചു കുന്ദലതയൊട അല്പം സംസാരിച്ചു, വെഗത്തിൽ പുറത്തെക്ക തന്നെ വന്നു. "നമുക്ക ഒട്ടും താമസിയാതെ കുളിക്കുവാൻ ഉത്സാഹിക്ക." എന്ന യൊഗീശ്വരൻ പറഞ്ഞപ്പൊൾ അഥിതി തന്റെ വസ്ത്രങ്ങളും ഭാണ്ഡവും മററും അഴിപ്പാൻ തുടങ്ങി "ഞാനും അല്പം ചില മാററങ്ങൾ ഉണ്ടാക്കട്ടെ" എന്ന പറഞ്ഞു യൊഗീശ്വരൻ തന്റെ ജടയും താടിയും അഴിച്ചു. അഥിതി അതിവിസ്മയത്തൊടുകൂടി നൊക്കി; എങ്കിലും മുഖത്തിന്റെ സൌമ്യത കണ്ടപ്പൊൾ വിസ്മയത്തെക്കാൾ അധികം സന്തൊഷമാണ ഉണ്ടായത. "ഇനി വല്ല മാററവും ഉണ്ടാക്കാനുണ്ടൊ?" എന്ന അതിഥി ചൊദിച്ചു. യൊഗീശ്വരൻ മന്ദസ്മിതത്തൊടുകൂടി ഇല്ലെന്നുത്തരം പറഞ്ഞു വിളക്കെടുത്ത ചൊലയുടെ സമീപത്തെക്ക നടന്നു തുടങ്ങി. സുഖമായി കുളികഴിഞ്ഞു ഉമ്മരത്ത എത്തിയപ്പൊഴെക്ക ഈറൻ വിഴുക്കുവാൻ പുതിയ ശുഭ്രങ്ങളായ വസ്ത്രങ്ങളും ഒരു തമലയിൽ ജലവും വെച്ചിട്ടുണ്ടായിരുന്നു. ഈറൻ വിഴുത്ത അകായിലെക്ക കടന്നപ്പൊഴെക്ക അത്താഴത്തിന്ന ഒക്കെയും തെയ്യാറായിരുന്നു. യൊഗീശ്വരനും അതിഥിയുംകൂടി ഭക്ഷണം കഴിച്ചു, ഉമ്മരത്ത തന്നെ രണ്ടാളുകൾക്കും വിരിച്ചിട്ടുണ്ടായിരുന്നതിൽ കിടക്കുകയും ചെയ്തു. ക്ഷീണമുണ്ടാകയാൽ അതിഥി ഉറങ്ങിക്കൊട്ടെ എന്ന വിചാരിച്ചു, യൊഗീശ്വരൻ ഒന്നും സംസാരിച്ചതും ഇല്ല. അതിഥി, "വിചാരിച്ചപൊലെയൊന്നുമല്ല—വളരെ സുഖമായിട്ടുള്ള—ഗൃഹം. ഇദ്ദെഹവും അതി ഉദാരൻ—കഷ്ടം! ഞാൻ വെറെ ചിലതൊക്കെയും അബദ്ധമായി ശങ്കിച്ചുവെല്ലൊ" എന്നിങ്ങിനെ ചിലത വിചാരിച്ചു. വഴി നടന്ന ക്ഷീണം കൊണ്ടും തൃപ്തമായി ഭക്ഷിച്ചിരുന്നതിനാലും താമസിയാതെ ഉറക്കമായി. അതിഥി ഉറങ്ങി എന്ന തീൎച്ചയായ ശെഷം, അകത്തെക്ക പൊയി, അതിഥിയെക്കുറിച്ചു

കന്ദലതയോടുകൂടി അല്പം സംഭാഷണംചെയ്തു, യോഗീശ്വരനും ഉമ്മരത്ത വന്ന കിടന്നു. അദ്ദേഹം അതിഥിയുടെ ഊരും പേരും മററും സൂക്ഷ്മമായി ചോദിക്കയുണ്ടായില്ല. എല്ലാംകൂടി യോഗ്യനായ ഒരു യുവാവാണെന്ന തോന്നിയതിനാലും അദ്ദേഹത്തിൻെറ, ആവശ്യം പ്രത്യേകം ഒരു ദിക്കിലേക്ക പോകേണമെന്നും മററും ഇല്ലെന്നറിഞ്ഞതിനാലും കൂട്ടികൊണ്ടു പോന്നതാണ. പക്ഷേ, തൻെറ ഒരു സഹായകനും സ്നേഹിതനുമായി തൻെറ ഭവനത്തിൽ താമസിപ്പാൻ തക്ക വിധം ഏതുപ്രകാരത്തിലെങ്കിലും വഴിപ്പെടുത്തേണമെന്നും മററും പല മനോരാജ്യങ്ങളോടുംകൂടി യോഗീശ്വരനും സുഷുപ്തിയെ പ്രാപിച്ചു.

## ൭–ാം അദ്ധ്യായം.

## വൈരാഗി.

പ്രതാപചന്ദ്രനും സ്വൎണ്ണമയീദേവിയും തമ്മിൽ ബാല്യത്തിൽതന്നെയുണ്ടായിരുന്ന സഖിത്വം, അവൎക്ക താരുണ്യം വന്നപ്പോൾ മുഴുത്ത അനുരാഗമായി തീൎന്നു, വിവാഹം ചെയ്വാൻ അവരരണ്ടുപേരും തമ്മിൽ തീൎച്ചയാക്കിയ വിവരം മുമ്പപറഞ്ഞുവെല്ലൊ. അവരുടെ ആ നിശ്ചയം അഘോരനാഥനെയും, കലിംഗമഹാരാജാവിനെയും അറിയിച്ചു. അഘോരനാഥനെ അറിയിച്ചത രാജകുമാരൻ തന്നെത. തങ്ങളുടെ നിശ്ചയം പ്രസിദ്ധമാക്കുവാൻ തീൎച്ചയാക്കിയതിൻെറ പിറെറദിവസം തന്നെ രാജകുമാരൻ അഘോരനാഥൻെറ ആസ്ഥാന മുറിയിലെക്ക കടന്ന ചെന്നു. അഘോരനാഥൻ ആദരവൊടു കൂടി രാജകുമാരന്ന ആസനം നൽകിയിരുത്തി "വിശേഷിച്ചൊ എഴുന്നരുളിയത?" എന്നചോദിച്ചു.

രാജകുമാരൻ— അധികം പണിത്തിരക്കില്ലെങ്കിൽ ഒരു കാൎയ്യത്തെ കുറിച്ച എനിക്ക അല്പം പറവാനുണ്ടായിരുന്നു.

അഘോരനാഥൻ— പണിത്തിരക്ക എത്രയുണ്ടായാലും ഇവിടുത്തെ കാൎയ്യം കഴിഞ്ഞശേഷം മറെറല്ലാം.

രാജകുമാരൻ— ഞാനും ദേവിയും തമ്മിലുള്ള സ്നേഹത്തിൻെറ സ്വഭാവത്തിന്ന ഇയ്യിടയിൽ അല്പം ഒരു മാററം സംഭവിച്ചിരിക്കുന്നത അങ്ങെ അറിയിപ്പാൻ വന്നതാണ.

അഘോരനാഥൻ— എനിക്ക ഒരു വൎത്തമാനം കൎണ്ണപീയൂഷമായി ഭവിക്കുന്നു. വളരെകാലം അവളെ രക്ഷിച്ച വളൎത്തിയ എൻെറ പ്രിയ

ത്തം സഫലമായി. എന്റെ ആഗ്രഹവും ഇങ്ങിനെയായാൽ കൊള്ളാമെന്നായിരുന്നു. അവൾക്കും നല്ല സമ്മതം തന്നെയാണെല്ലൊ?

രാജകുമാരൻ:— നല്ലസമ്മതമാണ. വെണമെങ്കിൽ ചൊദിച്ചാൽ അറിയാമെല്ലൊ.

അഘൊരനാഥൻ:— രാജാവിനെ അറിയിക്കെണ്ടെ?

രാജകുമാരൻ:— അതിന്ന ഞാൻ വിശ്വസ്ഥനായ ഒരാളെ ഇന്നലെ തന്നെ അയച്ചിരിക്കുന്നു.

അഘൊരനാഥൻ:— എന്നാൽ ഇനി അധികം താമസിക്കെണമെന്നില്ല. രണ്ട മാസത്തിലകത്ത തന്നെ കഴിഞ്ഞൊട്ടെ.

രാജകുമാരൻ:—രണ്ടമാസമൊ? എന്തിനു വളരെ താമസിക്കുന്നു? ഞങ്ങൾതമ്മിൽ തീൎച്ചയാക്കീട്ട തന്നെ രണ്ടമാസത്തിലധികമായി. പത്താം നാൾ ഒരു മുഹൂൎത്തമുണ്ടെന്നറിയുന്നു അന്ന തന്നെ കഴിയണം.

അഘൊരനാഥൻ:—ചിരിച്ചുകൊണ്ട, "ഈശ്വരാ! ഈ ചെറുപ്പക്കാരുടെ ക്ഷമയില്ലായ്മ! അന്ന മുഹൂൎത്തമുണ്ടെങ്കിൽ അന്ന തന്നെ കഴിയട്ടെ. എനിക്ക യാതൊരു തരക്കെടും തൊന്നുന്നില്ലെന്ന" പറഞ്ഞു.

രാജകുമാരൻ പുഞ്ചിരിക്കൊണ്ട സ്വൎണ്ണമയിയെ വൎത്തമാനം അറിയിക്കുവാൻ പുറത്തെക്ക പൊയി, അപ്പൊൾതന്നെ അഘൊരനാഥൻ സ്വൎണ്ണമയിയെ വിളിക്കുവാൻ ഒരു ഭൃത്യനെ അയച്ചു. താമസിയാതെ, സ്വൎണ്ണമയി വളരെ ലജ്ജയൊടുകൂടി അഘൊരനാഥന്റെ മുമ്പാകെ വന്ന മുഖം താഴ്ത്തിനിന്നു.

അഘൊരനാഥൻ:—ലജ്ജിക്കെണ്ട. അവസ്ഥയൊക്കെയും ഞാൻ അറിഞ്ഞിരിക്കുന്നു. നല്ലവണ്ണം ആലൊചിച്ചിട്ടതന്നെയാണെല്ലൊ ദെവി ഇതിന്ന സമ്മതിച്ചത എന്ന മാത്രമെ എനിക്ക അറിയെണ്ട ആവശ്യമുള്ളു. വിവാഹം കൊണ്ടുണ്ടാകുന്ന ഫലങ്ങളെയും ആലൊചിച്ച പ്രവൃത്തിക്കാഞ്ഞാൽ അതകൊണ്ടുണ്ടാവുന്ന അനവസാനങ്ങളായ ദൊഷങ്ങളെയും ഞാൻ വിസ്തരിച്ച പറഞ്ഞു തന്നിട്ടുണ്ടല്ലൊ. ആകയാൽ എല്ലാ സംഗതികളും ഒരിക്കൽ കൂടെ ആലൊചിച്ച എന്നൊട തീൎച്ച പറയണം.

സ്വൎണ്ണമയി:— ഞാൻഅറിഞ്ഞെടത്തൊളം രാജകുമാരന്റെ സ്വഭാവം എനിക്ക വളരെ ബൊദ്ധ്യമായിട്ടാണ. അദ്ദെഹത്തിന്ന എന്റെ മെൽ ദൃഢമായ അനുരാഗം ഉണ്ടെന്നും ഞാൻ തീൎച്ചയറിഞ്ഞിരിക്കുന്നു. ആയതകൊണ്ട ഈ സംബന്ധം ഞങ്ങൾ രണ്ടാളുകൾക്കും കല്യാണമായി ഭവിക്കമെന്ന ഞാൻ പൂൎണ്ണമായി വിശ്വസിക്കുന്നു.

അഘൊരനാഥൻ— ഞാനും അങ്ങിനെതന്നെയാണ വിചാരിക്കുന്നത. രാജാവിൻെറ സമ്മതംകൂടി കിട്ടിയാൽ താമസിയാതെ വിവാഹം കഴിക്കാം.

സ്വൎണ്ണമയി:— രാജാവിൻെറ സമ്മതം കിട്ടി. അവിടുത്തെക്ക വളരെ സന്തൊഷമാണെന്നും, എന്നെ ഇപ്പൊൾതന്നെ അങ്ങൊട്ടകൂട്ടിക്കൊണ്ട ചെല്ലെണമെന്നും രാജകുമാരനെ അറിയിക്കുവാൻ ഒരു ആൾ വന്നിട്ടുണ്ട. ആ വിവരത്തിന്ന തന്നെയായിരിക്കുമെന്ന തൊന്നുന്നു, എളയച്ശന്നും ഒരു എഴുത്തുണ്ട:

അഘൊരനാഥൻ:— ദെവിക്ക ഒരു മഹാരാജാവിൻെറ പട്ടമഹിഷിയാവാൻ സംഗതിവരുമെന്ന വിചാരിച്ച എനിക്ക വളരെ സന്തൊഷമുണ്ട. ഭൎത്താവൊടുകൂടി വളരെക്കാലം ദീൎഘായുസ്സായി സുഖിച്ചിരിക്കുവാൻ സംഗതി വരട്ടെ എന്ന ൟശ്വരനെ പ്രാൎത്ഥിക്കുന്നു. കഷ്ടം! എൻെറ ജെഷ്ഠൻ ഇല്ലാതായല്ലൊ, ൟ സന്തൊഷം അനുഭവിപ്പാൻ" എന്ന പറഞ്ഞ അവളെ മൂൎദ്ധാവിൽ അനുഗ്രഹിച്ച അയക്കുകയും ചെയ്തു.

അഘൊരനാഥന്ന എഴുത്ത വന്നിരുന്നത രാജധാനിയിലെക്ക പ്രതാപചന്ദ്രനെയും സ്വൎണ്ണമയിയെയും വെഗത്തിൽകൂട്ടികൊണ്ടചെന്ന അടുത്ത മുഹൂൎത്തത്തിന്ന തന്നെ അവരുടെ വിവാഹം കഴിപ്പിക്കുവാൻ മഹാരാജാവിൻെറ കല്പനയായിരുന്നു. പല കാരണങ്ങളെക്കൊണ്ടും, അഘൊരനാഥന്ന രാജധാനിയിലെക്ക പൊകുവാൻ അത്ര സൌഖ്യം ഉണ്ടായിരുന്നില്ല; എങ്കിലും സ്വൎണ്ണമയിയുടെവിവാഹകാൎയ്യമാകയാൽ വെഗത്തിൽ പൊയി ആ മംഗളകൎമ്മം വളരെ ആഘൊഷത്തൊടുകൂടി കഴിച്ചു. രാജാവിന്നും പൌരന്മാൎക്കും ആനന്ദം വാൎദ്ധമാക ആ ദമ്പതിമാരെ രാജധാനിയിൽ തന്നെ താമസിപ്പിച്ചു, താൻ ചന്ദനൊദ്യാനത്തിലെക്ക മടങ്ങുകയും ചെയ്തു.

വിവാഹത്തിന്ന താരാനാഥൻ ഇല്ലാതിരുന്നതിനാൽ രാജകുമാരന്നും സ്വൎണ്ണമയിക്കും വളരെ സങ്കടമുണ്ടായി. കുറെ ദിവസം മുമ്പെ ചന്ദനൊദ്യാനത്തിൽ വെച്ച താരാനാഥൻ അല്പം സുഖക്കെടായിട്ട അവരൊട പിരിഞ്ഞതിൽപിന്നെ ആയാളെ എവിടെയും കാണുകഉണ്ടായിട്ടില്ല. ഒടുക്കത്തെദിവസം താരാനാഥൻ കിടന്നിരുന്ന അകത്ത ഒരു എഴുത്ത കിടക്കുന്നതകണ്ടു. അത താരാനാഥൻ എഴുതിവെച്ച പൊയതാണ. "ഞാൻ ചുരുക്കത്തിൽ ഒരുതീൎത്ഥയാത്രക്കപൊവാൻ തീൎച്ചയാക്കിയിരിക്കുന്നു. ഒരുമാസത്തിൽഅകത്ത മടങ്ങിവരും. ഞാൻപൊകുന്നസ്ഥലം ആരെയുംഅറിയിക്കുവാൻ വിചാരിക്കുന്നില്ല. ഞാൻ പൊകുന്നതകൊണ്ട ആൎക്കും വിഷാദവും അരുത." എന്നാണ എഴുത്തിലെ വാചകം. ആ എഴുത്ത കണ്ടു കിട്ടിയത

വിവാഹത്തിന്ന ദിവസവും മുഹൂൎത്തവും നിശ്ചയിച്ച ശേഷമാണ. ആ എഴുത്ത കണ്ട ഉടനെ അഘോരനാഥൻ ചില ദിക്കുകളിലെക്ക അന്വെഷണം ചെയ്യാൻ ആളുകളെ അയച്ചു എങ്കിലും താരാനാഥൻ ഇന്ന ദിക്കിലാണെന്ന അറിവാൻ കഴിഞ്ഞില്ല. വിവാഹസമയത്ത പല സന്തൊഷങ്ങളുടെയും ഇടക്ക ദമ്പതിമാൎക്ക താരാനാഥനില്ലാഞ്ഞതിനാൽ ഒരു കുണ്ഠിതം മനസ്സിൽനിന്ന വെർപെടാതെ എപ്പൊഴും ഉണ്ടായിരുന്നു താനും.

വിവാഹാനന്തരം പ്രതാപചന്ദ്രനും സ്വൎണ്ണമയിയുംകൂടി സുഖമായ്വാഴുങ്കാലം ഒരു ദിവസം "വൈരാഗിവെഷം ധരിച്ച ദിവ്യനായ ഒരാൾ രാജധാനിയുടെ ഗൊപുരദ്വാരിങ്കൽ വന്നിരിക്കുന്നു" എന്ന ഒരു അമാത്യൻ പ്രതാപചന്ദ്രനെ അറിയിച്ചു. "ആയാളെ വിളിക്കുക" എന്ന രാജകുമാരൻ കല്പിച്ച ഉടനെ, ആ അമാത്യൻ ആയാളെ കൂട്ടിക്കൊണ്ടുവന്ന രാജകുമാരനും സ്വൎണ്ണമയിയും ഇരിക്കുന്ന മാളികയുടെ മുൻഭാഗത്തുള്ള ഒരു നടപ്പുരയിൽ, മുകളിൽനിന്ന അവൎക്ക കാണത്തക്കവണ്ണം ഒരു സ്ഥലത്ത ഇരുത്തി. കൂടെയുണ്ടായിരുന്ന രണ്ട ശിഷ്യന്മാരും ആയാളുടെ ഒരുമിച്ച ഇരു വശത്തും ഇരുന്നു. വൈരാഗി വെള്ളികൊണ്ട കടയുള്ള മെതിയടി കാലിന്മെൽ ഇട്ടിട്ടുണ്ട. കെശഭാരം ജടകൂട്ടി ഓരൊ കെട്ടുകളാക്കി പിൻഭാഗത്തെക്ക തൂക്കീട്ടുണ്ട. ശരീരം മുഴുവൻ ഒരു കാവിവസ്ത്രംകൊണ്ട മൂടിയിരിക്കുന്നു. ചുമലിൽ ഒരു പൊക്കണം തൂക്കീട്ടുണ്ട. രൊമങ്ങൾ ഒട്ടും നരച്ചിട്ടില്ല. കണ്ണുകൾ എങ്ങിനെയൊ ചുവപ്പിച്ചിരിക്കുന്നു. മുഖം മുഴുവനും ഭസ്മംകൊണ്ട മൂടിയിരിക്കുന്നു. തലയിൽ ഒരു കുമ്പൻ തൊപ്പിയും രുദ്രാക്ഷമാലയും ധരിച്ചിട്ടുമുണ്ട. ആയാളെ നല്ലവണ്ണം പരിചയമുള്ളവൎക്കുകൂടി ആ വെഷത്തൊടുകൂടി കണ്ടാൽ അറിവാൻ പ്രയാസമായിരിക്കും. മൌനവ്രതവും ഉണ്ടത്രെ. ആരെങ്കിലും വല്ലതും ചൊദിച്ചാൽ കയ്യുകൊണ്ട ചില ആംഗ്യങ്ങൾ അതിന്ന ഉത്തരമായി കാണിക്കും. ഉടനെ കൂടെയുള്ള ശിഷ്യർ ആ ആംഗ്യങ്ങളുടെ അൎത്ഥം കല്പിക്കുകയും അത ശരിതന്നെ എന്ന തല കുലുക്കുന്നതകൊണ്ട സ്ഥിരപ്പെടുത്തുകയും ചെയ്യും. ഇങ്ങിനെയാണ ആ ദിവ്യന്റെ കൊപ്പുകൾ. ദിവ്യത്വത്തിന്റെ ദൃഷ്ടാന്തമായി പല അത്ഭുതകൎമ്മങ്ങളും ആയാൾ ചെയ്തിട്ടുള്ളത ശിഷ്യരൊടെ ചൊദിച്ചാൽ അവർ പറഞ്ഞു കൊടുക്കും. തന്റെ യൊഗ്യതകൾ ആരെയും അറിയിക്കരുതെന്നാണ സ്വാമിയാരുടെ കല്പന എന്ന സകലവും പറഞ്ഞു കൊടുത്തതിന്റെ ശെഷം സ്വകാൎയ്യമായി പറയുകയും ചെയ്യും. ആ ദിവ്യന്ന ചെയ്യാൻ കഴിയുന്ന അത്ഭുത കൎമ്മങ്ങളിൽ ഒന്ന നഷ്ട പ്രശ്നം പറയുകയാണ. അതിന്ന ലഗ്നത്തിന്റെ മുഖം മാത്രം നൊക്കിയാൽ മതി. ഭാവിയായിട്ടുള്ളതിൽ സാമൎത്ഥ്യം കുറയും. എങ്കിലും ഭൂതവൎത്തമാനങ്ങൾ

സൂക്ഷ്മമായി പറഞ്ഞൊപ്പിക്കും. ചന്ദനൊദ്യാനത്തിൽനിന്ന രണ്ടു നാഴിക ദൂരത്ത, കുറെ ശൂദ്രക്കുടികളും കുശവന്മാരുടെ പുരയുംമററും ഉള്ള സൈകതപുരി എന്നൊരു കുഗ്രാമം ഉണ്ട. അവിടെയാണത്രെ ആ ദിവ്യനെ ഒരു ദിവസം കണ്ടെത്തിയത. അവിടെ ആയാളുടെ യൊഗ്യതകെട്ട കെൾപ്പിച്ചനാല ദിവസത്തിലകം അനവധി ജനങ്ങൾ ആയാളെ കാണ്മാൻ വരികയുണ്ടായി. എല്ലാവരൊടും അവൎക്ക ഇത്ര ജെഷ്ഠാനുജന്മാരുണ്ട, ഇന്ന ആൾ ഇന്നാളുമായിട്ട ചാൎച്ചയൊ വെഴ്ചയൊ ഉണ്ട, വീട്ടിൻെറ പടി ഇന്ന ഭാഗത്തെക്കാണ, ഇത്ര വാതില്പകൾ ഉണ്ട, എന്നീ മാതിരി വിവരങ്ങൾ ശരിയായി പറഞ്ഞ ഒപ്പിച്ച ആ ദിക്കുകാൎക്ക ഒക്കെയും ആയാളുടെ ദിവ്യത്വം വളരെ വിശ്വാസമായി തീൎന്നിരിക്കുന്നു. അവരെല്ലാവരും പറഞ്ഞ നിശ്ചയിച്ചിട്ടാണപ്പൊൾ രാജകുമാരനെ കാണ്മാൻ വന്നത. ദ്രവ്യത്തിന്നും മററും കാംക്ഷ അശെഷം പൊലും ഇല്ല. എന്നാൽ ആരെങ്കിലും വല്ലതും ഭിക്ഷയായിട്ടൊ വഴിപാടായിട്ടൊ മുമ്പാകെ തിരുമുൽകാഴ്ചയായി വെച്ചുവണങ്ങിയാൽ സ്വീകരിക്കുവാൻ അപ്രിയമില്ലതാനും. സ്വൎണ്ണമയി ആ സന്യാസിയുടെ വെഷം ആകപ്പാടെ കണ്ടപ്പൊൾ പറഞ്ഞു. "ഇങ്ങനത്തെ വകക്കാർ സാധാരണയായി വഞ്ചകന്മാരും ദുരാത്മാക്കളുമാണ ഇതത്രയും വ്യാജമാണ. പരമാൎത്ഥമാവാൻ പാടില്ല" അപ്പൊൾ അടുത്ത നിന്നിരുന്ന ഒരു ഭൃത്യൻ പറഞ്ഞു, "അങ്ങിനെ മാത്രം അരുളിച്ചെയ്യരുതെ തമ്പുരാട്ടി. ഇദ്ദെഹത്തിൻെറ പെരുമ അടിയൻെറ ഒരം കണ്ണു രണ്ടൊണ്ടും കണ്ടിരിക്കുന്നല്ലെ?" മറെറാരു ഭൃത്യൻ, "ചൊദിക്കെണ്ടതാമസമെയുള്ളു മറുവടി പറവാൻ പറഞ്ഞാൽ അതിൽ തെല്ലുപൊലും പിഴച്ച പൊകയില്ല. മായം ഏള്ളുല്ലെൻെറ തമ്പുരാട്ടി, തനിച്ച നെര തന്നെ" എന്ന പറഞ്ഞു. സ്വൎണ്ണമയി ആഭാസന്മാരായ അവരുടെ സംസാരം കെട്ടിട്ട അല്പം ഹാസ്യരസത്തൊടുകൂടി ഭൎത്താവിൻെറ മുഖത്തെക്ക നൊക്കി. രാജകുമാരൻ, "ഇവര പറഞ്ഞതല്ല പരമാൎത്ഥം എന്ന എന്ത നിശ്ചയം? സൂക്ഷ്മം എങ്ങിനെയെന്ന നമുക്ക ഇപ്പൊൾ അറിയാമെല്ലൊ" എന്ന പറഞ്ഞ ആ വൈരാഗിയൊട ചില ചൊദ്യങ്ങൾ ചൊദിപ്പാൻ തുടങ്ങി. മിക്ക ചൊദ്യങ്ങൾക്കും ഏകദെശം ശരിയായ ഉത്തരം പറഞ്ഞപ്പൊൾ രാജകുമാരനും മററ കണ്ടുനില്ക്കുന്നവരും വളരെ വിസ്മയപ്പെട്ടു. രാജകുമാരൻ "ഒന്നുകൂടി ചൊദിക്കാം" എന്ന പറഞ്ഞ "എൻെറ ഭാൎയ്യക്ക എത്ര സൊദരിമാരുണ്ട" എന്ന ചൊദിച്ചു.

വൈരാഗി:— സ്വൎണ്ണമയിയുടെ മുഖം നൊക്കി, ഇല്ല എന്ന അറിയിപ്പാൻ തല കലുക്കി.

രാജകുമാരൻ:— "സൊദരന്മാരുണ്ടൊ" എന്ന ചൊദിച്ചു.

വൈരാഗി:— ചൂണ്ടാണി വിരൽ കൊണ്ട ഒന്ന എന്ന കാണിച്ചു.

രാജകുമാരൻ:— ആയാൾ ഇപ്പൊൾ ഇവിടെയുണ്ടൊ?

വൈരാഗി:— "ഇല്ല" എന്ന കാണിച്ചു. പിന്നെ കയ്യു കൊണ്ടും തല കൊണ്ടും മററ ചില ആംഗ്യങ്ങൾ കാണിച്ചതിന്ന, സമീപം ഒരു ദിക്കിൽ സുഖമായിരിക്കുന്നു എന്നൎത്ഥമാണെന്ന ശിഷ്യർ വ്യാഖ്യാനിച്ചു. അപ്പൊൾ രാജകുമാരൻ കുറെ പ്രസന്നതയൊടുകൂടി സ്വപ്നമയിയുടെ മുഖത്തെക്ക നൊക്കി. അടുക്കെ നിന്നിരുന്ന ഒരു ബ്രാഹ്മണൻ പറഞ്ഞു. "അത ശരിയാവാൻ സംഗതിയുണ്ട. നായാട്ടിന്ന വളരെ സമൎത്ഥനായ ഒരു ചെറുപ്പക്കാരൻ അവന്തി രാജ്യത്ത ഇയ്യടെ അഭിഷെകം കഴിഞ്ഞ യുവരാജാവിന്റെ കൂടെ സുഖമായി താമസിച്ചുവരുന്നു എന്നൊരു വൎത്തമാനം ഞാൻ കെൾക്കയുണ്ടായി."

രാജകുമാരൻ:— "അത താരാനാഥനാണെന്നുള്ളതിന്ന ആക്ഷെപമുണ്ടൊ? വെഗത്തിൽ ആളെ അങ്ങൊട്ട അയച്ചു, ആയാളെ വരുത്തെണം" എന്ന പറഞ്ഞു.

സ്വപ്നമയി:— "ഞാൻ ഒരു ചൊദ്യം ചൊദിക്കട്ടെ" എന്ന പറഞ്ഞു, "എന്റെ സൊദരന്ന എത്ര വയസ്സായി?" എന്ന ചൊദിച്ചു.

വൈരാഗി:— അല്പം ആലൊചിച്ചു ഇരുപത്തുമൂന്ന എന്നകാണിച്ചു.

സ്വപ്നമയി:— ആശ്ചൎയ്യം അത ശരിതന്നെയല്ലൊ. ആകട്ടെ. എന്റെ അച്ഛന്ന എത്ര വയസ്സായി?

വൈരാഗി:— അമ്പത്തനാല എന്ന കാണിച്ചു.

സ്വപ്നമയി:— ഇനി എത്ര കാലം ഇരിക്കും അച്ഛൻ?

വൈരാഗി:— വളരെക്കാലം കീൎത്തിമാനായിരിക്കുമെന്ന കാണിച്ചു.

സ്വപ്നമയി:— മതി. മതി. വളരെക്കാലം മുമ്പെ അന്തരംവന്നുപൊയ എന്റെ അച്ഛൻ ഇനിയും ദീൎഘായുസ്സായിരിക്കുമെന്നല്ലെ ഇവൻ പറഞ്ഞത? മതി. ഇനി, എനിക്ക ചൊദ്യം ഒന്നും ഇല്ല. വല്ലതും കൊടുത്ത വെഗത്തിൽ പറഞ്ഞയച്ചാൽ നന്നായിരുന്നു എന്ന ഭൎത്താവിനൊട പറഞ്ഞു.

രാജകുമാരൻ:— "അതിൽ ഒന്നിൽമാത്രമല്ലെ തെററിപ്പൊയുള്ളു. എത്രയൊഗ്യന്മാരും പറഞ്ഞത മുഴുവനും ശരിയായിരിക്കുകയില്ല. ദിവ്യനല്ലെങ്കിലും സാമാന്യനല്ലെന്ന തീൎച്ച തന്നെ," എന്ന തന്റെ അടുത്ത നിന്നിരുന്നവരൊടായിട്ട പറഞ്ഞു. അതിന്നിടയിൽ വൈരാഗി, മടക്കി, മുദ്രവെച്ച, ഭദ്രമാക്കിയ ഒരു ഓല കയ്യിൽ എടുത്ത ചില ആംഗ്യ

ങ്ങൾ കാണിച്ച തുടങ്ങി. ആ എഴുത്തിൽ ഈശ്വര കല്പിതം എഴുതിയിരിക്കുന്നു എന്നും, അത വാങ്ങി ഭദ്രമായി സൂക്ഷിച്ച മൂന്നാം ദിവസം ചതുഷ്കത്തിൽ ഒരു പൂജ കഴിച്ച, വിപ്രനെക്കൊണ്ട കെട്ടഴിപ്പിച്ച നൊക്കിയാൽ, അതിൽ ഈശ്വര കല്പിതം മനുഷ്യഭാഷയിൽ പ്രത്യക്ഷമായി എഴുതിയിരിക്കുന്നത കാണാമെന്നും, അതപ്രകാരം അനുഷ്ഠിച്ചാൽ അപരിമിതമായ അഭ്യുദയം രാജകുമാരന്ന സംഭവിക്കുമെന്നുമാണ സ്വാമി പറയുന്നത എന്ന ശിഷ്യർ വ്യാഖ്യാനിച്ചതിനെ വൈരാഗി ശിരകമ്പനം കൊണ്ട തീൎച്ചപ്പെടുത്തി, ആ ഓലയും കുറെ സിന്ദുവാരപ്പൊടിയും കൂടി ഒരു ഇലയിലാക്കി രാജകുമാരൻെറ കയ്യിൽ കൊടുത്തു. രാജകുമാരൻ അത ഭക്തിപൂൎവ്വം സ്വീകരിച്ച വൈരാഗിക്ക ചില സമ്മാനങ്ങൾ കൊടുത്ത, താമസിയാതെ മടങ്ങി വരുന്നത സന്തൊഷമാണെന്നും മറ്റും നല്ല വാക്കിനെ പറഞ്ഞ മാനിച്ച അയക്കുകയും ചെയ്തു.

---

## ൭-ാം അദ്ധ്യായം.

## ഗുരുസന്ദൎശനം.

കലിംഗ മഹാരാജാവ പുത്രനായ പ്രതാപചന്ദ്രന്ന വിവാഹം കഴിഞ്ഞതിന്നശെഷം, അധികം താമസിയാതെ, ഒരു ദിവസം അഘൊരനാഥനെ വരുത്തുവാൻ ആളെ അയച്ചു. തനിക്ക വാൎദ്ധക്യം ഹെതുവായിട്ട, ബുദ്ധിക്ക മന്ദതയും കാൎയ്യങ്ങളിൽ അലസതയും ഉള്ള വിവരം അദ്ദെഹത്തിന്നതന്നെ അറിവില്ലായ്കയല്ല. ബാലനായിരുന്ന പ്രതാപചന്ദ്രന്ന കുറെ കൂടി പ്രായമാവട്ടെ എന്ന വിചാരിച്ച അത്രെ, നാളും കഴിഞ്ഞു. ഇപ്പൊൾ, രാജകുമാരന്ന ഇരുപത്തഞ്ചു വയസ്സു പ്രായമായി, രാജ്യഭാരം വഹിക്കുവാൻ ശക്തനായി. വിവാഹവും കഴിഞ്ഞു. അതകൊണ്ട, പ്രതാപചന്ദ്രന്ന അഭിഷെകം കഴിച്ച, അഘൊരനാഥനെ പ്രധാന മന്ത്രിയാക്കി നിശ്ചയിച്ചു, അവരെ സകലവും ഭരമെല്പിച്ച, തനിക്ക രാജ്യം വിട്ട വിശ്വവിശ്രുതയായ മണികൎണ്ണികയിങ്കൽ പൊയി, ആ പുണ്യഭൂമിയിൽ ശെഷം ജീവകാലം കഴിച്ച, മരിക്കുമ്പൊൾ സാക്ഷാൽ ഈശ്വരങ്കൽനിന്ന, താരകബ്രഹ്മം ഉപദെശം വാങ്ങി സായൂജ്യം സമ്പാദിക്കെണമെന്ന വളരെക്കാലമായി താൻ വിചാരിച്ച പൊന്നിരുന്ന ആഗ്രഹം സാധിപ്പിക്കുവാൻ നല്ല തരം വന്നു എന്ന നിശ്ചയിച്ച

അഘോരനാഥൻ വന്ന ഉടനെ തന്റെ അഭിലാഷം ഒക്കെയും തുറന്നു പറഞ്ഞു. "ഞാൻ സംസാരസാഗരത്തിൽ നിമഗ്നനായി, ഇഹത്തിലെക്കും പരത്തിലെക്കും കൊള്ളാതെ, ഇങ്ങിനെ കഷ്ടമായി കാലക്ഷെപം ചെയ്തു വരുന്നതിനാൽ വളരെ വ്യസനമുണ്ട. വാൎദ്ധക്യം കൊണ്ട ബുദ്ധി മന്ദിച്ചിരിക്കകയാൽ എന്റെ പ്രവൃത്തികളെക്കൊണ്ട പ്രജകൾക്ക ക്ഷെമം വഴിപൊലെ ഉണ്ടാവില്ലെന്ന തന്നെയല്ല, മെലാൽ വിചാരിക്കാതെകണ്ടുള്ള സങ്കടങ്ങൾ നെരിടുവാനും, ദുഷ്ടന്മാൎക്ക ശിക്ഷിക്കപ്പെട്ടുമെന്നുള്ള ഭയം കൂടാതെ അധികമായ അന്യായങ്ങൾ പ്രവൃത്തിപ്പാനും മററും പല പല ദൊഷങ്ങൾക്കും ഇടയുണ്ടാവുന്നതാണ. അതുകൊണ്ട കഴിയുന്ന വെഗത്തിൽ നമ്മുടെ കുമാരന്റെ അഭിഷെകത്തിന്ന ഒരുക്കക്കൂട്ടുകവെണം".

അഘോരനാഥൻ മുഖപ്രസാദത്തൊടുകൂടി, "കല്പിക്കും പ്രകാരം ചെയ്യാ"മെന്ന പറഞ്ഞു. പിന്നെ അഭിഷെകത്തെക്കുറിച്ച രാജാവും മന്ത്രിയും കൂടി സംസാരിച്ചുകൊണ്ടിരിക്കെ രാജകുമാരൻ അവിടെക്കെത്തി. രാജാവ തന്റെ നിശ്ചയത്തെ പുത്രനെയും അറിയിച്ചു.

രാജകുമാരൻ:— ആശ്ചൎയ്യം! ഈശ്വരകല്പിതം ഇത്ര സൂക്ഷ്മമായി അറിയാമെല്ലൊ എന്ന പറഞ്ഞു.

രാജാവ:— എന്താ, ഈശ്വര കല്പിതം അറിഞ്ഞുത? എന്ന ചൊദിച്ചു.

രാജകുമാരൻ:— രണ്ട ദിവസം മുമ്പെ ഒരു വൈരാഗി ഇവിടെ വന്നിരുന്നു. ആയാൾ എന്റെ പക്കൽ ഒരു എഴുത്ത തന്നിട്ടുണ്ടായിരുന്നു. ആയാൾ പറഞ്ഞപ്രകാരം, ഇന്ന അത പൊളിച്ച നൊക്കിയപ്പൊൾ, അച്ഛൻ പറഞ്ഞ കാൎയ്യം തന്നെയാണ അതിലും കണ്ടത. അച്ഛനൊട ആ വിവരം ആരെങ്കിലും പറകയുണ്ടായൊ?

രാജാവ:— എന്നൊട ആരും പറഞ്ഞിട്ടില്ല. എനിക്ക വളരെ കാലമായുണ്ടായിരുന്ന മനൊരാജ്യം, താമസിയാതെ സഫലമാക്കണമെന്ന നിശ്ചയിച്ച ഞാൻ അഘൊരനാഥനെ വിളിച്ച പറഞ്ഞതാണ. എന്താണ ആ ഓലയിൽ കണ്ടത അത വായിക്കു.

രാജകുമാരൻ:— "താമസിയാതെ അഭിഷെകം കഴിച്ച ചിരകാലം കീൎത്തിമാനായി വാഴുക" എന്ന സംസ്കൃതത്തിൽ എഴുതിയിരുന്നത വായിച്ചു. അപ്പൊൾതന്നെ അഘൊരനാഥൻ ആ ഓല വാങ്ങി നൊക്കി.

രാജാവ:— ദൈവകല്പിതം ഇങ്ങിനെ അറിവാനിടവന്നത തന്നെ അത്ഭുതം. എന്റെ മനൊരഥവും അതിനൊട അനുകൂലിച്ചത അധികം അത്ഭുതം. ഏതെങ്കിലും ഇനി കാലവിളംബം ഒട്ടും അരുത.

അഘോരനാഥൻ. എന്തൊ ഒരു ശങ്ക തൊന്നിയതുപൊലെ ആ ഓലയിൽ എഴുതിയതു കുറെ നെരം സൂക്ഷിച്ചു നൊക്കി, ഇതു ഇപ്പൊൾ എന്റെ പക്കൽ ഇരിക്കട്ടെ എന്നു പറഞ്ഞു ഓലയും കൊണ്ടുപൊയി.

രാജാവു:— പ്രതാപചന്ദ്രനെ സമീപത്തിരുത്തി, തന്റെ മനൊരാജ്യങ്ങളെ ഒക്കെയും അറിയിച്ചശെഷം, രാജധൎമ്മത്തെയും, രാജ്യപരിപാലനത്തെയും മറ്റും കുറിച്ചു പല ഉപദെശവാക്കുകളെ പറഞ്ഞു കൊടുക്കുകയും ചെയ്തു.

അഘൊരനാഥൻ. രാജാവിന്റെ തിരുമുമ്പാകെ നിന്നു വിടവാങ്ങിപ്പൊന്ന ഉടനെ, ആ ഓല രാജകുമാരന്റെ പക്കൽ കൊടുത്ത സന്യാസിയെ എവിടുന്നെങ്കിലും കണ്ടുപിടിച്ചു കൊണ്ടുവരെണമെന്നു പറഞ്ഞു ഏല്പിച്ചു പല വഴിക്കും ആളുകളെ അയച്ചു ചന്ദനൊദ്യാനത്തിലെക്കു പൊയി. അവിടെ എത്തിയ ഉടനെ തന്റെ ആസ്ഥാന മുറിയിൽ ചെന്നു അഭിഷെകത്തിന്നു വെണ്ടുന്നവരെ ഒക്കെയും വരുത്തുവാൻ എഴുത്തുകൾ എഴുതുമ്പൊൾ, ഒരു ഭൃത്യൻ കടന്നു ചെന്നു.

അഘൊരനാഥൻ:— എന്തിന്നു വന്നു എന്നു ചൊദിക്കും ഭാവത്തിൽ അവന്റെ മുഖത്തെക്കു നൊക്കി.

ഭൃത്യൻ:— ഇന്നലെ രാത്രി സന്ധ്യ മയങ്ങിയ ഉടനെ, ശരീരവും മുഖവും മുഴുവനും മറച്ചു ഒരു മനുഷ്യൻ ഇവിടുത്തെ കാണെണമെന്നു പറഞ്ഞുകൊണ്ടു ഇവിടെ വന്നിരുന്നു. അടിയന്തരമായി ഒരു കാൎയ്യം കൊണ്ടു പറവാനാണെന്നും പറഞ്ഞു.

അഘൊരനാഥൻ:— എവിടുന്നാണ, എന്നും മറ്റും വിവരം ചൊദിച്ചുവൊ?

ഭൃത്യൻ:— അതു ഞങ്ങൾ ചൊദിക്കായ്കയല്ല. ഞങ്ങളൊട യാതൊന്നും പറഞ്ഞില്ല. ചൊദിച്ചതു മാത്രം ശെഷിച്ചു.

അഘൊരനാഥൻ:— ഇനി എപ്പൊൾ വരുമെന്നാണ പറഞ്ഞതു?

ഭൃത്യൻ:— അതും പറകയുണ്ടായില്ല. "ഞാൻ അദ്ദെഹത്തെ എവിടെവെച്ചെങ്കിലും കണ്ടുകൊള്ളാം" എന്നു മാത്രം പറഞ്ഞു പൊയി.

അഘൊരനാഥൻ:— "ഇനി വരുന്നതറിയട്ടെ" എന്നു പറഞ്ഞു ഭൃത്യനെ അയച്ചു, തന്റെ പണി നൊക്കി തുടങ്ങുകയും ചെയ്തു. അന്നു നാലഞ്ചു നാഴിക രാച്ചെന്നപ്പൊൾ ദൂരത്തുനിന്നു ഒരു കുതിരയെ ഓടിക്കുന്നതു കെട്ടു. ആ അസമയത്തു ഉദ്യാനത്തിലെക്കു വരുന്നതാരായിരിക്കുമെന്നു അഘൊരനാഥൻ ആലൊചിച്ചു കൊണ്ടിരിക്കെ ഒരു ഭൃത്യൻ ഓടിക്കൊണ്ടു വന്നു. "ഇന്നലെ വന്ന ആൾ തന്നെയാണെന്നു തൊന്നുന്നു

ഇതാ വന്നിരിക്കുന്നു. ഇന്നലത്തെപ്പൊലെ തന്നെയല്ലാ വെഷം. ഇന്ന വിശെഷിച്ച കുതിരയും ഉണ്ട," എന്ന പറഞ്ഞു.

അഘൊരനാഥൻ— "ആ ആളൊട എന്റെ മന്ത്രശാലയിലെക്ക വരുവാൻ പറക" എന്ന പറഞ്ഞ താൻ മന്ത്രശാലയിലെക്ക പൊവുകയും ചെയ്തു.

മന്ത്രശാലയിൽ ചെന്നിരുന്നപ്പൊഴെക്ക ആ മനുഷ്യനും എത്തി, അഘൊരനാഥനെ തന്റെ കൃത്രിമമുഖത്തെ നെത്രങ്ങളൂടെ സൂക്ഷിച്ചനൊക്കി ആൾ മാറീട്ടില്ലെന്ന നല്ലവണ്ണം തീൎച്ചയായ ശെഷം തന്റെ അടിക്കുപ്പായത്തിന്റെ ഉറയിൽ കയ്യിട്ട, അവിടെ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ടായിരുന്ന ഒരു തൊൽസഞ്ചി എടുത്ത കെട്ടഴിച്ച അതിൽനിന്ന ഒരു എഴുത്ത എടുത്ത ഒന്നും പറയാതെ അഘൊരനാഥന്റെ കയ്യിൽ കൊടുത്തു അഘൊരനാഥൻ ആയാളുടെ സ്വരൂപവും പ്രഛന്നവെഷവും മററും കണ്ടപ്പൊൾ കുറച്ച നെരം അന്ധനായിനിന്നു. എഴുത്ത കിട്ടി വായിച്ചപ്പൊൾ പരിഭ്രമം ഒക്കെയും തീൎന്ന സന്തൊഷം കൊണ്ടായിരിക്കാമെന്ന തൊന്നുന്നു കണ്ണുനീർ തന്നാലെ പൊടിഞ്ഞു. ആ എഴുത്ത ഒരിക്കൽക്കൂടി വായിച്ചു. കണ്ണുനീർ തുടച്ച പിന്നെയും വായിച്ചു. അതിന്റെ ശെഷം ആ എഴുത്ത കയ്യിൽനിന്ന വെക്കാതെ, ആ നിലയിൽതന്നെ നിന്ന ഒരു രണ്ടുമൂന്ന നാഴിക നെരം രഹസ്യമായി ആ മനുഷ്യനൊട സംസാരിച്ച ആയാളെ പുറത്തെക്ക കൊണ്ടുവന്ന, ഭക്ഷണവും മററും വെണ്ടതപൊലെ കഴിപ്പിക്കുവാൻ ഭൃത്യന്മാരെ ഏല്പിച്ച താൻ ആസ്ഥാനമുറിയിലെക്ക തന്നെ പൊവുകയും ചെയ്തു. അപ്പൊഴെക്ക രാജധാനിയിൽനിന്ന രണ്ട കിങ്കരന്മാർ എത്തി, അഘൊരനാഥന്റെ മുമ്പിൽ വന്ന വണങ്ങി, അതിൽ ഒരുവൻ പറഞ്ഞു. "ഞങ്ങൾ ആ സന്യാസിയെ തിരഞ്ഞ പല ദിക്കിലും പൊയി. കാണ്മാൻ കഴിഞ്ഞില്ല. ആയാളുടെ കൂടെയുണ്ടായിരുന്ന ഒരു ശിഷ്യനെ കണ്ടെത്തി. ആ ശിഷ്യനും, സന്യാസിയും, വെറെ ഒരു ശിഷ്യനുംകൂടി മിനഞ്ഞാന്ന രാത്രി ഒരുമിച്ച ഒരുവഴിയമ്പലത്തിൽ കിടന്നിരുന്നുവത്രെ. പുലച്ചെ എഴുനീററ നൊക്കിയപ്പൊൾ ആ സന്യാസിയെ കണ്ടില്ലെന്നും നാട വിട്ട പൊയി എന്ന തൊന്നുന്നു എന്നും ആ ശിഷ്യൻ പറഞ്ഞു. ഞങ്ങൾ ഇനി ഏത ദിക്കിൽ തിരയെണ്ടു എന്നറിയാതെ മടങ്ങി പൊന്നതാണ.

അഘൊരനാഥൻ— "നല്ലത, നിങ്ങൾ ഇനി അതിന്നായിട്ട യത്നിക്കെണ്ട. ആ വൈരാഗി ശിഷ്യരെവിട്ട പൊയത ഓക്കുമ്പൊൾ, ഞാൻവിചാരിച്ചിരുന്നപൊലെ വിശിഷ്ടനാണെന്ന തൊന്നുന്നില്ല. അതുകൊണ്ട

ഇനി ആയാളെ കാണെണമെന്നില്ല" എന്ന പറഞ്ഞ അവരെ മടക്കി അയച്ചു.

അതിന്നിടയിൽ ഭൃത്യന്മാര തമ്മിൽ മറെറാരെടത്ത വെച്ച ആ, വന്ന വികൃതരൂപനായിരിക്കാമെന്ന ആലൊചിച്ച തുടങ്ങി. അവരിൽ അധികം പഴമയുള്ള ഒരു ഭൃത്യൻ, തന്റെ വിവരണം കൊണ്ട മറെറവരുടെ ശങ്കാപരിഹാരംവരുത്തി. "ഇങ്ങിനെഅപൂൎവ്വം ചിലര ചിലപ്പൊൾ വരുമാറുണ്ട. പക്ഷെ, ഇത കെട്ടിമൂടികൊണ്ടും മുഖം കാണിക്കാതെയും മററുമല്ല. ഈ മാതിരിക്കാരെ ചാരന്മാരെന്നാണ പറയുക. ഓരൊ രാജ്യങ്ങളിൽ, ഓരൊ വെഷം ധരിച്ച, ഓരൊ പെരും പറഞ്ഞ, അവിടവിടെ കഴിയുന്ന വൎത്തമാനങ്ങൾ ഓരൊന്ന ഒററ നിന്നറിഞ്ഞ നമ്മുടെ യജമാനനെ സ്വകാൎയ്യമായി വന്നറിയിക്കുക, ഇതാണപൊലും ഈ കൂട്ടരുടെ പണി. മൊരം കള്ളന്മാരാണ" എന്ന പഴക്കമെറിയ ഭൃത്യൻ പറഞ്ഞു. മറെറാരു ഭൃത്യൻ. "അത ഒട്ടും ഇല്ലാത്തതല്ല. ഇവനും അമ്മാതിരിക്കാരൻ തന്നെയായിരിക്കണം. മററിങ്ങിനെ വരെണ്ട ആവശ്യം എന്ത? ആ വിദ്വാന്റെ കുപ്പായവും കാലൊറയും, കെട്ടും, പൂട്ടും എല്ലാമ്പാടെ കണ്ടപ്പൊൾ ഇതാരടാ! എന്ന വിചാരിച്ചുവെല്ലൊ ഞാൻ. അതല്ലെടൊ! ഇവിടെക്കഴിയുന്ന വൎത്തമാനം എല്ലാം മറെറങ്ങാനും പൊയി പറഞ്ഞാലൊ അത നൊക്ക ദൊഷമല്ലെ?"

മൂന്നാമത ഒരു ഭൃത്യൻ. "അങ്ങിനെ ഏതാനും ചെയ്താൽ നമ്മുടെ യജമാനൻ ഇവനെ വെച്ചെക്കുമൊ?" രണ്ടാമത പറഞ്ഞ ഭൃത്യൻ. "ഈ കൂട്ടരെ എങ്ങിനെ വിശ്വസിക്കും. അങ്ങിനെ വല്ലതും ചെയ്താൽ തന്നെ ഇവരെ പിടിക്കാൻ കിട്ടാനൊ? പതിനെട്ട അടവും പമ്പരം പാച്ചിലും പഠിച്ചവരല്ലെ ഇവര?"

ഇങ്ങിനെ പറഞ്ഞ, യജമാനന്റെ കല്പനപ്രകാരം, അവർ പുതുതായിവന്ന ആ മനുഷ്യന്ന വെണ്ടത ഒക്കെയും കൊടുത്ത സൌഖ്യമായി ഭക്ഷണം കഴിപ്പിച്ചു. ഉണ്മാൻ ഇരിക്കുമ്പൊൾ ആയാളുടെ മുഖം നൊക്കുവാൻ അവർ ശ്രമിച്ചു. ഇരുട്ടത്തിരുന്നാണ ഉണ്ണുന്നത എന്ന പറയുകയാൽ അതിന്ന തരമുണ്ടായില. രാത്രി കിടക്കുമ്പൊഴും ഒരു അകത്ത വാതിൽ അടച്ച തഴുതിട്ടിട്ടാണകിടന്നത. ആയതകൊണ്ടമുഖം കാണ്മാൻ അപ്പൊഴും തരമായില്ല. ഏകദെശം അഞ്ച നാഴിക പുലരാനുള്ളപ്പൊൾ, അശ്വാരനാഥൻ തന്നെ എഴുനീററ വിളക്ക കളത്തി, ആ മനുഷ്യനെ വിളിച്ച ആയാളുടെ വക്കൽ ഒരു എഴുത്ത കൊടുത്തു. അത അപ്പൊൾ തന്നെ കുപ്പായത്തിൽ സൂക്ഷിച്ചവെച്ച, തന്റെ കുതിരപ്പുറത്ത കയറി ഒട്ടും താമസിയാതെ യാത്ര പറഞ്ഞ പൊകയും ചെയ്തു.

## ൯–ാം അദ്ധ്യായം.

## അഭിഷേകം·

അഭിഷെകത്തിന്ന നിശ്ചയിച്ച ദിവസം വന്നപ്പൊഴെക്ക, ഉപാദ്ധ്യായന്മാർ, കൎമ്മികൾ, പുരൊഹിതന്മാർ, അഗ്നിഹൊത്രികൾ, സൊമയാജികൾ, മുതലായ മഹാബ്രാഹ്മണരും അനവധി ജനങ്ങളും എത്തികൂടി. മുഹൂൎത്ത സമയത്ത പ്രതാപചന്ദ്രനെയും വാമഭാഗത്ത സ്വൎണ്ണമയിദെവിയെയും സിംഹാസനങ്ങളിന്മെൽ ഇരുത്തി, വളരെ മന്ത്രങ്ങളെക്കൊണ്ട പരിശുദ്ധമായ ജലത്തെ അവരുടെ തലയിൽ അഭിഷെകം ചെയ്കയും, പുരൊഹിതൻ അവരുടെ പരദെവതയെക്കുറിച്ച ചില മന്ത്രങ്ങൾ അവൎക്ക ഉപദെശിക്കുകയും, കിരീടം തലയിൽ വെക്കുകയും, ചിത്രരഥമഹാരാജാവ രാജ്യഭരണചിഹ്നമായ വാൾ പുത്രന്റെ വക്കൽ ഏല്പിച്ച കൊടുക്കുകയും മറ്റും ക്രിയകൾ വഴിപൊലെ കഴിഞ്ഞു. അന്ന വൈകുന്നേരം തന്നെ യുവരാജാവും രാജ്ഞിയുംകൂടി നഗര പ്രവെശം ചെയ്തു. കലിംഗരാജാവിന്റെ പ്രധാനനഗരത്തിൽ രാജവീഥി എന്ന പെരായി വളരെ വിസ്തീൎണ്ണമായ ഒരു വീഥിയുണ്ട. രാജധാനിയുടെ വടക്കെ ഗൊപുരത്തൂടെ പുറത്തെക്ക കടന്നാൽ ആ വീഥിയിലെക്കാണ ചെല്ലുക. ആ വീഥി, ഏകദെശം ഒരു കുലച്ച വില്ലിന്റെ ആകൃതിയിൽ രാജധാനിയുടെ തെക്കെ ഗൊപുരത്തിലൊളമുണ്ട. നഗരവാസികൾ ആ വീഥിയെ അതിമനൊഹരമായി അലങ്കരിച്ച, ദീപങ്ങളെകൊണ്ട പ്രകാശിപ്പിച്ചിരിക്കുന്നു. ഭവനങ്ങളുടെ മുൻഭാഗം കുലവാഴകളെ കൊണ്ടും, ഈന്തിൻ പട്ടകളെക്കൊണ്ടും കുരുത്തൊലകളെക്കൊണ്ടും ചൊപ്പുശിലകളെക്കൊണ്ടും വളരെ കൌതുകമാകുംവണ്ണം അലങ്കരിച്ചിരുന്നതിന്ന പുറമെ, വീഥിയിൽ വെലങ്ങനെ വളരെ തൊരണങ്ങൾ തൂക്കുകയും ഇടക്കിടക്ക "യുവരാജാവും രാജ്ഞിയും ജയിക്കട്ടെ," "പ്രതാപചന്ദ്രനെയും സ്വൎണ്ണമയീദെവിയെയും ദൈവം കടാക്ഷിക്കട്ടെ," "യുവരാജാവും രാജ്ഞിയും ദീൎഘായുസ്സായിരിക്കട്ടെ" എന്നീവിധം ആശീൎവ്വാദങ്ങൾ, വലിയ അക്ഷരങ്ങളായി വെള്ള ശീലകളിൽ കസവ കൊണ്ട തുന്നിപ്പിടിപ്പിച്ച, എല്ലാവൎക്കും കാണത്തക്ക വിധത്തിൽ സൌധാഗ്രങ്ങളിലും സ്തംഭങ്ങളിന്മെലും പതിച്ചിട്ടുമുണ്ടായിരുന്നു. അസ്തമാനശെഷം ഉത്തരഗൊപുരത്തൂടെ എഴുന്നരുളത്ത പുറപ്പെട്ടു. ആ മഹൊത്സവം കാണ്മാൻ വിശെഷ വസ്ത്രങ്ങളും കുറികളും മറ്റും ധരിച്ച വന്നിരുന്ന അനവധിജനങ്ങൾ എല്ലാററിലും മുമ്പിൽ തിക്കിതിരക്കി നടക്കുന്നു.

അതിന്റെ വഴിയെ, തിരക്കൊഴിപ്പിപ്പാനായി അശ്വാരൂഢന്മാരായ ഭടന്മാർ പലരും അങ്ങുമിങ്ങും നടന്ന എഴുന്നരുളത്ത പൊവാൻ വഴിയുണ്ടാക്കുന്നു. അവരുടെ പിമ്പിൽ പല വിധ വാദ്യക്കാരെയും നാലഞ്ചുവരിയായി വിലങ്ങനെ നിൎത്തീട്ടുണ്ടു. വാദ്യക്കാരുടെ പിന്നാലെ പൊന്നണിഞ്ഞ നൂറകൊമ്പനാനകളെ രണ്ടു വരിയായി വിലങ്ങനെ നിൎത്തീട്ടുള്ളവയുടെ പുറത്തു വെൺകൊററക്കുടകൾ, വെഞ്ചാമരങ്ങൾ, ആലവട്ടങ്ങൾ എന്നീ രാജചിഹ്നങ്ങളെ ഉയൎത്തിപ്പിടിച്ചിട്ടുണ്ടു. അവയുടെ പിമ്പിൽ പല അത്ഭുതമായ അടവുകളും വിരുതുകളും കാണിച്ചുകൊണ്ടു ഒരു കൂട്ടം മല്ലന്മാർ നില്ക്കുന്നുണ്ടു. വഴിയെ, കടയും തലയും സ്വൎണ്ണംകൊണ്ടു കെട്ടിച്ച രാജചിഹ്നങ്ങളായ വടികളെ പിടിച്ചുകൊണ്ടു വലിയ വെള്ളത്തലെക്കെട്ടുള്ള അയിമ്പതു ഹരിക്കാരന്മാർ നില്ക്കുന്നുണ്ടു. അവരുടെ വഴിയെ ഞെറിഞ്ഞുടുത്ത വിശെഷമായ ആഭരണാലെപാദികളെ ധരിച്ച ഏഴു സ്ത്രീകൾ മുമ്പിൽ തളിക്കുവാൻ വെള്ളിക്കിണ്ണങ്ങളിൽ വെള്ളം എടുത്തുകൊണ്ടു നില്ക്കുന്നു. അവരുടെയും പിന്നിലാണ യുവരാജാവും രാജ്ഞിയും കയററിയ പല്ലക്കു. മണിമയമായ ആ പല്ലക്കു പൂമാലകളെക്കൊണ്ടു അതിവിശെഷമാകുംവണ്ണം അലങ്കരിച്ചിരുന്നു. പല്ലക്കിന്റെ വഴിയെ പ്രഭുക്കന്മാർ സചിവന്മാർ സെനാ നായകന്മാർ, സൂതിപാഠകന്മാർ മുതലായവരും, മററും അനവധി പുരുഷാരവും കൂട്ടമായി നില്ക്കുന്നു. മെൽ പറഞ്ഞവയുടെ എല്ലാററിന്റെയും ഇരുഭാഗത്തും വെലികെട്ടിയ പൊലെ ആയുധപാണികളായ ഭടന്മാരെ അണിയായി നിൎത്തിയിരിക്കുന്നു. പല ദിക്കുകളിലും ദീപട്ടികളും ഇടയിൽ മത്താപ്പുകളും ഉണ്ടായിരുന്നതിനാൽ ആ പ്രദെശത്തു ഇരുട്ടു ലെശം പൊലും ഇല്ലെന്നതന്നെയല്ലാ, ജനങ്ങളുടെ മുഖത്തിന്നു പ്രസന്നതയും, എല്ലാ വസ്തുക്കളുടെയും രമ്യതയും സ്വതെയുള്ളതിൽ തുലൊം അധികമായി തൊന്നി. പല്ലക്കിന്റെ ഇരുഭാഗത്തും അല്പം അകലെ മത്താപ്പുകൾ ഇടവിടാതെ കത്തിക്കുകയാൽ, നഗരവാസികൾക്കും മററു കാണികൾക്കും, യുവരാജാവിന്റെയും രാജ്ഞിയുടെയും, ആഹ്ലാദകരങ്ങളായ മുഖയുഗളങ്ങൾ ഒന്നിച്ചുദിച്ചിരിക്കുന്ന രണ്ടു ചന്ദ്രബിംബങ്ങളെപ്പൊലെ വൎദ്ധിച്ച കാന്തിയൊടും കൂടി കാണുമാറായി. ഇങ്ങിനെ ആഘൊഷത്തൊടു കൂടിയ ആ എഴുന്നരുളത്ത സാവധാനത്തിൽ നടന്ന ഓരൊ ഗൃഹങ്ങളുടെ മുമ്പാകെ എത്തുമ്പൊൾ പ്രജകൾ താംബൂലമാല്യാദികൾ തട്ടുകളിലാക്കി ഉപചാരം ചെയ്യുന്നതിനെ പ്രീതിപൂൎവ്വം യുവരാജാവ സ്വീകരിക്കുകയും പ്രധാനികളായ പ്രജകളൊടൊക്കെയും പ്രീതിസൂചകമായി തല കുമ്പിടുകയും, അപൂൎവ്വം

ചിലരൊട ഒന്ന രണ്ട വാക്ക സംസാരിക്കുകയും ചെയ്തു, പത്തുനാഴിക രാച്ചെല്ലുന്നതിന്ന മുമ്പായി തെക്കെ ഗൊപുരത്തുടെ രാജധാനിയിലെക്ക മടങ്ങി എത്തുകയും ചെയ്തു.

അഭിഷെകം കഴിഞ്ഞതിന്റെ അടുത്തനാൾ തന്നെ അഘൊരനാഥന്ന പ്രധാന മന്ത്രിയുടെ പട്ടം പ്രസിദ്ധമായി രാജസഭയിൽ വെച്ച കൊടുത്തു. അദ്ദെഹത്തിന്ന ഇതുകൊണ്ട സ്ഥാനമാനങ്ങൾ അധികമായി എന്നല്ലാതെ പ്രവൃത്തിക്ക യാതൊരു വ്യത്യാസവും ഉണ്ടായില്ല. കപിലനാഥനൊട വലിയരാജാവ കൊപിച്ചതിൽ പിന്നെ പ്രധാനമന്ത്രിയുടെ ഉദ്യൊഗം നടത്തിവന്നിരുന്നത അഘൊരനാഥൻ തന്നെയായിരുന്നു. പക്ഷെ അതിന്ന മുമ്പിൽ ഭണ്ഡാരാധിപന്റെ സ്ഥാനമുണ്ടായിരുന്നതിനാലും പ്രധാനമന്ത്രിയുടെ സ്ഥാനം കൊടുക്കായ്കയാലും, അഘൊരനാഥനെ ഭണ്ഡാരാധിപൻ എന്ന തന്നെയാണ എല്ലാവരും പറഞ്ഞു വന്നിരുന്നത. തന്റെ പ്രാപ്തിക്ക തകുന്നതും പണ്ട തന്നെ തനിക്ക കിട്ടുവാൻ അവകാശമുള്ളതും ആയ ആ മുഖ്യമായ സ്ഥാനം ലഭിച്ചതിനാൽ അഘൊരനാഥന്ന സന്തൊഷമുണ്ടായി. കുറെ കാലമായി പ്രതിബന്ധപ്പെട്ട ക്ലിഷ്ടമാൎഗ്ഗങ്ങളിൽ പ്രവെശിച്ചിരുന്ന ബഹുമാനമാകുന്ന നദി, ഇപ്പൊഴെങ്കിലും വെണ്ടുന്നെടത്തെക്ക പ്രവഹിച്ചുവെല്ലൊ എന്ന ഓൎത്ത പ്രജകൾക്ക അധികം സന്തൊഷമുണ്ടായി. എന്നാൽ അഘൊരനാഥന്റെ സന്തൊഷം, തന്റെ ജെഷ്ഠൻ വളരെക്കാലം നടത്തെണ്ടതായിരുന്ന ആ ഉദ്യൊഗം എന്ന മനസ്സിൽ തൊന്നുമ്പൊഴുണ്ടാകുന്ന ദുഃഖത്തൊട സമ്മിശ്രിതമായിരുന്നതിനാൽ പൂൎണ്ണമായി എന്ന പറഞ്ഞുകൂടാ. ജെഷ്ഠന്റെ മെൽ വലിയ രാജാവിന്ന നിരസമുണ്ടാവാനുള്ള സംഗതികളും ജ്യെഷ്ഠന്റെ ഗ്രഹപ്പിഴയും വിചാരിച്ച, വളരെക്കാലത്തെക്ക അഘൊരനാഥൻ ഒരു മൌനവ്രതക്കാരനെപ്പൊലെ ആരൊടും മിഥാലാപവും, മനസ്സിന്ന ഒരു ഉന്മെഷവും കൂടാതെ, സ്വതെയുള്ള തന്റെ പ്രസന്നതയും, ഉത്സാഹവും മങ്ങി, ഒരു അരസികനെപ്പൊലെയാണ കഴിഞ്ഞു വന്നിരുന്നത. മുമ്പെത്തെ അദ്ധ്യായത്തിൽ വിവരിച്ച ഗൂഢസന്ദൎശനം കഴിഞ്ഞതിൽ പിന്നെ ആ അവസ്ഥക്ക വളരെ ഭെദം വന്നു. ഇപ്പൊൾ പ്രധാന മന്ത്രിയുടെ സ്ഥാനം ലഭിക്കയാൽ മനസ്സ ഏകദെശം പൂൎവ്വസ്ഥിതിയിൽ തന്നെയായി. വൈമനസ്യം കെവലം അസ്തമിച്ചു. സ്വഭാവം തെളിഞ്ഞ അധികം പ്രീതികരമായി തീരുകയും ചെയ്തു.

അഘൊരനാഥന്ന പ്രധാന മന്ത്രിയുടെ പട്ടം കൊടുത്തുകഴിഞ്ഞശെഷം കിഴക്കടെ കഴിഞ്ഞുവന്നിട്ടുള്ള സമ്പ്രദായപ്രകാരം, യുവരാജാവ

സിംഹാസനാരൂഢനായി പത്നീസമേതനായി, ആസ്ഥാനമണ്ഡപത്തിൽ ഇരുന്ന കലിംഗരാജാവിന്ന കപ്പം കൊടുക്കുന്നവരായ ഉപരാജാക്കന്മാരൊടും നാട്ടുപ്രഭുക്കന്മാരൊടും മറ്റും തിരുമുൽകാഴ്ചകൾ സ്വീകരിച്ചു, അവരൊട രണ്ടുനാല വാക്ക സംസാരിച്ചു, താരതമ്യംപൊലെ ചില സമ്മാനങ്ങൾ കൊടുത്തയക്കുകയും ഉണ്ടായി. അങ്ങിനെ തിരുമുൽകാഴ്ചക്ക വന്നിരുന്നവരിൽ ഒരാളെക്കുറിച്ച പ്രത്യെകിച്ച പറയെണ്ടിയിരിക്കുന്നു. ആയാൾ വെടക്കരച്ചനാണ. വെടർ കലിംഗ രാജ്യത്തിന്ന സമീപമുള്ള വനപ്രദെശങ്ങളിൽ വസിച്ചു, വെട്ടകൊണ്ടും കായ്കനികളെക്കൊണ്ടും ഉപജീവനം കഴിച്ചു വരുന്ന ഒരുതാണ ജാതിക്കാരാണ. അസ്ത്രപ്രയൊഗത്തിൽ അവൎക്ക അസാമാന്യമായ നൈപുണ്യം ഉണ്ട. ഹ്രസ്വഗാത്രന്മാരാണെങ്കിലും എപ്പൊഴും വെട്ടയാടുകയാലും മറ്റും കൃശൊദരന്മാരും വാനരജാതികൾക്കുള്ളതിൽ കുറയാതെ അംഗലാഘവം ഉള്ളവരുമാണ. അവരിൽ ചിലൎക്ക കാട്ടാനയെ വെട്ടയാടി കൊല്ലുവാൻ പ്രത്യെകസാമൎത്ഥ്യം ഉണ്ട. അത എങ്ങിനെ എന്ന മുമ്പെ ഒരെടത്ത പ്രസ്താവിച്ചിട്ടുണ്ടല്ലൊ. വെടക്കരച്ചനും, ഭാൎയ്യയും, മക്കളും, ഒരുആനപ്പുറത്ത അമ്പാരിയിലാണവന്നിരുന്നത. തിരുമുൽകാഴ്ചക്ക കാട്ടിൽനിന്നകിട്ടുന്ന പല ദുൎല്ലഭങ്ങളായ സാധനങ്ങളും കൊണ്ടുവന്നിരുന്നു. സ്വൎണ്ണമയി വെടക്കരച്ചനെയും വെടരെയും, അടുത്തകാണെണമെന്ന ആവശ്യപ്പെട്ടു. യുവരാജാവ സ്വൎണ്ണമയിയുടെ കയ്യും പിടിച്ചു ആസ്ഥാനമണ്ഡപത്തിൽനിന്ന പുറത്തെക്ക ഇറങ്ങി അവിടെ ഒരൊഴിഞ്ഞ സ്ഥലത്ത രണ്ടാളുകളും ചെന്നിരുന്നു. വെടക്കരച്ചനെ സമീപം വരുത്തുവാൻ കല്പിച്ചു. അരച്ചൻ വന്ന വളരെ സന്തൊഷത്തൊട്ടുകൂടി യുവരാജാവിന്റെയും രാജ്ഞിയുടെയും മുമ്പാകെ സാഷ്ടാംഗം നമസ്കരിച്ചു. യുവരാജാവ അവനെ ഉടനെ എഴുനില്പിച്ചു അടുക്കെ ഉണ്ടായിരുന്ന ഒരു ആസനത്തിന്മെൽ ഇരിക്കാമെന്ന കാണിച്ചു. അരച്ചൻ "അടിയങ്ങൾ തിരുമുമ്പാകെ ഇരിക്കുകപതിവില്ലെ"ന്ന പറഞ്ഞു അപ്പൊഴെക്ക ആളുകൾ ചുറ്റും വന്നുകൂടി അരച്ചനെ കെശാദി പാദം നൊക്കിത്തുടങ്ങി. അരച്ചന്റെ ശരീരം നീലച്ചെമ്പിന്റെ നിറമാണ. കുറെ എകരം കുറയുമെങ്കിലും യൊഗ്യത നല്ലവണ്ണം ഉണ്ട. വസ്ത്രം അരയിൽ ചിററീട്ടുള്ളത ഒന്നമാത്രമെ ഉള്ളു. ഓരൊ കുരുക്കൾകൊണ്ടും മൃഗങ്ങളുടെ കൊമ്പുകൾകൊണ്ടും മററുമുണ്ടാക്കിയ ആഭരണങ്ങൾ വളരെ അണിഞ്ഞിട്ടുണ്ട. വളരെ വിസ്തൃതമായ മാറിടം, ചുരുങ്ങിയ വയറ, ഹ്രസ്വങ്ങളാണെങ്കിലും, മാംസളങ്ങളായി വ്യായാമ കഠിനങ്ങളായ കരചരണങ്ങൾ, ഇതുകൾക്ക പുറമെ, വട്ടമൊത്ത ഒരുമുഖവും, അല്പം ചെമ്പിച്ച താടിയും മീശയും, ചെറിയതാണെങ്കിലും വളരെ തീക്ഷ്ണങ്ങളായ

ലൊചനയുഗളവും, അല്പം വളഞ്ഞ മൂക്കും, ആകുന്നു ആ സ്വരൂപത്തിന്റെ പ്രധാനഭാഗങ്ങൾ. അരചന്റെ ആ സ്വരൂപവും കലുഷമില്ലാത്ത ഒരു നിലയും കണ്ടാൽ നീചനാണെങ്കിലും വളരെ ആൎജ്ജവവും തനിക്ക താൻ പൊരിയും ഉള്ളാളാണെന്ന തൊന്നും. രാജാവും രാജ്ഞിയും അരചനെ നല്ലവണ്ണം നൊക്കി വിസ്മയം പൂണ്ടു. രാജ്ഞി "ഇവരുടെ സ്ത്രീകളും ചിലര വന്നിട്ടുണ്ടെന്ന തൊന്നുന്നു. ആ നില്ക്കുന്നവർ ആരാണെ"ന്ന യുവരാജാവിനൊടായിട്ട ചൊദിച്ചു.

അരചൻ:—അതകെട്ട "എന്റെ പൊന്നുതമ്പുരാട്ടി, അത എന്റെകെട്ടിയവളും കുട്ടികളുമാണെ"ന്ന പറഞ്ഞു.

രാജ്ഞി:—"അവരെ ഇങ്ങൊട്ട വരുത്തുവാൻ ആളെ അയക്കു" എന്ന യുവരാജാവിനൊട ആവശ്യപ്പെട്ടു.

യുവരാജാവ:—ദെവിക്ക തന്നെ ആളെ അയക്കരുതെ? ഈ കാണുന്ന അനവധി ജനങ്ങളും, ഞാൻതന്നെയും ദെവിയുടെ ഹിതത്തെ ചെയ്യാൻ തെയ്യാറായിട്ടുള്ളവരാണെന്ന അറിവില്ലെ?

രാജ്ഞി:—ഭൎത്താവിന്റെ ചാടുവാക്യത്തെ കെട്ട അടുത്തു നിന്നിരുന്ന ഒരു സചിവനെ വിളിച്ച കുറെ സങ്കൊചത്തൊടു കൂടി തന്റെ ആവശ്യം പറഞ്ഞു. അപ്പൊഴെക്ക ആ സചിവൻ വെഗത്തിൽ പൊയി അവരെക്കൂട്ടി കൊണ്ടുവന്നു. രാജ്ഞി വളരെ കൌതുകത്തൊടു കൂടി അവരെ കുറെനെരം നൊക്കിയശെഷം, എഴുനീററ അനുജ്ഞക്ക അപെക്ഷിക്കും പൊലെ ഭൎത്താവിന്റെ മുഖത്തെക്ക ഒന്ന നൊക്കി, അരചന്റെ പത്നിയുടെ അടുക്കൽ ചെന്ന അവളൊട കുശലപ്രശ്നം ചെയ്തു സംസാരിച്ചുതുടങ്ങി. പിന്നെ കുട്ടികളുടെ കറുത്ത കുഞ്ഞിക്കയ്യുകൾ പിടിച്ച, അവരുടെ ആഭരണങ്ങളെയും മററും സൂക്ഷിച്ച നൊക്കി. കാണികളായ മഹാജനങ്ങൾ, അതകണ്ടപ്പൊൾ രാജ്ഞിയുടെ ഔദാൎയ്യത്തെയും, നന്മയെയും, ദയയെയും കുറിച്ച വളരെ പ്രശംസിച്ചു. അരചന്റെ അപ്പൊഴത്തെ സന്തൊഷം പറഞ്ഞാൽ തീരുന്നതല്ല. രാജ്ഞി അരചന്റെ പത്നിയൊടും കുട്ടികളൊടും സംസാരിച്ചുകൊണ്ടിരിക്കെ അരചൻ തിരുമുൽക്കാഴ്ചക്കുള്ള ദ്രവ്യങ്ങൾ എടുത്ത കൊണ്ടുവരുവാൻ കല്പിച്ചു. അപ്പൊഴെക്ക, വെടർ പലരുംകൂടി സാമാനങ്ങൾ ഓരൊന്നായി താങ്ങി പിടിച്ച എടുത്ത കൊണ്ടുവന്ന തുടങ്ങി. ഒന്നാമതായിട്ട വലിയ രണ്ട ആനക്കൊമ്പുകൾ യുവരാജാവിന്റെ തിരുമുമ്പാകെ വെച്ചു. അരചൻ "ഉണ്ണിത്തമ്പുരാനൊടണഞ്ഞ കൊമ്പന്റെയാണിത," എന്ന പറഞ്ഞു, യുവരാജാവ ആ വിവരം രാജ്ഞിയെ അറിയിച്ചു. രാജ്ഞി "ജ്യെഷ്ഠനെ രക്ഷിച്ച വെടൻ ഈ കൂട്ടത്തിൽ ഉണ്ടൊ?" എന്ന ചൊദിച്ചു.

അരചൻ ഉടനെ അവനെ വരുത്തി മുമ്പിൽ നിൎത്തി. രാജ്ഞി കണ്ണിൽ വെള്ളം നിറച്ചുകൊണ്ട തന്റെ വിരലിന്മേൽ ഉണ്ടായിരുന്ന അനൎഘ്യമായ ഒരു വൈര മൊതിരം ഊരി അപ്പൊൾതന്നെ അവന്ന സമ്മാനിച്ചു. അപ്പൊൾ അത കണ്ട നില്ക്കുന്ന മററ വെടർ ഒക്കെയും സന്തൊഷംകൊണ്ട ആൎത്ത വിളിച്ചു. രാജാവും അവന്ന നല്ല ഒരു സമ്മാനം കൊടുത്തു. രാജ്ഞി പിന്നെയും അരചന്റെ ഭാൎയ്യയൊട സംസാരിപ്പാൻ തുടങ്ങി. യുവരാജാവ കാഴ്ച ദ്രവ്യങ്ങൾ ഒക്കെയും ഒന്ന നൊക്കി താൻ സ്വീകരിച്ചതിന്ന അടയാളമായി കൈകൊണ്ടൊന്ന തൊട്ടു. പിന്നെ അരചന്നും വെടൎക്കും സമ്മാനം കൊടുക്കുവാൻ തുടങ്ങി. സമ്മാനം കൊടുത്ത കഴിഞ്ഞു അവർ വിടവാങ്ങാറായപ്പൊൾ രാജ്ഞി തന്റെ കഴുത്തിൽ കിടന്നിരുന്ന ഒരു വിലയെറിയ മുത്തുമാല എടുത്ത അരചന്റെ പത്നിക്ക സമ്മാനിച്ചു. കുട്ടികൾക്കൊക്കെയും തരംപൊലെ ചില സമ്മാനങ്ങളും കൊടുത്തു. എല്ലാവരും തമ്മിൽ പിരിയാറായപ്പൊൾ രാജ്ഞി തന്റെ ഭൎത്താവിനൊട സ്വകാൎയ്യമായി "അരചന്റെ ഭാൎയ്യയുടെ കഴുത്തിൽ കിടക്കുന്ന ആ മാലപൊലെ ഒരു മാല എനിക്ക ഉണ്ടാക്കിച്ചയപ്പാൻ അരചനൊടപെക്ഷിക്കെണ"മെന്ന പറഞ്ഞു. രാജ്ഞിക്ക അത്ര കൌതുകം തൊന്നിച്ച ആ മാല ഏതൊ ഒരു മരത്തിന്റെ കുരു തുളച്ച ചരട്ടിന്മെൽ കൊൎത്തുണ്ടാക്കിയതാണ. കുരുവിന്റെ മിനുപ്പും ശ്യാമളിമാവും കണ്ടാൽ കൌതുകം തൊന്നാതിരിക്കില്ലതാനും. യുവരാജാവ ആ മാല നൊക്കി, പൊട്ടിച്ചിരിച്ച അടുത്ത നിന്നിരുന്ന അരചനൊട "എന്റെ രാജ്ഞിക്ക അസാദ്ധ്യമായ ഒന്നിൽ ആശ കടന്നുകൂടിയിരിക്കുന്നു. അത സാധിപ്പിക്കാമൊ" എന്ന ചൊദിച്ചു.

അരചൻ:— "അടിയങ്ങളാലാവതാണെങ്കിൽ മാനത്ത നില്ക്കുന്ന അമ്പിളിയെ പിടിപ്പാനും കൂടി അടിയങ്ങൾ തെയ്യാറാണെ തമ്പുരാട്ടി" എന്ന പറഞ്ഞ രാജ്ഞിയെ നൊക്കി കുമ്പിട്ടു.

യുവരാജാവ:— ഇതിന്ന അത്ര വളരെ പ്രയാസമില്ല. രാജ്ഞിക്ക കഴുത്തിലെക്കാഭരണങ്ങൾ തരത്തിൽ ഒന്നും ഇല്ലാത്തതിനാൽ അരചന്റെ കെട്ടിയവളുടെ കഴുത്തിൽ കിടക്കുന്ന മാല പൊലെ ഒരു മാല താമസിയാതെ ഉണ്ടാക്കിച്ചയച്ചാൽ നന്ന" എന്ന പറഞ്ഞു. രാജാവ ഇങ്ങിനെ നെരമ്പൊക്കായി പറഞ്ഞപ്പൊൾ രാജ്ഞി കുറച്ച നാണം പൂണ്ട തല താഴ്ത്തി, രാജാവിനെ ശ്രദ്ധമാകുംവണ്ണം കടാക്ഷിച്ചു.

അപ്പൊഴെക്ക അരചന്റെ ഭാൎയ്യ രാജ്ഞിയുടെ ആവശ്യം മനസ്സിലാക്കി വെഗത്തിൽ ആ മാല തന്നെ തന്റെ കഴുത്തിൽനിന്ന എടുത്ത രാജ്ഞിയുടെ അടുക്കൽ കൊടുക്കുവാൻ കൊണ്ടുചെന്നു.

രാജ്ഞി:— "ഇത ഞാൻ വാങ്ങുന്നില്ല, താമസിയാതെ ഉണ്ടാക്കിച്ച അയച്ചാൽ മതി" എന്ന പറഞ്ഞു.

രാജ്ഞി തന്നൊട ആ മാല സ്വീകരിക്കായ്കയാൽ സൌഖ്യക്കെടകൊണ്ട അരചന്റെ ഭാൎയ്യക്ക കണ്ണിൽ വെള്ളം നിറഞ്ഞു. രാജ്ഞി അത കണ്ടപ്പൊൾ മനസ്സലിഞ്ഞ രാജാവിന്റെ സമ്മതം കിട്ടുവാനായിട്ട മുഖത്തെക്ക ഒന്ന നൊക്കി. രാജാവ "ഒട്ടും തരക്കെടില്ല അത തന്നെ വാങ്ങിക്കൊള്ളു" എന്ന പറഞ്ഞപ്പൊൾ രാജ്ഞി സന്തൊഷത്തൊടുകൂടി കൈകാണിച്ചു. അരചന്റെ ഭാൎയ്യ ഒട്ടും മടിക്കാതെ അത രാജ്ഞിയുടെ കഴുത്തിൽ തന്നെ ഇടീച്ചു. അപ്പൊൾ കണ്ടുനിൽക്കുന്നവരൊക്കെയും കൊണ്ടാടിച്ചിരിച്ചു. അരചൻ തന്റെ കഴുത്തിൽ ഉണ്ടായിരുന്ന ഒരു മാല രാജാവിന്ന സമ്മാനിക്കുവാൻ സമ്മതം ചൊദിച്ചു. "ദെവീ എനിക്കും ഒരു മാല കിട്ടി എന്ന പറഞ്ഞ യുവരാജാവ ആ മാല തന്റെ കഴുത്തിൽ ചാൎത്തുവാൻ തന്നെ സമ്മതിച്ചു. അപ്പൊൾ കണ്ടുനിൽക്കുന്നവരെല്ലാവരും രാജ്ഞിയുടെയും യുവരാജാവിന്റെയും, ബുദ്ധിവൈശിഷ്ട്യത്തെയും താഴ്മയെയും കണ്ട ആനന്ദ നിമഗ്നന്മാരായി, "ഇവർ വളരെക്കാലം വാഴുമാറാകണെ ഈശ്വര!" എന്ന പ്രാൎത്ഥിച്ചു.

അരചൻ:— തമ്പുരാനും, തമ്പുരാട്ടിയും ഇന്ന അടിയങ്ങളൊട കാണിച്ച തിരുമനസ്സിന്ന, അടിയങ്ങൾ പകരമായി എന്ത ചെയ്യാൻ കഴിയുമൊ എന്നറിയുന്നില്ല. ഇതപൊലെ തന്നെ തമ്പുരാന്റെ തിരുമനസ്സ എപ്പൊഴും അടിയങ്ങളുടെ മെലുണ്ടായിരിക്കട്ടെ" എന്ന പറഞ്ഞ സന്തൊഷാശ്രുക്കളൊടു കൂടി അരചനും പത്നിയും രാജാവിന്റെയും രാജ്ഞിയുടെയും കാൽക്കൽ സാഷ്ടാംഗം വീണ, പിന്നെയും പിന്നെയും നമസ്കരിച്ച, വിട വാങ്ങി പൊവുകയും ചെയ്തു.

## ൧൦-ാം അദ്ധ്യായം.

## ശിഷ്യൻ.

യൊഗീശ്വരനും അതിഥിയും, ഇതിന്നിടയിൽ അന്യൊന്യം വളരെ സ്നെഹവിശ്വാസമുള്ളവരായി തീൎന്നു. അതിഥി യൊഗീശ്വരന്റെ ഭവനത്തിൽ കാലക്ഷെപം ചെയ്യാനുള്ള സുഖവും, യൊഗീശ്വരന്റെ അപരിമിതമായിരിക്കുന്ന വിജ്ഞാനവും, വിസ്മയനീയമായ ബുദ്ധിചാതുൎയ്യവും

ലൌകീകവിഷയങ്ങളിലെ പരിചയവും ശീലഗുണവും മററും കണ്ടു ഒരു ദിവസം സവിനയം പറഞ്ഞു "വിരോധമില്ലെങ്കിൽ ഞാൻ അങ്ങേടെ ശിഷ്യനായി കുറെകാലം ഒരുമിച്ചു താമസിച്ചതിൻെറ ശേഷമെ എൻെറ ഗൃഹത്തിലെക്കു മടങ്ങിപ്പോകുവാൻ വിചാരിക്കുന്നുള്ളു.

യോഗീശ്വരൻ:— എനിക്കും അതു തന്നെയാണ വളരെ സന്തോഷം. അധികം കാലം ഉത്സാഹത്തോടു കൂടി ഗുരുശുശ്രൂഷ ചെയ്തും താല്പൎയ്യത്തോടുകൂടി പരിശ്രമിച്ചും സമ്പാദിച്ചിരിക്കുന്ന എൻെറ വിദ്യയാകുന്ന ധനം, ഈ വിഗ്രഹത്തിന്ന പരിണാമം വന്നതിന്ന ശേഷവും, പരോപകാരത്തിന്ന കാരണമായി അനെകം സംവത്സരം ക്ഷയിക്കാതെ നില്ക്കണമെന്നാണ എൻെറ മോഹം. എന്നാൽ ആയതു സല്പാത്രങ്ങളിൽ നിക്ഷെപിക്കെണമെന്ന ഒരു ശാഠ്യം ഉള്ളതിനാൽ ഇതുവരെ ആ മോഹം സാധിപ്പാൻ സംഗതി വന്നില്ല. ഇപ്പോൾ എനിക്കു ഒരു നിധി കിട്ടിയപൊലെ, യദൃച്ഛയായി രാമകിശോരനെ കണ്ടെത്തിയതു എൻെറ ഭാഗ്യം തന്നെയാണ. അതിന്ന ഞാൻ ജഗദീശ്വരനെ ഇതാ വന്ദിക്കുന്നു.

രാമകിശോരൻ:— ഞാൻ അങ്ങിനെയല്ലാ വിചാരിക്കുന്നതു. വളരെഭാഗ്യശാലികൾക്കല്ലാതെ സത്സംഗമത്തിന്നഇടവരുന്നതല്ല. ഞാൻ ആ ഗ്രാമത്തിൽവെച്ചു അത്ഭുതമായി കാണ്മാൻ ഇട വന്നിരുന്നില്ലെങ്കിൽ, ഓരൊ ദിക്കുകളിൽ സഞ്ചരിച്ചു വൃഥാ കാലക്ഷെപം ചെയ്യുപൊകുന്നതായിരുന്നു. അതു കൂടാതെ, ഇങ്ങിനെ ദുർലഭമായിരിക്കുന്ന സത്സകാശത്തിന്ന സംഗതി വന്നതു എൻെറ ഭാഗ്യമല്ലാതെ മറെറന്തൊന്നാണ?

ഇങ്ങിനെ രണ്ടുപെരും തമ്മിൽ ഗുരുശിഷ്യന്മാരുടെ നിലയിൽ ആയി എങ്കിലും സ്നെഹിതന്മാരെപ്പൊലെ ചിലപ്പോൾ പല നല്ല പറയുമെന്ന തന്നെയല്ല, എപ്പോഴും തമ്മിൽ പിരിയാതെയുമായി. രാമകിശോരൻ തൻെറ കൂടെ ശിഷ്യനായി താമസിപ്പാൻ തീൎച്ചയാക്കിയതിൻെറശെഷം തൻെറ ഗൃഹത്തിലുള്ള എല്ലാവരെയും യൊഗീശ്വരൻ രാമകിശോരന്ന, പറഞ്ഞു പരിചയമാക്കിക്കൊടുത്തു. ഒരു ദിവസം രണ്ടു പെരും കൂടി ഉമ്മരത്തെ തിണ്ണയിന്മെൽ ഇരിക്കുമ്പോൾ യോഗീശ്വരൻ കുന്ദലതയെ വിളിച്ചു. കുന്ദലത തൻെറ പതിവ പൊലെ വെഗത്തിൽ വന്ന ഉമ്മരത്തെക്കു കടന്നപ്പോൾ പുതുതായി വന്ന ആൾ അവിടെ ഇരിക്കുന്നതു കണ്ടു ഉടനെ അകത്തെക്കു തന്നെ പിൻവാങ്ങി. രാമകിശോരൻ വന്നിട്ടു നാലഞ്ചു ദിവസമായി എങ്കിലും, കുന്ദലത രാമകിശോരനെ അതുവരെ അടുത്തു കണ്ടിട്ടുണ്ടായിരുന്നില്ല. രാമകിശോരൻ കുന്ദ

ലതയെ അതിന്ന മുമ്പിൽ കണ്ടിട്ടതന്നെയുണ്ടായിരുന്നതുമില്ല. അതകൊണ്ട കാന്തിയെറിയ അവളുടെ ശരീരം, തടിൽപ്രഭ പൊലെ ക്ഷണമാത്രം കണ്ട കാണാതെയായപ്പൊൾ അത്യന്തം വിസ്മയിച്ചു. യൊഗീശ്വരൻ, "തരക്കെടില്ല ഇങ്ങൊട്ട വരാം" എന്ന പറഞ്ഞു പിന്നെയും വിളിച്ചപ്പൊൾ കുന്ദലത വളരെ ശങ്കിച്ചുംകൊണ്ട പുറത്തെക്ക കടന്ന യൊഗീശ്വരന്റെ അരികെ ചെന്ന നിന്ന പുതുതായി വന്നാളുടെ വെഷത്തെ സൂക്ഷിച്ച നൊക്കിത്തുടങ്ങി. ലജ്ജകൊണ്ട മുഖത്തെക്ക മാത്രം നൊക്കുവാൻ കഴിഞ്ഞില്ല. രാമകിശൊരനും താരുണ്യം വൎദ്ധിക്കുകയാൽ യുവതിയായ കുന്ദലതയുടെ മുഖത്തെക്ക നെരിട്ട നൊക്കുവാൻ കഴിയാതെ ഉന്നമ്രമുഖനായ്ക്കൊണ്ട ഇരുന്നതെയുള്ളു.

യൊഗീശ്വരൻ, "ഇദ്ദെഹം ഇന്ന മുതൽ എന്റെ ശിഷ്യനാവാൻ നിശ്ചയിച്ചിരിക്കുന്നു. മെലാൽ നമ്മുടെ ഭവനത്തിൽ തന്നെയാണ ഇദ്ദെഹത്തിന്ന സ്ഥിരവാസം. നമ്മുടെ ഭാഗ്യം കൊണ്ടാണ ഇങ്ങിനെ ഒരാളെ കിട്ടുവാൻ സംഗതി വന്നത. രാമകിശൊരൻ എന്നാണ പെര." എന്ന കുന്ദലതയൊടായിട്ട പറഞ്ഞു. പിന്നെ രാമകിശൊരനെ നൊക്കി, "ഇവൾ എന്റെ പുത്രിയാണ· ഇവളുടെ അമ്മ മരിച്ചിട്ട കുറെ കാലമായി. അമ്മയെ ഇവൾക്ക ഓൎമ്മയുണ്ടൊ എന്ന തന്നെ സംശയമാണ. കുന്ദലത എന്നാണ പെര." എന്ന പറഞ്ഞപ്പൊൾ രാമകിശൊരൻ പണിപ്പെട്ട കുന്ദലതയുടെ മുഖത്തെക്ക ഒന്ന നൊക്കി ഉടനെ മുഖം താഴ്ത്തി. അപ്പൊഴാണ അവർ തമ്മിൽ മുഖത്തൊട മുഖം കണ്ടത. രാമകിശൊരൻ കുന്ദലതയുടെ മുഖത്തെക്ക നൊക്കിയപ്പൊൾ തന്നെ ഗുരുപുത്രിയാകയാൽ, വിനയത്തൊടുകൂടി അല്പം തല താഴ്ത്തി തന്റെ വണക്കവും ബഹുമാനവും കാണിച്ചു. കുന്ദലത അത കഴിഞ്ഞു ഉടനെ യൊഗീശ്വരന്റെ മുഖത്തെക്ക ഒന്ന നൊക്കി, താമസിയാതെ അകായിലെക്ക തന്നെ പൊവുകയും ചെയ്തു.

യൊഗീശ്വരൻ "ഇനി നമ്മുടെ ഗൃഹഭരണം ഒക്കെയും കഴിക്കുന്നവളായി പാൎവ്വതി എന്നൊരു സ്ത്രീയുണ്ട അവളെ കണ്ടിരിക്കുന്നുവല്ലൊ. അതും കൂടാതെ എനിക്ക ഒരു ഭൃത്യനും ഉണ്ട. അതാ ആ തൊട്ടത്തിൽ പണിചെയ്യുന്നവൻ തന്നെയാണ, രാമദാസൻ എന്നാണ അവന്റെ പെര: അവനെ ഞാൻ ഇയ്യിടെ ഒരു ദിക്കിലെക്ക അയച്ചിരുന്നു. ഇന്നലെയാണ എത്തിയത." എന്ന പറഞ്ഞു രാമദാസനെ വിളിച്ചു. മൂന്നാളുകളും കൂടി തൊട്ടത്തിൽ കുറെ നെരം നടന്നതിന്റെ ശെഷം യൊഗീശ്വരനും ശിഷ്യനും കൂടി കുളിക്കുവാൻ പൊകയും ചെയ്തു.

അതിന്ന ശേഷം യോഗീശ്വരൻ എപ്പോഴും രാമകിശോരനെ ഒരുമിച്ച കൊണ്ടുനടക്കും— പല സംഗതികളെക്കുറിച്ചും സംസാരിക്കുമ്പോൾ, ഒന്നാമത രാമകിശോരന്ന ആ സംഗതികളെക്കുറിച്ച ഗ്രഹിതം ഇത്രയുണ്ടെന്നറിഞ്ഞ അതിൽ അബദ്ധങ്ങളായിട്ടുള്ളവയുടെ അബദ്ധത്തെ പറഞ്ഞ മനസ്സിലാക്കുകയും സുബദ്ധങ്ങളായിട്ടുള്ളവയെ ധരിപ്പിക്കുകയും ചെയ്യും. ഈ വിധം സംഭാഷണങ്ങളും വിവാദങ്ങളും ഇടക്കിടക്ക ഉണ്ടാവുമ്പോൾ യോഗീശ്വരൻ കുന്ദലതയെയും വിളിക്കും എന്നാൽ രാമകിശോരനെ വളരെ പരിചയക്കേടുണ്ടാകയാൽ കുന്ദലത ഒന്നും സംസാരിക്കുകയാകട്ടെ തന്റെ സംശയങ്ങൾ ചോദിച്ച തീർക്കുകയാകട്ടെ ചെയ്കയില്ല, എങ്കിലും യോഗീശ്വരൻ പറയുന്നത രാമകിശോരൻ ഗ്രഹിക്കുന്നതുപോലെതന്നെ തെളിവായും സൂക്ഷ്മമായും ഗ്രഹിക്കുകയും ചെയ്യും. ചിലപ്പോൾ കുന്ദലതക്ക മുമ്പ യോഗീശ്വരൻ പറഞ്ഞ കൊടുത്തിട്ടുള്ള സംഗതികളെക്കുറിച്ചാണ സംഭാഷണം ഉണ്ടായത എങ്കിൽ അദ്ദേഹം കുന്ദലതയോട നേരിട്ട ചോദിക്കും. അപ്പോൾ അവൾ വളരെ സങ്കോചത്തോട കൂടീട്ടാണെങ്കിലും അക്ഷരവ്യക്തിയോടുകൂടി, മിതമായി, ഖണ്ഡിതമായ സമാധാനങ്ങൾ പറഞ്ഞ യോഗീശ്വരനെ സന്തോഷിപ്പിക്കുകയും രാമകിശോരനെ അത്യന്തം വിസ്മയിപ്പിക്കുകയും ചെയ്യും. ഒരു ദിവസം മൂന്നപേരുംകൂടി രാത്രി അത്താഴം കഴിഞ്ഞ ഉടനെ നക്ഷത്രം നോക്കികൊണ്ട മുററത്ത നടന്നുകൊണ്ടിരിക്കെ രാമകിശോരൻ ചോദിച്ചു. "ഈ കാണുന്ന തേജഃപുഞ്ജങ്ങൾ അവയുടെ ഗതിഭേദങ്ങളെക്കൊണ്ട മനുഷ്യരുടെ സുഖദുഃഖാവസ്ഥകളെ നിർണ്ണയിക്കുന്നുണ്ടെന്ന ചില യോഗ്യന്മാർകൂടി വിശ്വസിച്ച വരുന്നതിൽ പരമാർത്ഥം എത്രത്തോളമുണ്ട,? അതിന്റെ സൂക്ഷ്മം മനസ്സിലാവാൻ കഴിയാതെ ഞാൻ പലപ്പോഴും അന്ധാളിച്ചിട്ടുണ്ട "

യോഗീശ്വരൻ:— ഛി! ഛി! ആ വിശ്വാസത്തെക്കാൾ അധികമായ ഒരു ഭോഷത്വം ഉണ്ടെന്നഎനിക്ക തോന്നുന്നില്ല. അജ്ഞാന തിമിരാന്ധന്മാരായഅനവധി ജനങ്ങൾ നിത്യത പറഞ്ഞ വരുന്നപല നിരർത്ഥകങ്ങളായ വാക്കുകളും ചെയ്തുവരുന്ന നിഷ്പ്രയോജനങ്ങളായ ബഹുകർമ്മങ്ങളും പ്രായെണ ആ അബദ്ധമായ വിശ്വാസത്തിൽനിന്നുളവാകുന്നതാണെന്ന നിർവ്വിവാദമാണ. ഈ തേജഃപുഞ്ജങ്ങൾ എത്രയോ വലിയ ഗോളങ്ങൾ. നമ്മുടെ ഈ ഭൂമി അതിൽ ചില ഗോളങ്ങളുടെ ശതാംശം വലിപ്പമില്ല. അങ്ങിനെയുള്ള ആ ഗോളങ്ങളുടെ മഹിമയെ വിചാരിച്ച നോക്കുമ്പോൾ എത്രയോ നിസ്സാരമായിതോന്നുന്ന ഈ ഭൂമിയിൽ, അതിനിസ്സാരന്മാരായിരിക്കുന്ന ഈ മനുഷ്യരുടെ തുച്ഛങ്ങളായ സുഖദുഃഖങ്ങളെ ക്രമീ

കരിക്കുവാനാണ ആ മഹിയസ്സുകളായ തെജഃപുഞ്ജങ്ങൾ സഞ്ചരിക്കുന്നതഎന്ന ചില മൂഢാത്മാക്കൾ വിശ്വസിക്കുന്നതിന്ന കാരണം ഒന്നാമത, ഏററവും ദൂരസ്ഥന്മാരായിരിക്കുന്ന ആ ഗൊളങ്ങളുടെ സൂക്ഷ്മമായ വലിപ്പത്തെ അറിയാത്തതിനാലുള്ള ഉൾഭ്രമം; രണ്ടാമത, പ്രപഞ്ചത്തിൽ കാണുന്നത ഒക്കെയും മനുഷ്യരായ നമ്മുടെ സുഖത്തിന്നും പ്രയൊജനത്തിന്നും വെണ്ടി സൃഷ്ടിച്ചതാണെന്നുള്ള അതി നിന്ദ്യമായ തന്നിഷ്ടവിചാരം, ഇതകളാകുന്നു. അതിന്ന ദൃഷ്ടാന്തം:— സമുദ്രത്തിൽ അനവധി വലിയ കപ്പലുകൾ അങ്ങൊട്ടു മിങ്ങൊട്ടും പൊകുന്നതിന്റെ ഗതിഭെദംകൊണ്ട, ച്ചമട്ടിൽ തുള്ളിക്കളിക്കുന്ന മീനങ്ങളുടെ സുഖദുഃഖാവസ്ഥയെ ഗണിക്കാമെന്ന ആ ക്ഷുദ്രജീവികൾ വിചാരിക്കുന്നുവെങ്കിൽ എത്ര അബദ്ധമാണ അവയുടെ വിചാരം എന്ന നമുക്ക ഉടനെ തൊന്നുന്നില്ലെ? ദെഹികളുടെ സുഖദുഃഖങ്ങൾ പലപ്പൊഴും അവരുടെ പ്രവൃത്തിയിൽനിന്ന തന്നെ ഉത്ഭവിക്കുന്നവയാണെന്ന നമുക്ക അനുഭവമാണെല്ലൊ. അങ്ങിനെയിരിക്കെ മർത്ത്യന്മാർ ദ്യൂതം, മദ്യപാനം, ചൊരണം, മാരണം, എന്നിങ്ങിനെ ഓരൊ ദുഷ്കർമ്മങ്ങളിൽ നിരതന്മാരായി തജ്ജന്യങ്ങളായ കഷ്ടതകളെയൊ തൽഫലങ്ങളായ ദണ്ഡനകളെയൊ അനുഭവിക്കുമ്പൊൾ അടുത്തിരിക്കുന്ന അവയുടെ പ്രത്യക്ഷമായ ഹെതുക്കളെ ഗണിക്കാതെ, ആ ഫലങ്ങളൊട യാതൊരു സംബന്ധവുമില്ലാത്ത ദൂരത്തെങ്ങാനുമുള്ള ഗ്രഹങ്ങളുടെ ഗതിഭെദങ്ങളാണ അവയുടെ ഹെതുക്കളെന്ന ഭ്രമിച്ച നിരപരാധികളായ ആ ഗ്രഹങ്ങളുടെ മെൽ ദൊഷാരൊപണം ചെയ്യുന്നത, ഹെതുഫലങ്ങൾ തമ്മിലുള്ള സംബന്ധത്തെ സൂക്ഷ്മമായി അന്വെഷിച്ചറിവാൻ ബുദ്ധിശക്തിയില്ലാത്തവരും അവ്യുല്പന്നന്മാരുമായ ബഹുജനങ്ങളുടെ സ്വഭാവമാകുന്നു".

രാമകിശൊരൻ:—എന്റെ സംശയങ്ങൾ മിക്കതും നീങ്ങി. എന്നാൽ സൊമസൂര്യന്മാരുടെ ഗ്രഹണം മുൻകൂട്ടി ഗണിക്കുന്നത എങ്ങിനെ എന്ന തെളിവാകുന്നില്ല.

യൊഗീശ്വരൻ:—ഗ്രഹങ്ങൾ സൂര്യമണ്ഡലത്തിന്നചുററും ഗമിക്കുന്നതിന്ന ഒരിക്കലും വ്യത്യാസം വരുന്നതല്ല. അവ ഇത്രനെരംകൊണ്ട ഇത്ര ദൂരം സഞ്ചരിക്കുമെന്നുള്ളതിന്ന നല്ല നിശ്ചയമുണ്ട. അതിന്ന ഒന്നകൊണ്ടും ഒരു വ്യത്യാസം വരുന്നത അസംഭവമാണ. ആകയാൽ ഒരു ഗ്രഹം മറെറാന്നിന്റെ ഛായയിൽ പെടുവാൻ എത്ര കാലം വെണമെന്ന നമുക്ക ഗണിപ്പാൻ പ്രയാസമില്ല. ഗ്രഹങ്ങൾ ഒക്കെയും ഇപ്പൊഴത്തെ പൊലെ തന്നെ പൊയ്ക്കൊണ്ടിരുന്നാൽ, മെലാൽ ഏതെങ്കിലും ഒരു കാല

ത്തിന്നുള്ളിൽ ഇത്ര ഗ്രഹണങ്ങൾ ഉണ്ടാകുമെന്നും ഇന്ന സമയത്ത എന്നും ഇപ്പൊൾ തന്നെ വെണമെങ്കിൽ ഗണിക്കാം. അതിന്ന ഒരംശത്തിൽ ഭെദം പൊലും വരികയില്ലതാനും.

ഇതുപൊലെ പല ദൃഷ്ടങ്ങളും ഭിന്നാഭിപ്രായങ്ങളും ഉള്ള സംഗതികളിൽ, യൊഗീശ്വരൻ ചിലപ്പൊൾ രാമകിശൊരൻ പറയുന്ന അഭിപ്രായത്തിന്ന വിരൊധമായ അഭിപ്രായം പറഞ്ഞു, ചില ന്യായങ്ങളെക്കൊണ്ട അതിനെ പിൻതാങ്ങി കുറെ നെരം വാദിച്ചശെഷം ഓരൊരുത്തരുടെ വാദത്തിന്റെ സാമൎത്ഥ്യത്തെയും ന്യൂനതകളെയും കാണിച്ചും, മററും പല പ്രകാരത്തിലും രാമകിശൊരന്റെ ലൊകവ്യുല്പത്തിയെ ശുദ്ധിവരുത്തുകയും, വാക്സാമൎത്ഥ്യത്തെ പ്രബലപ്പെടുത്തുകയും, മതികമലത്തെ വികസിപ്പിക്കുകയും ക്ഷമ, ഔദാൎയ്യം, ദയ, മുതലായ ഗുണങ്ങളെ വൎദ്ധിപ്പിക്കുകയും, ഉപദെശംകൊണ്ട മനസ്സിന്റെ മാലിന്യത്തെ പ്രക്ഷാളനം ചെയ്കയും ചെയ്തുകൊണ്ടിരുന്നു.

അങ്ങിനെയിരിക്കുന്ന കാലം ഒരു ദിവസം, വ്യായാമം ഒന്നും ഇല്ലാത്തതിനാൽ രാമകിശൊരന്റെ ശരീരത്തിന്ന അല്പം കെടുതലുണ്ടെന്ന യൊഗീശ്വരൻ അറിഞ്ഞു, ദിവസെന പുറത്തെക്ക നടക്കാൻ പൊവുക പതിവായി. മിക്ക ദിവസവും ധൎമ്മപുരിയിൽ ചെല്ലും. ഒരു ദിവസം ധൎമ്മപുരിയിൽ ചെന്നിരിക്കുമ്പൊൾ രണ്ട നാല അശ്വങ്ങളെ ചന്തയിലെക്ക കൊണ്ടുപൊകുന്നത കണ്ടു.

രാമകിശൊരൻ:— അശ്വം അത്യുത്തമമായ മൃഗം, മനുഷ്യന്ന ഇതിലധികം നല്ലവാഹനം കിട്ടുവാൻ പ്രയാസമാണ.

യൊഗീശ്വരൻ:— അശ്വത്തിന്റെ ലക്ഷണങ്ങൾ അറിയാമൊ?

രാമകിശൊരൻ:—എനിക്കറിഞ്ഞുകൂടാ. എന്നാൽ ശീലഗുണമുള്ള ഒരു അശ്വത്തെ കിട്ടിയാൽ തരക്കെട കൂടാതെ പുറത്ത കയറി ഓടിക്കാം.

യൊഗീശ്വരൻ, "അശ്വങ്ങളുടെ ലക്ഷണം അറിയെണ്ടത ആവശ്യമാണെ"ന്ന പറഞ്ഞു, അശ്വങ്ങളെ നിൎത്തീട്ടുള്ളെടത്ത ചെന്ന, അതിനെക്കുറിച്ച കുറച്ച രാമകിശൊരന്ന ദൃഷ്ടാന്തസഹിതം പറഞ്ഞു കൊടുത്തു. "ഈ കുതിരകളിൽ രണ്ടെണ്ണം അധികം ദൂഷ്യമില്ല. പ്രായവും ചെറുപ്പമാണ" എന്നു പറഞ്ഞു.

രാമകിശൊരൻ:— ഒന്നിനെ വാങ്ങിയാൽ നമുക്ക വ്യായാമത്തിന്ന വളരെ ഉപകാരമായിരുന്നു. നമ്മെപ്പൊലെ നിൎദ്ധനന്മാരായുള്ളവൎക്ക അശ്വത്തെ വാങ്ങുവാനും മററും സാധിക്കുന്നതല്ലെല്ലൊ.

യൊഗീശ്വരൻ അവയുടെ വില ചൊദിച്ചു. രണ്ടാളുകളും കൂടി

പിന്നെയും ചിലെടങ്ങളിൽ സഞ്ചരിച്ച സന്ധ്യക്ക മുമ്പെ ഗൃഹത്തിലെക്ക മടങ്ങുകയും ചെയ്തു.

പിറ്റെ ദിവസം നടക്കുവാൻ പതിവായിട്ട പൊകുന്ന നെരമായപ്പൊഴെക്ക നല്ലവയാണെന്ന യൊഗീശ്വരൻ പറഞ്ഞു രണ്ട കുതിരകളെയും കൊണ്ട രാമദാസൻ എത്തി. അപ്പൊഴെക്ക രാമകിശൊരൻ ഒട്ടും താമസിയാതെ ഉത്സാഹത്തൊടുകൂടി ഒന്നിനെ ചെന്ന പിടിച്ച പുറത്ത കയറി അല്പം നടത്തിയ ശെഷം യൊഗീശ്വരനൊട വളരെ വിസ്മയത്തൊടുംകൂടി "ഇവയെ നമുക്ക എങ്ങിനെ കിട്ടി?" എന്ന ചൊദിച്ചു.

യൊഗീശ്വരൻ "ഈ കുതിരകളെ നമുക്കായിട്ട ഇന്ന ചന്തയിൽനിന്ന വാങ്ങി. രാമകിശൊരന്ന ഇങ്ങിനെ ഒന്നിന്മെൽ താല്പൎയ്യം ഉണ്ടെന്നറിഞ്ഞാൽ എന്റെ അരിഷ്ടിച്ച സമ്പാദിച്ച പണം കൊണ്ടെങ്കിലും വാങ്ങുകയെന്നല്ലെ വരികയുള്ളു." "എന്തായി വില" എന്ന പിന്നെ രാമദാസനൊട ചൊദിച്ചു.

രാമദാസൻ "ചുവന്നതിന്ന ഒരു നൂറ പണവും മറ്റെതിന്നതൊണ്ണൂറ പണവും കൊടുത്തു" എന്ന പറഞ്ഞു.

രാമകിശൊരൻ:— കഷ്ടം! ഞാൻ പ്രിയം ഭാവിക്കുകകൊണ്ടല്ലെ അങ്ങെക്ക ഈ പണമൊക്കെയും വെറുതെ ചിലവായത? നമ്മെപ്പൊലെയുള്ളവൎക്ക ഇത്ര പണം സമ്പാദിപ്പാൻ എത്ര കാലം വെണം?. എന്റെ അല്പനെരത്തെ സന്തൊഷത്തിന്ന വെണ്ടി ഇത്ര വളരെ ദ്രവ്യം ചിലവായല്ലൊ. ഞാൻ വ്യസനിക്കുന്നു.

യൊഗീശ്വരൻ, ഈ ദ്രവ്യം വെറുതെ പൊയ്പൊയാൽ തന്നെ നമുക്ക അധികം വ്യസനിക്കെണ്ടതില്ലല്ലൊ. ദ്രവ്യംകൊണ്ട നമുക്ക മറ്റെന്തൊരു കൎത്തവ്യമാണുള്ളത? ഇങ്ങിനെ നമുക്ക വിനൊദത്തിന്ന വെണ്ടി കുറെ ചിലവചെയ്യുത വ്യൎത്ഥമായി എന്ന എനിക്ക തൊന്നുന്നില്ല. ആയതകൊണ്ട അവയെ വെണ്ടതപൊലെ രക്ഷിച്ച ഉപയൊഗപ്പെടുത്തിക്കൊള്ളുകെ വെണ്ടു. ദ്രവ്യത്തെക്കുറിച്ച യാതൊന്നും ചിന്തിക്കെണ്ട.

രാമകിശൊരൻ:— യൊഗീശ്വരന്ന തന്നെക്കുറിച്ചുള്ള ആന്തരമായ സ്നെഹത്തെ വിചാരിച്ച സന്തൊഷിച്ച, താമസിയാതെ, തന്റെ കുതിരയെ പുറത്തെക്ക പായിപ്പിക്കുവാൻ തുടങ്ങിയപ്പൊൾ യൊഗീശ്വരൻ. "ചെറുപ്പകാലത്ത കുതിരപ്പുറത്ത കയറുവാൻ ഞാനും ശീലിച്ചിട്ടുണ്ടായിരുന്നു; അത ഒക്കെയും മറന്നുവൊ എന്ന നൊക്കട്ടെ" എന്ന പറഞ്ഞ മറ്റെ കുതിരയുടെ പുറത്ത താനും കയറി. "ഇത്ര സാത്വികഗുണം തികഞ്ഞിരിക്കുന്ന ഇദ്ദെഹത്തിന്ന ഈ വകകളിലെക്കും പരിചയമുള്ളത ആശ്ചൎയ്യം" എന്ന രാമകിശൊരൻ വിചാരിച്ചു. രണ്ടാളുകളും കൂടി

ഓടിപ്പാനും തുടങ്ങി. കുതിരസ്സഭാരിക്ക തനിക്കുവളരെ സാമൎത്ഥ്യമുള്ള വിവരം യോഗീശ്വരനെ കുറഞ്ഞൊന്ന മനസ്സിലാക്കെണമെന്നുള്ള വിചാരത്തൊടുകൂടി രാമകിശൊരൻ തന്റെ കുതിരയെ അപകടമുള്ള ഇറക്കകളിലും ചെരിവുകളിലും കൂടി പായിച്ചു. യോഗീശ്വരനും ആ മാൎഗ്ഗങ്ങളിൽ കൂടി തന്നെ തന്റെ കുതിരയെയും രാമകിശൊരന്റെ ഒരുമിച്ചതന്നെപായിപ്പിച്ചു. രണ്ടാളുകൾക്കും പരസ്പരമുണ്ടായ വിസ്മയം പറഞ്ഞാൽ തീരുന്നതല്ല. അതിൽപിന്നെ പല ദിവസങ്ങളിലും രണ്ടുപെരും കൂടി സഭാരിക്ക പൊവുക പതിവായി. പക്ഷെ യോഗീശ്വരൻ ധൎമ്മപുരിയിലെക്കും അതിന്ന സമീപം ദിക്കുകളിലെക്കും മാത്രം കുതിരപ്പുറത്ത പൊവുകയില്ല. ഒരു ദിവസം രണ്ടുപെരും കൂടി മടങ്ങിവരുമ്പൊൾ, രാമകിശൊരൻ കയറിയിരുന്ന കുതിരയുടെ കാല ഒരു ഉരുണ്ട പാറപ്പുറത്ത കൊണ്ടു വഴുതി കുതിരയും രാമകിശൊരനും വീണു. യോഗീശ്വരൻ ഉടനെ രാമകിശൊരനെ എടുത്ത പൊങ്ങിച്ചപ്പൊൾ എടത്തെ തുടയുടെ എടത്തഭാഗത്തനിന്ന രക്തം ധാരാളമായി ഒഴുകുന്നതകണ്ടു. ക്ഷതം സാമാന്യം നല്ല ആഴമുണ്ടായിരുന്നു. ഉടനെ യോഗീശ്വരൻ തന്റെ ഉത്തരീയ വസ്ത്രം എടുത്ത രക്തം വരാതിരിക്കത്തക്കവണ്ണം മുറക്കെ കെട്ടി. അധികം രക്തം പൊവുകയാൽ രാമകിശൊരൻ മൊഹാലസ്യപ്പെട്ടു. മെലാസകലം വിയൎത്തു. യോഗീശ്വരൻ ഒട്ടും പരിഭ്രമം കൂടാതെ കുതിരകളെ ഒരു മരത്തൊടണച്ചുകെട്ടി, രാമകിശൊരനെ എടുത്ത ചുമലിലിട്ടു വെഗത്തിൽ ഭവനത്തിലെക്ക കൊണ്ടുവന്ന കാറ്റ നല്ലവണ്ണം കിട്ടുന്ന ഒരു സ്ഥലത്ത കിടത്തി. കുറെ തണുത്ത വെള്ളം മുഖത്ത തളിച്ച വിശറി കൊണ്ടു വീശിയപ്പൊൾ പതുക്കെ കണ്ണ മിഴിച്ചു, അപ്പൊഴാണ എല്ലാവൎക്കും മനസ്സിന്ന കുറച്ച സമാധാനമായത. യോഗിശ്വരൻ തൊപ്പിൽനിന്ന ഒരു പച്ചില പറിച്ച അരക്കുവാൻ തുടങ്ങിയപ്പൊഴെക്ക കുന്ദലത അച്ഛന്റെ സഹായത്തിന്ന ചെന്നു. അദ്ദെഹം അകത്ത പൊയി പതുക്കെ മുറി കെട്ടഴിച്ച കുന്ദലത അരച്ചുകൊണ്ടുവന്ന മരുന്ന മുറിയിന്മെൽ പിരട്ടി വെറൊരു ശീലകൊണ്ടു കെട്ടുകയും ചെയ്തു. കുറച്ച വെള്ളം കുടിച്ചപ്പൊഴെക്ക നല്ലവണ്ണം സ്വബൊധമുണ്ടായി. അടുക്കെ നിൽക്കുന്നവരെ അറിയുമാറായി. യോഗീശ്വരൻ. "ഒട്ടും ധൈൎയ്യക്കെടവെണ്ടു. താമസിയാതെ ആശ്വാസമാവും" എന്നു പറഞ്ഞു രാമകിശൊരനെ ധൈൎയ്യപ്പെടുത്തി, അദ്ദെഹത്തിന്ന വെണ്ടത ഒക്കെയും അന്വെഷിക്കുവാനായിട്ട പാൎവ്വതിയെയും കുന്ദലതയെയും പ്രത്യെകിച്ച പറഞ്ഞെല്പിക്കുകയും ചെയ്തു.

## ൧൧-ാം അദ്ധ്യായം.

## ശുശ്രൂഷകി.

കുന്ദലതയും രാമകിശോരനും ആറ ഏഴ മാസത്തോളമായി, ഒരെ ഗൃഹത്തിൽ തന്നെ പാൎത്തുവന്നിരുന്നു എങ്കിലും യോഗീശ്വരൻ അവൎക്ക സ്വൈരസല്ലാപത്തിന്ന ഒരിക്കലെങ്കിലും ഇട കൊടുത്തിട്ടുണ്ടായിരുന്നില്ല. അവർ തമ്മിൽ കാണ്മാൻ ഇടവരുമ്പോഴൊക്കെയും യോഗീശ്വരൻ കൂടെയുണ്ടാവാതിരുന്നിട്ടില്ല. അദ്ദേഹം വല്ലേടത്തെക്കും പൊകുമ്പോൾ രാമകിശോരനെയും കൂടെ കൊണ്ടുപൊവുകയുമായിരുന്നു പതിവ. ആകയാൽ രാമകിശോരന്ന അതവരെ ഒരിക്കലെങ്കിലും കുന്ദലതയൊട നെരിട്ട സംസാരിപ്പാൻ സംഗതി വരികയുണ്ടായിട്ടില്ല. അഥവാ സംഗതി വന്നിട്ടുണ്ടായിരുന്നുവെങ്കിൽ തന്നെ ആ ചെറുപ്പക്കാർ തമ്മിൽ സംസാരിക്കുന്നതല്ലായിരുന്നു. കുന്ദലത ഗുരുപുത്രിയാകയാൽ അവളെക്കുറിച്ചുള്ള ബഹുമാനം ഹെതുവായിട്ടും താരുണ്യം കൊണ്ടുള്ള ലജ്ജ ഹെതുവായിട്ടും രാമകിശോരന്ന അവളൊട നെരിട്ട സംസാരിപ്പാൻ വളരെ സങ്കൊചമുണ്ടായിരുന്നു. രാമകിശോരൻ വിശിഷ്ടനായ ഒരു ബ്രഹ്മചാരിയാണെന്നും, വിദ്യാസമ്പാദനമാകുന്ന ഏക കാൎയ്യത്തിൽ മാത്രം നിരതനാണെന്നുമാണ കുന്ദലത ധരിച്ചിരുന്നത. യൊഗീശ്വരനെയും രാമദാസനെയും അല്ലാതെ വെറെ യാതൊരു പുരുഷനെയും തന്റെടം വെച്ചതിന്റെ ശെഷം അവൾ കാണുകയുണ്ടായിട്ടില്ല. സുഭഗനും ലക്ഷണയുക്തനുമായ രാമകിശോരനെ, കുന്ദലത ഒന്നാമത കണ്ടപ്പൊൾ വിലപാളിയിൽ അധിവാസമുണ്ടെന്ന പറയുന്ന ഗന്ധൎവ്വന്മാരാരെങ്കിലും അച്ഛന്റെ കൂടെ വരികയൊ എന്നാണ ശങ്കിച്ചത. അച്ഛൻ പറഞ്ഞതുകൊണ്ട ഒരു മനുഷ്യൻ തന്നെയാണെന്ന തീൎച്ചയാക്കി എങ്കിലും, രാമകിശോരനെ വളരെ വണക്കത്തൊടും ആദരവൊടും കൂടിയും തന്റെ ഒരു ഗുരുവിനെപ്പൊലെയുമാണ കുന്ദലത വിചാരിച്ചുവന്നിരുന്നത.

ആപത്തുണ്ടാവുന്ന സമയങ്ങളിൽ മനസ്സിന്ന കരുതൽ വിട്ട മററ സമയങ്ങളിൽ നമ്മെക്കൊണ്ട മറച്ച വെക്കുവാൻ കഴിയുന്ന ചിലവികാരങ്ങൾ നമ്മുടെ അറിവ കൂടാതെ പ്രകാശിക്കുന്നത അസാധാരണയല്ലെല്ലൊ. രാമകിശോരന്റെ പരമാൎത്ഥം മുഴുവനും കുന്ദലത അറിയുവാൻ ഇടവന്നിട്ടുണ്ടായിരുന്നുവെങ്കിൽ അവളുടെ മനസ്സിൽ അവളുടെ അറിവൊടു കൂടിത്തന്നെ ജനിച്ച യഥെഷ്ടം വളരുവാൻ അവൾ സമ്മതിച്ചിരുന്ന ചില വികാരങ്ങൾ, അവളുടെ അറിവ കൂടാതെ ജനിച്ചിട്ടുണ്ടാ

യിരുന്നു. അനർഹങ്ങളായ വിഷയങ്ങളിൽ മനസ്സിനെ സഞ്ചരിപ്പാനയക്കുന്നത കഷ്ടമാണെല്ലൊ എന്ന വെച്ച, കുന്ദലത തന്റെ ആ വികാരങ്ങളെ ധിക്കരിച്ച, ഒട്ടും പ്രകാശിപ്പിക്കാതെ കഴിച്ച പൊന്നിരുന്നു. ആ വികാരങ്ങൾ രാമകിശോരന്ന ൟ ആപത്തവന്നപ്പോൾ താനെ വെളിപ്പെട്ടു. രാമകിശോരനെ പരിപാലിപ്പാൻ, യോഗീശ്വരൻ കുന്ദലതയെ ഏല്പിച്ചതിനാൽ ആ വികാരങ്ങളെ പ്രദൎശിപ്പിപ്പാൻ നല്ല ഒരു വഴിയും ആയി. രാമകിശോരനെക്കുറിച്ച കുന്ദലതക്ക ഒന്നാമതായി ഒരു ആശ്ചൎയ്യമാണ ഉണ്ടായത. അതിൽനിന്ന താമസിയാതെ, ദൃഢമായ ഒരു സ്നേഹവും ഉളവായിരുന്നു. അത ഹെതുവായിട്ട രാമകിശോരന്റെ ആ അവശസ്ഥിതിയിൽ കുന്ദലത തന്റെ സ്നേഹത്തെ സ്പഷ്ടമായി കാണിച്ചു. രോഗികളെ ശുശ്രൂഷചെയ്യാൻ വശമുണ്ടായിരുന്നില്ലെങ്കിലും, രാമകിശോരന്ന വെണ്ടുന്നതിനെ പ്രവൃത്തിപ്പാൻ വെഗത്തിൽ ശീലമായി. ബുദ്ധിയുള്ളവർ താല്പൎയ്യത്തോടുകൂടി മനസ്സിരുത്തിയാൽ എന്തൊന്നാണ വശമാകുവാൻ കഴിയാത്തത? അവൾ എപ്പൊഴും രാമകിശോരന്റെ സമീപത്ത തന്നെ വിട്ട പൊകാതെ നിക്കും. ഇഷ്ടം അറിഞ്ഞ പ്രവൃത്തിക്കും. അനിഷ്ടമായിട്ടുള്ളതിനെ നിവാരണം ചെയ്യും. പക്ഷെ ശരീരസ്ഥിതിയെക്കുറിച്ചൊ മറ്റൊ രാമകിശോരനൊട വല്ലതും ചൊദിക്കെണമെങ്കിൽ അതപൊററമ്മയൊട സ്വകാൎയ്യമായി പറഞ്ഞ ചൊദിപ്പിക്കുകയല്ലാതെ, താൻ ചൊദിച്ചു എന്നൊ ചൊദിപ്പിച്ചു എന്നൊ രാമകിശോരനറിവാൻ സംഗതി വെക്കുകയുമില്ല. ഇങ്ങിനെ വൎദ്ധിച്ചിരിക്കുന്ന സ്നേഹത്തിന്ന പുറമെ, കുന്ദലതയുടെ ഹൃദയത്തിന്ന സഹജമായിട്ടുള്ളതും, രാമകിശോരന്റെ ആ ദൈന്യാവസ്ഥയാൽ വെളിപ്പെടുത്തപ്പെട്ടതുമായ കരുണാരസവും ഉണ്ടായിരുന്നു. സ്നേഹത്തെ പ്രബലപ്പെടുത്തുവാൻ ഇത്ര നന്നായിട്ട കരുണയെപ്പോലെ മറെറാന്നും തന്നെയില്ലെല്ലൊ. വഹ്നിമാരുതനെക്കൊണ്ട എന്നപോലെ കാരുണ്യത്തോട സമ്മിശ്രമായിരിക്കുന്ന കുന്ദലതയുടെ സ്നേഹം വളരെ മുഴുത്ത വശമായി. തന്റെ ആ അവസ്ഥയെക്കുറിച്ച ചിലപ്പോൾ കുന്ദലത തന്നെ വിചാരിക്കും:—

"പണ്ട ഇദ്ദെഹത്തെ അറിവും പരിചയവും ലെശംപൊലും ഇല്ല— എന്നൊട ഇതുവരെ ഒരു വാക്കെങ്കിലും സംസാരിച്ചിട്ടും ഇല്ല— എന്ന മാത്രമല്ല, എന്നെക്കൊണ്ട ഇദ്ദെഹത്തിന്ന എന്ത തൊന്നീട്ടുണ്ടൊ എന്നും എനിക്ക നിശ്ചയമില്ല— അങ്ങിനെയിരിക്കുന്ന ൟ തരുണനൊട എനിക്ക എങ്ങിനെ ഇത്ര ആൎദ്രത സംഭവിച്ചു?- ആശ്ചൎയ്യം! തന്നെപ്പോലെ ഒരാൾ കഷ്ടത്തിൽ അകപ്പെട്ടിരിക്കുന്നത കണ്ടാൽ, വ്യസനം തൊന്നുന്നതും

അവരെ യഥാശക്തി സഹായിപ്പാനാഗ്രഹമുണ്ടാകുന്നതും മാനുഷഹൃദയത്തിന്റെ വൈശിഷ്ട്യമായിരിക്കാം— എന്നാൽ വെറൊരാൾ ൟ അവസ്ഥയിൽ തന്നെ യായിരുന്നാലും എനിക്ക ആയാളെക്കുറിച്ച ൟ വിധം ഒക്കെയും തൊന്നുമൊ?— അത സന്ദെഹം— ദയ തൊന്നാതിരിക്കയില്ല, നിശ്ചയം തന്നെ— പ്രെമമൊ?— അതിനെന്ത കാരണം?— പ്രെമം മറ്റൊരുത്തനൊട അസംഗതിയായി തൊന്നുന്നതല്ലല്ലോ— എന്തൊ!—മാനുഷഹൃദയത്തിന്റെ വികൃതികൾ!

അച്ഛനും എന്നെപ്പോലെതന്നെ ൟ യുവാവിന്റെ മെൽ പ്രതിപത്തി കാണുമാറുണ്ട. ൟ ആപത്തിന്ന ശെഷം അധികവും ഉണ്ട. ഇതിന്നെന്ത കാരണം? ഇദ്ദെഹവും, ഞാനുമായാൽ, അച്ഛന്ന അധികം സ്നെഹം ആരെയാണെന്ന പറവാൻ പ്രയാസം— അച്ഛന്ന വളരെ നെരം ഇദ്ദെഹത്തിന്റെ ഒരുമിച്ച കഴിഞ്ഞിട്ടും, ഇദ്ദെഹത്തിന്റെ അസാമാനമായ ബുദ്ധിവൈഭവം കണ്ടറിഞ്ഞിട്ടും, അച്ഛനെക്കുറിച്ച ഇദ്ദെഹ്യ വളരെ സ്നെഹവും ആഭിമുഖ്യവും കാണിക്കയാലും, മറ്റും ഇദ്ദെഹത്തൊട ഇത്രമമതയുണ്ടായത അത്ഭുതമല്ല— എനിക്കൊ? ഇതിന്നൊന്നിനും സംഗതിയുണ്ടായിട്ടില്ലല്ലോ— എന്റെ പ്രെമമൊ— അതി വിപുലം— മറച്ചവെക്കുവാൻ പ്രയാസം— പണ്ടിങ്ങിനെയുണ്ടായിട്ടില്ല— ജന്മാന്തരവാസനയൊ?— അതല്ല— 'ഏതു മായയെന്ന അച്ഛൻ പറഞ്ഞിട്ടുണ്ടല്ലോ— പരമാൎത്ഥം ൟശ്വരന്നറിയാം. ഏതെങ്കിലും ഇദ്ദെഹത്തിന്റെ ദീനം വെഗത്തിൽ ആശ്വാസമായി, മുമ്പെത്തെ ഓജസ്സും, മുഖപ്രസാദവും രണ്ടാമതും ഉണ്ടാകട്ടെ ൟശ്വരാ!”

ഇങ്ങിനെയുള്ള വിചാരങ്ങളൊടുകൂടി, കുന്ദലത വെറെ യാതൊന്നിനും ശ്രദ്ധ വെക്കാതെ രാമകിശൊരനെ ശുശ്രൂഷചെയ്യും. യൊഗീശ്വരനും കുന്ദലതയുടെ ഔൽസുക്യം കണ്ടിട്ട അല്പം മന്ദസ്മിതത്തൊടുകൂടി നൊക്കി ഉള്ളിൽ സന്തൊഷിക്കും. “രാമകിശൊരനെ വഴിപൊലെ ശുശ്രൂഷിക്കുന്നുണ്ടല്ലോ” എന്നമാത്രം ചിലപ്പോൾ ചൊദിക്കുകയും ചെയ്യും.

ഒരു മാസാൎദ്ധത്തിൽ പുറം അങ്ങിനെ ചികിത്സയായി കഴിഞ്ഞ ശെഷമാണ മുറി ഉണക്കം തുടങ്ങിയത. മുറിക്ക അധികം ആഴം ഉണ്ടായിരുന്നതിനാൽ ഒരിക്കൽ അല്പം പനിയുണ്ടായി. പഴുപ്പ കയറുമൊ എന്നകൂടി രണ്ടദിവസം എല്ലാവരും ഭയപ്പെട്ടു. വെദനയുടെ വൎദ്ധന നിന്നതിന്റെ ശെഷമാണ രാമകിശൊരൻ തന്റെ അവസ്ഥയെക്കുറിച്ച വിചാരിപ്പാൻ തുടങ്ങിയത. വീണതും യൊഗീശ്വരൻ പിടിച്ച എഴുനീല്പിച്ചതും മാത്രമെ തനിക്കൊൎമ്മയുണ്ടായിരുന്നുള്ളു, പിന്നെ പ്രജ്ഞയുണ്ടാകുന്ന

വരെ ഉണ്ടായത ഒക്കെയും വിവരമായി യോഗീശ്വരൻ പറഞ്ഞു. അപ്പോൾ രാമകിശോരൻ കൃതജ്ഞതയോടുകൂടി യോഗീശ്വരന്റെ നന്മയെ സ്മരിച്ചു. അധികം താമസിയാതെ, കന്ദലത തനിക്ക വേണ്ടി ചെയ്യുന്നതൊക്കെയും കണ്ടറിഞ്ഞപ്പോൾ, രാമകിശോരന്ന അവളെക്കുറിച്ചുണ്ടായ വിചാരങ്ങൾ പറയുന്നതിനെക്കാൾ വിചാരിച്ചറിയുകയാണ എളുപ്പം. ഈശ്വര' ഈ ഭാഗ്യം അനുഭവിപ്പാൻ തക്കവണ്ണം ഞാൻ എന്തൊരു സുകൃതം ചെയ്തു. ഭാഗ്യശാലിനിയായിരിക്കുന്ന ഈ സ്ത്രീ എന്നെ ഇത്ര താല്പൎയ്യത്തോടുകൂടി പരിചരിക്കുവാൻ തക്കവണ്ണം ഞാൻ ഇവൾക്ക വേണ്ടി എന്തൊന്ന ചെയ്തു' ഇത്ര കാരുണ്യം ഇവൾ എന്റെ നേരെ കാണിച്ചതിന്ന എന്റെ കൃതജ്ഞതാ സൂചകമായിട്ട എന്തൊന്ന ചെയ്യേണ്ടു. ഇതുവരെയായിട്ടും ഇവളുടെ ഈ കാരുണ്യം ഞാൻ അറിയുന്നുണ്ടെന്നെങ്കിലും ഇവളെ ബോധിപ്പിച്ചിട്ടില്ലല്ലോ. ഗുരുപുത്രിയാകയാലും അവളുടെ അധികമായ മന്ദാക്ഷത ഹേതുവായിട്ടും എനിക്ക അങ്ങോട്ട കടന്ന സംസാരിപ്പാൻ മടിയുമുണ്ട. ഏതെങ്കിലും ഈ അവസ്ഥയിൽ എന്റെ പ്രസാദചിഹ്നങ്ങളായ ചില വാക്കുകളെ പറയുകയെങ്കിലും ചെയ്തിട്ടില്ലെങ്കിൽ ഞാൻ ഒരു മഹാ പാപിയായിരിക്കും. എന്നിങ്ങിനെ വിചാരിച്ച ഒരു ദിവസം ഭക്ഷണം കഴിഞ്ഞ ഉടനെ, രാമകിശോരൻ വേറെ ആരും ഇല്ലാത്ത സമയം നോക്കി കന്ദലതയോട പറഞ്ഞു. "എന്റെ ദീനം രണ്ടു ദിവസമായി വളരെ ആശ്വാസം തന്നെയാണ. എന്റെ പുണ്യപൂരം പറഞ്ഞാൽ തീരുന്നതല്ല. ഇത്ര സുകൃതിനിയായിരിക്കുന്ന ഭവതി എന്റെ ഈ അവശസ്ഥിതിയിൽ എന്നോട കാണിച്ച ദയഹേതുവായിട്ട എനിക്കുണ്ടായ സന്തോഷം തന്നെയാണ, ഇത്ര വേഗത്തിൽ എന്റെ ദീനം ആശ്വാസമാക്കിയത. ഇതിന്ന ശതാംശമായിട്ടെങ്കിലും ഒരു പ്രത്യുപകാരം ചെയ്യാനായി എന്നെക്കൊണ്ട കഴിയേണമെ എന്ന ദൈവത്തെ പ്രാൎത്ഥിക്കുന്നു".

കന്ദലത രാമകിശോരൻ പറവാൻ തുടങ്ങിയപ്പോൾ തന്നോടാവുകയില്ലല്ലോ, എന്ന വിചാരിച്ച വേറെ ആരെങ്കിലും സമീപം ഉണ്ടോ എന്ന നാലു പുറത്തേക്കും ഒന്ന നോക്കി, പിന്നെ തന്നോടുതന്നെയാണെന്ന അറിഞ്ഞപ്പോൾ, നാണം കൊണ്ട വേഗത്തിൽ തല താഴ്ത്തി നിന്നു. അപ്പോൾ ക്ഷണനേരംകൊണ്ട പല വിചാരങ്ങളും തന്റെ മനസ്സിൽ കൂടി ഓടുകയാൽ, ഹൃദയം ഊക്കോടുകൂടി മിടിക്കുന്നത തനിക്ക തന്നെ കേൾക്കമാറായി. ഒരു ദീൎഘനിശ്വാസം അയച്ചു ഒന്നും ഉത്തരം പറവാൻ കഴിഞ്ഞതുമില്ല.

രാമകിശൊരൻ:— ദുൎല്ലഭമായിരിക്കുന്ന ഈ മഹാ ഭാഗ്യം അനുഭവിപ്പാൻ തക്കവണ്ണം ഞാൻ എന്തൊരു സൽകൎമ്മം ചെയ്തു?.

കുന്ദലത:— യൊഗ്യനായിരിക്കുന്ന അങ്ങെക്ക തുഛമായ ഈ ഉപകാരമെങ്കിലും ചെയ്വാൻ സംഗതി വന്നതിനാൽ എനിക്ക വളരെ സന്തൊഷമുണ്ട. എന്നാൽ അങ്ങുന്ന കൊണ്ടാടിയതിന്ന തക്കവണ്ണം അത്ര അധികം ഒന്നും ഞാൻ ചെയ്തിട്ടില്ല അങ്ങെക്ക വെണ്ടി ചെയ്താൽ കൊള്ളാമെന്നുള്ള എന്റെ ആഗ്രഹത്തെകുറിച്ചായിരുന്നു അങ്ങെടെ ഈ അതിശയൊക്തിഎങ്കിൽ വളരെ പിഴച്ചിട്ടില്ല.

രാമകിശൊരൻ:— ഭവതിയുടെ ക്രിയക്ക അനുരൂപമായ ഈ മധുരവാക്കുകൾ എനിക്ക പരമാനന്ദകരമായി ഭവിക്കുന്നു.

കുന്ദലത:— എന്നാൽ എന്റെ കാംക്ഷിതം സഫലമായി, അങ്ങെടെ പ്രീതിയെ കാംക്ഷിച്ചു കൊണ്ടിരിക്കുന്ന ഞാൻ കൃതാൎത്ഥയായി, പക്ഷെ എന്റെ മനൊരഥം ഇത്ര അനായാസെന സാധിക്കുവാൻ സംഗതിവന്നതിനാൽ മാത്രം അത്ഭുതപ്പെടുന്നു.

രാമകിശൊരൻ:— പ്രിയ കുന്ദലതെ, ഭവതിയുടെ ക്രിയകൾക്കും, വിചാരത്തിന്നും സദൃശമായ ഒരു പ്രത്യുപകാരം എന്നെകൊണ്ട ചെയ്വാൻ കഴിഞ്ഞല്ലാതെ ഞാൻ കൃതകൃത്യനാവുന്നതല്ല.

കുന്ദലത വിചാരിച്ചു:— "പ്രിയകുന്ദലതെ എന്നല്ലെ എന്നെ വിളിച്ചത— 'പ്രിയ, കുന്ദലത- ഞാൻ ചെയ്തതിനെകുറിച്ചുള്ള സന്തൊഷം കൊണ്ടായിരിക്കും- അല്ലാതെ എനിക്ക അങ്ങൊട്ട ഉള്ളത പൊലെ ഇങ്ങൊട്ടും പ്രെമം ഉണ്ടാവുകയാലായിരിക്കുമൊ? അതല്ല— എന്റെ മെൽ ഇത്ര യൊഗ്യനായിരിക്കുന്ന ഇദ്ദെഹത്തിന്ന പ്രെമം ജനിക്കുവാൻ സംഗതിയെന്തു? അതു പൊലെ അദ്ദെഹത്തിന്റെ കുതിരയും അദ്ദെഹത്തിന്ന പ്രിയമായിട്ടുള്ളത തന്നെ— വാളും പ്രിയമായിട്ടുള്ളത തന്നെ— പറഞ്ഞ സ്വരംകൊണ്ടും മുഖഭാവംകൊണ്ടും പ്രിയശബ്ദത്തിന്ന അതിലധികം അൎത്ഥം കരുതീട്ടുണ്ടെന്ന തൊന്നുന്നില്ല."

രാമകിശൊരൻ:— എന്റെ പ്രിയ കുന്ദലതെ, ഭവതിയുടെ ക്ഷെമത്തിന്നും അഭ്യുദയത്തിന്നും, സദാ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന ഒരു സുഹൃത്താണെന്ന എന്നെകരുതി ഭവതിയുടെ അക്ഷീണമായ കാരുണ്യത്തിന്നും, സുദൃഢമായ സ്നെഹവിശ്വാസങ്ങൾക്കും ഒരു പാത്രമാക്കികൊള്ളെണമെ.

കുന്ദലത:— ഈ അപെക്ഷ ഞാൻ അങ്ങൊട്ട ചെയ്യെണ്ടതായിരുന്നു. എന്റെ ലജ്ജകൊണ്ട ചെയ്വാൻ കഴിയാഞ്ഞതാണ. അങ്ങുന്ന ബുദ്ധി

മാനാകയാൽ പറഞ്ഞതിൻെറ അൎത്ഥം മാത്രമല്ലെല്ലൊ ഗ്രഹിക്കയുള്ളു എന്ന വിചാരിച്ച, എൻെറ വാക്കുകൾ ചുരുങ്ങിയത കൊണ്ട ഞാൻ ഒട്ടും വ്യസനിക്കുന്നില്ല.

രാമകിശോരൻ:— എനിക്ക ഭവതിയെക്കുറിച്ച സ്നേഹവും വിശ്വാസവും നാം തമ്മിൽ കണ്ടന്ന തുടങ്ങീട്ടുണ്ട. ഇപ്പോൾ അവ കൃതജ്ഞതയോട സമ്മിശ്രമായി വളരെ ദൃഢമാകുംവണ്ണം എൻെറ മനസ്സിൽ വെരൂന്നിയിരിക്കുന്നു. അവക്ക ൟ ദെഹദെഹികൾ വെർപെടുന്ന വരെ യാതൊരു കുലുക്കവും വരുന്നതല്ല.

ഇങ്ങിനെ രാമകിശോരൻ പറഞ്ഞത മനഃപൂൎവ്വമായിട്ടാണെന്ന കുന്ദലതക്കു വിശ്വാസം വരികയാൽ അവളുടെ മുഖം ഏററവും പ്രസന്നമായി. രാമകിശോരനും തൻെറ അന്തൎഗ്ഗതങ്ങൾ ഒക്കെയും കുന്ദലതയെ വെണ്ടതപൊലെ ഗ്രഹിപ്പിപ്പാൻ സംഗതി വന്നതിനാൽ അധികമായ സന്തൊഷത്തൊടുകൂടി കുന്ദലതയുടെ മനൊഹരമായ സംഭാഷണത്തെക്കുറിച്ചും മററും വിചാരിച്ചുകൊണ്ട കുറെ നെരം കഴിഞ്ഞ ശെഷം ഉറക്കമാവുകയും ചെയ്തു.

## ൧൨-ാം അദ്ധ്യായം.

## ദൂത.

ഇനി നമ്മുടെ കഥ ഇതുവരെ പ്രസ്താപിക്കാത്ത ഒരു സ്ഥലത്ത തുടങ്ങേണ്ടിയിരിക്കുന്നു. കലിംഗ രാജ്യത്തിൻെറ വടക്കു പടിഞ്ഞാറ ദിക്കിൽ കുന്തളം എന്നൊരു രാജ്യമുണ്ട. കുന്തളരാജാക്കന്മാർ പണ്ട സ്വതന്ത്രന്മാരായിരുന്നു. പക്ഷെ ൟ കഥയുടെ കാലത്തിന്ന ഏകദെശം ഒരു നൂററാണ്ട മുമ്പെ, ശക്തനായ ഒരു കലിംഗ രാജാവ, വിക്രമാദിത്യൻ എന്ന ലൊകപ്രസിദ്ധനായ മാളവ രാജാവിനൊട സഖ്യത ചെയ്തു കുന്തളെശനൊട പട വെട്ടി ജയിച്ച കപ്പം വാങ്ങിത്തുടങ്ങി. കുന്തളരാജ്യത്ത പ്രബലന്മാരായ രാജാക്കന്മാർ ആരും അതിന്നശെഷം കുറെ കാലത്തെക്ക ഉണ്ടാകായ്കയാൽ കുന്തളെശന്മാർ അനാദിയായിട്ടുള്ള തങ്ങളുടെ സ്വാതന്ത്ര്യത്തെ വീണ്ട കിട്ടുവാൻ ശ്രമിക്കാതെ കലിംഗരാജാക്കന്മാരുടെ ശാസനയിൻ കീഴിൽ ഒതുങ്ങി അവൎക്ക കപ്പം കൊടുത്തുകൊണ്ടാണ തങ്ങളുടെ രാജ്യം ഭരിച്ചുവന്നിരുന്നത. ചിത്രരഥൻ എന്ന കലിംഗ മഹാരാജാവിൻെറ ചെറുപ്പകാലത്ത അന്നത്തെ കുന്തളെശൻ, താൻ കപ്പം കൊടുക്കുകയില്ലെന്നും, കലിംഗാധീശന്ന തന്നൊട കപ്പം

വാങ്ങുവാൻ അവകാശമില്ലെന്നും, മററും തൎക്കിക്കകയാൽ, യുദ്ധം ചെയ്തു കലിംഗാധീശൻ കുന്തളേശനെ ഒതുക്കി, രണ്ടാമതും കപ്പം വാങ്ങി. ആ അപജയം പ്രാപിച്ച കുന്തളേശൻ പുരുഷപ്രജകൾ കൂടാതെ മരിച്ചു കൃതവീൎയ്യൻ എന്ന അദ്ദേഹത്തിന്റെ പ്രബലനായ അനുജന്ന രാജ്യം കിട്ടി. ഏകദേശം ഇരിപത്തഞ്ചു വയസ്സു പ്രായമായപ്പോഴാണ പട്ടം കിട്ടിയത. അതിൽ പിന്നെ ഒരു പന്തിരാണ്ടു കാലം വളരെ ശുഷ്കാന്തിയോടും പ്രാപ്തിയോടും കൂടി തന്റെ രാജ്യം ഭരിച്ചു. കൃതവീൎയ്യൻ വളരെ ഗംഭീരനും പരാക്രമിയും, രാജതന്ത്രങ്ങളിൽ നിപുണനും ആയിരുന്നു. എങ്കിലും ഒരു നല്ല രാജാവാണെന്ന അദ്ദേഹത്തെ പറവാൻ പാടില്ല. സാധാരണ രാജാക്കന്മാൎക്കുള്ള ദുശ്ശീലങ്ങളും ദുൎബ്ബുദ്ധിയും തികച്ചും ഉണ്ടായിരുന്നു. ഗൎവ്വും പ്രൌഢിയും മൂൎത്തികരിച്ചിരിക്കയൊ എന്ന തൊന്നും. കൊപവും സാമാന്യത്തിൽ അധികം ഉണ്ടു. രാജധാനിയിൽ ഉള്ള സകല അമാത്യന്മാൎക്കും, ഭൃത്യന്മാൎക്കും, വളരെ പഴക്കമുള്ള മന്ത്രിമാൎക്കും കൂടി രാജാവിന്റെ പുരികക്കൊടി അല്പം ചുളിഞ്ഞു കണ്ടാൽ അകത്തു ഒന്ന കാളാതെയിരിക്കയില്ല. തന്റെ കീഴിലുള്ള സകല ഉദ്യോഗസ്ഥന്മാരുടെയും നിത്യത ചെയ്യുന്ന പ്രവൃത്തിയിൽ അദ്ദേഹത്തിന്റെ ദൃഷ്ടിയും പരിശൊധനയും ഉണ്ടാവും. ഒരുവന്റെ പക്കൽ അകൃത്യമായിട്ടൊ തെററായിട്ടൊ വല്ലതും കണ്ടാൽ അപ്പൊൾ രാജാവിന്റെ ചൂരൽ അവന്റെ പുറത്തു വീണു. രാജാവ വരുന്നു എന്ന കെട്ടാൽ കിടുകിടെ വിറക്കാത്തവർ വളരെ ജാഗ്രതയോടും പകതിരിവൊടും കൂടി തങ്ങളുടെ പണി നടത്തുന്നവർ മാത്രമെയുണ്ടായിരുന്നുള്ളു. താൻ കാൎയ്യത്തിന്ന നല്ല പ്രാപ്തിയുള്ളാളാകയാൽ, ഒട്ടും മുഖം നൊക്കാതെ, പണിക്കു പൊരാത്തവരെ താഴ്ത്തുകയും, പ്രാപ്തന്മാരെ തിരഞ്ഞെടുത്തു വലിയ സ്ഥാനങ്ങളിൽ വെക്കുകയും ചെയ്യും. അതുകൊണ്ടു മൎയ്യാദക്കാൎക്കൊക്കെയും രാജാവിനെ സ്നേഹവും, മററുള്ളവൎക്കു ഭയവും എല്ലാവൎക്കും ബഹുമാനവും ഉണ്ടായിരുന്നു.

ഒരു നാൾ കൃതവീൎയ്യൻ തന്റെ വിഖ്യാതന്മാരായ ചില മന്ത്രിപ്രവീരന്മാരെ ആളെ അയച്ചു വരുത്തി, താനും അവരും കൂടി മന്ത്രശാലയിൽ എത്തിക്കൂടി, ഏററവും മുഖ്യമായ ചില രാജ്യകാൎയ്യങ്ങളെക്കൊണ്ടു ആലൊചന തുടങ്ങി.

കൃതവീൎയ്യൻ:— പ്രിയ സചിവന്മാരെ! നാം വളരെക്കാലമായി ആലൊചിച്ചിരുന്ന ചില കാൎയ്യങ്ങൾ ഇപ്പൊൾ പ്രവൃത്തിപ്പാൻ നല്ല തക്കം വന്നിരിക്കുന്നു എന്ന നമുക്കു തൊന്നുകയാൽ, നമ്മുടെ അഭിപ്രായങ്ങളെ

വിവരമായി നിങ്ങളെ ഗ്രഹിപ്പിച്ച, അധികം അറിവും പഴമയും, ആലൊചനശക്തിയും, നമ്മെകുറിച്ച കൂറും ഉള്ള നിങ്ങളുടെ അഭിപ്രായം എങ്ങിനെയെന്ന അറിവാനാകുന്ന നിങ്ങളെല്ലാവരെയും ഇന്ന ആലൊചനസഭയിലെക്ക വരുത്തിയത. ആ കാൎയ്യങ്ങൾ പല സംഗതികളെക്കൊണ്ടും ഇത്രനാളും, അതി വിശ്വസ്ഥന്മാരും, ആപ്തന്മാരുമായ നിങ്ങളെപ്പൊലും അറിയിക്കാതെ രഹസ്യമായി വെക്കെണ്ടിവന്നതിനാൽ സമചിത്തന്മാരായ നിങ്ങൾക്ക അപ്രിയം തൊന്നുകയില്ലെന്ന വിശ്വസിക്കുന്നു. നമ്മുടെ പൂൎവ്വന്മാർ സ്വതന്ത്രന്മാരായിരുന്നു എന്നും, കലിംഗാധീശന്റെ അക്രമം ഹെതുവായിട്ട നമ്മുടെ കുലമഹിമ ഇങ്ങിനെ മങ്ങിക്കിടക്കുന്നതാണെന്നും, പൂൎവ്വവൃത്താന്തം അറിവുള്ള നിങ്ങളൊട വിസ്തരിച്ച പറവാൻ ആവശ്യമില്ലെല്ലൊ. പിന്നെ നമ്മുടെ ഓൎമ്മയിൽ തന്നെ ജ്യെഷ്ഠൻ ഞങ്ങളുടെ സ്വാതന്ത്ര്യം തിരികെ കിട്ടുവാൻ ചെയ്തു ശ്രമം നിങ്ങളാൽ ചിലരുടെ ആലൊചന പിഴക്കയാലും നമ്മുടെ ബലം കുറകയാലും അത്യന്തം അപമാനമായിട്ട കലാശിച്ചത വിചാരിച്ച നൊക്കുമ്പൊൾ മനസ്സുരുകുന്നു. (നിങ്ങളാൽ ചിലരുടെ എന്ന പറഞ്ഞപ്പൊൾ സഭയിൽ ഇരുന്നിരുന്ന രണ്ടു മന്ത്രിമാരുടെ മുഖത്തെക്ക ഇടക്കണ്ണിട്ടൊന്ന നൊക്കി.)

ഇപ്പൊൾ കലിംഗ രാജ്യത്ത ചിത്രരഥരാജാവ വളരെ വൃദ്ധനായി. അദ്ദെഹം ഉള്ളതും ഇല്ലാത്തതും കണക്ക ഒന്ന തന്നെ. പിന്നെ ഇയ്യിടെ അഭിഷെകം കഴിഞ്ഞത പ്രതാപചന്ദ്രൻ എന്ന ബാലനാണ. ആയാൾ വസ്ത്രാഡംബരത്തൊടു കൂടി രാജകുമാരൻ എന്ന പെര പറഞ്ഞ പല്ലക്കിൽ കൊണ്ടുനടപ്പാൻ നല്ല ഒരു പണ്ടമാണ. ഇയ്യിടെ കല്യാണം, അഭിഷെകം മുതലായ വലിയ അടിയന്തരങ്ങൾ കഴിക്കുകയാൽ അവരുടെ ക്ഷീണിച്ചിരിക്കുന്ന ഭണ്ഡാരം ഇപ്പൊൾ അധികം ക്ഷീണിച്ചിരിക്കുന്ന സമയമാണ. പ്രാപ്തന്മാരായ സെനാനായകന്മാർ ആരും അവൎക്കില്ല. സൈന്യങ്ങളും വളരെ അമാന്തമാണ. എന്നാൽ ഇതിലെല്ലാററിനെക്കാളും നമുക്ക വലിയ ഒരു ഗുണം ഉള്ളത, കലിംഗാധീശന്റെ പ്രധാന മന്ത്രിയും സെനാധിപനും ആയിരുന്ന കപിലനാഥൻ എന്ന ആ മഹാ ശക്തൻ മരിച്ചത തന്നെയാണ. കഴിഞ്ഞ യുദ്ധത്തിൽ ജ്യെഷ്ഠന്ന വന്ന അപജയം മുഴുവനും ആയാൾ ഒരാളുടെ സാമൎത്ഥ്യം കൊണ്ടാണെന്ന സംശയമില്ല. ആയാളൊട തൊൽക്കുന്നത അത്ഭുതമല്ലതാനും. പുരുഷകുഞ്ജരൻ എന്ന പറഞ്ഞത ആയാളാണ. എത്രയും ഉദാരൻ. അതി ഗംഭീരൻ. ഒരു കുറി ആയാൾ ഇവിടെ വന്നിരുന്നു.

നമ്മുടെ ആസ്ഥാന മണ്ഡപത്തിൽ സിംഹാസനത്തിന്റെ മുൻഭാഗത്തുള്ള ആ വലിയ സ്തംഭത്തിന്റെ സമീപം ഒരു ഉന്നതമായ ആസനത്തിന്മെൽ ജ്യെഷ്ഠന്റെ മുമ്പാകെ ഇരുന്ന രാജ്യ കാൎയ്യത്തെക്കുറിച്ച സംസാരിച്ചത, നാം അന്ന ബാലനായിരുന്നു എങ്കിലും നമുക്ക ഇയ്യടെ കഴിഞ്ഞതുപൊലെ ഓൎമ്മ തൊന്നുന്നുണ്ട. ആയാൾ ഒരു സഭയിൽ ഉണ്ടായാൽ വക്താവ ആയാളും മറ്റെല്ലാവരും ശ്രൊതാക്കളും അങ്ങിനെ വരികയുള്ളു. അതി ധീരൻ. ആയാളും മരിച്ചുവെല്ലൊ.

ഇനി നമ്മുടെ വിഭവങ്ങളാണ ആലൊചിക്കെണ്ടത. നമുക്ക കലിംഗരാജാവിന്ന ഇപ്പൊൾ ഉള്ളതിനെക്കാൾ ആന തെർ കുതിര കാലാളുകൾ ഓരൊന്നും അധികമുണ്ട. സൈന്യാധിപന്മാരും അസാരന്മാരല്ല. നമ്മുടെ രാജ്യത്തിൽ പ്രജകൾ തമ്മിൽ തന്നെയുണ്ടായിരുന്ന ഛിദ്രങ്ങളൊക്കെയും അടങ്ങി, ഇപ്പൊൾ സമാധാനവും, സുഭിക്ഷവും ഉള്ള കാലമാണ, ശത്രുക്കളുടെ ഉപദ്രവവും ഇപ്പൊൾ ഭയപ്പെടുവാനൊന്നുമില്ല. എന്തിനെറ പറയുന്നു; ഇന്ന കലിംഗാധീശനെ അദ്ദെഹത്തിന്റെ പുരിയിൽ വെച്ച തന്നെ തൊല്പിക്കുവാൻ ദൈവം നമുക്ക വളരെ പ്രതികൂലമല്ലെങ്കിൽ, കുറച്ചുപൊലും പ്രയാസമുണ്ടെന്ന നമുക്ക തൊന്നുന്നില്ല. ഇങ്ങിനെയാണ നമ്മുടെ അഭിപ്രായങ്ങൾ. ഇനി നിങ്ങൾ വഴിപൊലെ ആലൊചിച്ച, നമ്മുടെ നൊക്ക പൊരായ്കയാൽ നാം കാണാതെ വല്ല തടസ്ഥവും ഉണ്ടെങ്കിൽ അതിനെ ആരാഞ്ഞ കണ്ട പറഞ്ഞ തരെണം."

രാജാവ ഇങ്ങിനെ പറഞ്ഞതിനെ വളരെ ശ്രദ്ധയൊടുകൂടി കെട്ട മന്ത്രിമാർ കുറച്ചുനെരം ആലൊചനയൊടുകൂടി നിശ്ശബ്ദന്മാരായിരുന്നു. കൃതവീൎയ്യൻ കാൎയ്യത്തെക്കുറിച്ചുള്ള തന്റെ പ്രസംഗം കഴിഞ്ഞ ഉടനെ തന്റെ ആസനത്തിന്മെലെക്ക പിന്നൊക്കം ചാരി, കാലിന്മെൽ കാലെററിയിരുന്ന, ഒരു കയ്യുകൊണ്ട തന്റെ വലിയ മീശ പിടിച്ച തിരിച്ചുകൊണ്ട താനും ആലൊചനയായിരുന്നു. മന്ത്രിമാർ തങ്ങളുടെ ആലൊചന കഴിഞ്ഞ, മുഖത്തൊടുമുഖം എല്ലാവരും നൊക്കി, അവരിൽ അധികം പ്രായം ചെന്ന ഒരാൾ എഴുനീററു പറഞ്ഞു:— എനിക്ക തൊന്നിയത ഞാൻ ഉണൎത്തിക്കാം. ഇവിടുന്ന അരുളിച്ചെയ്തതൊക്കെയും യഥാൎത്ഥമാണ. ഇത്ര നല്ല തക്കം നമുക്ക ഇനി ഒരിക്കൽ കിട്ടുവാൻ പ്രയാസം. പക്ഷെ യാതൊരു കാരണവും കൂടാതെ നാം അങ്ങൊട്ട അതിക്രമിക്കാൻ പൊകുന്നത അത്ര നല്ലതൊ എന്ന സംശയിക്കുന്നു. ഇവിടുത്തെ ഭാഗ്യം കൊണ്ടും, യുദ്ധവൈദഗ്ദ്ധ്യം കൊണ്ടും ജയം കിട്ടുവാൻ എളുപ്പമാണ. എന്നാൽ ഞങ്ങളുടെ സാമൎത്ഥ്യം പൊരായ്കയാലൊ, പ്രജകളുടെ ഭാഗ്യദൊഷം

കൊണ്ടൊ, നാം വിചാരിക്കുന്നതിന്ന വിപരീതമായിട്ടാണ ൟ ആരംഭത്തിന്റെ അവസാനം എങ്കിൽ, നമ്മുടെ ശത്രുക്കൾക്കും മററുരാജാക്കന്മാക്കും നാം ഒരു പരിഹാസപാത്രമായി ഭവിക്കുന്നതാണെന്നുള്ളതിന്ന സംശയമുണ്ടൊ? ഇങ്ങിനെ ഒരു തടസ്ഥം മാത്രമെ എനിക്ക തൊന്നുന്നുള്ളു.

രണ്ടാമൻ ഒരു മന്ത്രി:— അത ഞാൻ ഒരു തടസ്ഥമായിട്ട വിചാരിക്കുന്നില്ല. തങ്ങളെക്കൊണ്ട കഴിയുമ്പോൾ തങ്ങളുടെ സ്വാതന്ത്ര്യം വീണ്ടുകൊള്ളുവാനായി, ആം വണ്ണം യത്നിക്കുന്നതിന്ന യാതൊരു ഭംഗികെടും ഇല്ല. നാം മുമ്പിൽ അവരെ അങ്ങൊട്ട അതിക്രമിക്കുവാൻ തുടങ്ങുകയല്ലെല്ലൊ. നമ്മുടെ പക്കൽനിന്ന അപഹരിച്ചതിനെ തിരികെ കിട്ടുവാനല്ലെ നമ്മുടെ ശ്രമം? എനിക്ക വെറെ ഒരു തടസ്ഥം തൊന്നുന്നുണ്ട. കപിലനാഥൻ ഇല്ലെല്ലൊ എന്ന വിചാരിച്ച നാം അത്ര ധൈര്യപ്പെടെണ്ട. അദ്ദെഹത്തിന്റെ അനുജനായ അഘൊരനാഥനാണ ഇപ്പൊഴത്തെ പ്രധാന മന്ത്രി. അദ്ദെഹത്തിന്ന ജ്യെഷ്ഠനെപ്പൊലെ തന്നെ ബുദ്ധികൌശല്യം ഇല്ലെങ്കിലും അതി സമത്ഥനായ ഒരു യൊദ്ധാവാണ. ആ ഒരാൾക്ക തുല്യനായിട്ട ഇവിടുന്നൊഴികെ നമ്മുടെ ഇടയിൽ വെറെ ഒരു ആളുണ്ടെന്ന തൊന്നുന്നില്ല.

ഇവിടുന്നൊഴികെ എന്ന പറഞ്ഞപ്പൊൾ രാജാവ അല്പം ഒന്ന പുഞ്ചിരിക്കൊണ്ടു.

മൂന്നാമൻ ഒരു മന്ത്രി:— അഘൊരനാഥൻ അതി നിപുണനായ ഒരു യൊദ്ധാവ തന്നെ. അതുകൊണ്ട നാം അടങ്ങിയിരിക്കുവാൻ പാടുണ്ടൊ? തിരഞ്ഞു നൊക്കിയാൽ നമ്മുടെ കൂട്ടത്തിലും അതുപൊലെയുള്ളവർ അപൂർവ്വം ചിലരുണ്ടാകില്ലെന്നില്ല. ഒരു സമയം ഇല്ലെന്ന വെച്ചാൽ തന്നെ, മഗധെശ്വരനുമായി സഖ്യതയായിരിക്കുന്ന അവസ്ഥക്ക ഇവിടുത്തെ അഭിലാഷം അല്പം ഒന്ന അങ്ങൊട്ട അറിയിച്ചാൽ അദ്ദെഹം ഒരു യവന സൈന്യത്തെ തന്നെ അയച്ച തരുവാൻ മടിക്കയില്ല. യവനന്മാരായിട്ട ഇപ്പൊഴത്തെ മഗധെശ്വരനും സഖ്യത തന്നെയാണെന്നാണ അന്വെഷണത്തിൽ അറിയുന്നത.

കൃതവീര്യൻ:— അത ഞാൻ അത്ര വിശ്വസിക്കുന്നില്ല. മഗധെശ്വരനും യവനന്മാരുതമ്മിൽ ആന്തരമായിട്ട അല്പം സ്പർദ്ധയുണ്ടെന്നാണ ചാരന്മാരൊടന്വെഷിച്ചതിൽ അറിയുന്നത. അല്ല, സഖ്യതയായിട്ടാണെങ്കിൽ തന്നെ, നാം അങ്ങൊട്ട യാതൊന്നും ചെയ്തിട്ടില്ലാത്തതിനാൽ ആ ദിക്കിൽനിന്ന അത്ര വലിയ ഒരു സഹായം കിട്ടുന്നത തീച്ചയാക്കി കൂട്ടിക്കൂടാ.

നാലാമൻ ഒരു മന്ത്രി:— ഞാൻ ആലോചിച്ചേടത്തോളം, പറയത്തക്ക തടസ്ഥങ്ങൾ യാതൊന്നും കാണുന്നില്ല. ഇപ്പോൾ സഭയിൽ വെച്ച പ്രസ്താപിച്ച കെട്ട മാതിരി ചില ചില്ലറ തടസ്ഥങ്ങൾ എപ്പൊഴും ഉണ്ടാവും. അതും കൂടി ഇല്ലാതാകെണമെന്ന വിചാരിച്ച നാം കാത്തിരിക്കുന്നതായാൽ എന്നെക്കുംകാത്തിരിക്കെ'വെണ്ടി. എന്റെ പക്ഷം ഇപ്പോൾ തന്നെ കാലതാമസം ഒട്ടും കൂടാതെ ഉത്സാഹിച്ചാൽ നമുക്ക നിശ്ചയമായിട്ടും ജയം കിട്ടുമെന്നാണ. എനിക്ക വെറെ ഒരു മൊഹം കൂടി യുണ്ട. മുമ്പെത്തെ യുദ്ധത്തിൽ ഇവിടുത്തെക്കും, അമാത്യന്മാരായ ഞങ്ങൾക്കും, വ്യസനത്തിന്നും അപമാനത്തിന്നും കാരണമായിതീൎന്ന കലിംഗരാജാവിന്റെ ആ ക്രിയക്ക തക്കതായ പ്രതിക്രിയ ചെയ്യാൻ നാം ഒരിക്കലും മറക്കരുത. ഇനി കാണിനെരം പൊലും താമസിക്കുകയും അരുത. മന്ത്ര ഗൊപനത്തിന്റെ വൈഭവം ക്രിയാ സത്വരതകൊണ്ടല്ലാതെ ശൊഭിക്കുകയില്ല.

കൃതവീൎയ്യൻ: അത കെട്ടപ്പൊൾ ശിരക്കമ്പനം കൊണ്ട തന്റെ അഭിപ്രായവും അത തന്നെയാണെന്ന സൂചിപ്പിച്ചു. പിന്നെ മന്ത്രിമാർ പറഞ്ഞതൊക്കെയും ആലൊചിച്ച ചിലതക്കൂടെ പറയുവാൻ തുടങ്ങുമ്പൊഴെക്ക, മന്ത്രശാലയുടെ പുറെഭാഗത്ത കാവൽനിന്നിരുന്ന ആയുധപാണികളായ ഭടന്മാരിൽ ഒരുവൻ കടന്ന വന്ന സഭയുടെ മുമ്പാകെ കുമ്പിട്ടു.

കൃതവീൎയ്യൻ "എന്ത?" എന്ന ചൊദിച്ചു.

ഭടൻ:— കലിംഗരാജാവ അയച്ച ഒരു ദൂതൻ വന്നിട്ടുണ്ട. അടിയന്തരമായ ഒരു കാൎയ്യത്തെപ്പററി ഇവിടുത്തെ കണ്ട സംസാരിക്കെണമെന്നും വന്ന വിവരം ഇവിടെ ഉണൎത്തിച്ച കാണ്മാൻ സമ്മതം വാങ്ങിവരെണമെന്നും ആവശ്യപ്പെടുന്നു.

കൃതവീൎയ്യൻ "മറുവടി പറവാൻ വിളിക്കാം പുറത്ത നില്ക്ക" എന്ന പറഞ്ഞ അവനെ പുറത്തെക്ക അയച്ച അതിനെക്കുറിച്ച മന്ത്രിമാരൊട ആലൊചിച്ച ശെഷം, ആ ഭടനെ തിരികെ വിളിച്ച "നാളെ രാവിലെ രണ്ടര നാഴിക പുലരുമ്പൊഴെക്ക നമ്മുടെ സഭയിൽ നാമും മന്ത്രിമാരും കൂടിയിരിക്കും, അപ്പൊൾ നമ്മെ കാണ്മാൻ സമയമാണെന്ന പറക," എന്ന മറുവടി പറഞ്ഞയച്ചു. കുറെ നെരം കൂടി രാജാവും മന്ത്രിമാരും കൂടി പിന്നെയും ആലൊചന കഴിഞ്ഞ ശെഷം, തമ്മിൽ പിരിയുകയും ചെയ്തു.

നിശ്ചയിച്ചപ്രകാരം പിറ്റെ ദിവസം കൃത്യമായി രണ്ടര നാഴിക പുലൎന്നപ്പൊഴെക്ക കുന്തളെശൻ കിരീട കുണ്ഡലാദികളെക്കൊണ്ടു അലംകൃതനായി തന്റെ പ്രതാപത്തെ മുഴുവനും കാണിച്ചു കൊണ്ടു സഭയിൽ എത്തി, ഉന്നതമായ തന്റെ സിംഹാസനത്തിന്മെൽ, വളരെ ഗാംഭീൎയ്യത്തൊടു കൂടി വന്നിരുന്നു. രാജാവ സഭയിലെക്കെഴുന്നള്ളിയപ്പൊഴെക്ക, ഒന്നായി എഴുനീറ്റുനിന്നിരുന്ന സഭക്കാരും, രാജാവ ഇരുന്ന ഉടനെ ഇരുന്നു, സഭ നിശ്ശബ്ദമായി. സഭയുടെ മുൻഭാഗത്തു രണ്ടു വരിയായി കഞ്ചുകികൾ നില്ക്കുന്നവരുടെ നടുവിൽ കൂടി ആ സമയത്തു തന്നെ കലിംഗ രാജാവിന്റെ ദൂതനും വന്നെത്തി. എത്തിയ ഉടനെ വളരെ താഴ്മയൊടു കൂടി കുന്തളെശനെയും സഭക്കാരെയും കുമ്പിട്ടു, കുന്തളെശൻ ചൂണ്ടിക്കാണിച്ച ഒരു ആസനത്തിന്മെൽ ഇരിക്കുകയും ചെയ്തു. ദൂതൻ അധികം പ്രായം ചെന്നവനല്ലെങ്കിലും വളരെ ഔചിത്യമുള്ളവനായിരുന്നു. സഭയിലെക്ക കടന്ന ഉടനെ തന്നെ അരക്ഷണംകൊണ്ടു തല ചുറ്റും തിരിച്ചു ഒന്നു നൊക്കിയപ്പൊഴെക്ക, രാജാവിനെയും, പ്രധാനികളായ സഭക്കാരെയും, അവരുടെ മുഖരസങ്ങളെയും കൂടി തന്റെ വിമലമായ മതിദൎപ്പണത്തിൽ പ്രതിഫലിച്ചു കാണുമാറാക്കി. ഒരു പരിചയമുള്ള മുഖം എങ്ങും തന്നെ കാണ്മാനില്ലാത്ത ആ രാജസഭയുടെ നടുവിൽ താൻ ഒരുവൻ, എല്ലാവരുടെയും നൊക്കുകൾക്കലാക്കായി നില്ക്കേണ്ടിവന്നു എങ്കിലും ആ ദൂതനു ഒട്ടും തന്നെ ഒരു ചാഞ്ചല്യമുണ്ടായില്ല. ആസനത്തിന്മെൽ ഇരുന്ന ഉടനെ താൻ വന്ന കാൎയ്യം പറവാൻ സമ്മതമുണ്ടൊ എന്നു ചൊദിക്കും പ്രകാരം വളരെ വിനയത്തൊടുകൂടി രാജാവിന്നു അഭിമുഖനായി. കുന്തളെശൻ മന്ത്രിമാരുടെ മുഖത്തു ഒന്നു നൊക്കി വന്ന കാൎയ്യം പറയാമെന്നു കല്പിച്ചു.

ദൂതൻ എഴുനീറ്റു രാജാവിനെയും സഭക്കാരെയും രണ്ടാമതും വന്ദിച്ചു, ഇപ്രകാരം ഉച്ചത്തിൽ പറഞ്ഞു:— "സാൎവ്വഭൌമനെന്നു സ്ഥാനമുടയ, ഏകഛത്രാധിപതിയായ ശ്രീ പ്രതാപചന്ദ്ര കലിംഗ മഹാരാജാവവർകൾ അദ്ദെഹത്തിന്റെ ദൂതനായ എന്റെ മുഖെന, കൃതവീൎയ്യൻ എന്നു നാമധെയമായ കുന്തള രാജാവിനൊടു പറയുന്നതാവിതു:— കുന്തളെശൻ നമ്മുടെ ഛത്രത്തിൻ കീഴിൽ, വളരെക്കാലമായി സമാധാനത്തൊടുകൂടി നമുക്കു കൊഴ തന്നും കൊണ്ടു രാജ്യം ഭരിച്ചുവന്നിരുന്നതും, പതിനെട്ടു സംവത്സരം മുമ്പെ നമ്മൊടു മത്സരിച്ചു ജയിപ്പാൻ കഴിയാതെ നമ്മുടെ ശാസനയിൻ കീഴിൽ ഒതുങ്ങിയതും അന്നു

നിശ്ചയിച്ച പുതുതായ ഉടമ്പടിക്കനുസരിച്ച ഇതുവരെ കഴിഞ്ഞുപൊന്നിട്ടുള്ളതും മററും നല്ല നിശ്ചയമുണ്ടായിരിക്കെ, നമുക്ക അഭിഷേകം കഴിഞ്ഞിട്ട ആറ മാസത്തോളമായിട്ടും, നമ്മെ വന്ന കാണുകയാകട്ടെ, കീഴ്ക്കൂടെ പ്രകാരം നമുക്ക ഉപചാരം ചെയ്യുകയാകട്ടെ, ചെയ്തിട്ടില്ലാത്തതിന്നും, നമുക്ക കാലം തൊറും വീഴ്ചകൂടാതെ എത്തിച്ചുകൊള്ളാമെന്ന വെച്ചിട്ടുള്ളതും, അപ്രകാരം എത്തിച്ച പൊന്നിരുന്നതും ആയ കൊഴദ്രവ്യം ഇക്കുറി എത്തിക്കാത്തതിന്നും, മതിയായകാരണം വല്ലതും ഉണ്ടോ? ഇല്ലെന്ന വരികിൽ, കുന്തളെശൻ ഇപ്രകാരം ചെയ്തതിനെക്കുറിച്ച നമ്മോട തക്കതായ സമാധാനം, താമസിയാതെ പറഞ്ഞിട്ടില്ലെങ്കിൽ കുന്തളരാജ്യം നമ്മുടെ സ്വന്തം രക്ഷയിൽ ആക്കേണ്ടി വരികയും കുന്തളെശൻറ രാജ്യഭരണം അവസാനിപ്പിക്കുകയും ചെയ്യേണ്ടി വരുമെന്ന കൃതവീൎയ്യൻ എന്ന നാമധെയമായ കുന്തളെശൻ അറിയെണ്ടതാണ".

ദൂതൻ ഇങ്ങിനെ ഒട്ടും സഭാകമ്പം കൂടാതെ പറയുമ്പോൾ നിശ്ശബ്ദമായിരുന്ന ആ സഭാ, സംസാരം അവസാനിച്ചപ്പൊഴെക്കു, സംസാരിച്ച കാൎയ്യത്തെക്കുറിച്ചും, സംസാരത്തിൻറ വിധത്തെക്കുറിച്ചും, സംസാരിച്ചവനെക്കുറിച്ചും, മററും, ജനങ്ങൾ അന്യോന്യം ക്ഷമ കൂടാതെ ഓരോന്ന പറയുവാൻ തുടങ്ങുകയാൽ, അഗാധമായ വാഹിനികളുടെ അടിയിൽനിന്ന ചിലപ്പോൾ കെൾക്കാവുന്ന മാതിരി ഒരു എരമ്പം കൊണ്ട മുഴങ്ങി. ദൂതിൻറ താല്പൎയ്യം മനസ്സിലായപ്പോൾ തന്നെ ഭാവം പകൎന്നിരുന്ന കൃതവീൎയ്യൻ, കൎണ്ണകഠൊരങ്ങളായ ആ ഒടുവിൽ പറഞ്ഞ വാക്കുകൾ കെട്ടപ്പോൾ ഏററവും ക്രൊധപരവശനായി, കുറച്ച നെരത്തേക്ക എന്ത പറയെണ്ടു എന്നുണ്ടായില്ല. പിന്നെ അരിശം സഹിയാതെ പാദപീഠത്തെ ചവിട്ടിമറിച്ച, വളരെ ഘനമുള്ള സിംഹാസനം ശബ്ദത്തൊടു കൂടി പിന്നോട്ട നിരങ്ങത്തക്കവണ്ണം ഊക്കൊടു കൂടി എഴുനീററ "ഇനി വല്ലതും പറവൊനുണ്ടോ?" എന്ന ഇടി വെട്ടുമ്പോലെ അതിരൌദ്രതയോടു കൂടെ ചൊദിച്ചു. അപ്പോഴാണ ആ സഭ രണ്ടാമതും നിശ്ശബ്ദമായത. കണ്ണുകൾ ഉരുട്ടി, പുരികക്കൊടികൾ വളഞ്ഞു, രുദ്രമൂൎത്തിയെപ്പോലെ കൃതവീൎയ്യൻ നില്ക്കുന്നത കണ്ടപ്പോൾ സഭയിൽ ഉണ്ടായിരുന്നവരെല്ലാവരും, ധൈൎയ്യശാലിയായ ദൂതൻ തന്നെയും ഒന്നനടുങ്ങി. ദൂതൻ തൻറ ഭീതിയെ ഒട്ടും പ്രകാശിപ്പിക്കാതെ "ഇല്ല" എന്ന മാത്രം പറഞ്ഞു.

കൃതവീൎയ്യൻ:— പുരാതനമായി നമ്മുടെ പൂൎവ്വന്മാർ ഭരിച്ചുവന്നിരുന്ന ഈ രാജ്യം കലിംഗാധീശന്ന കൈവിട്ടു കൊടുക്കുകയൊ നിൻറ

സ്വാമിയെ ചെന്നു കാണാഞ്ഞതിന്റെ പരിഭവം തീൎക്കുകയോ ചെയ്യു ണ്ടതു എന്നു ആലോചിച്ചു നിന്റെ സ്വാമിയെ വഴിയെ അറിയിക്കാമെന്നു പറക.

ദൂതൻ:— ഇവിടുത്തെ തീൎച്ചയായ മറുവടി അറിഞ്ഞല്ലാതെ മടങ്ങിച്ചെല്ലരുതെന്നാണു എന്റെ സ്വാമിയുടെ കല്പന. പക്ഷെ ആലൊചന കഴിയുന്നവരെ ഞാൻ ഇവിടെ തന്നെ താമസിക്കാം.

കൃതവീൎയ്യൻ:— എന്നാൽ ഈ പറഞ്ഞതു രണ്ടും ഉണ്ടാവില്ലെന്നു നിന്റെ സ്വാമിയൊടറിയിക്കു.

"ദൂതൻ വളരെ കാലത്തോളം സമാധാനമായി കഴിഞ്ഞു വന്നിരുന്ന ഈ രാജ്യങ്ങൾ തമ്മിൽ കലഹങ്ങൾ തുടങ്ങുവാനും വളരെ വീരന്മാർ നശിക്കുവാനും കാരണമാകുന്ന ഈ മറുവടി കൊണ്ടുപൊകുവാൻ എനിക്കു സംഗതി വന്നതു വിചാരിച്ചു വളരെ വ്യസനമുണ്ടു. മറുവടി ഭേദപ്പെടുത്തുവാൻ ഭാവമില്ലാത്ത പക്ഷം ഇതു തന്നെ കൊണ്ടുപൊവുകയല്ലാതെ നിവൃത്തിയില്ലല്ലൊ" എന്നു പറഞ്ഞു. കുന്തളേശൻ അതു കെട്ടു എന്നു തന്നെ ഭാവിച്ചില്ല. പറഞ്ഞതു ഇളക്കുകയില്ലെന്നു മനസ്സിലാവുകയാൽ ദൂതൻ, യാത്ര പറയുന്ന മാതിരിയിൽ രാജാവിനെയും മന്ത്രിമാരെയും ഒന്നു നൊക്കി, രാജസഭയിൽനിന്നു ഇറങ്ങി, അപ്പൊൾ തന്നെ കുതിരപ്പുറത്തു കയറി പൊവുകയും ചെയ്തു.

## ൧൩-ാം അദ്ധ്യായം.

## ദുഃഖനിവാരണം.

പ്രതാപചന്ദ്രനു പട്ടം കിട്ടിയതിൽ പിന്നെ അദ്ദേഹം മിക്കവാറും എല്ലാ ദിവസങ്ങളിലും, രാജസഭയിൽ ചെന്നു കുറെ നെരം ഇരുന്നു പ്രജകളുടെ ഹരജികളെ സ്വീകരിക്കുകയും, മറുവടി കല്പിക്കുകയും, മറ്റും അവരുടെ യൊഗക്ഷെമത്തിന്നു വെണ്ടി പല കാൎയ്യങ്ങളും ആലൊചിക്കുന്നതിന്നും പുറമെ, ആലൊചന സഭയിൽ ചെന്നു അവിടെ കഴിയുന്ന കാൎയ്യങ്ങളെയും അറിയുക പതിവായിരുന്നു. ആ ആലൊചന സഭയിൽ പ്രധാന മന്ത്രി ഒഴികെ ശെഷമുള്ളവർ മിക്കപെരും ചെറുപ്പക്കാരും കാൎയ്യങ്ങളിൽ പഴക്കം കുറഞ്ഞവരും, പ്രതാപചന്ദ്രന്റെ കുട്ടിക്കാലത്തെ പരിചയക്കാരാണെന്നുള്ള ഒരു ഗുണം ഒഴികെ, വിശെഷിച്ചു യൊഗ്യതയില്ലാത്തവരുമാണു. മുഖ്യമായ രാജ്യകാൎയ്യങ്ങൾ വല്ലതും ആലൊ

ഷിക്കെണ്ടതുണ്ടായാൽ അന്ന അഘൊരനാഥനും ഉണ്ടാവും. അഘൊരനാഥൻ സഭയിലില്ലാത്ത ഒരു ദിവസം, പ്രതാപചന്ദ്രന്ന അഭിഷെകം കഴിഞ്ഞതിൽ പിന്നെ വന്ന കാണാത്തവരും കൊഴ ബാക്കി നിൎത്തീട്ടുള്ളവരും ആയ പ്രഭുക്കന്മാരുടെ അടുക്കലെക്ക അതിന്റെ കാരണം ചൊദിക്കുവാനായിട്ട ഓരൊ ദൂതന്മാരെ അയക്കെണമെന്ന ഒരു സചിവൻ സഭയിൽവെച്ച പ്രസ്താപിക്കയുണ്ടായി. രാജാവും അതിനെ അഭിനന്ദിച്ച അത വെണ്ടത തന്നെയാണെന്നരുളി പൊകെണ്ട ദൂതന്മാരെ നിശ്ചയിക്കുകയും ചെയ്തു.

അങ്ങിനെ കൊഴ ബാക്കി നിൎത്തീട്ടുള്ള മിക്ക പ്രഭുക്കന്മാരും ബലഹീനന്മാരായിരുന്നതുകൊണ്ട അവരൊട സമാധാനം ചൊദിക്കുവാൻ ആളെ അയക്കുന്നത അത്ര വലിയ കാൎയ്യമായിരുന്നില്ല. കുന്തളെശനൊട ചൊദിപ്പാൻ ആളെ അയക്കുന്നത ചില്ലറ കാൎയ്യമല്ലതാനും. പ്രധാന മന്ത്രിയുടെ അറിവ കൂടാതെയും കുന്തളെശന്റെ ശക്തിയറിയാതെയുമാണ കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച ദൂത അയച്ചത. ആളെ അയച്ച രണ്ട ദിവസം കഴിഞ്ഞശെഷം, യുവരാജാവ അഘൊരനാഥനൊട പലതിനെക്കുറിച്ചും സംസാരിക്കുന്നതിന്നിടയിൽ ആ വിവരവും പറഞ്ഞു കെട്ടപ്പൊൾ ഉടനെ അദ്ദെഹം ഒന്ന ഞെട്ടി. നെററിയിന്മെൽ കൈ വെച്ചും കൊണ്ട വളരെ വിചാരത്തൊടു കൂടി മുഖം താഴ്ത്തി, നാല നിമിഷം ഇരുന്ന ശെഷം, കുന്തളെശനൊട പറെവാൻ പറഞ്ഞയച്ചത എന്താണെന്ന സൂക്ഷ്മമായി ചൊദിച്ചു. അത ഇന്നതെന്ന രാജാവ അറിയിച്ച ഉടനെ, കൊപത്തൊടും, വ്യസനത്തൊടും കൂടി ദീൎഘമാകും വണ്ണം നിശ്വസിച്ച പെട്ടെന്ന എഴുനീററു. "ഇവിടുന്ന ചെയ്തതിന്റെ ഫലം നമുക്ക അധികം താമസിയാതെ അനുഭവിക്കാം. സൎപ്പത്തിന്റെ വാലിന്മെലാണ ചവിട്ടിയത", എന്ന മാത്രം പറഞ്ഞു, പിന്നെ ആരൊടും ഒന്നും പറയാതെയും ഒരുത്തന്റെയും മുഖത്ത നൊക്കാതെയും, തന്റെ കുതിരപ്പുറത്ത കയറി കഴിയും വെഗത്തിൽ ഓടിച്ച ചന്ദ്രനൊദ്യാനത്തിൽ എത്തുകയും ചെയ്തു.

അറിവാൻ പ്രയാസമായ, അഘൊരനാഥന്റെ ആ വാക്കും പ്രവൃത്തിയും കണ്ടപ്പൊൾ, യുവരാജാവിന്ന മനസ്സിൽ ഉണ്ടായ പരിതാപം പറഞ്ഞാൽ തീരുന്നതല്ല. മൃതശരീരം നടന്ന പൊകുമ്പൊലെ തന്റെ മറിയിൽ പൊയി ഒരു കട്ടിലിന്മെൽ വീണു— കിടന്നു എന്ന പറഞ്ഞ കൂടാ— വിചാരം തുടങ്ങി. "കഷ്ടം! ഞാൻ ഇത്ര ആലൊചനക്കുറവൊടു കൂടി പ്രവൃത്തിച്ചുവെല്ലൊ. അനിൎവ്വഹനീയമായ വല്ല തൊററം ഉണ്ടെ

ങ്കിലല്ലാതെ അഘോരനാഥൻ ഇങ്ങിനെ ഒന്നും പറെവാനും പ്രവൃത്തിപ്പാനും സംഗതിയില്ല— ധൈൎയ്യവും അഭയദായിതയും അധികമുള്ള അഘോരനാഥൻ കൂടി ഇങ്ങിനെ ത്രസിക്കേണമെങ്കിൽ കന്തളൻ വളരെ പ്രബലനായിരിക്കേണമെന്ന തീൎച്ചതന്നെ— ഇത്ര അവിവെകിയായെയല്ലൊ ഞാൻ?— അച്ഛൻ അതി വൃദ്ധൻ— മൃതപ്രായൻ— എനിക്ക പട്ടം കിട്ടിയത ഇന്നലെ! യുദ്ധവൈദഗ്ദ്ധ്യം എനിക്കില്ല— ബലവും ശിഥിലം— പ്രബലന്മാരായ ബന്ധുക്കളും ആരുമില്ല. എന്റെ രാജ്യഭാരം തുടങ്ങിയപ്പൊഴെക്ക തന്നെ, ശാന്തമായിരിക്കുന്ന ഈ രാജ്യത്തെക്ക, എന്റെ ജളത്വം കൊണ്ട തന്നെയാണ യുദ്ധത്തിന്റെ നിഷ്ഠുരതകളെ ക്ഷണിച്ച വരുത്തിയത എന്നല്ലെ, മഹാജനങ്ങൾ പറയുക— കഠിനം! കഠിനം!! കന്തളൻ ബലവാനാണെങ്കിൽ ജയം ആയാൾ കൊണ്ടുപൊകും— അപമാനം എനിക്ക ശെഷിക്കുകയും ചെയ്യും— ഇതാണ എന്റെ സൂക്ഷ്മാവസ്ഥ— ദൈവമെ! അനാഥനായ ഈ ബാലനെ കാരുണ്യലെശത്തൊടുകൂടി ഒന്ന കടാക്ഷിക്കേണമെ.” ഇങ്ങിനെ വിചാരിച്ചുകൊണ്ട, ഇടക്കിടക്ക ദീൎഘശ്വാസത്തൊടുകൂടി പ്രതാപചന്ദ്രൻ കെണുകൊണ്ട കിടക്കുമ്പൊൾ സ്വൎണ്ണമയി അടുക്കൽ ചെന്നു. ഭൎത്താവും ഇളയച്ഛനും തമ്മിൽ സന്തൊഷമായി സല്ലാപം ചെയ്യുകൊണ്ടിരിക്കെ ഇളയച്ഛൻ വിധം പകൎന്ന ക്ഷൊഭത്തൊടുകൂടി പൊയതും പൊകുമ്പൊൾ പറഞ്ഞ വാക്കും, താൻ സൂക്ഷ്മമായി അന്വെഷിച്ചറിഞ്ഞു, ഭൎത്താവ വ്യസനിക്കുന്നുണ്ടെങ്കിൽ സമാധാനപ്പെടുത്താമെല്ലൊ എന്ന വിചാരിച്ചാണ ചെന്നത. ഭൎത്താവ കഠിനമായി വ്യസനിക്കുന്നത കണ്ടപ്പൊൾ തന്റെ ധൈൎയ്യം ജലരൂപെണ കണ്ണിൽനിന്ന ഒലിച്ചു. ഭൎത്താവിന്റെ അരികത്തിരുന്ന താൻ വന്നത അറിയിക്കുവാനായിട്ട, സ്വൎണ്ണമയി തന്റെ വലത്തുകയ്യ ഭൎത്താവിന്റെ മാറിൽ വെച്ചു. അപ്പൊൾ പ്രതാപചന്ദ്രൻ ആ കയ്യ തന്റെ കൈകളെക്കൊണ്ട പിടിച്ച മാറത്തെക്ക അമൎത്തി. “നാം ഈ വ്യസനം അനുഭവിക്കുമാറായല്ലൊ” എന്ന പറയും വിധത്തിൽ സ്വൎണ്ണമയിയുടെ മുഖത്തെക്ക ഒന്ന നൊക്കി, ഒന്നും പറയാതെ ഒരു ദീൎഘനിശ്വാസം അയച്ച, തിരിഞ്ഞു കിടന്നു. സ്വൎണ്ണമയി പലതും പറവാൻ വിചാരിച്ചിട്ടായിരുന്നു വന്നിരുന്നത എങ്കിലും, തൽക്കാലം ഒന്നും പറെവാൻ തൊന്നിയതുമില്ല. കുറെ നെരം ഭൎത്താവിന്റെ അരികെ ഒന്നും സംസാരിക്കാതെ ദുഃഖിച്ചുകൊണ്ടിരുന്ന ശെഷം സാവധാനത്തിൽ ഭൎത്താവിന്റെ മാറത്തുനിന്ന തന്റെ കയ്യെടുത്ത, പുറത്തെക്ക പൊകയും ചെയ്തു.

അഘോരനാഥൻ ചന്ദനോദ്യാനത്തിൽ എത്തിയ ഉടനെ ഒരു വിനാഴികപോലും താമസിയാതെ ചില എഴുത്തുകൾ എഴുതി അതിവിശ്വാസ്ഥന്മാരായ ചില ദൂതന്മാരുടെ വശൽ കൊടുത്തയച്ചു. പിന്നെ സൈന്യങ്ങളുടെ അവസ്ഥ ആലോചിപ്പാൻ തുടങ്ങി. പ്രധാനികളായ സേനാനാഥന്മാൎക്ക ആളെ അയച്ച അടിയന്തരമായി വരുത്തി, നാലഞ്ചു ദിവസത്തിന്നുള്ളിൽ കഴിയുന്നേടത്തോളം നല്ലതായ ഒരു സൈന്യത്തെ ശേഖരിക്കുവാനും, ഉള്ള സൈന്യങ്ങളെയും ആയുധങ്ങളെയും യുദ്ധത്തിന്ന തെയ്യാറാക്കുവാനും അവരെ ഏല്പിച്ചു. പിന്നെ ചില സചിവന്മാരെ വരുത്തി രാജധാനിയുടെ പുറവുമുള്ള ചിത്രദുൎഗ്ഗത്തിന്റെ ഭിത്തികൾ അല്പം കേടുവന്നിട്ടുള്ളത തീൎക്കുവാനും, കിടങ്ങുകൾ ദുസ്തരമാക്കുവാനും വാതിലുകൾ ബലപ്പെടുത്തുവാനും മറ്റും കല്പന കൊടുത്തു. കുന്തളരാജ്യത്തെക്കും അതിന്ന സമീപം ദിക്കുകളിലെക്കും ചില ചാരന്മാരെ അയച്ചു. രണ്ടു രാജ്യങ്ങളുടെയും അതിരിൽ ഉള്ള ചില ജീൎണ്ണമായ കോട്ടകളിലെക്കും സൈന്യങ്ങളെ അയച്ചു. സൈന്യങ്ങൾക്ക ഭക്ഷണസാധനങ്ങളും, കൈനിലക്ക പടകുടികൾ കെട്ടുവാനുള്ള സാമാനങ്ങളും ശേഖരിക്കുവാനും മറ്റും പല കല്പനകളും കൊടുത്തു. ഒരു പത്തുനാഴികക്കുള്ളിൽ ഇതൊക്കെയും കഴിഞ്ഞു. തിരക്ക അല്പം ഒഴിഞ്ഞതിന്റെ ശേഷം ഭക്ഷണം കഴിക്കുവാൻ പോയി, ഭക്ഷണം കഴിഞ്ഞു ആസ്ഥാനമുറിയിലെക്ക മടങ്ങി വരുമ്പോൾ, സ്വൎണ്ണമയി ബദ്ധപ്പെട്ട വന്ന കരഞ്ഞുകൊണ്ട അഘോരനാഥന്റെ കാക്കൽ വീണു. അദ്ദേഹം അവളെ ഉടനെ എഴുനീല്പിച്ച, "ദേവി, ഇതെന്തൊരു കഥയാണ" എന്ന ചോദിച്ചു. സ്വൎണ്ണമയി അഘോരനാഥന്റെ മേൽ ചാരിക്കൊണ്ട കരഞ്ഞതെ ഉള്ളു. കുറച്ചനേരത്തെക്ക ഒന്നും സംസാരിച്ചില്ല. പിന്നെ അഘോരനാഥൻ വളരെ ശാന്തതയോടുകൂടി കാരണം ചോദിച്ചപ്പോൾ, ഉത്തരീയം കൊണ്ട അശ്രുക്കൾ തുടച്ച ഇടത്തൊണ്ട വിറച്ചുകൊണ്ട പറഞ്ഞു തുടങ്ങി.

സ്വൎണ്ണമയി:— അങ്ങുന്ന എന്റെ ഭൎത്താവിനോട ഭാവിച്ചത പോലെ എന്നോടും പാരുഷ്യം ഭാവിക്കയില്ലല്ലൊ.

അഘോരനാഥൻ:— എന്താണിങ്ങിനെ ചപല സ്ത്രീകളെപ്പോലെ പറയുന്നത? ഞാൻ ദേവിയോട എപ്പോഴെങ്കിലും പാരുഷ്യം ഭാവിച്ചത ഓൎമ്മ തോന്നുന്നുണ്ടൊ?

സ്വൎണ്ണമയി:— അങ്ങുന്ന പണ്ട ചെയ്യാത്ത വിധം ചിലത ചെയ്തതായിട്ട കേട്ടു. അതുകൊണ്ട ഒരു വിധം ഞാൻ ശങ്കിക്കാനിടയുണ്ടായതാണ. എനിക്ക ഒരു അപേക്ഷയുണ്ട.

അഘോരനാഥൻ:—എന്നെക്കൊണ്ട കഴിയുന്നതാണെങ്കിൽ ദെവിയുടെ ആവശ്യം സാധിപ്പിപ്പാൻ പറയെണ്ട താമസമെയുള്ളു. എന്നാൽ അസാദ്ധ്യമല്ലെല്ലൊ

സ്വൎണ്ണമയി, "അങ്ങുന്ന ഭൎത്താവുമായിട്ട ചിലത സംസാരിച്ചുകൊണ്ടിരിക്കെ ഭൎത്താവിനൊട ചില പാരുഷ്യവാക്കുകൾ പറഞ്ഞ് ധൃതഗതിയായിട്ട പൊന്നതിനാൽ ഭൎത്താവ വലിയ വ്യസനത്തിൽ അകപ്പെട്ടിരിക്കുന്നു. എന്ത തന്നെയുണ്ടായാലും വെണ്ടതില്ല, അങ്ങുന്ന എന്റെ കൂടെ തന്നെ പൊന്ന, ഭൎത്താവിന്റെ സന്താപം എങ്ങിനെയെങ്കിലും തീൎത്ത തരെണം" എന്ന പറഞ്ഞ് കഴിഞ്ഞപ്പൊഴെക്കു, കുറച്ച നെരം ഒഴിഞ്ഞ നിന്നിരുന്ന അശ്രുക്കൾ രണ്ടാമതും കണ്ണിൽ നിറഞ്ഞു.

അഘോരനാഥൻ— മനസ്സലിഞ്ഞ്, "എന്റെ പരുഷവാക്കുകളല്ല യുവരാജാവിന്റെ വ്യസനത്തിന്ന കാരണം. അദ്ദെഹം ആലൊചന കൂടാതെ ചെയ്ത ചില പ്രവൃത്തികളാണ. ആ പ്രവൃത്തികളുടെ ഭവിഷ്യത്ത എന്റെ വാക്കുകളെക്കൊണ്ടായിരിക്കാം അദ്ദെഹത്തിന്ന പ്രത്യക്ഷമായത. ഏതെങ്കിലും ഇനി വ്യസനിക്കുവാൻ ആവശ്യമില്ല. അപകടം വരെണ്ടെടത്തൊളം ഒക്കെയും വന്ന കഴിഞ്ഞു. നമുക്ക ഇപ്പൊൾ തന്നെ പൊയി വ്യസനം തീൎക്കുവാൻ ശ്രമിക്കാം," എന്ന പറഞ്ഞ് രണ്ടപെൎക്കും ഡൊലികൾ കൊണ്ടു വരുവാൻ കല്പിച്ചു. ഉടനെ ഡൊലിയിൽ കയറി താനും സ്വൎണ്ണമയിയും രാജധാനിയിൽ എത്തുകയും ചെയ്തു. രാജ്ഞി അകമ്പടിയൊന്നും കൂടാതെ പൊയി പ്രധാനമന്ത്രിയെക്കൂട്ടിക്കൊണ്ടുവന്നതും, രാജാവിന്ന ഒട്ടും സുഖമില്ലാത്തതും മററും പുരവാസികൾ അറിഞ്ഞ്, ഇതിന്നൊക്കെയും കാരണമെന്തെന്ന അന്യൊന്യം രഹസ്യമായി ചൊദിക്കുവാനും, ഊഹിച്ച പറവാനും തുടങ്ങി. അഘോരനാഥൻ ആരൊടും ഒന്നും സംസാരിക്കാതെ സ്വൎണ്ണമയിയുടെ ഒരുമിച്ച പൊയി വ്യസനിച്ചുകൊണ്ടുതന്നെ കിടക്കുന്ന പ്രതാപചന്ദ്രനെ സാവധാനത്തിൽ പിടിച്ചെഴുനീല്പിച്ചിരുത്തി താഴെ പറയുംപ്രകാരം പറഞ്ഞുതുടങ്ങി

അഘോരനാഥൻ:— എന്റെ മെൽ ഇവിടുത്തെക്ക അപ്രിയം തൊന്നുവാൻ ഞാൻ സംഗതിയുണ്ടാക്കീട്ടുണ്ടെങ്കിൽ എനിക്ക മാപ്പ തരെണം. എനിക്ക കാൎയ്യത്തിന്റെ വസ്തുതയും, ഇവിടുന്ന പ്രവൃത്തിച്ചതിന്റെ ഭവിഷ്യത്തും മനസ്സിൽ തൊന്നിയ ഉടനെ എന്നെത്തന്നെ മറന്ന പൊയി. പരുഷമാണെന്ന തൊന്നത്തക്കവണ്ണം ഞാൻ വല്ലതും പറയുകയൊ ചെയ്യുകയൊ ചെയ്തിട്ടുണ്ടെങ്കിൽ അത ഇപ്പൊൾ തന്നെ ഇവിടുത്തെ മനസ്സിൽ നിന്ന കളയണം. നമുക്ക വ്യസനിക്കുവാനിതല്ല സമയം. കാൎയ്യ

ത്തിന്റെ ഗൌരവം ഞാൻ ഗ്രഹിച്ചപൊലെ ഇവിടുന്നകൂടി ഗ്രഹിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ, ഞാൻ പറഞ്ഞതിനെക്കുറിച്ച ഒട്ടും വ്യസനിപ്പാൻ സംഗതിയുണ്ടായിരുന്നില്ല.

പ്രതാപചന്ദ്രൻ:— ഞാൻ അങ്ങുന്ന പറഞ്ഞതിനെക്കുറിച്ച അല്പം പൊലും വ്യസനിച്ചിട്ടില്ലെ. അങ്ങിനെ തെറ്റി ധരിക്കരുതെ. അങ്ങുന്ന പറഞ്ഞതിനാൽ എനിക്ക പ്രത്യക്ഷമായ എന്റെ അബദ്ധമാണ എന്നെ ദുഃഖിപ്പിക്കുന്നത. (അതപറഞ്ഞപ്പൊൾ അഘൊരനാഥൻ സ്വൎണ്ണമയിയുടെ മുഖത്തെക്ക ഒന്ന നൊക്കി.) ഇനി ഈ ദുൎഘടത്തിൽ നിന്ന അപമാനം കൂടാതെ നിൎവ്വഹിക്കുവാൻ, അങ്ങെടെ ബുദ്ധികൌശല്യമല്ലാതെ എനിക്ക യാതൊരു ആധാരവും ഇല്ല. ഞാൻ തന്നെ ചന്ദനൊദ്യാനത്തിലെക്ക അങ്ങെ കാണ്മാൻ വരെണമെന്ന തീൎച്ചയാക്കിയിരുന്നു. അപ്പൊഴെക്കാണ അങ്ങുന്ന ദൈവം തന്നെ അയച്ച വന്ന പൊലെ എത്തിയത.

അഘൊരനാഥൻ:— എന്നെ സ്വൎണ്ണമയിയാണ കൂട്ടികൊണ്ടു പൊന്നത. അല്ലെങ്കിൽ ഞാൻ ഇപ്പൊൾ ഇങ്ങൊട്ട വരുന്നതല്ലായിരുന്നു. അവളുടെ വ്യസനം കണ്ടിട്ടാണ ഞാൻ എന്റെ പണികൂടി നിൎത്തിവെച്ച പൊന്നത. ആകട്ടെ; അതിരിക്കട്ടെ; ഇവിടുന്ന പ്രവൃത്തിച്ചതിന്റെ ഭവിഷ്യല്ഫലങ്ങൾ ഇവിടുന്ന നല്ലവണ്ണം അറിവാൻ സംഗതിയില്ല. അറിഞ്ഞിരിക്കെണ്ടത ആവശ്യവുമാണ. ഒട്ടും പരിഭ്രമിക്കരുത, വരുന്നത വരട്ടെ. ധൃഷ്ടതയാണ പുരുഷന്മാൎക്ക ഈ സംഗതികളിൽ ആവശ്യം.

പ്രതാപചന്ദ്രൻ:— നിവൃത്തിമാൎഗ്ഗം ആലൊചിക്കുന്നതിന്ന മുമ്പായിട്ട, കൎമ്മവിപാകത്തിന്റെ ദൊഷം ഇത്രത്തൊളമുണ്ടെന്ന അറിഞ്ഞിരിക്കെണ്ടത ആവശ്യമാണെല്ലൊ. ഞാൻ അത സൂക്ഷ്മമായി ഇനിയെങ്കിലും അറിയട്ടെ.

അഘൊരനാഥൻ:— കൃതവീൎയ്യൻ എന്ന ഇപ്പൊഴത്തെ കുന്തളെശൻ അതിധീരനും, പരാക്രമശാലിയും, ദുരഭിമാനിയുമാണ. ആയുധവിദ്യ ശിക്ഷയിൽ അഭ്യസിച്ചിട്ടുമുണ്ട. അദ്ദെഹത്തിന്ന സമനായ ഒരു യൊദ്ധാവ ഇന്ന നമ്മുടെ രാജ്യത്തിൽ ഉണ്ടൊ എന്ന സംശയമാണ. അത്രയുമല്ല. അദ്ദെഹം മനസ്സിൽ ഇന്നതൊന്ന ചെയ്യെണമെന്ന നിരൂപിച്ചിട്ടുണ്ടെങ്കിൽ അത എങ്ങിനെയെങ്കിലും ചെയ്യാതെ അടങ്ങുന്ന ആളല്ല, ചെയ്വാൻ ത്രാണിയുമുണ്ട. കുന്തളരാജ്യമൊ! ഒരു മുപ്പത സംവത്സരത്തിന്നിപ്പുറം, ആ രാജ്യം വളരെ ഐശ്വൎയ്യവതിയായിരി

ക്കുന്നു. ഭണ്ഡാരം തടിച്ചിരിക്കുന്നു— സെനകൾ അനവധി— പ്രബലന്മാരായസെനാധിപന്മാർ— ബുദ്ധിമാന്മാരായമന്ത്രികൾ— ധനികന്മാരും, രാജഭക്തിയുമുള്ള പ്രജകൾ- ബഹു വൎത്തകം നടന്നു വരുന്ന പട്ടണങ്ങൾ- കള്ളന്മാരുടെ ഉപദ്രവമില്ലാത്ത ചെത്തവഴികൾ- യന്ത്രപ്പാലങ്ങൾ- വിദ്യാശാലകൾ- വൈദ്യശാലകൾ- എന്നു വെണ്ട പരിഷ്കാര സൂചകങ്ങളായ പലതും ഉണ്ടു. ഈ കുന്തളെശന്റെയും, ഇദ്ദെഹത്തിന്റെ ജ്യെഷ്ഠനായ മുമ്പെത്തെ കുന്തളെശന്റെയും ബുദ്ധികൌശല്യം കൊണ്ടു തന്നെ, കുന്തളരാജ്യം ഇപ്പൊൾ പശ്ചിമഭാരതത്തിന്നു ഒരു തിലകമായി തീൎന്നിരിക്കുന്നു. കുന്തളെശന്റെ രാജലക്ഷ്മിക്ഷെമവും സുഭിക്ഷവുമാകുന്ന സഖിമാരൊടുകൂടി ദിവസെന നിൎത്തമാടുന്നു. എന്റെ ജ്യെഷ്ഠൻ പ്രധാന മന്ത്രിയായിരിക്കുമ്പൊൾ അദ്ദെഹത്തിന്റെ ബുദ്ധിവൈഭവം കൊണ്ടും പൌരുഷം കൊണ്ടും കുന്തളെശനെ ഒതുക്കി വെക്കുവാൻ കഴിഞ്ഞതാണ. വിശെഷിച്ചു ജ്യെഷ്ഠൻ അല്പം ഒരു കഠിനവും പ്രവൃത്തിച്ചിട്ടുണ്ടു. കുന്തളെശന്റെ വൃദ്ധനായ അച്ഛനെ പിടിച്ചു കാരാഗ്രഹത്തിൽ ആക്കി, വളരെ ദ്രവ്യം പിഴയൊട വാങ്ങീട്ടാണ വിട്ടയച്ചതു. ജ്യെഷ്ഠൻ സാമദാനഭെദങ്ങൾ പ്രയൊഗിച്ചിട്ടും കുന്തളെശൻ വഴിപ്പെടാഞ്ഞപ്പൊൾ, വെറെ വഴി കാണായ്കയാൽ അദ്ദെഹം അങ്ങിനെ ചെയ്തതാണ. വഴിപ്പെട്ടതിന്റെ ശെഷം, ആ ദ്രവ്യം അങ്ങൊട്ടുതന്നെ മടക്കി കൊടുക്കുകയും ചെയ്തിരിക്കുന്നു. എങ്കിലും കൃതവീൎയ്യന്ന അതഹെതുവായിട്ടുണ്ടായ വ്രണം ഇപ്പൊഴും ഉണക്കാതെ വെച്ചുകൊണ്ടിരിക്കുന്നുണ്ടാവും. അദ്ദെഹം വൈരം മറന്നുകളയുന്ന മാതിരിയല്ല, ഇപ്പൊൾ, അയൽവക്കക്കാരായ ചെദി, അവന്തി, ഈ രാജ്യങ്ങളിലെ രാജാക്കന്മാരായിട്ടും അല്പം ബന്ധുതയുണ്ടായിട്ടുണ്ടു. എങ്കിലും അവർ പണ്ടെക്കുപണ്ടെ നമ്മൊടു മൈത്രിയുള്ളവരാകയാൽ കുന്തളനൊടു ചെൎന്നു നമ്മുടെ നെരെ തിരിയുവാൻ സംഗതി പൊരാ. ഈ അവസ്ഥയിൽ അവർ നിരായുധന്മാരായിരുന്നാൽ തന്നെ ആയതു നമ്മുടെ ഭാഗ്യമാണെന്നു വിചാരിക്കെണം. അത്രയുമല്ല കുന്തളെശൻ മഗധരാജാവുമായിട്ടു സഖ്യതയായിട്ടാണ. മഗധരാജാവിന്നു യവനന്മാർ പണ്ടു തന്നെ മമതയായിട്ടാണെന്നു അറിയാമെല്ലൊ. അതുകൊണ്ടു കുന്തളെശൻ കുഴങ്ങിയാൽ മഗധരാജാവു ഒരു യവനസൈന്യം തന്നെ സഹായത്തിന്നു അയക്കുവാനും മതി. ജ്യെഷ്ഠന്റെ കാലം കഴിഞ്ഞു ഞാൻ രാജ്യകാൎയ്യം ഏറ്റതിൽ പിന്നെ, ഇതുവരെയും മനസ്സിൽനിന്നു വിട്ടുപൊകാതെയുണ്ടായിരുന്ന പെടി കുന്തളരാജ്യത്തെ ആ അഗ്നിപൎവ്വതം എപ്പൊഴാണു പൊട്ടി തെറിക്കുന്നതു എന്നായിരുന്നു.

എന്ത ചെയ്തിട്ടെങ്കിലും അത കൂടാതെ കഴിക്കെണമെന്നും, കഴിയുമെങ്കിൽ കുന്തളെശനെ സാമദാനങ്ങളെക്കൊണ്ട ഇണക്കി പാട്ടിലാക്കെണമെന്നുമായിരുന്നു എന്റെ മനൊരാജ്യം. ഇവിടുന്ന ഇതൊന്നും അറിയാതെ അല്പം നെരം കൊണ്ട വളരെക്കാലമായി ഞാൻ ഭയപ്പെട്ടിരുന്നത അത്രയും സംഭവിക്കുമാറാക്കിയെല്ലൊ. കടുന്നൽ കൂട്ടിലെക്ക കല്ലിടുകയാണ ചെയ്തത. കുന്തളെശന്റെ സ്വഭാവം എനിക്ക നല്ല നിശ്ചയമുണ്ട. ഒട്ടും താമസിയാതെ കുന്തളെശനും പടയും നമ്മുടെ ചിത്രദുൎഗ്ഗത്തെയും രാജധാനിയെയും വന്ന വളഞ്ഞാൽ തന്നെ ഞാൻ വിസ്മയപ്പെടുകയില്ല. എന്നാൽ നമ്മുടെ പരാജയവും തീൎച്ചതന്നെ. ഇങ്ങിനെയെല്ലാമാണ കാൎയ്യത്തിന്റെ സൂക്ഷ്മാവസ്ഥ. പക്ഷെ ഇതൊക്കെയും വിചാരിച്ചനൊം ഒരിക്കലും നിരാശപ്പെടരുത. ഇപ്പൊഴാണ നമ്മുടെ ഉത്സാഹവും പൌരുഷവും കാണെണ്ടത. അതി സാഹസമായി യത്നിച്ചാൽ ദൈവാനുകൂലം കൊണ്ട നമുക്ക ദൊഷം വരാതെ കഴിയാനും മതി. യുദ്ധത്തിന്റെ കലാശം വിചാരിച്ച പൊലെയാവുകയില്ല. കുന്തളന്റെ അതിക്രമത്തെ ഒരു വിധത്തിൽ തടുപ്പാൻ വെണ്ടുന്ന ഏൎപ്പാടുകൾ ഒക്കെയും ഞാൻ ചെയ്തിട്ടുണ്ട. ഞാൻ ചന്ദനൊദ്യാനത്തിലെക്ക ബദ്ധപ്പെട്ട പൊയത അതിന്ന വെണ്ടിയായിരുന്നു. (ഇത കെട്ടപ്പൊൾ യുവരാജാവിന്റെ വാടിയിരുന്ന മുഖം അല്പം പ്രസന്നമായി.) നമുക്ക സഹായത്തിന്ന ചിലർ വരുമെന്ന ഞാൻ വിചാരിക്കുന്നുണ്ട. അവർ എത്തിയാൽ എനിക്ക ധൈൎയ്യം വൎദ്ധിക്കുമായിരുന്നു. കഷ്ടം! നമ്മുടെ താരാനാഥൻ ഇനിയും വന്നില്ലെല്ലൊ. അവനുണ്ടെങ്കിൽ എനിക്ക ഒരു വലിയ സഹായമായിരുന്നു.

പ്രതാപചന്ദ്രൻ:— അതും എന്റെ വലിയ നിൎഭാഗ്യംതന്നെ. താരാനാഥന്ന എന്നെക്കാളും അധികം, സാമൎത്ഥ്യവും ശക്തിയും ഉണ്ട

സ്വൎണ്ണമയി "നമുക്ക ഇങ്ങിനെ ഒരു ആപത്ത വന്നിരിക്കുന്നു എന്നറിഞ്ഞാൽ, ജ്യേഷ്ഠൻ എവിടെയായിരുന്നാലും നമ്മുടെ സഹായത്തിന്ന എത്താതെയിരിക്കുമൊ", എന്നപറഞ്ഞു കണ്ണിൽ വെള്ളം നിറച്ചു.

പ്രതാപചന്ദ്രൻ "ഞങ്ങളുടെ പുരാണപ്രസിദ്ധമായ ഈ സ്വരൂപത്തിന്റെ മഹിമയെ നിൎത്തി രാജ്യം രക്ഷിക്കുവാൻ അങ്ങുന്നല്ലാതെ വെറെ ആരും ഇല്ല", എന്നപറഞ്ഞു, അഘൊരനാഥനൊട കൂടി യുദ്ധത്തിന്ന വെണ്ടുന്ന ഒരുക്കുകൾ പൂൎത്തിയാക്കുവാൻ പുറത്തെക്കപൊകയും ചെയ്തു.

## ൧൪-ാം അദ്ധ്യായം.

# അനുരാഗവ്യക്തി

കുന്ദലതയും രാമകിശോരനും തമ്മിൽ വളരെ പരിചയമായ വിവരം പറഞ്ഞുവല്ലൊ. അവർ തമ്മിൽ സംസാരിക്കുന്നതും അന്യോന്യമുള്ള ഔത്സുക്യവും കണ്ടിട്ടു യോഗീശ്വരൻ സന്തോഷിക്കും. രാമകിശോരന്റെ ദീനം നല്ലവണ്ണം ഭേദമായി, ശരീരം മുമ്പെത്തെ സ്ഥിതിയിൽ ആയി എങ്കിലും, യോഗീശ്വരൻ പുറത്തുപോകുമ്പോഴൊക്കെയും രാമകിശോരനെക്കൂടി വിളിച്ചു കൊണ്ടുപോകുമാറുണ്ടായിരുന്നതു മാറി. കുന്ദലതയോടു കൂടെ ആരാമത്തിൽ നടന്നു, ഓരോ സംഗതികളെക്കുറിച്ചു സംസാരിക്കുന്നതിൽ താല്പര്യം തോന്നുകയാൽ, രാമകിശോരന്നു അതുകൊണ്ടു ഒട്ടും സൌഖ്യക്കേടുണ്ടായില്ല. അവര തമ്മിൽ പരിചയം വർദ്ധിക്കേണമെന്നായിരുന്നു യോഗീശ്വരന്റെയും മനോരഥം എന്നു തോന്നും. എന്തുകൊണ്ടെന്നാൽ, താൻ പുറത്തുപോകാത്ത ദിവസങ്ങളിലും, രാമകിശോരനും കുന്ദലതയും നടക്കുന്ന ദിക്കിലേക്കു ചെല്ലുകയാകട്ടെ, അവരെ തന്റെ അടുക്കലേക്കു വിളിക്കുകയാകട്ടെ ചെയ്യുകയില്ല. പക്ഷെ അവർ തമ്മിൽ തന്നെ സംസാരിക്കുമ്പോൾ വല്ല സംഗതിയെക്കുറിച്ചും ഭിന്നാഭിപ്രായം ഉണ്ടായാൽ യോഗീശ്വരനോടു ചെന്നു ചോദിക്കുകയും അപ്പോൾ തന്റെ അഭിപ്രായം പറഞ്ഞുകൊടുക്കുകയും ചെയ്യും. എന്നാൽ രാത്രിയിൽ രാമകിശോരനും യോഗീശ്വരനും തമ്മിൽ പതിവുപോലെയുള്ള സംഭാഷണത്തിന്നു ഒരിക്കലും മുടക്കം വരികയുമില്ല. അത്താഴം കഴിഞ്ഞു കുന്ദലതയും പാർവ്വതിയും കൂടി അകത്തു വാതിൽ അടച്ചു കിടന്ന ശേഷം, ഉമ്മറത്തു കിടന്നു ഉറക്കം വരുന്നവരെ ഗുരുവും ശിഷ്യനും കൂടി വളരെ നേരം സംസാരിക്കുകയും ചെയ്യും. ഇങ്ങിനെ കഴിഞ്ഞു പോരുന്ന കാലം ഒരു ദിവസം രാമകിശോരനും കുന്ദലതയും കൂടി തോട്ടത്തിൽ നടക്കുമ്പോൾ രാമദാസൻ അവിടെ പണി എടുക്കുന്നതു കണ്ടു.

കുന്ദലതാ "അച്ഛൻ എവിടെയാണ" എന്നു അവനൊടചൊദിച്ചു.

രാമദാസൻ:— പുലച്ചെ എഴുനീറ്റു പുറത്തുപോകുന്നതു കണ്ടു.

കുന്ദലതാ:— അപൂർവ്വമായിട്ടു ചിലപ്പോൾ അച്ഛൻ രാവിലെയും പുറത്തുപൊവുക പതിവുണ്ടു.

രാമകിശോരൻ:— ഇയ്യിടെ പുറത്തുപോകുമ്പോൾ എന്നെ വിളിക്കാത്തതു എന്താണെന്നു എനിക്കു അറിഞ്ഞുകൂടാ.

കുന്ദലതാ:— അതുള്ളത തന്നെ. അങ്ങെടെ ദീനം ഭേദമായ ശെഷം ഒന്നൊ രണ്ടൊ കുറിയല്ലാതെ അച്ശന്റെ ഒരുമിച്ച പുറത്ത പൊവുകയുണ്ടായിട്ടില്ല.

രാമകിശൊരൻ:— ഒരു ദിവസം ഞാനും പൊരാമെന്ന പറഞ്ഞു കൂടെ ചെന്നു. അപ്പൊൾ "ക്ഷീണം നല്ലവണ്ണം തീരട്ടെ, അതിന്ന മുമ്പെ പുറത്തിറങ്ങീട്ട തരക്കെട വരെണ്ട" എന്ന പറഞ്ഞു.

കുന്ദലതാ അതാവില്ല- ക്ഷീണം നല്ലവണ്ണം തീൎന്ന ദെഹം സ്വസ്ഥമായിട്ട എത്രനാളായി. അച്ശന്റെ അന്തൎഗ്ഗതം എന്താണെന്ന റിവാൻ എളുപ്പമല്ല.

രാമകിശൊരൻ:— അദ്ദെഹത്തിന്റെ ഹൃദയം അഗാധമാണ. എനിക്ക നല്ല പരിചയമുണ്ട. എതെങ്കിലും അച്ശൻ ഇങ്ങിനെ പറഞ്ഞതകൊണ്ട എനിക്ക ഒട്ടും സുഖക്കെടുണ്ടായില്ല.

കുന്ദലതാ:— അല്പം പുഞ്ചിരിയൊടു കൂടി "അതെന്ത കൊണ്ട?" എന്ന ചൊദിച്ചു.

രാമകിശൊരൻ:— നമുക്ക തമ്മിൽ സ്വൈരമായി സല്ലാപം ചെയ്യാമെല്ലൊ എന്ന വിചാരിച്ചാണ. അച്ശൻ നമ്മുടെ കൂടെയുണ്ടായാൽ നാം പറയുന്നത അദ്ദെഹത്തൊടായിരിക്കും. നമുക്ക തമ്മിൽ നെരിട്ട ഒന്നും പറവാൻ ഇടവരികയുമില്ല.

കുന്ദലതാ:— അതങ്ങിനെ തന്നെ, അച്ശൻ അങ്ങെ ചിലപ്പൊൾ കൂട്ടിക്കൊണ്ട പൊയാൽ എനിക്കും ഒട്ടും സൌഖ്യമുണ്ടാവാറില്ല. പതിവപൊലെ സംസാരിക്കാൻ ആരുമില്ലായ്കയാൽ മനസ്സിന്ന ഒരു മൌഢ്യം വന്ന ബാധിക്കും. അങ്ങുന്ന' അച്ശന്റെ കൂടെ പൊകെണ്ടാ എന്ന പറവാനും എനിക്ക മടിയുണ്ട. അങ്ങെക്ക അച്ശന്റെ ഒരുമിച്ച നടന്നാൽ പലതും ഗ്രഹിക്കുവാനുണ്ടാകുന്നതാണ. എന്റെ ഇഷ്ടത്തിന്ന ഇവിടെ ഇരുന്നാൽ എന്ത ലാഭം?

രാമകിശൊരൻ:— ഞാൻ അങ്ങിനെയല്ല വിചാരിക്കുന്നത. അച്ശന്റെ കൂടെ നടന്നാൽ പലതും ഗ്രഹിപ്പാനുണ്ടെന്ന പറഞ്ഞത ശരി തന്നെ. എന്നാൽ പരമാൎത്ഥം, കുന്ദലതയുമായി സംഭാഷണം ചെയ്തു, ആ മധുരമായ വാക്കുകളെ ആസ്വദിക്കുവാനാണ എനിക്ക അധികം സന്തൊഷം.

കുന്ദലതാ:— എന്റെ പ്രായത്തിൽ ഉള്ള ആളുകളെ, ഇതിൽകീഴിൽ എനിക്ക കാണ്മാനിടവരാത്തതിനാൽ അങ്ങുന്നുമായുള്ള സല്ലാപത്തിൽ എനിക്ക കൌതുകം തൊന്നുന്നത അത്ഭുതമല്ല. പല ദിക്കുകളിലും സഞ്ച

രിച്ച വളരെ ജനങ്ങളെ കാണ്മാനും സംസാരിപ്പാനും സംഗതിവന്നിട്ടുള്ള അങ്ങെക്ക ഈ പ്രാകൃതയായ എന്നൊട സംസാരിക്കുന്നതിലാണ അധികം സന്തൊഷം എന്നപറഞ്ഞത, എന്നെ മുഖസ്തുതിചെയ്കയല്ലെല്ലൊ?

രാമകിശൊരൻ:— കഷ്ടം! എന്നൊടിത്ര നിൎദ്ദയ കാണിക്കരുതെ. വളരെ ജനങ്ങളെക്കണ്ടിട്ടുണ്ടെങ്കിലും ഞാൻ ഒരു കുന്ദലതയെ മാത്രമെ കണ്ടിട്ടുള്ളൂ. ദൎശനം ചെയ്യെണമെന്ന വളരെക്കാലമായി ആഗ്രഹിച്ച വരുന്ന ഒരു പുണ്യസ്ഥലത്ത ഏററവും പണിപ്പെട്ട എത്തിയ തീൎത്ഥവാസികൾക്ക തൊന്നും പൊലെ ഭവതിയെ ഒന്നാമതായി കണ്ടപ്പൊൾ എനിക്ക ഒരു കൃതകൃത്യതയാണ തൊന്നിയത. പിന്നെ ഭവതിയുടെ ദയാപൂരം കൊണ്ട എൻെറ സ്നെഹം വൎദ്ധിച്ചതും വിശ്വാസം ജനിച്ചതും, നൊം തമ്മിൽ ഒന്നാമതായി സംഭാഷണമുണ്ടായ ദിവസം ഞാൻ വ്യക്തമായി പറഞ്ഞുവെല്ലൊ. അന്ന ഞാൻ പറഞ്ഞത മറന്നിട്ടില്ലെങ്കിൽ ഈ വിധം സംശയങ്ങളെക്കൊണ്ട എന്നെ വ്യസനിപ്പിക്കയില്ലായിരുന്നു.

കുന്ദലതാ:— എന്നെക്കുറിച്ച ദയയൊടുകൂടി പറഞ്ഞ ആ വാക്കുകൾ ശിലാരെഖ പൊലെ എൻെറ മനസ്സിൽ പതിഞ്ഞിട്ടുള്ളത ഇതാ ഇപ്പൊൾകൂടി എനിക്ക പ്രയാസം കൂടാതെ വായിക്കാം. എങ്കിലും അങ്ങെടെ വസ്തുത സൂക്ഷ്മമായി അറിയായ്കയാലും, ആ വാക്കുകൾ അങ്ങെടെ അവശസ്ഥിതിയിൽ, ഞാൻ കുറഞ്ഞൊരു ഉപകാരം ചെയ്തതിനെക്കുറിച്ച കൃതജ്ഞത ഹെതുവായിട്ട മാത്രം പറഞ്ഞതായിരിക്കുമൊ എന്ന ശങ്കിച്ചു.

രാമകിശൊരൻ:— അയ്യൊ! ഈ ശങ്കകൾക്ക എന്ത കാരണം? നമ്മിലെ അനുരാഗം നൊം തമ്മിൽ വാക്കുകളെക്കൊണ്ട പറഞ്ഞിട്ടില്ലെങ്കിലും, നമ്മുടെ ഹൃദയങ്ങൾ അനുരാഗൊൽഭൂതങ്ങളായ പല ചെഷ്ടകളെക്കൊണ്ടും അന്യൊന്യം പ്രദൎശിപ്പിച്ചിട്ടില്ലെ? എൻെറ പ്രെമഭരം അനിൎവ്വചനീയമാകയാൽ വാക്കുകളെക്കൊണ്ട അധികം വ്യക്തമാക്കുവാൻ എനിക്ക കഴിയാഞ്ഞതാണെ.

കുന്ദലതാ:— അങ്ങെക്ക എൻെറ മെൽ അനുരാഗമുണ്ട, എന്ന തൊന്നുമ്പൊൾ സന്തൊഷവും, പിന്നെ അങ്ങെടെ പരമാൎത്ഥം അറിയായ്കയാൽ, വല്ല സംഗതികൊണ്ടും ആശാഭംഗം വന്നു പൊകുമൊ എന്നുള്ള ഭയവും, രണ്ടിനെക്കുറിച്ചും സംശയവും, എൻെറ മനസ്സിൽ ഇടകലൎന്ന കൊണ്ടാണ ഇത്രനാളും കഴിഞ്ഞത. അയ്യൊ! ദൈവമെ; എൻെറ ഹൃദയം ഈ വെദനകൾ അനുഭവിക്കെണ്ടതല്ലെ!, എന്നിങ്ങിനെ പലപ്പൊഴും ഞാൻ ചിന്തിക്കുമാറുണ്ട. അങ്ങുമിങ്ങും ഉഴന്ന

കൊണ്ടും, ഒരെടത്തും ഉറച്ച നില്ക്കുവാൻ വഴിയില്ലാതെയും എത്ര അദ്ധ്വാനിച്ചു ഈ ഹൃദയം ! കഷ്ടം.!

രാമകിശോരൻ എന്റെ പ്രിയതമയായ കുന്ദലതെ, എന്റെ അനുരാഗം മുഴുവനും ഭവതിയുടെ മെൽ നിക്ഷിപ്തമായിരിക്കുന്നു. ഭവതി എന്റെ പ്രാണനായകിയാണ. ഇനിയെങ്കിലും ആ ബാഷ്പധാരയെ നിൎത്തി അങ്ങുമിങ്ങും സഞ്ചരിച്ച വളരെ വെദനയനുഭവിച്ച ആ ഹൃദയം ഇവിടെ വിശ്രമിക്കട്ടെ" എന്ന പറഞ്ഞു കുന്ദലതയുടെ മാറിടം തന്റെ മാറിടത്തൊടണച്ച, ധാരാളമായി വന്നിരുന്ന കണ്ണുനീർ തുടച്ചുകൊണ്ട, യോഗീശ്വരനെ കൂടി അറിയിക്കാത്ത തന്റെ ചില ചരിത്രങ്ങളെ ഏററവും ഗോപ്യമായി കുന്ദലതയോട പറഞ്ഞു. അപ്പോൾ കുന്ദലത വളരെ മുഖപ്രസാദത്തോടു കൂടി രാമകിശോരന്റെ മുഖത്തെക്ക നൊക്കി, "ഇനി എന്റെ പ്രിയ രാമകിശോരാ എന്ന വിളിക്കാമെല്ലൊ" എന്ന പറഞ്ഞു ഒരു ദീൎഘനിശ്വാസം അയച്ചു. "എന്റെ മനസ്സിൽ നിന്ന ഒരു ഭാരം പൊയ പൊലെ തൊന്നുന്നു. ശ്വാസൊച്ഛ്വാസങ്ങൾക്ക കൂടി സൌകൎയ്യം വൎദ്ധിച്ച പൊലെയിരിക്കുന്നു," എന്ന പറഞ്ഞു.

രാമകിശോരൻ:— ഞാൻ ഒരു കാൎയ്യം പറവാൻ മറന്നു.

കുന്ദലതാ, മുഖപ്രസാദം മങ്ങിക്കൊണ്ട "അതഎന്തു?" എന്ന ചോദിച്ചു.

രാമകിശോരൻ:— എന്റെ പ്രിയകുന്ദലതെ, ഭവതിയുടെ സ്വെച്ഛപ്രകാരം എന്നെ ഭൎത്താവാക്കി വരിച്ചാൽ അച്ഛൻ യാതൊന്നും മറുത്ത പറകയില്ലായിരിക്കാം. എങ്കിലും കുന്ദലത എന്നെ വരിക്കുന്നതിന്ന മുമ്പായി ഒരു കാൎയ്യം ആലൊചിക്കെണ്ടതുണ്ട. ഭവിഷ്യത്തിനെ വഴിപൊലെ ആലൊചിക്കാതെ പ്രവൃത്തിക്കുന്നവരെക്കുറിച്ച എനിക്ക അല്പം പൊലും ബഹുമാനമില്ല. എന്നെയല്ലാതെ വെറെ ഒരു ചെറുപ്പക്കാരനെയും കുന്ദലത കാണ്മാൻ സംഗതി വന്നിട്ടില്ലെല്ലൊ. മെലാൽ ഓരൊ രാജ്യങ്ങളെയും ജനങ്ങളെയും സഞ്ചരിച്ച കാണുവാൻ കുന്ദലതക്ക തന്നെ സംഗതി വന്നാൽ, എന്നെക്കാൾ ഗുണൊൽകൎഷം ഉള്ളവരും കുന്ദലതക്ക അധികം അനുരൂപന്മാരുമായ പുരുഷന്മാരുണ്ടായിരിക്കെ ഈ അസാരനായ എന്നെ വരിച്ചത അബദ്ധമായി എന്നൊരു പശ്ചാത്താപം ലെശം പൊലും തൊന്നുവാൻ ഇട വെക്കരുതെ. ഭവതി എന്റെ ഭാൎയ്യയായി എന്ന വരികിൽ എനിക്ക ജന്മസാഫല്യം വന്നു. എങ്കിലും സ്വാൎത്ഥത്തെ മാത്രം കൊതിച്ച ഭവിഷ്യത്തുകളായ ദൊഷങ്ങളെ

എന്നാൽ മുൻകൂട്ടി കാണ്മാൻ കഴിയുന്നെടത്തോളമെങ്കിലും, ഭവതിയെ അറിയിക്കാതെ കഴിക്കുന്നത ഏററവും പാപകരമാണ. ആയതകൊണ്ട, ജീവാവസാന പൎയ്യന്തം നിലനില്ക്കേണ്ടതായ നമ്മിലെ ഈ ശാശ്വതമായ സംബന്ധത്തെ തീൎച്ചപ്പെടുത്തുന്നതിന്ന മുമ്പായി ഒരിക്കൽ കൂടി ഗുണദോഷങ്ങളെ വഴിപോലെ ആലോചിക്കേണമെ.

കുന്ദലതാ "അങ്ങുന്ന പറയുമ്പോലെ വേറെ ഒരു പുരുഷനെ വരിക്കാമായിരുന്നു എന്ന എനിക്ക തോന്നുന്നതായാൽ തന്നെ, (ഈശ്വരാ! അങ്ങിനെ തോന്നുന്ന കാലത്ത എന്റെ ഹൃദയം നശിക്കട്ടെ!) ഇപ്പോൾ സമൎപ്പിച്ചിരിക്കുന്നെടത്ത നിന്ന എന്റെ അനുരാഗത്തെ തിരികെ എടുക്കുവാൻ എന്നാൽ അശക്യമാണെല്ലൊ. ആയതകൊണ്ട ഇനി ആ വക ആലോചനകൾ നിഷ്പ്രയോജനമെന്ന തീൎച്ച തന്നെ. നന്മയായാലും തിന്മയായാലും വേണ്ടതില്ല. ഇനി മേലാൽ ഞാൻ അങ്ങേടെ കുന്ദലത, അങ്ങുന്ന എന്റെ പ്രിയ രാമകിശോരൻ, ഇതിന്ന യാതൊരു ഇളക്കവും ഇല്ല. കാലദേശാവസ്ഥകളെക്കൊണ്ട ഭേദപ്പെടാതെ, സമ്പത്തിലും വിപത്തിലും, ആപത്തിലും, അരിഷ്ടതയിലും ഒരു പോലെ, ജീവാവസാന പൎയ്യന്തം, അങ്ങെ ദൃഢമാകും വണ്ണം സ്നേഹിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന ഈ ഹൃദയത്തെയും എന്നെയും, അഖിലചരാചരഗുരുവായ ജഗദീശ്വരൻ സാക്ഷിയാകെ അങ്ങേക്കായ്ക്കൊണ്ട ഇതാ ദാനം ചെയ്യുന്നു" എന്ന പറഞ്ഞ വീഴുവാൻ ഭാവിക്കുമ്പോഴെക്ക, രാമകിശോരൻ ഹൎഷാശ്രുക്കളോടു കൂടി പിടിച്ച നിൎത്തി, രണ്ടുപേരും അന്യോന്യം ഗാഢമാകും വണ്ണം ആശ്ലിഷ്ടന്മാരായി, കുറെ നേരത്തെക്ക തങ്ങളുടെ മററ സകല അവസ്ഥകളും വിചാരങ്ങളും മറന്ന, ആനന്ദാൎണ്ണവത്തിൽ നിമഗ്നന്മാരായി നിന്നു.

പിന്നെ ദീൎഘനിശ്വാസത്തോടുകൂടി തമ്മിൽ വേർപിട്ട രണ്ടാമതും സംഭാഷണം തുടങ്ങി.

രാമകിശോരൻ:— നേരം ഞാൻ വിചാരിച്ചപോലെ അധികമായിട്ടില്ല.

കുന്ദലത:— നാം നടക്കാൻ തോട്ടത്തിലേക്ക വന്നതിൽ പിന്നെ ഈ അല്പ നേരം കൊണ്ട നമ്മുടെ മനസ്സിൽ എന്തെല്ലാം മാതിരി വിചാരങ്ങളാണ ഉണ്ടായത. അധികം നേരമായി എന്ന തോന്നിയത ആയതുകൊണ്ടായിരിക്കണം.

രാമകിശോരൻ:— ഈ അല്പനേരംകൊണ്ട, നമ്മുടെ വിചാരങ്ങളും സ്ഥിതിയും എത്ര ഭേദം വന്നു. ആശ്ചൎയ്യം!

കുന്ദലത:— നമ്മുടെ ഇപ്പൊഴത്തെ ഈ അവസ്ഥ അകൃതസുകൃതന്മാൎക്ക അസുലഭം തന്നെ.

രാമകിശൊരൻ:— പക്ഷെ, നിരുപമമായ ഈ സന്തൊഷം അധികം നെരം നില്ക്കുമെന്ന മാത്രം വിചാരിക്കെണ്ട. മനുഷ്യൎക്ക ദുഃഖസമ്മിശ്രമല്ലാത്ത സുഖം ദുൎല്ലഭം. വരുവാൻ പൊകുന്ന ഒരു സുഖക്കെട ഇതാ ഇപ്പൊൾ തന്നെ എന്റെ മനസ്സിൽ നിഴലിച്ചിരിക്കുന്നു. ആലൊചിക്കുന്നെടത്തൊളം, ആ നിഴൽ അധികം ഇരുളുകയും ചെയ്യുന്നു. — കഷ്ടം!

കുന്ദലത:— ആര എന്ത എന്നു ചൊദിക്കുമ്പൊലെ, സങ്കടത്തൊട്ടുകൂടി രാമകിശൊരന്റെ മുഖത്തെക്ക നൊക്കി.

രാമകിശൊരൻ:— എനിക്ക എന്റെ സൊദരിയെ കാണ്മാൻ വൈകിയിരിക്കുന്നു. എന്നെ ഇതുവരെയായിട്ടും കാണായ്കയാൽ അവൾ ഇപ്പൊൾ തന്നെ വ്യസനിക്കുന്നുണ്ടാവും. പൊയി വെഗത്തിൽ മടങ്ങി വരാമെന്ന തൊന്നുന്നുണ്ട. എങ്കിലും കുന്ദലതയെ പിരിയുക, എന്ന വിചാരിക്കുമ്പൊൾ തന്നെ എനിക്ക വിഷാദമാകുന്നു. സൊദരിയെ കാണാതിരിക്കുകയൊ, അതും വിഷമം. എന്ത ചെയ്യെണ്ടു എന്നറിഞ്ഞില്ല.

കുന്ദലത:— കഷ്ടം!— നമ്മുടെ സുഖം, മിന്നൽ പിണരപൊലെ ക്ഷണമാത്രം പ്രകാശിച്ചു, അതാ! നൊക്കു! എന്ന പറയുന്നതിന്നിടയിൽ ദുഃഖമാകുന്ന അന്ധകാരം ഗ്രസിച്ചു കഴിയുന്നു.

രാമകിശൊരൻ:— ഞാൻ കുന്ദലതയെയും എന്റെ ഒരുമിച്ചു കൊണ്ടുപൊയാലൊ?

കുന്ദലത:— എനിക്കവളരെ സന്തൊഷം തന്നെ പക്ഷെ—

രാമകിശൊരൻ:— പക്ഷെ, അച്ഛൻ സമ്മതിക്കുമൊ എന്നാണ സംശയം? അല്ലെ?

കുന്ദലത:— നമ്മുടെ രണ്ടാളുടെയും ഇഷ്ടം ഇന്നപ്രകാരമെന്നറിഞ്ഞാൽ അച്ഛൻ അതിന്ന മറുത്ത ഒരു വാക്ക പറകയില്ല. അദ്ദെഹം അത്ര നല്ല ആളാണ. പക്ഷെ എന്നെക്കുറിച്ചു ഇത്ര വാത്സല്യവും ദയയും ഉള്ള അദ്ദെഹത്തെ വിട്ടു പൊകുവാൻ എനിക്ക ധൈൎയ്യം മതിയാവുന്നില്ല.

രാമകിശൊരൻ:— അദ്ദെഹത്തെ വിട്ടുപൊവാൻ മനസ്സില്ലായ്മ എനിക്കും കുന്ദലതയെക്കാൾ ഒട്ടും കുറവില്ല. വെഗത്തിൽ മടങ്ങി വരാമെല്ലൊ എന്ന വിചാരിച്ചു സമാധാനപ്പെടുകയാണ ഞാൻ ചെയ്യുന്നത.

കുന്ദലത:— അച്ഛനൊട നമ്മുടെ കൂടെ പൊരെണമെന്ന അപെക്ഷിച്ചാലൊ ?

രാമകിശൊരൻ:— അതുണ്ടാവുമെന്ന എനിക്ക തൊന്നുന്നില്ല. അദ്ദെഹത്തിന്റെ ശരം വിജനവാസവും മററും കണ്ടതകൊണ്ട എനിക്ക ഊഹിക്കാം. അതകൊണ്ട നാം അപെക്ഷിച്ച അദ്ദെഹത്തിന്ന ബുദ്ധിമുട്ടാക്കി തീക്കുന്നത നന്നല്ല. കുന്ദലതയുടെ സമ്മതം ഉണ്ടെങ്കിൽ, ഞാൻ പൊയി നാലദിവസം എന്റെ സൊദരിയുടെ ഒരുമിച്ച താമസിച്ച, വെഗത്തിൽ മടങ്ങി വരാം. കുന്ദലതയെ കാണാഞ്ഞയാലുള്ള വ്യസനം ഒരു ശൃംഖലപൊലെ ഞാൻ പൊകുന്നെടത്തൊക്കെയും എന്നെ ബന്ധിക്കും. കുന്ദലതയെ കാണ്മാനുള്ള ആഗ്രഹം ഇങ്ങൊട്ടെക്ക എന്നെ സദാപ്പൊഴും ആകഷിക്കുകയും ചെയ്യും. ആയതകൊണ്ട ഞാൻ പൊയ്യരുവാൻസമ്മതിക്കണെ.

കുന്ദലതയുടെകണ്ണിൽ അശ്രു ബിന്ദുക്കൾ പൊടിഞ്ഞുകൊണ്ട "അങ്ങുന്ന പൊയാൽ വെഗത്തിൽ വരുമെല്ലൊ പൊയി വന്നൊട്ടെ. സൊദരിയെ കാണ്മാൻ താല്പൎയ്യം കൊണ്ടല്ലെ. എന്നും മററും എനിക്കുതന്നെ തൊന്നുന്നുണ്ട. പക്ഷെ തമ്മിൽ പിരിയുക എന്ന വിചാരിക്കുമ്പൊഴുണ്ടാകുന്ന വ്യസനം അടക്കുവാൻ ഞാൻ സമത്ഥയാകുന്നില്ല''.

രാമകിശൊരൻ:— കണ്ണുനീര തുടച്ച കുന്ദലതയെ സമാധാനപ്പെടുത്തുവാൻ തുടങ്ങുമ്പൊൾ, കുന്ദലത വ്യസനം സഹിയാതെ, രാമകിശൊരന്റെ മാറിടത്തെക്ക തല ചായ്ച്ചു, അശ്രുധാരകൊണ്ട രാമകിശൊരനെ കുളിപ്പിച്ചു.

രാമകിശൊരൻ " ഇങ്ങിനെ വ്യസനിക്കുന്നതായാൽ, ഞാൻ കുന്ദലതയെ പിരിഞ്ഞ എങ്ങും പൊകുന്നില്ല നിശ്ചയം തന്നെ. സൊദരിയെ കാണ്മാൻ എങ്ങിനെയെങ്കിലും ഞാൻ വഴിയുണ്ടാക്കിക്കൊള്ളാം. എതായാലും ഇങ്ങിനെവ്യസനിക്കരുതെ" എന്ന പറഞ്ഞു. ആ നിലയിൽതന്നെ രണ്ടുപെരും കൂടി നിൽക്കുമ്പൊൾ യൊഗീശ്വരൻ പിൻഭാഗത്ത കൂടി കടന്നുവരുന്നത അവർ കണ്ടില്ല. രാമകിശൊരന്റെ ഒടുക്കത്തെ വാക്കുകൊണ്ട യൊഗീശ്വരൻ വസ്തുത സൂക്ഷ്മമായി ഊഹിച്ചു. പിന്നെ അവർ അതു കഠിനമായി വ്യസനിക്കുന്നത കണ്ടപ്പൊൾ, സാവധാനത്തിൽ അവരുടെ മുൻഭാഗത്ത വന്ന നിന്നു. രാമകിശൊരന്ന യൊഗീശ്വരനെ കണ്ടപ്പൊൾ അല്പം പരിഭ്രമം ഉണ്ടായി. യൊഗീശ്വരൻ അതകണ്ട എന്ന ഭാവിക്കാതെ കുന്ദലതയെ പതുക്കെ തന്റെ മെലെക്ക അണച്ച "എന്തിനിങ്ങിനെ വ്യസനിക്കുന്നു" എന്ന ചൊദിച്ചു. കുന്ദലത യൊഗീശ്വരന്റെ മുഖത്തെക്ക ഒന്ന തല പൊങ്ങിച്ച നൊക്കി. അപ്പൊൾ വ്യസനം അധി

കമായതെയുള്ളൂ. അദ്ദെഹത്തിന്റെ സ്വഭാവത്തിന്റെ ഗുണം വളരെ പരിചയമുള്ളതായിരുന്നതകൊണ്ട ഒട്ടും പരിഭ്രമം ഉണ്ടായില്ല.

യൊഗീശ്വരൻ "എന്തായാലും വെണ്ടതില്ല, നിങ്ങളുടെ വ്യസനത്തിന്റെ കാരണം എന്നൊട പറഞ്ഞാൽ ഞാൻ നിവൃത്തിയുണ്ടാക്കാം. നിങ്ങൾ വ്യസനിക്കുന്നത കണ്ടിട്ട എനിക്കും വളരെ വ്യസനമുണ്ടാകുന്നു" എന്ന പറഞ്ഞു. സ്നെഹത്തൊടും വളരെ ദയയൊടും കൂടി പറഞ്ഞ ആ വാക്കുകൾ കെട്ടപ്പൊൾ, രാമകിശൊരൻ കുന്ദലത കഠിനമായി വ്യസനിക്കുന്നതിന്റെ കാരണം ചുരുക്കത്തിൽ പറഞ്ഞു. അതുതന്നെ തനിക്കും വളരെ വ്യസന കാരണമായിരിക്കുന്നു എന്നും അറിയിച്ചു.

യൊഗീശ്വരൻ "ഇതിന്ന വെണ്ടീട്ടാണ ഈ കാറും മഴയും? താമസിയാതെ നമുക്കെല്ലാവൎക്കും കൂടി തന്നെ രാമകിശൊരന്റെ നാട്ടിലെക്ക പൊയി സൊദരിയെക്കണ്ട മടങ്ങി വരാമെല്ലൊ. അതല്ല നാം രണ്ടപെരും അവിടെ തന്നെ താമസിച്ചെ കഴിയൂ എന്നാണ രാമകിശൊരന്റെ ആവശ്യം എങ്കിൽ അങ്ങിനെ ചെയ്യുന്നതിന്നും തരക്കെട എന്ത? ഏതായാലും ഇങ്ങിനെ വ്യസനിക്കെണ്ട ആവശ്യമില്ലല്ലൊ" എന്നിങ്ങിനെ യൊഗീശ്വരൻ പറഞ്ഞപ്പൊഴെക്ക കുന്ദലതയുടെ മുഖത്തനിന്ന "കാറും മഴയും" നീങ്ങി ശരച്ചന്ദ്രനെ പൊലെ പ്രകാശിച്ചു.

രാമകിശൊരൻ:— ഞങ്ങളുടെ ആവശ്യവും ഇതതന്നെയായിരുന്നു. അങ്ങെ അറിയിക്കുവാൻ മടിച്ചതാണ. ഇന്ന എല്ലാംകൊണ്ടും ഒരു സുദിനമാണ. ഞങ്ങളുടെ മനൊരഥം സാധിച്ചുവല്ലൊ.

യൊഗീശ്വരൻ, "എനിക്കും സുദിനമാണെന്ന പറയാം. ഞാൻരാവിലെ നടക്കാൻ പൊയത വൃഥാവിലായില്ല. എനിക്ക പണ്ടത്തെ ശിഷ്യന്മാരാരെങ്കിലുമാണെന്ന തൊന്നുന്നു, ഈ പട്ട അയച്ചതന്നത" എന്ന പറഞ്ഞ തന്റെ കയ്യിൽ ഉണ്ടായിരുന്ന ഒരു ചെറിയ പെട്ടിയിൽനിന്ന ഒരു പട്ട എടുത്തകാണിച്ചു.

കുന്ദലത "അത എടുത്തനിവൎത്തി "നല്ല പട്ട" എന്നുപറഞ്ഞു. അതിൽ ഉണ്ടായിരുന്ന ചില സുവൎണ്ണ രെഖകളെ കണ്ട വിസ്മയിച്ചു.

രാമകിശൊരൻ:— ഇത അയച്ച ശിഷ്യൻ ഏതാണ? ധനികനാണെന്ന തൊന്നുന്നു. എങ്ങിനെ കിട്ടി?

യൊഗീശ്വരൻ, "എനിക്ക തരുവാനായി ധൎമ്മപുരിയിൽ എന്റെ പരിചയക്കാരനായ ഒരു ബ്രാഹ്മണന്റെ വക്കൽ ഇന്നലെ കൊടുത്തതാണത്രെ. ആരയച്ചതാണെന്ന സൂക്ഷ്മം അറിവാൻ കഴിഞ്ഞിട്ടില്ല, വഴിയെ അറിയാം". എന്ന പറഞ്ഞ രാമകിശൊരനെയും കുന്ദലതയെയും അകത്തെക്ക പറഞ്ഞയച്ചു, താൻ രാമദാസനൊട ചിലത

പറഞ്ഞു ഏല്പിച്ചു അവനെയും എങ്ങാണ്ടൊരെടത്തെക്കു അയച്ചു. പിന്നെ വളരെ വിചാരമുള്ള മാതിരിയിൽ, ആരൊടും സംസാരിക്കാതെ, ഉമ്മറത്തു ഉലാത്തിക്കൊണ്ടും ഇരുന്നുകൊണ്ടും നെരം കഴിക്കുന്നതു കണ്ടു കുന്ദലത പറഞ്ഞു:—

അച്ഛൻ നമ്മുടെ സംഭാഷണത്തെക്കുറിച്ചും നമ്മെക്കുറിച്ചും തന്നെയായിരിക്കണം ആലൊചിക്കുന്നതു. അക്ഷെപം ഇല്ല.

രാമകിശൊരൻ:— അങ്ങിനെ തന്നെയായിരിക്കണം നമ്മുടെ മുമ്പെത്തെ പരിചയക്കെടും, ലജ്ജയും ഇപ്പൊഴത്തെ ഒരം സ്ഥിതിയും കൂടി ഓൎത്തു നൊക്കുമ്പൊൾ നമ്മെക്കൊണ്ടു എന്തു തൊന്നും. അത്ഭുതം തൊന്നാതിരിക്കയില്ല.

കുന്ദലത:— നമ്മെക്കൊണ്ടു അനിഷ്ടമായിട്ടു ഒന്നും തൊന്നീട്ടില്ലെന്നു തീൎച്ച തന്നെ. ഉണ്ടെങ്കിൽ ഒരു വിനാഴികപൊലും, നമ്മൊടു പറയാതെ അതു മനസ്സിൽ വെക്കയില്ല; എന്നു എനിക്കു നിശ്ചയമുണ്ടു. അതുകൊണ്ടു നമ്മുടെ അവസ്ഥ മുഴുവൻ അറിഞ്ഞാൽ തന്നെ അച്ഛനു പത്ഥ്യമാവുമെന്നു തൊന്നുന്നു.

ഇങ്ങിനെ അവർ തമ്മിൽ യൊഗീശ്വരനെക്കുറിച്ചു ഓരൊന്നു പറഞ്ഞുകൊണ്ടും, യൊഗീശ്വരൻ വളരെ ചിന്താപരനായിട്ടും ഇരിക്കെ നെരം വൈകി, സൂൎയ്യൻ അസ്തമിക്കയും ചെയ്തു.

---

## ൨൩-ാം അദ്ധ്യായം.

## നിഗ്രഹനം

---

കലിംഗരാജ്യത്തിൽ യുദ്ധത്തിന്നു വളരെ ജാഗ്രതയൊടു കൂടി കൊപ്പു കൂട്ടി വരുന്ന സമയത്തു, കുന്തളരാജ്യത്തെക്കു അയച്ചിരുന്ന ദൂതൻ മടങ്ങി എത്തി. അപ്പൊഴാണു യുദ്ധം കൂടാതെ കഴികയില്ലെന്നു എല്ലാവൎക്കും ബൊദ്ധ്യമായതു. അതിന്നു മുമ്പായി തന്നെ, യുദ്ധം അടുത്തിരിക്കുന്നു എന്നറിഞ്ഞു വെണ്ടുന്ന ഒരുക്കുകൾ ഒക്കെയും കൂടി തെയ്യാറാകയാൽ പ്രധാന മന്ത്രിയുടെ മുൻകാഴ്ചയെക്കുറിച്ചു എല്ലാവരും പ്രശംസിച്ചു. ദൂതൻ എത്തിയതിന്റെ നാലാം ദിവസം തന്നെ രണ്ടാളുകൾ കുന്തളരാജ്യത്തിന്റെ അതിരിൽ നിന്നു അതിവെഗത്തിൽ പാഞ്ഞെത്തി കുന്തളെശനും പടയും വരുന്ന വിവരം മന്ത്രിയെ അറിയിച്ചു. അഘൊരനാഥൻ ആ ചാരന്മാരൊടു "നിങ്ങൾ എന്തു കണ്ടു" എന്നു ചൊദിച്ചു. "ഞങ്ങൾ അജ്ഞാതന്മാരായിട്ടു കുന്തളരാജ്യത്തിൽ ചെന്നപ്പൊൾ കുന്തളെ

ശൻറ സൈന്യത്തിൻറ വലിയൊരു ഭാഗം ഇങ്ങോട്ട പുറപ്പാട തുടങ്ങിയിരിക്കുന്നു. അതിൻറ ഊക്കോട്ട കൂടിയ വരവ കണ്ടപ്പോൾ ഞങ്ങൾ ഒട്ടും താമസിയാതെ സ്വാമിയെ ഉണൎത്തിപ്പാൻ ഓടിപ്പോന്നതാണ," എന്ന ചാരന്മാർ പറഞ്ഞു.

അഘോരനാഥൻ "നിങ്ങൾ കണ്ടു എന്ന നിശ്ചയമാണെല്ലൊ?" എന്ന ചോദിച്ചതിന്ന

ചാരന്മാർ "സ്വാമീ ഞങ്ങൾ ജീവിച്ചിരിക്കുന്നു എന്നുള്ളത പോലെ പരമാൎത്ഥമാണ," എന്നുത്തരം പറഞ്ഞു. അപ്പോൾ അഘോരനാഥൻ ശത്രുക്കൾ വരുന്നത മുൻകൂട്ടി അറിയിച്ച ആ ചാരന്മാൎക്ക ചില സമ്മാനം കൊടുത്തയക്കുകയും ചെയ്തു.

പ്രധാന സേനാനാഥൻറ സ്ഥാനം വഹിക്കുവാനായിട്ട യോഗ്യന്മാരായ സേനാധിപന്മാർ ആരും ഇല്ലാതിരുന്നതിനാൽ, അഘോരനാഥൻ തന്നെ പ്രധാന സേനാനാഥനായി, തനിക്ക സഹായിപ്പാൻ പതിനാറ സേനാപതിമാരെയും തിരഞ്ഞെടുത്തു. രാജധാനിയെയും അതിന്ന ബലമായ ചിത്രദുൎഗ്ഗത്തെയും രക്ഷിച്ച നിന്ന കുന്തളേശൻറ അതിക്രമത്തെ തടുക്കുകയല്ലാതെ, അപ്പോൾ ഉള്ള സൈന്യങ്ങളെക്കൊണ്ട അദ്ദെഹത്തിൻറ ഭയങ്കരമായ സൈന്യത്തിൻറ വരവിനെത്തന്നെ തടുക്കുവാൻ പ്രയാസമാണെന്ന കണ്ട ചിത്രദുൎഗ്ഗത്തിൻറ നാല വാതിൽക്കലും ഓരൊ സേനാപതിമാരെയും ഓരായിരം ഭടന്മാരെയും, പുറവും നാലവരി കുതിരച്ചേകവരെയും നിൎത്തി. ശേഷം സൈന്യത്തെ രണ്ടായി പകുത്ത, ഏകദേശം മുവ്വായിരം കാലാളുകളും, കുറെ കുതിരച്ചേകവരും ഉള്ള വലിയ ഭാഗത്തിന്ന യുവരാജാവിനെ നായകനാക്കി, കുന്തളേശൻ വരുവാൻ തരമുള്ളതാണെന്ന തോന്നിയ ഒരു വഴിയിൽ നിൎത്തി. അങ്ങിനെയുള്ള മറ്റൊരു വഴിയിൽ സൈന്യത്തിൻറ മറ്റെ പകുതിയോടുംകൂടി പ്രധാന സേനാനാഥനായ അഘോരനാഥനും പാളയമടിച്ചു. ഇങ്ങിനെ സൈന്യങ്ങളെ ഓരൊ ദിക്കിൽ ഉറപ്പിച്ച, അവിടവിടെ കൈ നിലക്ക പടകുടികളും കെട്ടി, കുന്തളേശനും സൈന്യവും ഇതാ എത്തി, ഇതാ എത്തി, എന്ന വിചാരിച്ചകൊണ്ട, അസ്തമനം വരെ എല്ലാപേരും കാത്തു കൊണ്ടിരുന്നു. പിന്നെ, രാത്രിയിൽ ഊഴമിട്ട കാക്കുന്നവർ ഒഴികെ മററ എല്ലാവരും വേഗത്തിൽ ഉറങ്ങിക്കൊള്ളട്ടെ എന്ന പ്രധാന സേനാനാഥൻറ കല്പന പ്രകാരം ഭടന്മാരും, സേനാപതിമാരും നേരത്തെ ഉറക്കമാവുകയും ചെയ്തു.

ഇങ്ങിനെ കലിംഗ രാജാവിന്റെ സൈന്യം ശത്രുസൈന്യത്തെ നെരിടുവാൻ തെയ്യാറായിക്കൊണ്ടിരിക്കെ, അതെ സമയത്ത ചന്ദനൊദ്യാനത്തിന്റെ സമീപമുള്ള സൈകത പുരിയിൽ, ഒരു ശൂദ്രവീട്ടിൽ ഒരു സന്തൊഷം സംഭവിച്ചത നമ്മുടെ കഥയൊട വളരെ സംബന്ധമുള്ളതാകയാൽ ഇവിടെ തന്നെ പറയെണ്ടിയിരിക്കുന്നു. ആ വീട്ടിൽ ഒരു പ്രായം ചെന്ന തള്ളയും അവളുടെ ഒരു മകളും മാത്രമെയുണ്ടായിരുന്നുള്ളു. വെറെ ആരും ഉണ്ടായിരുന്നില്ലെങ്കിലും, വിളിപ്പാടിന്നുള്ളിൽ മററ പല കുടികളും ആളുകളും ഉണ്ടായിരുന്നു. പുലരുവാൻ മൂന്ന നാഴികയുള്ളപ്പൊൾ ആ വീട്ടിന്റെ പടിവാതിൽക്കൽ ആരൊ ചിലർ വിളിക്കുന്നത കെട്ടിട്ട, തള്ളതന്നെ വിറച്ച, വിറച്ചുകൊണ്ട, ഒരു കൈവിളക്കൊടുകൂടി പടിക്കലെക്ക പൊയി, വാതിൽതുറന്നു. അപ്പൊൾ മുഴുവനും കറുത്ത വസ്ത്രം കൊണ്ട മൂടിയ നാലാളുകൾ അകത്തെക്ക കടന്നു. അതിൽ ഒരുവൻ കൂടെ വന്നിട്ടുണ്ടായിരുന്ന ചിലരെ പറഞ്ഞയച്ച വെഗത്തിൽ എല്ലാററിലും മുമ്പിൽ വന്നു. മുഖം മൂടിയത എടുത്തുകളഞ്ഞു, "നിങ്ങൾ എന്നെ അറിഞ്ഞുവൊ?" എന്ന ആ തള്ളയൊട ചൊദിച്ചു. തള്ള അവർ എന്തൊരു കൂട്ടം ആളുകളാണ, എന്തിന്ന വന്നവരാണെന്നും മററും അറിയായ്കയാൽ പരിഭ്രമിച്ചിരുന്നു എങ്കിലും, അവൻ ചൊദിച്ചത കെട്ടപ്പൊൾ തന്റെ വിളക്ക ഉയർത്തിപ്പിടിച്ച, തലപൊങ്ങിച്ച കുറെനെരം അവന്റെ മുഖത്തെക്ക നൊക്കി "ഞാൻ അറിഞ്ഞില്ലെ!" എന്ന പറഞ്ഞു കണ്ണു തിരുമ്പി പിന്നെയും നൊക്കി. അപ്പൊഴെക്ക അമ്മ വരുവാനിത്ര താമസമെന്തെന്നറിയായ്കയാൽ, മകളും പടിക്കലെക്ക എത്തി. "നിയ്യ എന്നെ അറിഞ്ഞുവൊ?" എന്ന അവൻ അപ്പൊൾ മകളൊടും ചൊദിച്ചു; അവൾ കുറച്ച നെരം മുഖത്തെക്ക സൂക്ഷിച്ച നൊക്കി "എന്റെ ഏട്ടനല്ലെ ഇത"? എന്ന പറഞ്ഞു കരഞ്ഞുംകൊണ്ട ഉടനെ അവനെ കെട്ടിപ്പിടിച്ചു. "എന്റെ കുട്ടി, നിയ്യ മരിച്ചു പൊയി എന്നല്ലെ ഞങ്ങൾ എല്ലാരും വിചാരിച്ചത?". എന്ന പറഞ്ഞു തള്ളയും അവനെ കെട്ടിപ്പിടിച്ചു, രണ്ട പെരും കൂടി വളരെ സന്തൊഷിച്ചു; പിന്നെ തള്ള പല പഴമകളും പറഞ്ഞു ഇത്തിരിനെരം കണ്ണുനീർ ഒലിപ്പിച്ച കൊണ്ട നിന്നു.

അതിന്റെ ശെഷം അവൻ മററ മൂന്നാളുകളെയും അകായിലെക്ക കൂട്ടിക്കൊണ്ട പൊയി നല്ല ഒരു അകത്ത ഒരു കട്ടിലിന്മെൽ ഇരുത്തി, കുറച്ച നെരം അവരൊട രഹസ്യമായി ചിലത പറഞ്ഞു പുറത്തെക്ക കടന്ന അമ്മയെയും പെങ്ങളെയും വിളിച്ച "അമ്മെ,! എന്നെ ചത്ത പൊകാതെ ഇത്ര നാളും രക്ഷിച്ചത ഇവരാണ കിട്ടൊ! പെരുത്ത

നല്ലോരാണമ്മെ ഇവര. ഇവൎക്ക വെണ്ടുന്ന സല്ക്കാരങ്ങളെല്ലാം നിങ്ങൾ ചെയ്യണം. പക്ഷെ അവരൊട ഊരും പെരും, ഏതും ചൊദിക്കാതിരിക്കട്ടെ. എന്ന തന്നെയല്ല, മററ ആരെങ്കിലും ഇവിടെ വന്നാൽ ഇവരുളള വൎത്തമാനം മാത്രം മുണ്ടിപ്പൊകരുത. അവര ഇവരെ കണ്ടു എന്നും വന്ന പൊകരുത. അത നല്ലവണ്ണംകരുതി കൊള്ളുവിൻ. ഞാൻ അന്തി ആവുമ്പൊഴെക്ക മടങ്ങി വരും. വൎത്തമാനംഎല്ലാം അപ്പൊൾ പറയാം. എന്നാൽ പറഞ്ഞൊണ്ണം എല്ലാം ഒരു തൊരക്ക വ്യത്യാസം കൂടാതെ നടന്നൊളിൻ. തെററിന്നും വന്നു, എന്നെ മഷി വെച്ച നൊക്കിയാൽ കൂടി നിങ്ങൾക്ക കാണ്മാൻ കഴില്ല, അത നല്ലവണ്ണം ഓൎമ്മയുണ്ടായിരുന്നൊട്ടെ!" എന്ന പറഞ്ഞു, തളളയുടെ വക്കൽ ഒരു സഞ്ചി പണവും കൊടുത്തു, പുറത്തെക്ക കടന്നു. അപ്പൊഴെക്ക അകത്തിരുന്നിരുന്നവരിൽ ഒരാൾ കൂടി പുറത്തെക്ക വന്നു. അവർ രണ്ട പെരും കൂടി, തമ്മിൽ ഒന്നും സംസാരിക്കാതെ ബദ്ധപ്പാടൊടു കൂടി വെഗത്തിൽ പടി കടന്ന പൊകയും ചെയ്തു.

---

## ൧൩-ാം അദ്ധ്യായം.

### യുദ്ധം.

### (പ്രതിക്രിയ)

മുമ്പെത്തെ അദ്ധ്യായത്തിൽ വിവരിച്ച പ്രകാരം ഉറങ്ങിക്കിടക്കുന്ന സൈന്യങ്ങൾ, യുവരാജാവിന്റെ പാളയത്തിൽനിന്ന, പ്രഭാത സമയത്തു, കാഹള ശബ്ദവും, ഭെരീനിനാദവും, കൊലാഹലവും കെൾക്കുകയാൽ, ഉണൎന്ന ഉടുപ്പിട്ടു, ആയുധപാണികളായി. ആ കൊലാഹലം കെട്ടത കുന്തളെശന്റെ സൈന്യം ദൂരെ വരുന്നത കണ്ടതിനാലായിരുന്നു. ആ സൈന്യത്തെ കണ്ട ദിക്കിന്റെയും, യുവരാജാവിന്റെ വ്യൂഹം നിൎത്തിയതിന്റെയും മദ്ധ്യത്തിൽ ഒരു ചെറിയ കുന്നും, അതിന്ന ചുററും നല്ല കാടും ഉണ്ടായിരുന്നതിനാൽ കുന്തളെശന്റെസൈന്യം എത്ര വലിയതാണെന്നറിവാൻ പ്രയാസമായി തീൎന്നു. ആ കാട്ടിൽ, യുവരാജാവിന്ന യാതൊരു തരക്കെടും വരരുതെന്നുളള വിചാരം ഹെതുവായിട്ട അദ്ദെഹത്തിന്റെ ദെഹരക്ഷയിങ്കൽ വളരെ താല്പൎയ്യത്തൊടു കൂടി, വെടക്കരച്ചൻ മുപ്പായിരം ചെടരെ തെയ്യാറാക്കീട്ടുണ്ടായിരുന്നു. വെടർ നിന്നിരുന്ന സ്ഥലം കുറെ ഉയൎന്നതായിരുന്നതിനാൽ അത അവൎക്ക നല്ല ഒരു

ആക്കമായി. വെടർ ഓരൊ മരങ്ങളുടെയും പൊന്തകളുടെയും പിന്നിൽ തങ്ങളുടെ ശരീരത്തെ മറച്ചാണ നിന്നിരുന്നത; അതകൊണ്ടും, സ്വതെ കറുത്ത അവരുടെ ശരീരം മിക്കതും നഗ്നമായിരുന്നതിനാലും, ശത്രുക്കൾ വെടരുടെ ഉപായം മനസ്സിലാകാതെ അവരുടെ വളരെ അരികത്ത, എത്തി. എത്തെണ്ട താമസമെയുണ്ടായുള്ളു; അപ്പൊഴെക്ക, കാട്ടിൽ ഒളിഞ്ഞിരുന്നിരുന്ന വെടർ ഒന്നായി എഴുനീററ, അതി വിദഗ്ദ്ധതയൊടുകൂടി ശത്രുസൈന്യത്തിന്മെൽ, കഠിനമായ അമ്പുമാരി തുടരെ, തുടരെ തൂകി. ഒട്ടും ഓക്കാതെ ഇങ്ങിനെ ഒരു അടി കിട്ടിയപ്പൊൾ, ഹുങ്കാരത്തൊടുകൂടി പൊയിരുന്ന ആ സൈന്യത്തിന്റെ ദ്രുതഗതി, പൊടുന്നനവെ നിന്ന, അല്പം നെരം പരിഭ്രമിക്കുകയാൽ, വെടന്മാരുടെ ഇടവിടാതെയുള്ള അസ്ത്രപ്രയൊഗം, കൊണ്ടു, അതിന്ന വലിയ നാശം സംഭവിച്ചു. ശത്രുസൈന്യത്തിൽ വില്ലാളികൾ ഇല്ലാതിരുന്നതിനാൽ, സെനാപതി വെടരൊട യാതൊന്നും പകരം ചെയ്യാൻ ശ്രമിക്കാതെ, ശെഷിച്ച സൈന്യത്തെ വെഗത്തിൽ മുന്നൊട്ടനടത്തി, യുവരാജാവിന്റെ വ്യൂഹത്തൊടടുപ്പിച്ചു. അപ്പൊൾ വെടക്ക എയ്യുവാൻ തരമില്ലാതായി. നിരന്ന സ്ഥലത്തെക്കിറങ്ങി കുന്തളെശന്റെ കുതിരപ്പടയൊട നെരിടുവാൻ കുതിരയില്ലാത്തതിനാൽ വെടക്ക സാമൎത്ഥ്യവും പൊരാ. ആകയാൽ അവർ യുവരാജാവിന്ന കഴിയുന്ന സഹായം ചെയ്യാൻ വെണ്ടി കീഴ്പ്പെട്ട ഇറങ്ങി, ആ സൈന്യത്തൊട ചെറുകയും ചെയ്തു. അതിന്നിടയിൽ അഘൊരനാഥനും യുവരാജാവിന്റെ രക്ഷക്ക തന്റെ സ്ഥാനം വിട്ട ഓടി എത്തി. ആകാരദാരുണനായ അദ്ദെഹത്തിന്റെ ഉന്നതഘൊണംകൊണ്ടു ശൊഭിതമായ മുഖം എല്ലാററിന്റെയും മീതെ പൊങ്ങി കാണുമാറായപ്പൊഴെക്ക, യുവരാജാവിന്നും സൈന്യത്തിന്നും ധൈൎയ്യവും ഉത്സാഹവും വൎദ്ധിച്ചു. അദ്ദെഹം എത്തിയ ഉടനെ തന്റെ ആയതമായ വാൾ ഊരിപ്പിടിച്ച, ശത്രുസൈന്യത്തിലുള്ള പ്രധാനികളെയൊക്കെയും സൂക്ഷിച്ച നൊക്കിത്തുടങ്ങി. അതിന്റെ ആവശ്യം കൃതവീൎയ്യനെ കണ്ടുപിടിപ്പാനായിരുന്നു. കൃതവീൎയ്യനൊട നെരിട്ട പൊരുതി അദ്ദെഹത്തെ തൊല്പിച്ചാൽ, ശത്രുക്കൾ ഉടനെ തൊററ ഓടിപ്പൊകുമെന്നും, അദ്ദെഹത്തൊട നെരിടുവാൻ തന്റെ സൈന്യത്തിൽ അത്ര ബലവും, അഭ്യാസവും ഉള്ള ആളുകൾ വെറെ ആരും ഇല്ലെന്നും അഘൊരനാഥന്ന നല്ല നിശ്ചയമുണ്ടായിരുന്നു. അതിന്നിടയിൽ യുവരാജാവിന്റെ സൈന്യവും കുന്തളെശന്റെ സൈന്യവും തമ്മിൽ ഏററ ഘൊരമായ സമരം തുടങ്ങി.

രാജധാനിയുടെ കിഴക്കഭാഗത്ത കുന്തളെശൻെറ സൈന്യം ഭയങ്കരമായി അങ്ങിനെ പൊരുതുവാൻ തുടങ്ങിയപ്പൊഴെക്ക, ഏകദെശം അത്ര തന്നെ വലുതായ മറ്റൊരു സൈന്യം ആരും വിചാരിക്കാത്ത ദുഷ്ടമായ ഒരു സ്ഥലത്തകൂടെ കടന്ന, അധികം ശബ്ദങ്ങളും കൊലാഹലങ്ങളും മറ്റും കൂടാതെ, രാജധാനിയുടെ പശ്ചിമ ഗൊപുരത്തിന്ന സമീപം എത്തി. എത്തിയ ഉടനെ അവിടെ നിൎത്തിയിരുന്ന ചെറിയ സൈന്യത്തൊട ചുരുക്കത്തിൽ ഒന്ന ഏറ്റു. അവരുടെ എണ്ണം കുറകയാലും സാമൎത്ഥ്യം പൊരായ്കയാലും ശത്രുക്കൾക്ക രാജധാനിക്കുള്ളിൽ കടക്കുവാൻ അധികം പ്രയാസമുണ്ടായില്ല. ഉള്ളിൽ കടന്നതിൻെറ ശെഷമാണ അഘൊരനാഥനെ ആ വൎത്തമാനം അറിയിക്കുവാൻ ആൾ പൊയത. ആ സൈന്യത്തിൻെറ അധിപതി കൃതവീൎയ്യൻ താൻ തന്നെയായിരുന്നു. അദ്ദെഹം രാജധാനിക്കുള്ളിൽ കടന്ന ഉടനെ ഒരു നിമിഷം പൊലും കളയാതെ, വൃദ്ധനായ കലിംഗരാജാവിൻെറ അരമനയുടെ മുകളിലെക്ക കയറിച്ചെന്നു. ദുൎബ്ബലന്മാരായ രക്ഷിജനം, കുന്തളെശനും ഭടന്മാരും വരുന്നത കണ്ടപ്പൊൾ വ്യാഘ്രത്തെക്കണ്ട ശ്വാക്കളെപ്പൊലെ അവരവരുടെ സ്ഥാനം വിട്ട മണ്ടിത്തുടങ്ങി. കുന്തളെശൻ മഹാരാജാവിൻെറ മുമ്പിൽ എത്തിയ ഉടനെ, കൂടെ കൊണ്ടവന്നിട്ടുണ്ടായിരുന്ന ഉറപ്പുള്ള ഒരു ഡൊലി തിരുമുമ്പാകെ വെപ്പിച്ച "തിരുമനസ്സകൊണ്ട, അതിൽ കയറി ഇരിക്കണം" എന്ന ഉറപ്പിച്ച പറഞ്ഞു. വൃദ്ധൻ വസ്തുത മുഴുവൻ ഗ്രഹിയാതെ "എന്തിന്ന?" എന്ന ചൊദിച്ചു. "അത ഞാൻ വഴിയെ ഉണൎത്തിക്കാം" എന്ന പറഞ്ഞ കൃതവീൎയ്യൻ തന്നെ വൃദ്ധനായ മഹാരാജാവിനെ പതുക്കെ താങ്ങിപ്പിടിച്ച എടുത്ത വണക്കത്തൊടുകൂടി ഡൊലിയിൽ വെച്ച വാതിൽ അടച്ചു, ഡൊലിക്കാരൊട വെഗത്തിൽ കൊണ്ടുപൊകുവാൻ അടയാളം കാണിക്കുകയും ചെയ്തു. ഡൊലിക്കാർ ഗൊപുരത്തിൽ എത്തിയപ്പൊഴെക്ക രക്ഷക്ക കുന്തളെശൻെറ ഭടന്മാർ മുപ്പത ആളുകൾ കൂടെ കൂടി, കഴിയുന്നവെഗത്തിൽ കുന്തളരാജ്യത്തിൻെറ നെരിട്ട ഡൊലിയും കൊണ്ട പൊകയും ചെയ്തു. ഇതിന്നിടയിൽ പശ്ചിമ ഗൊപുരവും രാജധാനിക്കുള്ളിൽ ഭണ്ഡാര ശാല മുതലായ പല പല മുഖ്യമായ സ്ഥലങ്ങളും കുന്തളെശൻെറ സൈന്യം കൈവശമാക്കി, താമസിയാതെ രാജധാനി മുഴുവനും കുന്തളെശൻ കരസ്ഥമാക്കുമെന്ന തീൎച്ചയായിത്തുടങ്ങിയപ്പൊഴെക്ക, കിഴക്കഭാഗത്ത കൂടി വന്നിരുന്ന സൈന്യം മിക്കതും, അഘൊരനാഥൻെറയും, ചെടക്കരചൻെറയും അത്ഭുതമായ പരാക്രമം കൊണ്ട ഒടുങ്ങി. ആ സമയത്താണ കൃതവീൎയ്യനും സൈന്യവും,

പശ്ചിമഗോപുരത്തിലൂടെ അകത്തെക്ക കടന്ന വിവരം ഒരുവൻ ഓടി ചെന്ന അഘോരനാഥനെ അറിയിച്ചത. ഇടി വെട്ടിയത പൊലെ അദ്ദേഹം ഒന്ന നടുങ്ങി. അര വിനാഴിക നെരം, ആ നിലയിൽ നിന്ന തന്നെ ആലൊചിച്ച, ഉടനെ മനസ്സുറച്ച, അശ്വാരൂഢന്മാരായ തിരഞ്ഞെടുത്ത അഞ്ഞൂറ ഭടന്മാരൊടു കൂടെ കിഴക്കെ ഗൊപുരത്തിൽ കൂടി കടന്ന പശ്ചിമഗൊപുരത്തിന്ന നെരിട്ട പൊകയുംചെയ്തു.

(മൂന്ന യവനന്മാർ)

രാജധാനിയുടെ സമീപം യുദ്ധം ഇങ്ങിനെ ഭയങ്കരമായി നടന്ന കൊണ്ടിരിക്കെ, അവിടെ നിന്ന നാല നാഴിക വഴി വടക്ക, ഒരു വഴിയമ്പലത്തിന്ന സമീപം, സാമാന്യത്തിൽ അധികം വലിയ ഒരു അറബികുതിരയുടെ പുറത്ത കയറി ഒരു യവനൻ നില്ക്കുന്നത കാണായി. ആയാളുടെ മുഖം, അതി ശൈത്യമുള്ള യവനരാജ്യങ്ങളിലെപ്പൊലെ വെളുപ്പും മഞ്ഞയും കൂടി കലൎന്ന, മനൊഹരമായ ഒരു നിറമായിരുന്നു. മുഖമൊഴികെ ശരീരം മുഴുവനും, കറുത്ത കുപ്പായവും കാലൊറയും കൊണ്ട നല്ലവണ്ണം മൂടിയിരുന്നു. തലെക്കെട്ടും കറുത്തത തന്നെ. കറുത്ത നീണ്ട അതി നിബിഡമായ താടി- നീണ്ട തടിച്ച വളരെ ബലമുള്ള ശരീരം— തീപ്പൊരികൾ പറക്കുന്നു എന്ന തൊന്നിക്കത്തക്കവണ്ണം ഉജ്ജ്വലത്തുകളായ നെത്ര യുഗളങ്ങൾ— ഇങ്ങിനെയാണ ആ യവനന്റെ സ്വരൂപം. കുതിരയുടെ ജീനിയിന്മെൽ ഒരു വലിയ കുന്തം തിരുകിട്ടുണ്ട. അരയിൽനിന്ന അതി ദീൎഘമായ ഒരു വാൾ ഉറയൊടുകൂടി തൂങ്ങുന്നുണ്ട. കയ്യിൽ ഒരു വലിയ വെണ്മഴുവും ഉണ്ട. എല്ലാംകൂടി കണ്ടാൽ ഒരു നല്ല യൊദ്ധാവാണെന്ന തൊന്നും.

ആ യവനയൊദ്ധാവ ഒരു കൈകൊണ്ട തന്റെ നീണ്ട താടി ഉഴിഞ്ഞു, മറ്റെകയ്യിൽ ആ വലിയ വെണ്മഴു എടുത്ത ചുഴററിക്കൊണ്ട, ഒരാൾക്ക കാത്തുനില്ക്കുന്നതപൊലെ ഒരു ദിക്കിലെക്ക തന്നെ നൊക്കിക്കൊണ്ട കുറച്ചനെരം നിന്നപ്പൊഴെക്ക, ആ ദിക്കിൽനിന്ന വെറൊരു യവനയൊദ്ധാവ കുതിരപ്പുറത്ത അതിവെഗത്തിൽ ഓടിച്ചുകൊണ്ട വരുന്നത കാണായി. ആയാളുടെ മുഖവും വെഷവും മററും മെൽ വിവരിച്ച മാതിരിതന്നെ. പക്ഷെ സകലവും ശുക്ലവൎണ്ണമാണ. താടിയും വെളുത്തത തന്നെ. വെണ്മഴു ഇല്ല. വാളാണ ആയുധം. മററ വ്യത്യാസം ഒന്നും ഇല്ല. ആ വെള്ളത്താടി വെഗത്തിൽ വന്ന, ബദ്ധപ്പാടൊടുകൂടി ചിലത കറുത്ത താടിയുടെ ചെവിയിൽ മന്ത്രിച്ചപ്പൊൾ ആയാൾ തന്റെ വക്കൽ

ഉണ്ടായിരുന്ന ഒരു ചെറിയ കുഴൽ എടുത്തു, കൃക്കിവിളിക്കുംപോലെ ഉച്ചത്തിൽ വിളിച്ചു, കിഴക്കൊട്ടെക്കു നൊക്കിനിന്നു. അര നിമിഷത്തിനുള്ളിൽ ആ ദിക്കിൽനിന്നു വെറെ ഒരു യവനയൊദ്ധാവ ഓടിച്ചു വന്നു. ആയാളുടെ വെഷവും മെൽപറഞ്ഞവരുടെ മാതിരിതന്നെയാണ്ണ. പക്ഷെ വസ്ത്രങ്ങൾ ഒക്കെയും രക്തവൎണ്ണമായിരുന്നു. താടിയും അല്പം ചെമ്പിച്ച മാതിരി തന്നെ. കയ്യിൽ ഒരു വലിയ കുന്തം പിടിച്ചിരിക്കുന്നു. അരയിൽനിന്ന ഒരു വാൾ തൂക്കീട്ടും ഉണ്ട. മൂന്ന പെൎക്കും അല്പം ഒരു വിശെഷവിധി കൂടെയുണ്ട. വെള്ളത്താടിക്ക കറുത്തതും, കറുത്ത താടിക്ക ചുവന്നതും, ചുവന്ന താടിക്ക വെളുത്തതും ആയ ഓരൊ പട്ടുറുമാൽ പിൻഭാഗത്തനിന്ന വിശദമായി കാണത്തക്കവണ്ണം, മടക്കി ച്ചുമലിൽ മരു ഭാഗത്തെക്കായിട്ട കെട്ടീട്ടുമുണ്ടായിരുന്നു. മൂന്ന പെരും എത്തികൂടിയ ഉടനെ വെള്ളത്താടിവന്ന പശ്ചിമഭാഗത്തെക്ക, ആയാളെത്തന്നെ മുമ്പിലാക്കി, അല്പം ഓടിച്ചപ്പൊഴെക്ക, കലിംഗമഹാരാജാവിനെ എടുത്ത കൊണ്ടുപൊകുന്ന ഡൊലിക്കാരും അവരുടെ കൂടെ രക്ഷക്ക പൊന്നിട്ടുള്ള ഒരു കൂട്ടം ഭടന്മാരും, ദൂരെ ഒരു വഴിക്ക പൊകുന്നത കണ്ടു. അവർ യവനന്മാരെ കണ്ടില്ല. യവനന്മാർ അവരുടെ എതാണ്ട അടുത്ത എത്തിയപ്പൊൾ, ഒട്ടും അനങ്ങാതെ അല്പം നെരം നിന്നു. അപ്പൊഴെക്ക ഡൊലിക്കാരും പകുതി ഭടന്മാരും, രണ്ട കുന്നുകളുടെ നടുവിൽ കൂടിയുള്ള ഒരു ഇടുക്ക വഴിയുടെ അങ്ങെ ഭാഗത്തെക്ക കടന്നത കണ്ട യവനന്മാർ തക്കമറിഞ്ഞു ഓടിയെത്തി. കറുത്ത താടി മുൻപിൽ കടന്ന തന്റെ വലിയ വെണ്മഴു ഓങ്ങിക്കൊണ്ട, ആ കുടുങ്ങിയ സ്ഥലത്തിന്റെ മീതെ ചെന്നുനിന്ന "അവിടെ വെക്കുവിൻ കള്ളന്മാരെ!, നിങ്ങൾ ആരാണെന്ന പരമാൎത്ഥം ഇപ്പൊൾ പറഞ്ഞിട്ടില്ലെങ്കിൽ നിങ്ങളുടെ അവസാനം അടുത്തിരിക്കുന്നു എന്ന കരുതിക്കൊൾവിൻ!" എന്ന അതിനിഷ്ഠുരതരം പറഞ്ഞപ്പൊൾ ഡൊലിക്കാർ ഉടനെ ഡൊലി താഴെ വെച്ചു. ഭടന്മാർ ഓടിപ്പൊകുന്നതിനെ തടുക്കുവാൻ വെണ്ടി, ചുവന്ന താടിയും വെള്ളത്താടിയും, അതിന്നിടയിൽ, ആ കുടുങ്ങിയ വഴിയുടെ മുമ്പിലും പിന്നിലും പൊയി നിന്ന വഴിയടച്ചു. ഇങ്ങിനെ പെട്ടെന്ന തങ്ങളെ, കാലതുല്യന്മാരായ ആ യവനന്മാർ കടുഭാഷണം കൊണ്ട ഭീഷണിപ്പെടുത്തിയപ്പൊൾ, ഭടന്മാർ നാല പുറത്തും നൊക്കി തങ്ങളുടെ അപകടത്തെ മനസ്സിലാക്കി നിൎവ്വാഹമില്ലെന്ന നിശ്ചയിച്ചു, പരമാൎത്ഥം ഒക്കെയും പറഞ്ഞു. "നല്ലത, നിങ്ങൾ പരമാൎത്ഥം പറഞ്ഞത നന്നായി. നിങ്ങൾക്ക പ്രാണനെക്കൊതിയുണ്ടെങ്കിൽ ഡൊലിയെടുത്തവരൊഴികെ

ശേഷമുള്ളവർ ഒരുത്തനെങ്കിലും പിന്നോക്കം തിരിയാതെ, ഇപ്പോൾ ഞങ്ങൾ നോക്കി നില്ക്കെത്തന്നെ കുന്തളരാജ്യത്തെക്ക പോകെണം. താമസിച്ചാൽ മരണം നിശ്ചയം. ഡോലിക്കാരെ ഞങ്ങൾ വെണ്ടപോലെ രക്ഷിക്കും." എന്ന കരുത്ത താടി പിന്നെയും പറഞ്ഞു. ഭടന്മാർ യവനന്മാരുടെ അധികമായ പൌരുഷം കണ്ടു ഭയപ്പെട്ടു, അങ്ങിനെ തന്നെ എന്ന സമ്മതിച്ച അപ്പോൾ തന്നെ കുന്തളരാജ്യത്തെക്ക പോകയും ചെയ്തു. യവനന്മാർ ഭടന്മാരെ കാണാതാകുന്നവരെ നോക്കിക്കൊണ്ടു നിന്ന ശേഷം രാജാവിനെ എടുപ്പിച്ചുകൊണ്ടു വെറെ ഒരു വഴിയായിപ്പൊയി, തരക്കേട ഒന്നും കൂടാതെ ഒരു ദിക്കിൽ എത്തി, രാജാവാണെന്നുപറഞ്ഞു, അവിടെ ചിലരെ ഏല്പിച്ചു, അല്പം ഭക്ഷണം കഴിച്ചു ഉടനെയുദ്ധം നടക്കുന്നെടത്തെക്ക ഓടിള്ളകയും ചെയ്തു.

## (കാരാഗ്രഹം)

ഇതൊക്കെയും നാലഞ്ച നാഴികകൾക്കുള്ളിലാണ യവനന്മാർ സാധിച്ചത. അവർ രാജധാനിയുടെ സമീപം എത്തിയപ്പോൾ ഉള്ളിൽനിന്ന അതി ഘോരമായി സമരം നടക്കുന്നതിന്റെ കോലാഹലം കേൾക്കുമാറായി. യവനന്മാൎക്ക ക്ഷമയില്ലാതായി. അവരുടെ പടക്കുതിരകളും അവരെപ്പോലെ തന്നെ യുദ്ധത്തിന്റെ നടുവിലെക്ക എത്തുവാൻ താല്പൎയ്യത്തോടുകൂടി ഹെഷാരവം മുഴക്കി, മുന്നോട്ടു കുതിച്ചു തുടങ്ങി. പശ്ചിമ ഗോപുരത്തിന്റെ സമീപമാണ അവർ ഒന്നാമത ചെന്നത. അതിന്റെ മൂൎദ്ധാവിൽ കുന്തളെശന്റെ കൊടി പാറുന്നത കണ്ടു, അതിലൂടെ കടപ്പാൻ എളുതല്ലെന്ന തീൎച്ചയാക്കി, ദക്ഷിണ ഗോപുരത്തിന്റെ നെരെ ചെന്നു. അവിടെ കലിംഗരാജാവിന്റെ കൊടി കണ്ടപ്പൊൾ അതിലൂടെ കടപ്പാൻ തുടങ്ങി. അവിടെ നിന്നിരുന്ന ഭടന്മാർ വിരൊധം ഭാവിച്ചപ്പോൾ, കരുത്തതാടി, "നിങ്ങൾ ഞങ്ങളെ തടുക്കേണ്ട, ഞങ്ങൾ കലിംഗ രാജാവിന്റെ ബന്ധുക്കളാണ; സത്യം" എന്നുച്ചത്തിൽ പറഞ്ഞു. ഭടന്മാർ യവനന്മാർ പറഞ്ഞത വിശ്വസിക്കയാലൊ, ഭയങ്കരന്മാരായ അവരൊട നെരിടുവാൻ ധൈൎയ്യം പൊരായ്കയാലൊ, അവരെ ഒട്ടും തടുത്തില്ല. എന്ന തന്നെയല്ലാ, യുദ്ധമദ്ധ്യത്തിങ്കലെക്ക ചെല്ലുന്ന ആ യവനന്മാരുടെ പിന്നാലെ തന്നെ, അവരുടെ സഹായത്തിന്നായിട്ടു വളരെ ഭടന്മാരുംകൂടെ പൊകയുംചെയ്തു. അഘോരനാഥനും സൈന്യവും കിഴക്ക ഭാഗത്ത നിന്ന പൊരുതുന്നു. കുന്തളെശനും തന്റെ അനവധി ഭടന്മാരും പടിഞ്ഞാറെ ഭാഗത്ത നിന്ന വളരെ പരാക്രമത്തൊടു കൂടി പൊരുതുന്നു. കുന്തളെശനും, അഘൊരനാഥനും തമ്മിൽ നെരിടുക

മാത്രം കഴിഞ്ഞിട്ടില്ല. അഘൊരനാഥന്റെ ചെറിയ സൈന്യം വെഗത്തിൽ അധികം ചെറുതാകുന്നു. കുന്തളന്റെ സൈന്യത്തിന്ന മദംവൎദ്ധിക്കുന്നു അങ്ങിനെയിരിക്കുമ്പൊഴാണ യവനന്മാർ പൊൎക്കളത്തിൽ എത്തിയത. അവരെക്കണ്ടപ്പൊൾ കുന്തളെശന്റെ സൈന്യം സന്തൊഷിച്ചു. അഘൊരനാഥന്റെ സൈന്യങ്ങൾ ഭയപ്പെടുകയും ചെയ്തു. ആ വസ്തുത കരുത്തതാടി അറിഞ്ഞു ഉടനെ, തന്റെ ചുമലിൽ കെട്ടിയിരുന്ന ഉറുമാൽ അഴിച്ചു മെല്പെട്ട വലിച്ചെറിഞ്ഞു. അത കണ്ടപ്പൊൾ അഘൊരനാഥൻ "അവർ നമ്മുടെ രക്ഷിതാക്കന്മാർ, ഒട്ടും ഭയപ്പെടരുത, ഭയപ്പെടരുത" എന്ന ഉച്ചത്തിൽ പറഞ്ഞു തന്റെ വിഹ്വലമാനസന്മാരായ സെനാ നായകന്മാരെയും, ഭയ പരവശന്മാരായ സൈന്യങ്ങളെയും ധൈൎയ്യപ്പെടുത്തി. പിന്നെ യവനന്മാർ ഒട്ടുംനെരം കളയാതെ അവരുടെ ആയുധങ്ങളെ പ്രയൊഗിക്കുവാൻ തുടങ്ങി. കരുത്തതാടിയുടെ സമീപത്തെക്കു കുന്തളെശന്റെ ഭടന്മാർ സ്മരിക്കുന്നതെയില്ല. ആയാൾ ഒരു സംഹാരരുദ്രനെപ്പൊലെ, ശത്രുക്കളെ അതിവെഗത്തിൽ കൊന്നൊടുക്കുന്നു, വലത്തെക്കാൽ അങ്കവടിയിൽ ഊന്നി വലത്തൊട്ടു, ചെരിഞ്ഞു തന്റെ വലിയ വെണ്മഴുകൊണ്ടു, ഊക്കൊടെയുമിട്ടു വെട്ടുമ്പൊൾ, അതിൽ തകൎന്നുപൊകാതെ ഒന്നും തന്നെയില്ല. ആ കൊത്തുകൊണ്ടു മറിയുന്ന ഭടന്മാരും കുതിരകളും അനവധി. അങ്ങിനെ നിസ്തുല്യനായ ആ യവനൻ ജൃംഭിച്ചടുക്കുന്നെടത്ത നിന്ന ശത്രുക്കൾ ഒഴിച്ചുതുടങ്ങി. കുന്തളെശന്ന വളരെ വിസ്മയവും വിസ്മയത്തെക്കാൾ അധികം ഭയവും ഉണ്ടായി. "ഇവരാര? മഗധെശ്വരന്റെ കൂറുകാരാവാൻ പാടില്ല. എന്നാൽ എന്റെ പ്രതികൂലികളാവുന്നതല്ലായിരുന്നു. അഘൊരനാഥന്റെ മുൻകാഴ്ച്ച കൊണ്ടു, എവിടുന്നൊ വരുത്തിയവരാണ. ഏതെങ്കിലും എന്നാൽ കഴിയുന്നത ചെയ്യെണം" എന്നിങ്ങിനെ അദ്ദെഹം കുറച്ചു നെരം വിചാരിച്ചു രണ്ടാമതും വൎദ്ധിച്ചിരിക്കുന്ന പരാക്രമത്തൊടുകൂടി പൊരുതുവാൻ തുടങ്ങി. കുന്തളെശന്റെ പരാക്രമവും അല്പമല്ല. ശരീരവും മുഖവും മുഴുവൻ ഇരുമ്പുചട്ട കൊണ്ടു മൂടിയിരുന്നതിനാൽ, ശത്രുക്കളുടെ വെട്ടും കുത്തും അദ്ദെഹത്തിന്ന അല്പംപൊലും തട്ടുന്നില്ല. എന്നുതന്നെയല്ലാ, അദ്ദെഹത്തിന്റെ ഇടത്തുകയ്യിൽ പിടിച്ചിരുന്ന ഒരു ചെറിയ ഇരിമ്പു പരിചകൊണ്ടു വെട്ടുകൾ അതിവിദഗ്ദ്ധതയൊടുകൂടി തടുക്കുന്നതും ഉണ്ടു. തനിക്കു അപായം വരുവാൻ ഒട്ടും വഴിയില്ലാതാകയാൽ ശത്രുസൈന്യത്തൊടണഞ്ഞു പൊരുതി. അനവധി ഭടന്മാരെ തെരുതെരെ, തന്റെ വാളിന്നൂണാക്കുന്നു. അങ്ങിനെ രണ്ടുഭാഗത്തും ഭടന്മാർ മരണം കൊ

ണ്ടും മറികൊണ്ടും വീണവീണ ഒഴിഞ്ഞുതുടങ്ങിയപ്പൊഴെക്ക, ഉത്തരഗൊപുരത്തിൽ നിന്ന ഒരു കൊലാഹലം കെൾക്കുമാറായി. ആയ്തു കുന്തളെശൻെറ സഹായത്തിന്ന അദ്ദെഹത്തിൻെറ സംശപ്തകസൈന്യം വരികയായിരുന്നു. അവർ മുന്നൂറ അശ്വാരൂഢന്മാരായ ഭടന്മാർ- ആയുധവിദ്യയിൽ അതിനിപുണന്മാർ— സമരൊത്സവത്തിൽ അതികുതുകികൾ- ജീവഹാനി വരുത്തുവാൻ ലെശം പൊലും മടിക്കാത്തവർ- ജയത്തൊടുകൂടിയല്ലാതെ, ശത്രുവിൻെറ മുമ്പിൽനിന്ന ഒഴിയാത്തവർ നീർക്കുമിളപൊലെ അനിത്യമായ മാനത്തെ അസിധാരയിങ്കൽനിന്ന പൊത്തിപ്പിടിക്കുന്നവർ. അങ്ങിനെയിരിക്കുന്ന ആ ചെറിയ സൈന്യം എത്തിയപ്പൊഴെക്ക കുന്തളെശൻെറ ശെഷിച്ചിരിക്കുന്ന സൈന്യം സന്തൊഷംകൊണ്ട ആർത്തുവിളിച്ചു. അവരുടെ സമാരംഭം എങ്ങിനെയെന്നറിവാൻ വെണ്ടി, അവർ എത്തിയ ഉടനെ യവനന്മാർ മൂന്നു പെരും ഒന്നായി കൂടി അന്യൊന്യം രഹസ്യമായി ചിലത പറഞ്ഞുകൊണ്ടിരിക്കുമ്പൊഴെക്ക ആ സംശപ്തകന്മാർ ക്ഷാമം പിടിച്ചിരിക്കുന്ന ഒരു കൂട്ടം ചെന്നായ്ക്കളെപ്പൊലെ ഒട്ടും തന്നെ ക്ഷമകൂടാതെ വൈരി നിഗ്രഹണത്തിന്ന മുതിൎന്നു. അവരുടെ ശൂരതയും അടക്കമില്ലായ്മയും ആയുധമുപയൊഗിക്കുന്നതിലുള്ള പടുത്വവും കണ്ട യവനന്മാർ അല്പം നെരം എന്ത ചെയ്യെണ്ടു എന്ന തീൎച്ചയാക്കാതെ പിൻവാങ്ങിസ്വസ്ഥന്മാരായി നിന്നു. യവനന്മാർ എത്തിയ ഉടനെ കുന്തളെശൻെറ ജയത്തെക്കുറിച്ച സംശയം തൊന്നീട്ടുണ്ടായിരുന്നത ഒക്കെയും തീൎന്നു. കലിംഗാധീശൻെറ പരാജയം കണ്ടല്ലാതെ അന്ന സൂൎയ്യൻ അസ്തമിക്കയില്ലെന്ന മിക്കതും ജനങ്ങൾ തീൎച്ചയാക്കി. അഘൊരനാഥൻെറ സൈന്യം നിരാശപ്പെട്ടുവാനും തുടങ്ങി. അങ്ങിനെയിരിക്കെ ചുവന്ന താടിയെ മുമ്പിലാക്കി, അല്പം വഴിയെ ഇടത്തും വലത്തും മററ രണ്ട യവനന്മാരും നിന്ന സംശപ്തകന്മാരൊട മൂന്നു പെരും കൂടി ഒന്നായി നെരിട്ടു. അപ്പൊൾ ത്രികൊണ വടിവിൽ നിന്ന ഏകൊപിച്ച പൊരുതുന്ന ആ യവനന്മാരൊട ജയിക്കുവാനൊ അവരെ മറിയെല്പിക്കുവാനൊ സംശപ്തകന്മാൎക്ക തരമില്ലാതായി. ചുവന്നതാടിയുടെ കുന്തം കുതിരയുടെ കഴുത്തിൽ തറയ്ക്കുമ്പൊഴെക്ക പുറത്തിരിക്കുന്നവന്ന ഒരു ഭാഗത്തനിന്ന കറുത്ത താടിയുടെ വെണ്മഴുകൊണ്ടൊ, മററെ ഭാഗത്തനിന്ന വെള്ളത്താടിയുടെ വാളകൊണ്ടൊ വെട്ട കിട്ടി താഴത്ത വീഴുകയും ചെയ്യും. അങ്ങിനെ സംശപ്തക സൈന്യവും യവനന്മാരും തമ്മിൽ, രൂക്ഷതരമാകുംവണ്ണം വാശി പിടിച്ച പൊരുതുമ്പൊഴെക്ക, കിഴക്കെ ഗൊപുരത്തിൽകൂടി യുവരാജാവും വെടക്കരചനും, കുന്തളെശൻെറ

ആദ്യം വന്ന സൈന്യത്തെ മുഴുവനും നശിപ്പിച്ച തങ്ങളുടെ ശെഷിച്ച ഭടന്മാരെയും കൊണ്ട എത്തിയതിനാൽ അഘൊരനാഥന്റെ സൈന്യം കാർമെഘത്തെക്കണ്ട ചാതകങ്ങളെപ്പൊലെ വളരെ സന്തൊഷിച്ച ആൎത്തുവിളിച്ചു. അഘൊരനാഥൻ ഉടനെ യുവരാജാവിന്റെയും വെടക്കരചന്റെയും അടുക്കൽ ചെന്ന "ആ കാണുന്ന യവനന്മാർ നമ്മെ രക്ഷിക്കുവാൻ വന്നവരാണ, അവരുടെ പരാക്രമം നൊക്കൊൾക" എന്ന മാത്രം പറഞ്ഞു സംശപ്തകസൈന്യത്തെ വെഗത്തിൽ മുടിക്കുവാൻ വെണ്ടി, താനും യവനന്മാരുടെ സഹായത്തിന്ന ചെന്നു. അപ്പൊൾ വെള്ളത്താടി തന്റെ സ്ഥാനത്തനിന്ന ഒഴിഞ്ഞു അവിടെ നിന്നുകൊൾവാൻ അഘൊരനാഥനൊട ആംഗ്യം കാണിച്ച പടയുടെ പിൻഭാഗത്തെക്ക പൊയി വെള്ളം കുടിച്ച അല്പം ക്ഷീണം തീൎത്ത ശെഷം സംശപ്തകസൈന്യത്തിന്റെ നടുവിൽനിന്ന പൊരുതുന്ന കുന്തളെശനൊടതന്നെ നെരിട്ടു. വളരെ സാമൎത്ഥ്യത്തൊടുകൂടി രണ്ട മൂന്ന പ്രാവശ്യം കുന്തളെശന്റെ നെരിട്ട ഉടനെയുടനെ കുതിരയെ ചാടിക്കുകയാൽ, കുന്തളെശനെ അദ്ദെഹത്തിന്റെ സൈന്യത്തിൽ നിന്ന വെർതിരിച്ച ഒറ്റപ്പെടുത്തി അത കഴിഞ്ഞപ്പൊഴെക്കാണ കുന്തളെശൻ തന്റെ അപകടമായ സ്ഥിതിയെ അറിഞ്ഞത. ഉടനെ യുവരാജാവും വെടക്കരചനും വെള്ളത്താടിയുടെ സഹായത്തിന്ന എത്തി കുന്തളെശനെ വളഞ്ഞു അദ്ദെഹത്തിന്റെ സഹായത്തിന്ന വരുവാൻ ശ്രമിച്ച ഭടന്മാരെ നിരൊധിച്ചു. ഇങ്ങിനെ ശത്രുക്കളുടെ ഇടയിൽ ആയി എങ്കിലും കുന്തളെശൻ ഒട്ടും പരിഭ്രമം കൂടാതെ വെള്ളത്താടിയെ ചെറുക്കുന്നതിന്നിടയിൽ അടുത്ത നിന്നിരുന്ന യുവരാജാവിന്റെ കുതിരയെ വെട്ടി താഴ്ത്തി. ഉടനെ അരചൻ തന്റെ കുതിരയെ യുവരാജാവിന്ന കൊടുത്ത വെറൊരു കുതിരപ്പുറത്ത കയറി വെള്ളത്താടി രാജകുമാരന്ന തരക്കെട ഒന്നും വന്നില്ലല്ലൊ എന്ന നൊക്കുമ്പൊഴെക്ക കുന്തളെശൻ ആ തക്കം പാൎത്ത പിൻവാങ്ങി തന്റെ സൈന്യത്തൊട രണ്ടാമതും ചെൎന്നു. ആ സൈന്യമൊ, കറുത്തതാടിയുടെയും ചുവന്ന താടിയുടെയും, അഘൊരനാഥന്റെയും അതി സാഹസമായ പ്രയത്നം കൊണ്ട കുറച്ച നെരത്തിന്നുള്ളിൽ ശിഥിലമായ്ത്തുടങ്ങി. സംശപ്തകന്മാരുടെ പരാക്രമം കൊണ്ട ചുവന്നതാടി മൂന്ന പ്രാവശ്യം കുതിരയെ മാറ്റെണ്ടി വന്നു. ശൂരന്മാരായ അവർ കൂട്ടം കൂട്ടമായി യവനന്മാരൊട തെറ്റി ചെന്ന അഗ്നിയിൽ ശലഭങ്ങൾ എന്ന പൊലെ ഒന്നൊഴിയാതെ എല്ലാവരും, പൊരുതി മരിച്ചു. പിന്നെ കുന്തളെശനും, വിശ്വസ്ഥന്മാരായ ചില അമാത്യന്മാരും, ഇരുനൂറിൽ ചില്വാനം ഭടന്മാരും മാത്രം

ശെഷിച്ചു. അങ്ങിനെയിരിക്കെ കറുത്ത താടി കുറഞ്ഞൊന്ന പിൻവാങ്ങി അഘോരനാഥനൊട അല്പം ഒന്ന ചെകിട്ടിൽ മന്ത്രിച്ചു. അപ്പോൾ തന്നെ അഘോരനാഥൻ കാഹളം വിളിപ്പിച്ച "പട നില്ക്കട്ടെ" എന്ന പൊൎക്കളത്തിൽ നിന്ന ഉച്ചത്തിൽ വിളിച്ചു പറഞ്ഞു. ആയുധങ്ങളുടെ ഝണ ഝണ ശബ്ദം നിന്നപ്പോൾ "കുന്തളരാജാവിൻെറ സൈന്യത്തിൽ കീഴടങ്ങുവാൻ മനസ്സുള്ളവരുണ്ടെങ്കിൽ അവരെ നിഗ്രഹിക്കുന്നില്ല," എന്ന രണ്ടാമതും ഉച്ചത്തിൽ പറഞ്ഞതിന്ന "ഞങ്ങളുടെ സ്വാമി കീഴടങ്ങാത്തപക്ഷം, ഞങ്ങൾ അദ്ദേഹത്തിൻെറ ഒരുമിച്ച മരിക്കുവാനും കൂടി തെയ്യാറായവരാണ" എന്ന സചിവന്മാരിൽ പ്രധാനിയായ ഒരാൾ ഉത്തരം പറഞ്ഞു. കുന്തളെശൻ അതു കെട്ടു എങ്കിലും, കീഴടങ്ങുവാൻ വിചാരിക്കാതെ, വെള്ളത്താടിയുമായി രണ്ടാമതും പൊരാടുവാൻ തുടങ്ങിയപ്പൊഴെക്ക, കറുത്ത താടി അവിടെക്ക എത്തി. ഒരു അന്തകനെപ്പൊലെ കറുത്തതാടി തൻെറ മുമ്പിൽ വന്ന നിന്നപ്പോൾ, കുന്തളെശന്നുണ്ടായ നിരാശയും, ഭയവും, വ്യസനവും പറയുന്നതിനെക്കാൾ വിചാരിച്ച അറിയുകയാണ എളുപ്പം. കറുത്തതാടി കുന്തളെശനൊട നെരിട്ട വെള്ളത്താടിയെ പിന്നിലാക്കിയപ്പോൾ കുന്തളെശൻെറ സഹായത്തിന്ന എത്തുവാൻ ശ്രമിച്ച ചില കൂറുള്ള അമാത്യന്മാരെ അഘോരനാഥനും, വെള്ളത്താടിയും കൂടി തടുത്ത നിൎത്തുകയും ചെയ്തു. കറുത്തതാടി. കീഴടങ്ങാമെന്നുണ്ടെങ്കിൽ നമുക്ക രണ്ടാളുകൾക്കും കുറെ കാലം കൂടി ജീവിച്ചിരിക്കാം. ഇല്ലെങ്കിൽ നമ്മിൽ ഒരാളുടെ ആയുസ്സ എങ്കിലും ഇപ്പോൾ അവസാനിക്കെണ്ടി വരുമെന്ന തീൎച്ച തന്നെ.

കൃതവീൎയ്യൻ:— അവമാനത്തോടുകൂടി ഇരിക്കുന്നതിനെക്കാൾ ധീരതയൊടുകൂടി പ്രാണത്യാഗം ചെയ്യുകയാണെല്ലൊ നല്ലത.

കറുത്തതാടി:— ധൈൎയ്യശാലികളും സ്വാമിഭക്തിയുള്ളവരും ആയിരം കാണുന്ന ആളുകളുടെയും, ഇവിടുത്തെയും, വിലയെറിയ ജീവനെ അനാവശ്യമായി, ദുരഭിമാനം വിചാരിച്ച അപമൃത്യുവാൽ നശിപ്പിക്കുന്നതിനെക്കാൾ അധികമായ അവമാനം എന്തുണ്ട? അങ്ങുന്നൊ, ഇത്ര നിൎഘൃണനാകെണ്ടത? കുന്തളെശൻ തൻെറ പ്രതിയൊഗിയുടെ യുക്തിയുക്തമായ ആ വാക്ക കെട്ട അല്പനെരം ആലൊചിച്ച ശെഷം, വളരെ പണിപ്പെട്ട കീഴടങ്ങാമെന്ന സമ്മതിച്ചു. കറുത്തതാടി എന്നാൽ കുതിരപ്പുറത്ത നിന്ന ഇറങ്ങി, ആയുധം താഴെ വെക്കെണം" എന്ന പറഞ്ഞു, അഘോരനാഥനെ വിളിച്ച ആ വിവരം അറിയിച്ചു. അഘോരനാഥൻ "യുദ്ധം നില്ക്കട്ടെ!" എന്ന രണ്ടാമതും ഉച്ചത്തിൽ പറഞ്ഞു. കുന്തളെശൻ അത്യന്തം വ്രീളാപരവശനായി തൻെറ ഏററവും വാടിയ മുഖം താഴ്ത്തിക്കൊണ്ടു

കുതിരപ്പുറത്തനിന്ന ഇറങ്ങി ആയുധംവെച്ചു, ആ നിലയിൽത്തന്നെ ഒരു ചിത്രത്തിൽ എഴുതിയ പൊലെ നിശ്ചെഷ്ടനായിനിന്നു, കഷ്ടം! അതുകണ്ടപ്പൊൾ അദ്ദെഹത്തിന്റെ കൂടെയുള്ളവരൊക്കെയും ഏററവും ഖിന്നന്മാരായി തങ്ങളുടെ ആയുധങ്ങളെയും വെച്ചു. അഘൊരനാഥൻ പ്രധാന മന്ത്രിയുടെ നിലയിൽ അവരുടെ മുമ്പാകെ ചെന്നനിന്ന, "കൃതവീൎയ്യനെന്ന നാമധെയമായ കുന്തളരാജാവും, അദ്ദെഹത്തിന്റെ ഠരം കാണാകുന്ന ആൾക്കാരും, ശ്രീ പ്രതാപചന്ദ്രകലിംഗ മഹാരാജാവവർകളൊട പടവെട്ടി തൊററ കീഴടങ്ങുകയും, മെൽപറഞ്ഞ കുന്തളരാജാവിനെയും ആൾക്കാരെയും, ഇന്നമുതൽ രണ്ടാമത കല്പനയുണ്ടാകുന്നതവരെ, ദുന്ദുഭീദുൎഗ്ഗത്തിൽ തടവുകാരാക്കി പാൎപ്പിക്കുവാൻ മഹാരാജാവവർകൾ കല്പിക്കുകയും ചെയ്തിരിക്കുന്നു എന്ന, കലിംഗ മഹാരാജാവവർകളുടെ പ്രജകളായ മഹാജനങ്ങൾ ഇതിനാൽ അറിയുമാറാക" എന്ന വളരെ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു പടഹമടിപ്പിച്ചു. പിന്നെ വിനയത്തൊടു കൂടി കുന്തളെശന്റെ അരികത്ത ചെന്ന "മുറപ്രകാരം ഇങ്ങിനെ പറയെണ്ടതാകയാൽ പറഞ്ഞുതാണ, ഇതിൽ കയറി എഴുന്നരുളാം" എന്ന പറഞ്ഞ വിശെഷമായ ഒരു പൊൻപല്ലക്ക അദ്ദെഹത്തിന്റെ മുമ്പാകെ വെപ്പിച്ചു.

കുന്തളെശൻ, വാഹനമാവശ്യമില്ലെന്ന പറഞ്ഞ എങ്ങൊട്ടാണ പൊകെണ്ടത എന്ന ചൊദിക്കുംപൊലെ അഘൊരനാഥന്റെ മുഖത്തെക്ക നൊക്കി. ആയുധപാണികളായ ഭടന്മാർ രണ്ടു വരികളായി നിൽക്കുന്നതിന്റെ നടുവിൽ ഒരു സെനാപതി കുന്തളെശനെ കൊണ്ടു പൊകുവാൻ ഒരുങ്ങി നിൽക്കുന്നതിനെ കാണിച്ചു കൊടുത്തപ്പൊൾ അദ്ദെഹം തല പൊങ്ങിച്ചു നൊക്കാതെ ആയാളുടെ പിന്നാലെ നടന്നപൊയ്ക്കടങ്ങി വാഹനത്തിൽ കയറാമെന്ന രണ്ടു പ്രാവശ്യം അഘൊരനാഥൻ പറഞ്ഞു. കുന്തളെശൻ "വെണ്ട" എന്ന കൈകൊണ്ടു വിലക്കി. പിന്നെ അഘൊരനാഥൻ അനുയാത്രയായി കുറെ വഴി ഒരുമിച്ചു പൊയി ഏററവും വണക്കത്തൊടുകൂടി വിടവാങ്ങിപ്പൊരികയും ചെയ്തു.

യുവരാജാവും വെടക്കരചനും യവനന്മാരൊട വളരെ ആദരവൊടുകൂടി ഓരൊ വൃത്താന്തങ്ങൾ ചൊദിച്ചറിയുമ്പൊഴെക്ക അഘൊരനാഥൻ കുന്തളെശനെ ദുന്ദുഭിയിലെക്ക അയച്ചു മടങ്ങി എത്തി, രാജധാനിയെ രക്ഷിക്കുവാൻ വെണ്ടുന്ന ഏൎപ്പാടുകൾ ഒക്കെയും ചെയ്തു, സ്ഥലങ്ങൾ ഒക്കെയും വെടുപ്പു വരുത്തി പൂൎവ്വസ്ഥിതിയിൽ ആക്കുവാനും, യുദ്ധത്തിൽ മുറിഏററവൎക്ക വെണ്ടുന്ന ചികിത്സകൾ ചെയ്യാനും, കുന്തളെശനെ വളരെ വണക്കത്തൊടു കൂടിയും പദവിയായിട്ടും, ദുന്ദുഭിയിൽ താമസിപ്പിക്കുവാ

നും, മററും കീഴുദ്യോഗസ്ഥന്മാൎക്ക പലപല കല്പനകൾ താരതമ്യം പൊലെ കൊടുത്ത, സകലവും അവരെയും സെനാപതിമാരെയും ഭാരമെല്പിച്ച യവനന്മാരും യുവരാജാവും നില്ക്കുന്നടത്തെക്ക ചെന്നു. ചുവന്നതാടിക്കും വെടക്കരചന്നും ഒന്ന രണ്ട ചെറിയ മുറികൾ ഏററിട്ടുണ്ടായിരുന്നത നല്ലവണ്ണം വെച്ച കെട്ടിച്ചശെഷം, അസ്തമനത്തിന നാലഞ്ചുനാഴികയുള്ളപ്പൊൾ, അവരെല്ലാവരും കൂടി ചന്ദനൊദ്യാനത്തിലെക്ക പൊകയും ചെയ്തു.

---

## ൧൭– ാം അദ്ധ്യായം.

## അഭിജ്ഞാനം.

യുവരാജാവും, യവനന്മാരും, അഘൊരനാഥനും വെടക്കരചനും കൂടി ചന്ദനൊദ്യാനത്തിലെത്തിയപ്പൊൾ അവിടെ വൃദ്ധനായ കലിംഗ മഹാരാജാവും, സ്വൎണ്ണമയീദെവിയും ഉണ്ടായിരുന്നു. യവനന്മാർ രാവിലെ കലിംഗരാജാവിനെ ചന്ദനൊദ്യാനത്തിലാണ കൊണ്ടുചെന്നത. അവിടുത്തെ പരിചാരകന്മാർ രാജാവിനെ കണ്ടറിഞ്ഞപ്പൊൾ അവൎക്ക വളരെ അത്ഭുതവും സന്തൊഷവുമുണ്ടായി. സ്വൎണ്ണമയീദെവി യുദ്ധം തുടങ്ങുന്നതിന്ന രണ്ട ദിവസം മുമ്പായിട്ടുതന്നെ ചന്ദനൊദ്യാനത്തിൽ വാസം തുടങ്ങിയിരുന്നു. പട ജയമായി കലാശിച്ചു, യുവരാജാവിന്ന തരക്കെട ഒന്നും വന്നിട്ടില്ല എന്ന വിവരം, ഒരു ഭൃത്യൻ ഓടിവന്ന സ്വൎണ്ണമയിയെ അറിയിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ട അവൾ ഭൎത്താവിന്റെയും ഇളയച്ഛന്റെയും വരവ കാത്തുകൊണ്ടിരിക്കുമ്പൊഴെക്ക അവർ രണ്ടാളുകളും രണ്ട യവനന്മാരെയും വെടക്കരചനെയും കൂട്ടിക്കൊണ്ട വന്നു തുടങ്ങി. ചുവന്ന താടിയെ ചന്ദനൊദ്യാനത്തിൽ എത്തിയപ്പൊഴെക്ക കാണ്മാനില്ലാതായി. എവിടെയെന്ന യുവരാജാവ ചൊദിച്ചപ്പൊൾ, താമസിയാതെ വരുമെന്ന വെള്ളത്താടി ഉത്തരം പറഞ്ഞു. ഉദ്യാനത്തിൽ എത്തിയ ഉടനെ, മാളികയുടെ മുകളിൽ വലിയ ഒഴിഞ്ഞ അകത്ത എല്ലാവരും കൂടി ഒരു വട്ടമെശയുടെ ചുററും ഇരുന്ന ചില ഭൊജ്യപെയാദികളെക്കൊണ്ട ക്ഷീണം തീൎത്തുകൊണ്ടിരിക്കെ, യവനന്മാർ ചെയ്ത ഉപകാരത്തെപ്പററി അഘൊരനാഥൻ ശ്ലാഘിച്ച പറയുന്നതിന്നിടയിൽ വലിയ രാജാവിനെ മൊചിച്ചുകൊണ്ടുവന്ന വിവരവും പറഞ്ഞു. അപ്പൊൾ യുവരാജാവിന്നുണ്ടായ വിസ്മയവും സന്തൊഷവും ഇത്ര എന്ന

പറഞ്ഞു കൂടാ. അദ്ദെഹം തന്റെ സന്തൊഷത്തെയും കൃതജ്ഞതയെയും കുറിച്ച യവനന്മാരൊട കുറഞ്ഞൊന്ന പറഞ്ഞു. അതിന്റെ ശെഷം അഘൊരനാഥൻ കറുത്ത താടിയുടെ ചെവിയിൽ അല്പം ഒന്ന മന്ത്രിച്ച ആയാളെ മറെറ ഒരു അകത്തെക്ക കൂട്ടിക്കൊണ്ട പൊയി. വെള്ളത്താടിയും മനസ്സിന്ന സ്വാസ്ഥതയില്ലാത്തതുപൊലെ താഴത്തെക്കിറങ്ങി പടിക്കൽ പൊയി നിൽക്കുമ്പൊൾ രണ്ട ഡൊലികൾ ഉദ്യാനത്തിലെക്ക വരുന്നത കണ്ടു. അതിന്റെ പിന്നിൽ ചുവന്നതാടിയും ഉണ്ടായിരുന്നു. ഡൊലികൾ അകത്തെക്ക കടത്തി, അതിൽനിന്ന നാലാളുകൾ പുറത്തെക്കിറങ്ങി, ഭവനത്തിന്റെ ഇടത്തഭാഗത്തുള്ള ഒരു കൊണിയിന്മെൽകൂടി മുകളിലെക്ക പൊകയും ചെയ്തു. യുവരാജാവ അതിന്നിടയിൽ അച്ഛന്ന തരക്കെട ഒന്നും ഇല്ലല്ലൊ എന്ന അറിവാനും, അരചനെ അച്ഛന്റെ മുമ്പാകെ കൊണ്ടുപൊയി, ആയാൾ തനിക്ക ചെയ്ത ഉപകാരത്തെക്കുറിച്ച അച്ഛനൊട പറയുവാനും വെണ്ടി വലിയ രാജാവിന്റെ സമീപത്തെക്ക പൊയി. സ്വർണ്ണമയി അവിടെത്തന്നെ ഉണ്ടായിരുന്നു. ഭർത്താവ വരുന്നത കണ്ടപ്പൊൾ അവൾ വെഗത്തിൽ ഓടിച്ചെന്ന, യുദ്ധത്തിൽ ആപത്തുകൾ ഒന്നും സംഭവിക്കാതെ ജയിച്ച പൊന്നതിനെ കുറിച്ച രണ്ടപെരും തമ്മിൽ പറഞ്ഞു സന്തൊഷിച്ചു. അരചൻ രാജ്ഞിയെയും വലിയ രാജാവിനെയും താണ തൊഴുതു. രാജാവ അരചനൊടും പ്രതാപചന്ദ്രനൊടും യുദ്ധത്തെക്കുറിച്ച ഓരൊ വർത്തമാനങ്ങൾ ചൊദിച്ചപ്പൊൾ അവർ രണ്ടുപെരും ഒരുപൊലെ യവനന്മാരെ കുറിച്ച വളരെ പ്രശംസിച്ച പറഞ്ഞു.

പ്രതാപചന്ദ്രൻ:— ആ യവനന്മാരെ തന്നെയാണ, കുന്തളൻ ഇന്ന അച്ഛനെ ഞങ്ങൾ ആരും അറിയാതെ കൊണ്ട പൊകുമ്പൊൾ തടുത്ത നിർത്തി ഇവിടെ കൊണ്ടുവന്നാക്കിയത. അവർ നമുക്ക ചെയ്ത സഹായത്തിന്ന നാം ഒരിക്കലും തക്കതായ ഒരു പ്രത്യുപകാരം ചെയ്വാൻ കഴികയില്ല. അവർ വന്നിട്ടില്ലെങ്കിൽ നമ്മുടെ കുലമഹിമയൊക്കെയും, ഇന്ന സൂര്യൻ അസ്തമിക്കുന്നതൊടുകൂടി മെലാൽ ഉദിക്കാത്തവണ്ണം അസ്തമിക്കുന്നതായിരുന്നു.

രാജാവ:— ആർത്തത്രാണപരായണനായിരിക്കുന്ന ഈശ്വരൻ തന്നെ അശരണന്മാരായ നമ്മുടെ സഹായത്തിന്ന അവരെ അയച്ചതന്നിരിക്കയൊ! ഈ യൊഗ്യന്മാരായ അവരെ എനിക്ക വെഗത്തിൽ കാണെണം. അവർ എവിടെയാണ?

പ്രതാപചന്ദ്രൻ:— അവർ ഈ മന്ദിരത്തിൽ തന്നെയുണ്ട. അഘൊരനാഥനൊട സംസാരിച്ചുകൊണ്ടിരിക്കയാണ. അദ്ദെഹം ആ യവന

യവനന്മാരെഎവിടുന്നൊ, സഹായത്തിന്നക്ഷണിച്ചവരുത്തിരിക്കയാണ. രാജാവ അവരെ വെഗത്തിൽ കൂട്ടിക്കൊണ്ടു വരട്ടെ എന്ന അരുളിച്ചെയ്തു ഉടനെ അവരെ വിളിച്ചു കൊണ്ടു വരുവാൻ ആൾ പൊയി. അല്പം നെരം ഇരുന്നപ്പൊഴെക്ക അഘൊരനാഥൻ രാജാവിൻെറ മുമ്പാകെ വന്ന കൂപ്പി! "ഇവിടുത്തെ ഭാഗ്യാതിരെകംകൊണ്ടു ഒരു വിധം ഒക്കെയും കലാശിച്ചു" എന്ന പറഞ്ഞു. രാജാവ സംശയമില്ല, എൻെറ ഭാഗ്യം തന്നെയാണ എനിക്ക ഇത്ര യൊഗ്യനായ ഒരു മന്ത്രിയുണ്ടാവാൻ സംഗതി വന്നത.

അഘൊരനാഥൻ:— വിസ്മയത്തൊടുകൂടി എന്നെക്കുറിച്ചാണ ഇവിടുന്ന അരുളിച്ചെയ്യുന്നത എങ്കിൽ, എന്നെക്കൊണ്ടു വിശെഷവിധിയായി ഒന്നും ചെയ്വാൻ കഴിഞ്ഞിട്ടില്ലെന്ന, പൊക്കളത്തിൽ തന്നെയുണ്ടായിരുന്ന ഇവരൊട ചൊദിച്ചാൽ അറിയാം. സകലവും മൂന്ന യവനന്മാരുടെ പ്രയത്നത്താലാണ സാദ്ധ്യമായത.

പ്രതാപചന്ദ്രൻ:— അവരെക്കുറിച്ചതന്നെയാണ ഞങ്ങൾ ഇതുവരെ അച്ഛനൊട പറഞ്ഞിരുന്നത.

രാജാവ:— അവരെ വെഗത്തിൽ ഇങ്ങൊട്ട കൂട്ടിക്കൊണ്ടുവരിക. എനിക്ക ക്ഷമയില്ലാതായി.

അഘൊരനാഥൻ:— ഉടനെ മറെറ അകത്തെക്ക കടന്ന തന്നെപ്പൊലെ തന്നെ വെഷമായ ഒരാളെ കൂട്ടിക്കൊണ്ടുവന്ന രാജാവിൻെറ മുമ്പാകെ നിൎത്തി. "ഇന്ന രാവിലെ ഇവിടുത്തെ ശത്രുക്കളുടെ വക്കൽനിന്ന വീണ്ടു കൊണ്ടു ആൾ ഇദ്ദെഹമാണ." എന്ന പറഞ്ഞു. അപ്പൊൾ തന്നെ അദ്ദെഹം രാജാവിനെ വളരെ വിനയത്തൊടുകൂടി താണ തൊഴുതു അവിടെ ഉണ്ടായിരുന്നവർ എല്ലാവരും അതി വിസ്മയത്തൊടുകൂടി തെജൊമയനായ അദ്ദെഹത്തെത്തന്നെ ഇമച്ചിമിഴിക്കൂടാതെ നൊക്കിത്തുടങ്ങി.

രാജാവ— അവർ യവനന്മാരാണെന്നല്ലെ ഉണ്ണി പറഞ്ഞത? അവർ എവിടെ? യവനന്മാർ എവിടെ?

അഘൊരനാഥൻ:— യവനവെഷ ധരിച്ചിരുന്നു. അത്രമാത്രമെയുള്ളു: ഇദ്ദെഹം തന്നെയാണ ഇവിടുത്തെ വീണ്ടത വിശെഷിച്ച.

രാജാവ:— വിശെഷിച്ച എന്ത?

അഘൊരനാഥൻ:— വിശെഷിച്ച "ഇദ്ദെഹം വളരെക്കാലം ഇവിടുത്തെ പ്രധാനമന്ത്രിയായിരുന്ന കപിലനാഥനാണ. എൻെറ ജ്യെഷ്ഠനാണ" എന്ന പറഞ്ഞപ്പൊഴെക്ക സപജ്ഞമയി എൻെറ അച്ഛനൊ! എന്ന പറഞ്ഞു വെഗത്തിൽ കപിലനാഥൻെറ കാക്കൽ വീണു. അദ്ദെഹം ഉടനെ തൻെറ പുത്രിയെ എഴുനീല്പിച്ചു ആശ്ലെഷിച്ചു, ഹൎഷാശ്രുക്കളൊടുകൂടി

മൂർദ്ധാവിൽ പലപ്രാവശ്യം ചുംബിച്ചു. രാജാവ "കപിലനാഥൻ" എന്ന ശബ്ദം കെട്ടപ്പോൾ ഇത്തിരിനെരം നിശ്ചെഷ്ടനായി ഇരുന്നു; പിന്നെ ഹർഷാശ്രുപ്ലുതനായി, രൊമാഞ്ചാഞ്ചിതനായി "ഈശ്വരാ! എൻറ ഈ അവസ്ഥ ജാഗ്രത്തൊ സ്വപ്നമൊ? സ്വപ്നമാവാനെ സംഗതിയുള്ളൂ" എന്ന ഗൽഗദാക്ഷരമാകുംവണ്ണം പറഞ്ഞു, ആസനത്തിന്മെൽനിന്ന എഴുനീററ വെവിതാംഗനായിക്കൊണ്ട തൻറ മുമ്പിൽ സാഞ്ജലിയായി നില്ക്കുന്ന കപിലനാഥനെ ഗാഢമായി ആശ്ലെഷം ചെയ്തു. "ഉണ്ണീ!" എന്ന പ്രതാപചന്ദ്രനെ വിളിച്ചു, "ഉണ്ണിയെ വളരെ ചെറുപ്പത്തിൽ വിദ്യാഭ്യാസം ചെയ്യിച്ച ഗുരുനാഥനാണിത; വന്ദിക്കു," എന്ന പറഞ്ഞു ഉടനെ പ്രതാപചന്ദ്രൻ അദ്ദെഹത്തിൻറ അടുക്കെ ചെന്ന വന്ദിച്ചു. പ്രതാപചന്ദ്രനെയും കപിലനാഥൻ ആശ്ലെഷിച്ച അടുത്തനിന്നിരുന്ന സ്വർണ്ണമയിയെയും മാറത്തെക്കണച്ചുകൊണ്ട തൻറ ആനന്ദബാഷ്പത്താൽ രണ്ടു പെരെയും, പുതുതായി അഭിഷെകം ചെയ്കയും ചെയ്തു.

രാജാവ:— (കണ്ണുനീർ തുടച്ചുകൊണ്ട) ഈ മഹാപാപിയായ എന്നെ രണ്ടാമതും കാണെണമെന്ന തൊന്നിയത കപിലനാഥൻറ ബുദ്ധിഗുണം കൊണ്ടതന്നെയാണ. എൻറ അല്പബുദ്ധികൊണ്ട, അങ്ങെക്ക അനിഷ്ടമായി ഞാൻ പറഞ്ഞതും പ്രവൃത്തിച്ചതും സകലവും ക്ഷമിക്കെണം എന്ന മാത്രം ഈ വൃദ്ധന്ന ഒരു അപെക്ഷയുണ്ട.

കപിലനാഥൻ:— എൻറ സ്വാമിയുടെ ആജ്ഞ, ഇഷ്ടമെങ്കിലും, കഷ്ടമെങ്കിലും, അതിനെ ലംഘിച്ചു, രാജ്യത്തെയും സ്വാമിയെയും വെടിഞ്ഞു പൊവാൻ തൊന്നിയത എൻറ അവിവെകം കൊണ്ടാണ. അതിനെകുറിച്ച ഇവിടുത്തെക്ക എൻറമെൽ തിരുവുള്ളക്കെടുണ്ടാകാതിരിപ്പാൻ യാചിക്കുന്നു.

രാജാവ:— ദുഷ്ടന്മാരായ ചില സചിവന്മാരുടെ ഉപദെശത്തിന്മെൽ എൻറ മൂഢതകൊണ്ട, ആ കഠിനമായ കല്പന കല്പിച്ചു പൊയതാണ. കപിലനാഥൻ പൊയതിൽ പിന്നെ ഞാൻ ചെയ്തതിനെകുറിച്ചുണ്ടായ പശ്ചാത്താപം തന്നെ എനിക്ക തക്കതായ ഒരു ദണ്ഡനയായിരിക്കുന്നു. ഇനി ആ കഥകളെ രണ്ടാമതും ഓൎമ്മപ്പെടുത്തി എന്നെ വ്യസനപ്പെടുത്താതിരിക്കണെ.

കപിലനാഥൻ:— ഇവിടുത്തെ ദാസന്ന ഒരു യാചനകൂടിയുണ്ട.

രാജാവ:— ഞാൻ എത്ര തന്നെ ഒരു വലിയവരപ്രദാനം ചെയ്താലും കപിലനാഥൻ എനിക്ക ചെയ്തിട്ടുള്ളതിന്ന തക്കതായ ഒരു പ്രതിക്രിയയാവാൻപാടില്ല. അതുകൊണ്ട എന്തതന്നെയായാലും വെണ്ടതില്ല ചൊദിക്കാം.

കപിലനാഥൻ:— എന്റെ നൈരാശ്യംകൊണ്ടും കോപംകൊണ്ടും നാട വിട്ട പൊകുന്ന സമയം, ഇവിടുത്തെക്ക അതി വ്യസനകരമായ ഒരു കാൎയ്യം ഞാൻ പ്രവൃത്തിച്ചിട്ടുണ്ട. എന്റെ സ്വാമിയെ ആ കഠിനമായ ദുഃഖത്തിന്ന പാത്രമാക്കുവാൻ എനിക്ക തൊന്നിയത വിചാരിച്ച നൊക്കുമ്പൊൾ എന്നെപ്പൊലെ ഇത്ര നിൎഗ്ഗുണ്ടകനായ ഒരു സ്വാമി ദ്രൊഹി പണ്ടുണ്ടായിട്ടില്ലെന്ന പ്രത്യക്ഷമാകും.

രാജാവ:— ഏറ്റവും വിശ്വാസത്തൊടും സ്വാമിഭക്തിയൊടും കൂടിയും നീതിയായിട്ടും രാജ്യകാൎയ്യങ്ങൾ നടത്തിവന്നിരുന്ന ഒരു ഉത്തമ സചിവന്റെ ഗുണങ്ങൾ ലെശം പൊലും അറിവാൻ കഴിയാതെ, അനൎഘ്യമായ ഒരു രത്നം കയ്യിൽ കിട്ടിയ വാനരനെപ്പൊലെ, ആ സചിവശിരൊമണിയെ ഉപദ്രവിപ്പാൻ തുനിഞ്ഞ എന്നെ വ്യസനിപ്പിക്കുവാനായി എന്ത തന്നെ ചെയ്താലും അത അവിഹിതമായി എന്ന ഒരു കാലത്തും വരികയില്ല.

കപിലനാഥൻ:— അത കെട്ടപ്പൊൾ പ്രീതി പൂണ്ട, ഉടനെ മറ്റെ അകത്തെക്ക കടന്നു. രാജാവും കപിലനാഥനും കൂടി സംസാരിച്ചുകൊണ്ടിരിക്കെ ചന്ദനൊദ്യാനത്തിലും അതിന്ന സമീപവും ഉള്ള ആളുകൾ നാല പുറത്തും വന്ന നിറഞ്ഞ വളരെ സന്തൊഷത്തൊടു കൂടി കപിലനാഥനെ നൊക്കി നിന്നിരുന്നു. അദ്ദെഹത്തിന്റെ ഭൃത്യന്മാരൊ, അദ്ദെഹത്തിന്റെ ഔദാൎയ്യത്തെ വല്ല പ്രകാരത്തിലും ആസ്വദിച്ചവരൊ അല്ലാതെ ആരും തന്നെ ആ ദിക്കിൽ എങ്ങും ഉണ്ടായിരുന്നില്ല. കപിലനാഥൻ രാജാവിന്റെ മുമ്പാകെ തന്റെ സ്വതെയുള്ള വെഷത്തൊട കൂടി ചെന്ന നിന്നപ്പൊഴെക്ക കുറച്ചു നെരത്തിന്നുള്ളിൽ കെട്ട കെൾവിച്ചു, ഉദ്യാനത്തിലും അതിന്ന സമീപവുമുള്ള ആളുകൾ അവരവരുടെ പണിയെ വിട്ട ഓടിയെത്തിട്ടുണ്ടായിരുന്നു. കപിലനാഥൻ മരിച്ചിരിക്കുന്നു എന്നായിരുന്നു എല്ലാവരുടെയും വിശ്വാസം. അതിനാൽ അധികവും അത്ഭുതമുണ്ടായി. അവർ വാതിൽക്കലും കിളിവാതിലുകളിൽ കൂടെയും കപിലനാഥനെ കാണ്മവാൻ വെണ്ടി ക്ഷമ കൂടാതെ തിക്കിത്തിരക്കി നൊക്കിക്കൊണ്ടിരിക്കെ അവൎക്ക നയനാനന്ദകരനായിരിക്കുന്ന ആ കപിലനാഥൻ, ദിവ്യമായിരിക്കുന്ന വസ്ത്രാഭരണങ്ങളെക്കൊണ്ട അതിമനൊഹരമാകുംവണ്ണം അലംകൃതയായി, ഏറ്റവും സൌഭാഗ്യവതിയായ ഒരു കന്യകാരത്നത്തിന്റെ കയ്യും പിടിച്ചുകൊണ്ട രാജാവിന്റെ മുമ്പിൽ വന്ന നിന്നു. രാജാവും കണ്ടുനിന്നിരുന്ന മറ്റെല്ലാവരും, അല്പനെരം, ആശ്ചൎയ്യംകൊണ്ട പാവകളെപ്പൊലെ അനിമിഷിത

നെത്രന്മാരായി. കപിലനാഥൻ "കുന്ദലതെ, ഇനി മെലാൽ എന്നെ അച്ഛാ! എന്നു വിളിക്കെണ്ടു. അച്ഛൻ കലിംഗമഹാരാജാവായ ഇദ്ദെഹമാണ, വന്ദിക്കു," എന്നു പറഞ്ഞു. അപ്പൊൾ കുന്ദലതയ്ക്കുണ്ടായ അത്ഭുതവും, രാജാവിന്നുണ്ടായ സന്തൊഷവും ആരെക്കൊണ്ടു പറവാൻ കഴിയും? കുന്ദലതാ അച്ഛന്റെ മുമ്പാകെ സാഷ്ടാംഗം നമസ്കരിച്ചു. രാജാവു സംഭ്രമത്തൊടുകൂടി പുത്രിയെ എഴുനീല്പിച്ചു തന്റെ മാറത്തെക്കണച്ചു സന്തൊഷപരവശനായി പിന്നൊക്കം ചാരിയിരുന്നു, കുറെ നെരം ഒന്നും സംസാരിക്കാതെ കണ്ണുനീർ വാൎത്തു. പിന്നെ കുന്ദലതാ "അച്ഛാ, എന്നെ അനുഗ്രഹിക്കെണമെ!" എന്നു മധുരതരമാകും വണ്ണം പറഞ്ഞപ്പൊൾ, ആ ആനന്ദമൂൎച്ഛയിൽനിന്നുണൎന്നു, കുന്ദലതയെ ഗാഢമായി പിന്നെയും പിന്നെയും ആശ്ലെഷിച്ചു, മൂൎദ്ധാവിൽ പലവുരു ചുംബിച്ചശെഷം, രണ്ടു കൈകളെക്കൊണ്ടു തല തൊട്ടനുഗ്രഹിക്കുകയും ചെയ്തു.

രാജാവു:— ഈശ്വരൻ ഇന്നു എന്നെ സന്തൊഷം കൊണ്ടു കൊല്ലുവാൻ നിശ്ചയിച്ചിരിക്കുന്നുവൊ? ഈ മൊദഭരം വഹിക്കുവാൻ എനിക്കു ഒട്ടും ശക്തി പൊരാ. ഇനി എനിക്കു ഗംഗാതീരത്തെക്കും മറ്റും പൊകെണമെന്നാഗ്രഹമില്ല. ഈ സന്തൊഷം അനുഭവിച്ചു കൊണ്ടു തന്നെ പരലൊകപ്രാപ്തിക്കു സംഗതി വന്നാൽ മതിയായിരുന്നു. ഇത്ര അപരിമിതമായ സന്തൊഷം ഇതിൽ കീഴിൽ ഉണ്ടായിട്ടില്ല നിശ്ചയം; മെലാൽ എത്ര കാലം ഇരുന്നാലും, എവിടെത്തന്നെ പൊയാലും, എന്തു തന്നെ ചെയ്താലും ഈ വിധം സന്തൊഷം ഉണ്ടാകുന്നതും അല്ല.

കപിലനാഥൻ:— ഇവിടുത്തെ ആഗ്രഹം സാധിക്കുന്നതായാൽ അതു ഞങ്ങൾക്കു വലിയൊരിച്ഛാഭംഗത്തിന്നു കാരണമാണ. ദയാപയൊധിയായിരിക്കുന്ന അങ്ങുന്ന, ഞങ്ങളുടെ ഇടയിൽ രാകാസുധാകരനെപ്പൊലെ ആഹ്ലാദകരവാനായി ഇനിയും ചിരകാലം ഇരിക്കെണമെന്നാണ ഞങ്ങളുടെ പ്രാൎത്ഥന.

പിന്നെ കപിലനാഥൻ "ഇതു ജ്യെഷ്ഠനാണെ"ന്നു പറഞ്ഞു കുന്ദലതയ്ക്കു പ്രതാപചന്ദ്രനെ കാണിച്ചുകൊടുത്തു. അവരു തമ്മിൽ തങ്ങളുടെ സ്നെഹത്തെ കാണിച്ചു ശെഷം, കപിലനാഥൻ കുന്ദലതയെ മറ്റു എല്ലാവരുടെയും അടുക്കൽ കൊണ്ടുപൊയി. ഓരൊരുത്തരെ വെവ്വെറെ വിവരം പറഞ്ഞു കാണിച്ചു. കുന്ദലതയ്ക്കു പണ്ടു കാണാത്ത ആളുകളെയും സ്ഥലങ്ങളെയും, സാധനങ്ങളെയും കാണുകയാൽ ഒരു പുതിയ ലൊകത്തു വന്നതു പൊലെ തൊന്നി, നാലു ഭാഗത്തെക്കും വിസ്മയത്തൊടുകൂടെ നൊക്കിക്കൊണ്ടു സ്വൎണ്ണമയീദെവിയുടെ സമീപത്തു പൊയി ഇരുന്നു. കുറച്ചു നെരം കൊണ്ടു തന്നെ സ്വൎണ്ണമയിയും കുന്ദലതയു

തമ്മിൽ ഊഢമായ സൌഹാൎദ്ദം സംഭവിക്കുകയാൽ, പ്രതാപചന്ദ്രനും, കപിലനാഥനും വളരെ സന്തൊഷമാകയും ചെയ്തു.

അഘൊരനാഥൻ:— രണ്ടാളുകളെക്കൂടെ രജാവിന്റെ മുമ്പാകെ കൊണ്ടുവന്ന നിൎത്തി, "യവനന്മാരുടെ വെഷം ധരിച്ചിരുന്ന മററ രണ്ടാളുകൾ ഇവരാണെ"ന്ന പറഞ്ഞു.

രാജാവ:— അവരുടെ മുഖത്തെക്ക സൂക്ഷിച്ചനൊക്കി, "ഇത താരാനാഥനല്ലെ?" എന്ന ചൊദിച്ചു.

അഘൊരനാഥൻ:— അതെ, താരാനാഥൻ തന്നെ. ഇവിടെനിന്ന പൊയിട്ട ഒരു സംവത്സരത്തൊളമായി. ദൈവാനുകൂലംകൊണ്ട തരക്കെട ഒന്നും കൂടാതെ പല ദിക്കുകളിൽ സഞ്ചരിച്ച, ജ്യെഷ്ഠന്റെ അടുക്കെത്തന്നെയാണ ചെന്നെത്തിയത.

രാജാവ:— അത്ഭുതം! പ്രകൃത്യാ ദെഹികൾ തമ്മിലുള്ള സ്നെഹം അവരുടെ അറിവ കൂടാതെയും, അവരെ അന്ന്യൊന്ന്യം ആകൎഷിക്കുമൊ! എന്ന പറഞ്ഞു. മററെ ആളെ രാജാവിന്ന മനസ്സിലായില്ല.

അഘൊരനാഥൻ:— ഇവൻ ജ്യെഷ്ഠന്റെ ഭൃത്യനാണ. മുപ്പത സംവത്സരത്തിൽ പുറമായി ജ്യെഷ്ഠന്റെ കൂടെത്തന്നെ താമസിച്ചുവരുന്നു. വളരെ വിശ്വാസയൊഗ്യനാണ. ജ്യെഷ്ഠന്റെ ഗൂഢവാസത്തിലും കൂടെയുണ്ടായിരുന്നു. രാമദാസൻ എന്നാണ പെര.

രാജാവ:— അവർ രണ്ടുപെരൊടും താരതമ്യം പൊലെ തന്റെ സന്തൊഷം കാണിച്ചു. താരാനാഥൻ രാജാവിനൊട സംസാരിച്ച കഴിഞ്ഞപ്പൊഴെക്ക, ആയാളെ പ്രതാപചന്ദ്രൻ കയ്യ പിടിച്ച വെറൊരെടത്തെക്ക കൂട്ടിക്കൊണ്ടുപൊയി. അവിടെക്ക സ്വൎണ്ണമയിയും എത്തി. രണ്ടുപെരും വളരെ സ്നെഹത്തൊടുകൂടി താരാനാഥനെ ആശ്ലെഷം ചെയ്തു. താരാനാഥനും, അവരുടെ കല്യാണം കഴിഞ്ഞതിനെക്കുറിച്ചും മററും തന്റെ സന്തൊഷത്തെ പ്രദൎശിപ്പിച്ചു. കുന്ദലത അടുക്കെ നിന്ന അതൊക്കെയും കണ്ട സന്തൊഷത്തൊടുകൂടി താരാനാഥനെ കടാക്ഷിക്കുകയും ചെയ്തു.

പ്രതാപചന്ദ്രൻ:— എന്റെ പരുഷവാക്ക കൊണ്ട സുഖക്കെടായിട്ടാണ താരാനാഥൻ പൊയത, അല്ലെ? ഞാൻ തല്ക്കാലത്തെ കൊപം കൊണ്ട വല്ലതും പറഞ്ഞുപൊയിട്ടുണ്ടെങ്കിൽ അത ക്ഷമിക്കണെ.

താരാനാഥൻ:— "എന്റെ പ്രവൃത്തികൊണ്ട അങ്ങിനെ ശങ്കിപ്പാൻ വഴിയുണ്ടായിരിക്കാം. എന്നാൽ വസ്തുത അങ്ങിനെയല്ലതാനും. അത നിങ്ങളെ അറിയിക്കുന്നതിന്നും വിരൊധമില്ല. നിങ്ങൾ രണ്ടാളുകളും

കൂടി എന്നെ കൂട്ടാതെ ഓരോന്ന പറകയും, നടക്കയും, ചെയ്യയാലും, എനിക്ക സല്ലാപത്തിന്നും, സഹവാസത്തിന്നും വെറെ ആരും ഇല്ലാതിരുന്നതിനാലും, കുണ്ഠിതം തൊന്നി ആരൊടും പറയാതെ എങ്ങൊട്ടെങ്കിലും പൊകുവാൻ നിശ്ചയിച്ചു. അതല്ലാതെ നിങ്ങളുടെ നെരെ നീരസം തൊന്നുകയാലാണെന്ന സ്വപ്നത്തിൽ പൊലും നിങ്ങൾക്ക തൊന്നരുത. ഇനിയും നിങ്ങൾ അങ്ങിനെ തന്നെ ചെയ്യുന്ന പക്ഷം, എനിക്ക ഒട്ടും ഖെദം ഉണ്ടാവുകയില്ലതാനും." എന്ന പറഞ്ഞു കുന്ദലതയുടെ മുഖത്തെക്ക ഇടക്കണ്ണിട്ടൊന്നു നൊക്കി മന്ദസ്മിതം ചെയ്തു.

പ്രതാപചന്ദ്രൻ:— "താരാനാഥൻ പൊയതിൽ പിന്നെ, ഇതാ, ഇപ്പൊൾ അറിഞ്ഞു കണ്ടു സംസാരിച്ചവരെയും എന്റെ വാക്കുകളായിരിക്കുമൊ താരാനാഥന്റെ പ്രവൃത്തിക്ക കാരണം, എന്നൊരു ശല്യം എപ്പൊഴും വിട്ടുപൊകാതെ എന്റെ മനസ്സിലുണ്ടായിരുന്നു" എന്ന പറഞ്ഞു.

പിന്നെ താരാനാഥൻ ഓരൊ ദിക്കുകളിൽ സഞ്ചരിച്ചതും കുന്ദലതയെയും കപിലനാഥനെയും കണ്ടെത്തിയതും മറ്റും കുറിച്ചു സൊദരിസൊദരന്മാർ നാലുപെരും കൂടിയിരുന്ന സംഭാഷണം ചെയ്യുന്നത കണ്ടു കപിലനാഥനും അഘൊരനാഥനും വളരെ പ്രീതിപൂണ്ടു.

അതിന്റെ ശെഷം കപിലനാഥൻ തന്റെ പണ്ടത്തെ ഭൃത്യന്മാരെയും, സമീപം ദിക്കുകളിൽനിന്ന തന്നെ കാണ്മാനായി വന്നിരുന്ന ദരിദ്ര്യന്മാരും പരാധീനക്കാരുമായ മറ്റെ ആളുകളെയും കാണ്മാനായി അവരുടെ ഇടയിലെക്ക ചെന്നു. അപ്പൊൾ അവൎക്കുണ്ടായ സന്തൊഷം ഇത്ര എന്ന പറഞ്ഞുകൂടാ. അദ്ദെഹം കണ്ടറിഞ്ഞ ഭാവത്തിൽ, മന്ദസ്മിതത്തൊടുകൂടി എല്ലാവരെയും പ്രത്യെകം പ്രത്യെകം നൊക്കി മിക്കവരൊടും ഒന്നരണ്ടു വാക്ക സംസാരിച്ചു. ചിലർ കാക്കൽ വീണിട്ടും, ചിലർ കരഞ്ഞിട്ടും, മറ്റും പ്രകാരത്തിലും അവർ തങ്ങളുടെ ആന്തരമായ സ്നെഹത്തെയും ഭക്തിയെയും സന്തൊഷത്തെയും കാണിച്ചു. അസാരന്മാരാണെങ്കിലും, അവരുടെ മനഃപൂൎവ്വമായും ഏറ്റവും നിൎവ്യാജമായും ഉള്ള ആ സ്നെഹസൂചകങ്ങളെ കണ്ടപ്പൊൾ വളരെ ദയാലുവായ കപിലനാഥന്ന മനസ്സലിയുകയും ചെയ്തു.

അന്നത്തെ രാത്രി ഉദ്യാനത്തിൽ എല്ലാവരും, പുതുതായി വന്നവരൊട സംഭാഷണം ചെയ്തു കൊണ്ടും അവരുടെ ഓരൊ കഥകളെ കെട്ടുകൊണ്ടും തന്നെ നെരം കഴിച്ചു, ഭൃത്യന്മാരുടെ ഇടയിലും, സന്തൊഷത്തിന്ന ഒട്ടുംകുറവുണ്ടായിരുന്നില്ല. രാമദാസന്റെ അമ്മയും പെങ്ങളും

ഒരെടത്ത അവരെ അരികത്തിരുത്തി അവൻ പൊയതിൽ പിന്നെയുണ്ടായതൊക്കെയും ചൊദിച്ചറിഞ്ഞു. മറ്റൊരെടത്ത രണ്ടാളുകൾ തങ്ങളുടെ ചെറിയമ്മയായ പാൎവ്വതിയൊട വൎത്തമാനങ്ങൾ ചൊദിച്ചു. വെറെ പല ദിക്കുകളിലും രണ്ടും നാലും ആളുകളായി കൂടിയിരുന്നു; യവനന്മാരുടെ പരാക്രമത്തെയും, കുന്തളെശന്റെ അപമാനത്തെയും, വെടക്കരചന്റെ കൂറിനെയും മറ്റും പല സംഗതികളെക്കുറിച്ചും പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. എന്നാൽ കപിലനാഥന്റെ യൊഗ്യതയെയും കുന്ദലതയുടെ സൌഭാഗ്യാദി ഗുണങ്ങളെയും പിന്നെയും പിന്നെയും പറഞ്ഞു അതിശയപ്പെടാത്തവർ ആരും തന്നെയുണ്ടായിരുന്നതുമില്ല.

---

## ൧൮-ാം അദ്ധ്യായം.

## വിവരണം.

പിറ്റെന്നാൾ എല്ലാവരുടെയും സ്നാനഭൊജനാദികൾ കഴിഞ്ഞു, രാജാവും കപിലനാഥനും കൂടി സംസാരിച്ചുകൊണ്ടിരിക്കെ, മറ്റെല്ലാവരെയും വിളിക്കുവാനായി രാജാവു കല്പിച്ചു. അപ്പൊൾ സ്വൎണ്ണമയീദെവിയും കുന്ദലതയും, പ്രതാപചന്ദ്രനും, താരാനാഥനും, രാജാവിന്റെ മുമ്പാകെ വന്നിരുന്നു. രാമദാസനെയും വിളിക്കുവാൻ രാജാവു കല്പിക്കുകയാൽ അവനും വന്നു. അഘൊരനാഥൻ ചില രാജ്യകാൎയ്യങ്ങൾ അന്വെഷിപ്പാൻ പുലൎച്ചെ രാജധാനിയിലെക്കു പൊയിരുന്നു. അദ്ദെഹവും അപ്പൊഴെക്കു മടങ്ങി എത്തി. അങ്ങിനെ എല്ലാവരും എത്തിക്കൂടിയപ്പൊൾ, കപിലനാഥൻ പൊയതിൽ പിന്നെ ഉണ്ടായ ചരിതം ഒക്കെയും വിവരമായി അറിയെണമെന്നു രാജാവു ആവശ്യപ്പെട്ടു. കപിലനാഥൻ താൻ നാടുവിട്ടു പൊയി വിലപാദ്രിയുടെ മുകളിൽ ചെന്നു അവിടെ ഒരു ഭവനം ഉണ്ടാക്കി താനും കുന്ദലതയും അവിടെ താമസിച്ച പ്രകാരവും മറ്റും സംക്ഷെപമായി പറഞ്ഞു.

പ്രതാപചന്ദ്രൻ:— അങ്ങുന്നും എന്റെ സൊദരിയും മരിച്ചു എന്നാണല്ലൊ ഞങ്ങൾ എല്ലാവരും വിശ്വസിച്ചിരുന്നത?

കപിലനാഥൻ:— ഞാൻ പൊകുന്നെടത്തെക്കു ആരും തിരഞ്ഞു വരാതിരിപ്പാൻ വെണ്ടി, ഞാൻ ഒരു ഉപായം പ്രവൃത്തിച്ചത കൊണ്ടായിരിക്കണം.

ആ വിശ്വാസം ഉളവായത. എന്നെ കാരാഗൃഹത്തിലാക്കുവാൻ കല്പിച്ച ദിവസം രാത്രി തന്നെ ഞാൻ കുന്ദലതയെ ആരെയും അറിയിക്കാതെ രാമദാസന്റെ വക്കൽ കൊടുത്തയച്ചു. കാട്ടിൽ ഒരെടത്ത ഒരു കോഴിയെ അറുത്ത രക്തം ഒലിപ്പിച്ച അതിന്നരികത്ത കുന്ദലതയുടെ ഒരു അങ്ക വസ്ത്രം വെച്ചേക്കുവാനും പറഞ്ഞിട്ടുണ്ടായിരുന്നു. അതപ്രകാരം രാമദാസൻ ചെയ്കയാൽ ആയിരിക്കേണം കുന്ദലതയെ, കള്ളന്മാർ കൊണ്ടുപോയി കുലപ്പെടുത്തി എന്നൊരു സംസാരം ഉണ്ടായ്ത. പിന്നെ കുന്ദലതയെ കാണാതായി എല്ലാ ദിക്കിലും തിരച്ചിൽ തുടങ്ങിയന്ന രാത്രി ഞാനും രാജധാനിയിൽ നിന്ന ഗോപ്യമായി പുറപ്പെട്ട പോയി. പോകുമ്പോൾ ഞാൻ പ്രാണത്യാഗം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നു എന്ന ഒരു എഴുത്ത ഇവിടെ എഴുതി വെച്ചിരുന്നതകൂടാതെ പോകുന്ന വഴിക്ക കാട്ടിൽ ഒരു വലിയ ചിതകൂട്ടി അതിന്ന തീക്കൊളുത്തി, അതിന്നരികെ എന്റെ ഒരു ഉത്തരീയവസ്ത്രവും, ചില താക്കോലുകളും, എന്റെ ചില കത്തുകളും വലിച്ചെറിഞ്ഞിട്ടുണ്ടായിരുന്നതിനാൽ, എഴുത്തിൽ കണ്ട പ്രകാരം ഞാൻ ആത്മഹത്യ ചെയ്തിരിക്കുന്നു എന്ന ജനങ്ങൾ വിശ്വസിച്ചതാണ.

സ്വർണ്ണമയി:— അച്ഛൻ ഞങ്ങളെ എല്ലാവരെയും വെടിഞ്ഞ കാട്ടിൽ ഏകാന്തമായ സ്ഥലത്ത പാർക്കുമ്പോൾ ചിലപ്പോഴെങ്കിലും ഞങ്ങളെ വിചാരിച്ച വ്യസനിക്കുകയില്ലേ?

കപിലനാഥൻ:— ആ ഒരു വലിയ വ്യസനത്തിന്ന പുറമെ, ആദിയിൽ എനിക്ക വേറെയും വ്യസനകാരണങ്ങൾ ഉണ്ടായിരുന്നു. ഘോരവനം- ഞാനും, പാർവ്വതിയും, രാമദാസനും- കരഞ്ഞുകൊണ്ട കുന്ദലത എന്റെ കയ്യിലും- വേറെ സമീപം മനുഷ്യർ ആരും ഇല്ലാതെയും- അങ്ങിനെയുള്ള സ്ഥിതിയിൽ ചോർച്ചകൂടാതെ ഒരു ചെറിയ പുര വെച്ചു കെട്ടിയുണ്ടാക്കുന്നവരെ ഞങ്ങൾക്കെല്ലാവർക്കും വ്യസനവും ഭയവുമുണ്ടായി. കുന്ദലത കഷ്ടം! ഞാൻ അപ്പോൾ അച്ഛനെ എത്ര ബുദ്ധിമുട്ടിച്ചിട്ടുണ്ടായിരിക്കും.!

കപിലനാഥൻ:— അങ്ങിനെയല്ലേ— കുന്ദലത എന്റെ പരിതാപപ്രശമനത്തിന്ന ഒരു സിദ്ധൌഷധമായിരുന്നു— എന്റെ ജീവധാരണത്തിന്ന ഏകകാരണമായിരുന്നു— കുന്ദലതയുടെ മന്ദസ്മിതങ്ങൾ എനിക്ക ധൈര്യവൽകങ്ങൾ കുന്ദലതയുടെ കളവചനങ്ങൾ എനിക്ക ആമോദദായകങ്ങൾ- ഇങ്ങിനെയാണ കഴിഞ്ഞ വന്നിരുന്നത. കുന്ദലത എന്റെ ഒരുമിച്ചുണ്ടായിരുന്നില്ലെങ്കിൽ, ഞാൻ എഴുതിവെച്ച പോയിരുന്നപ്രകാരം

ചെയ്യാൻ തന്നെ സംശയിക്കയില്ലായിരുന്നു— ഞാൻ പോകുന്നത ആരെയും അറിയിച്ചിട്ടില്ലെന്നില്ല. ഞാൻ മരിച്ചിട്ടില്ലെന്ന മാത്രം അഘോരനാഥനെ അറിയിപ്പിച്ചിട്ടുണ്ടായിരുന്നു. ഇന്ന ദിക്കിലാണെന്നും മററും വിവരം ഇയ്യിടെയാണ അറിയിച്ചത.

അഘോരനാഥൻ:— യുവരാജാവിന്ന അഭിഷേകമുണ്ടായതിൻെറ അല്പം മുമ്പായി ഒരു വൈരാഗി വന്നിരുന്നത ഠരം രാമദാസനായിരുന്നു അവൻ ഇവിടെ കൊടുത്ത എഴുത്ത കണ്ടപ്പോൾ തന്നെ എനിക്ക ജ്യേഷ്ഠൻെറ കയ്യക്ഷരമാണെന്ന സംശയം തോന്നി.” ഇത കേട്ടപ്പോൾ എല്ലാവരും വളരെ വിസ്മയിച്ചു. രാമദാസൻ പുഞ്ചിരിക്കൊണ്ട തലതാഴ്ത്തി.

സ്വപ്നമയി:— അതെത്രയും ഭോഷ്കാണെന്ന ഞാൻ അന്ന തന്നെ പറകയുണ്ടായി. എൻെറ അച്ഛനെക്കുറിച്ച പറഞ്ഞത എങ്കിലും ഞാൻ വിശ്വസിച്ചില്ലല്ലൊ. കഷ്ടം! നഷ്ടപ്രശ്നം പറഞ്ഞത ഇത്ര സൂക്ഷ്മമായി ഒക്കുക ഇതിൽ കീഴിൽ ഉണ്ടായിട്ടില്ല. അമ്പത്തനാല വയസ്സ! ഹാ! എത്ര കൃത്യം!

പ്രതാപചന്ദ്രൻ:— സംശയം തീരായ്കയാൽ “രാമദാസാ! നീയ്യ തന്നെയൊ, വൈരാഗി വെഷം ധരിച്ച വന്നത?” എന്ന ചോദിച്ചു. രാമദാസൻ വളരെ പണിപ്പെട്ട “അതെ” എന്ന സമ്മതിച്ചു.

പ്രതാപചന്ദ്രൻ:— എൻെറ സംശയം തീൎന്ന സൈകതപുരിയിലാണ ഇവനെ ആദ്യം കണ്ടെത്തിയത. അവിടെ നഷ്ടപ്രശ്നം കൊണ്ട പലരെയും വിസ്മയിപ്പിച്ചിട്ടാണത്രെ രാജധാനിയലെക്ക വന്നത.

രാമദാസൻ:— ഞാൻ വെഷച്ഛന്നനായി എൻെറ കുടിയിൽ തന്നെയാണ ഒന്നാമത ചെന്നത. സമീപം ആളുകളെയും സ്ഥലങ്ങളെയും എനിക്ക നല്ല പരിചയമുണ്ടാകയാൽ ഞാൻ പറഞ്ഞത മിക്കതും ശരിയായി. എല്ലാവരും ഞാൻ ഒരു ദിവ്യൻ തന്നെയാണെന്ന തീൎച്ചയാക്കി, പല വീടുകളിൽനിന്നും എനിക്ക ഭിക്ഷയും ദക്ഷിണയും മററും ഉണ്ടായി. ആ വിധം ഉപജീവനമായവൎക്ക ഒട്ടും സ്വല്പയില്ലെന്നും തൊന്നി.

അഘോരനാഥൻ “വിശെഷതസ്സൎവ്വവിദാംസമാജെ വിഭൂഷണം മൌനമപണ്ഡിതാനാം” എന്ന സുഭാഷിതത്തിൻെറ സാരം ഗ്രഹിക്കകയാലായിരിക്കുമൊ, രാമദാസൻ മൌനവ്രതം അനുഷ്ഠിച്ചത?

പ്രതാപചന്ദ്രൻ:— കഷ്ടം! വിശിഷ്ടനായ ഒരു വൈരാഗിയാണെന്നല്ലെ ഞാൻ വിശ്വസിച്ചത? ആളുകളെ ചതിക്കുവാൻ ഇത്ര എളുപ്പമുണ്ടല്ലൊ! അത്ഭുതം! എല്ലാ വൈരാഗിമാരും ഇങ്ങിനത്തവരല്ലെന്നാരറിഞ്ഞു!

അഘൊരനാഥൻ.— ആ എഴുത്തു കണ്ട ഉടനെ, വൈരാഗിയെ കണ്ടു പിടിക്കുവാൻ ഞാൻ പല ദിക്കിലെക്കും ആളെ അയച്ചു. അപ്പൊഴെക്ക രാമദാസൻ ജെഷ്ഠന്റെ എഴുത്തൊടുകൂടി എന്നെ കാണ്മാൻ ഇങ്ങൊട്ട തന്നെ വന്നു. അതും വെഷചരനനായിട്ടാകയാൽ ഇവിടെ മററാൎക്കും അവനെ അറിവാൻ കഴിഞ്ഞതുമില്ല.

കപിലനാഥൻ:— ഞാൻ താമസിച്ചിരുന്ന വനത്തിന്ന സമീപം ഉള്ള ധൎമ്മപുരി എന്ന ഗ്രാമത്തിൽനിന്ന ഒരു വഴിപൊക്കനെകണ്ട സംസാരിച്ചപ്പൊഴാണ പ്രതാപചന്ദ്രന്ന വിവാഹം നിശ്ചയിച്ചിരിക്കുന്നു എന്ന അറിഞ്ഞത. അതിന്റെ സൂക്ഷ്മം അറിവാൻ വെണ്ടീട്ടാണ രാമദാസനെ ഇങ്ങൊട്ട അയച്ചത. അവൻ ഇങ്ങൊട്ട പൊന്നിരിക്കുമ്പൊൾ താരാനാഥൻ അവിടെ എത്തി, ധൎമ്മപുരിയിൽ വെച്ച ഞങ്ങൾ തമ്മിൽ യദൃച്ഛയായി കണ്ടെത്തി ഞാൻ എന്റെ ഭവനത്തിലെക്ക കൂട്ടികൊണ്ട പൊയി താമസിപ്പിച്ചു.

താരാനാഥൻ:— ഞാൻ എന്റെ പരമാൎത്ഥം അപ്പൊൾ തന്നെ അറിയിച്ചിരുന്നുവെങ്കിൽ, അച്ഛന്ന എത്ര സന്തൊഷമുണ്ടാകുമായിരുന്നു!

കപിലനാഥൻ:— എന്റെ സന്തൊഷത്തിന്ന ഒട്ടും കുറവുണ്ടായിരുന്നില്ലെന്ന തന്നെ പറയാം. താരാനാഥനെ കണ്ടപ്പൊൾ തന്നെ എനിക്ക സംശയം തൊന്നി. പിന്നെ രാമദാസൻ മടങ്ങിവന്നപ്പൊൾ അഘൊരനാഥന്റെ എഴുത്ത കൊണ്ട മിക്കതും തീൎച്ചയായി. അതിന്ന ശെഷം ഒരു ദിവസം താരാനാഥൻ കുതിരപ്പുറത്ത നിന്ന വീണപ്പൊഴാണ എനിക്ക നല്ല തീൎച്ചയായത. അരയിൽ കുട്ടിക്കാലത്ത തന്നെ ഒരു മറു ഉള്ളത എനിക്ക സൂക്ഷിച്ച നൊക്കി കാണ്മാൻ വീണ മൊഹാലസ്യപ്പെട്ട കിടക്കുമ്പൊൾ തരം വന്നു. അത കണ്ടപ്പൊൾ സംശയമൊക്കെയും തീരുകയും ചെയ്തു.

കുന്ദലത:— രാമകിശൊരൻ കുതിരപ്പുറത്തനിന്ന വീണതിൽ പിന്നെ, അച്ഛന്ന രാമകിശൊരനെകുറിച്ച പ്രതിപത്തി അധികമായി കണ്ടു. അതിന്റെ കാരണം ഇപ്പൊഴാണ എനിക്ക മനസ്സിലായത.

താരാനാഥൻ:— രാമകിശൊരൻ എന്ന എന്റെ അജ്ഞാതവാസകാലത്തെ പെരാണ. ഇപ്പൊൾ ഞാൻ പണ്ടത്തെ താരാനാഥൻ തന്നെയായി," എന്ന പറഞ്ഞു. അപ്പൊൾ എല്ലാവരും ഒന്ന ചിരിച്ചു. കുന്ദലത അല്പം നാണം പൂണ്ടു.

രാജാവ:— ഇവരുടെ ചരിത്രം ആശ്ചൎയ്യം തന്നെ. ഇതൊക്കെയും എഴുതിവെച്ചാൽ വായിക്കുന്നവൎക്ക വളരെ നെരമ്പൊക്കുണ്ടാകും.

അജ്ഞാതവാസവും— പ്രഛന്ന വെഷവും— കൈതവനാമവും ചിത്രം! ചിത്രം!

കപിലനാഥൻ:— താരാനാഥനും ഞാനും ഗുരുശിഷ്യന്മാരുടെ നിലയിലായിരുന്നു. ഇങ്ങൊട്ട പൊരുന്നതിന്റെ തലെന്നാളാണ താരാനാഥനൊട വസ്തുത അറിയിച്ചത.

താരാനാഥൻ:— കഷ്ടം! ഇതുവരെയും അച്ഛൻ എന്നെ പരമാൎത്ഥം അറിയിക്കാതെ കഴിച്ചുവല്ലൊ. എങ്കിലും എനിക്ക അതുകൊണ്ട അധികം വ്യസനിക്കുവാനില്ല. അച്ഛനാണെന്ന അറിഞ്ഞിട്ടില്ലെങ്കിലും എന്റെ സ്നെഹത്തിന്നും ബഹുമാനത്തിന്നും ഒട്ടും കുറവുണ്ടായിട്ടില്ല. പക്ഷെ വസ്തുത മുൻകൂട്ടി അറിഞ്ഞാൽ എനിക്ക വളരെ സന്തൊഷം കൂടെയുണ്ടാകുന്നതായിരുന്നു.

കപിലനാഥൻ:— താമസിയാതെ അറിയിക്കെണമെന്ന തന്നെയായിരുന്നു എന്റെ വിചാരം. കുന്തലതക്കു യൌവന്യമായി, എന്റെ സ്വാമിക്ക സ്വൎഗ്ഗപ്രാപ്തി വരുന്നതിന്ന മുമ്പായി, കുന്തലതയെ തിരുമുമ്പാകെ കൊണ്ടുവന്ന തന്ന, എന്റെ അപരാധങ്ങളെ ഒക്കെയും ക്ഷമിക്കുവാൻ അപെക്ഷിക്കെണമെന്നും, അതിന്ന ഇങ്ങൊട്ട മടങ്ങിവരുവാൻ ഒരു സംഗതിയുണ്ടാക്കെണമെന്നും, ഉണ്ടാക്കിയ ശെഷം താരാനാഥനെ വസ്തുത ഒക്കെയും അറിയിക്കാമെന്നും ആലൊചിച്ച കൊണ്ടിരിക്കുമ്പൊഴാണ, യുദ്ധമുണ്ടാവുമെന്നുള്ള വൎത്തമാനം അറിഞ്ഞത.

പ്രതാപചന്ദ്രൻ:— അത എങ്ങിനെയറിഞ്ഞു?

അഘൊരനാഥൻ:— കുന്തളരാജ്യത്തെക്ക ദൂതനെ അയച്ച വിവരം ഇവിടുന്ന എന്നൊട പറഞ്ഞപ്പൊൾ തന്നെ, ഒട്ടും താമസിയാതെ ഞാൻ രാജധാനിയിൽനിന്ന ഇവിടെ വന്ന ഒന്നാമത ചെയ്യുത ജ്യെഷ്ഠനെ വിവരം അറിയിക്കുവാൻ ഒരു ദൂതനെ എഴുത്തും കൊടുത്ത അയക്കുകയെത?

സ്വൎണ്ണമയി:— ആ ദൂതനും അച്ഛനെ കണ്ടിട്ട അറിഞ്ഞില്ലെ?

കപിലനാഥൻ:— അവൻ എന്റെ പക്കൽ നെരിട്ട എഴുത്ത തരികയല്ല. ധൎമ്മപുരിയിൽ എന്റെ പരിചയക്കാരനായ ഒരു ബ്രാഹ്മണന്റെ പക്കൽ ഒരു പെട്ടി കൊണ്ടുപൊയി കൊടുക്കുവാനാണ അഘൊരനാഥൻ അവനെ അയച്ചിരുന്നത. ആ പെട്ടി പിറ്റെ ദിവസം തന്നെ അദ്ദെഹം എനിക്ക തന്നു. അതിൽ എനിക്ക ഒരു എഴുത്തും ഒരു പട്ടുറുമാലും ഉണ്ടായിരുന്നു. പട്ടുറുമാൽ ഞാൻ വെഷഛന്നനായി വരുന്ന സമയം അടയാളത്തിന്ന വെണമെന്ന കരുതി അഘൊരനാഥൻ അയച്ച തന്നത വളരെ ഉപകാരമായി.

താരാനാഥൻ:— അച്ഛാ! നമുക്ക കുതിരകളെയും, ആയുധങ്ങളെയും കിട്ടിയതൊ?

കപിലനാഥൻ:— അഘോരനാഥന്റെ ദീർഘദൃഷ്ടിയുടെ വൈഭവം വെറെ ഒരു സംഗതിയിലാണ എനിക്ക അനുഭവമായത. ഞങ്ങൾ ഇങ്ങോട്ട വരുമ്പോൾ എനിക്കും താരാനാഥന്നും ഓരൊ കുതിരയുണ്ടായിരുന്നു. ധർമ്മപുരിക്ക സമീപമുള്ള ഒരു കൊല്ലനെക്കൊണ്ട പണിയിച്ച ചില ബലം കുറഞ്ഞ ആയുധങ്ങളും എന്റെ വക്കൽ ഉണ്ടായിരുന്നു. അഘോരനാഥന്റെ എഴുത്തിൽ കണ്ട പ്രകാരം, രാജധാനിയിൽനിന്ന ഏഴെട്ട കാതം വടക്കായി ഞങ്ങൾക്ക പൊരെണ്ടവഴിക്ക ഒരെടത്ത ഒരുവനെ കണ്ട ആ പട്ടുറുമാൽ അടയാളം കാണിച്ചപ്പൊൾ, അകത്ത പൊയി അവനും ഒരു ഉറുമാൽ എടുത്തകൊണ്ടവന്നു. ഒത്തുനൊക്കിയപ്പൊൾ രണ്ടും ഒരിണയാണെന്ന ബൊദ്ധ്യം വന്ന ഉടനെ അവൻ ഞങ്ങളെ കൂട്ടിക്കൊണ്ടുപൊയി, അഞ്ച കുതിരകളെയും പല ആയുധങ്ങളെയും കാണിച്ചതന്ന ആവശ്യമുള്ളത എടുക്കാമെന്ന പറഞ്ഞു അവയിൽ ഏറ്റവും മെത്തരമായ ഒരു കുതിരയെ ഞാൻ തന്നെ എടുത്തു. വെറെ നല്ല രണ്ട കുതിരകളെ താരാനാഥന്നും രാമദാസന്നും ഞാൻ തന്നെ തിരഞ്ഞെടുത്ത കൊടുത്ത വെണ്ടുന്ന ആയുധങ്ങളെയും ഞങ്ങൾ എടുത്തകൊണ്ട പൊരികയും ചെയ്തു. ഇത അഘോരനാഥൻ ചെയ്തിട്ടില്ലെങ്കിൽ ഞാൻ പൊക്കളത്തിൽ ചെയ്തതിന്റെ പകുതി പൊലും എന്നെക്കൊണ്ട ചെയ്വാൻ കഴികയില്ലായിരുന്നു.

പ്രതാപചന്ദ്രൻ:— നമ്മുടെ കപിലനാഥന്റെ വെണ്മഴുവിനാൽ എത്ര വീരന്മാരാണ നശിച്ചത എന്ന പറയുവാൻ പ്രയാസം. ഇദ്ദേഹം പൊക്കളത്തിൽ ചെയ്ത പരാക്രമം കണ്ടിരുന്നാൽ ഇദ്ദേഹത്തിന്ന ഇത്ര പ്രായമായി എന്ന ഒരിക്കലും തൊന്നുകയില്ല. ചണ്ഡപ്രതാപനായ കുന്തളനെ കീഴടക്കുവാൻ, താരാനാഥനും, വെടക്കരചനും, ഞാനും കൂടി അധികം നെരം ശ്രമിച്ചു. ആയാളുടെ ബാഹുബലംകൊണ്ടും ശിക്ഷാവൈഭവത്താലും, ഞങ്ങൾക്ക സാധിച്ചില്ല. പിന്നെ കപിലനാഥനെ മൂർത്തീകരിച്ചിരിക്കുന്ന മൃത്യുവിനെപ്പൊലെ പുരൊഭാഗത്തിങ്കൽ കണ്ടപ്പൊഴാണ, ആയാളുടെ അതി ദുസ്സഹമായ ഗർവ്വം ശമിച്ചു തലതാണത.

രാജാവ:— ഉണ്ണീ! പുരുഷശിരൊമണികളായ ൟ രണ്ട സൊദരന്മാർ നമ്മുടെ സചിവന്മാരാവാൻ സംഗതിവന്നതാണ നമ്മുടെ വലിയ ഭാഗ്യം എന്ന നിശ്ചയം തന്നെ, നമ്മുടെ രാജ്യം ഇങ്ങിനെ ഐശ്വര്യവതിയായി നില്ക്കുന്നതും, പ്രബലന്മാരായ ശത്രുക്കളുടെ ദുർമ്മൊഹം നമ്മൊട

ഫലിക്കാത്തതും നമ്മുടെ കുലമഹിമ ഉജ്ജ്വലിക്കുന്നതും ഈ രണ്ടു സോദരന്മാരുടെ ബുദ്ധികൌശലം കൊണ്ടാണ. നമ്മുടെ രാജ്യത്തിൽ പുഷ്ടി വൎദ്ധിച്ചതും ഇവരുടെ ദാക്ഷിണ്യംകൊണ്ട. നമ്മുടെ പ്രജകളുടെ ആൎത്തിയസ്തമിച്ചതും ഇവരുടെ ഉത്സാഹംകൊണ്ട. നമ്മുടെ കീൎത്തി വിസ്തരിച്ചതും ഇവരുടെ ഓജസ്സുകൊണ്ട. ഇവർ നമ്മുടെ രാജ്യമാകുന്ന ഗൃഹത്തിൽ രണ്ടു പ്രധാനദീപങ്ങൾ. ഇവർ നമ്മുടെ രാജലക്ഷ്മിയുടെ അധിഷ്ഠാനമണ്ഡപങ്ങൾ. ഇവർ നമ്മുടെ പ്രതാപാനലന്റെ ബാഹുയുഗളങ്ങൾ. എന്തു തന്നെ ചെയ്താലും ഇവർ നമുക്ക ചെയ്തതിന്ന ഒരു പ്രതിഫലമാവുകയില്ല.

കപിലനാഥൻ:— സ്വാമിക്ക ഞങ്ങളെക്കുറിച്ചുള്ള കൃപതന്നെയാണ ഈ വാഗ്ധോരണിക്ക കാരണം. ഇവിടുത്തെ പിതാവ ഞങ്ങളെ കുട്ടിയിൽതന്നെ വിദ്യാഭ്യാസം ചെയ്യിച്ച സന്മാൎഗ്ഗങ്ങളിൽ കൂടിത്തന്നെ നടത്തി വളരെ നിഷ്കൎഷയോടുകൂടി വളൎത്തുകയാൽ ഇപ്പോൾ ഞങ്ങൾ ഇവിടുത്തെക്ക ഉപകാരമായി തീൎന്നുവെങ്കിൽ ഇവിടുത്തെ പിതാവിന്റെ പ്രയത്നം വളരെ നിഷ്ഫലമായില്ല എന്നല്ലാതെ എന്താണ പറവാനുള്ളത? ഞങ്ങൾ ഉത്തമസചിവന്മാർ ചെയ്യേണ്ടതിനെ ചെയ്വാൻ ഞങ്ങളാൽ കഴിയുന്നേടത്തോളം ശ്രമിച്ചിട്ടുണ്ട. അതിന്ന ഞങ്ങളുടെ സ്വാമിയായ ഇവിടുത്തെ പ്രീതിയും ഞങ്ങളുടെ മനസ്സിന്നുണ്ടാകുന്ന സമാധാനവുമല്ലാതെ എന്തൊരു പ്രതിഫലമാണ ഞങ്ങൾ കാംക്ഷിക്കുക? അത കൊണ്ട ഇപ്പോൾ സ്വാമിക്ക ഞങ്ങളുടെ മേലുള്ള പ്രീതി മേൽക്കുമേൽ വൎദ്ധിച്ചിരിക്കത്തക്കവണ്ണം ഓരോ ക്രിയകൾ ഞങ്ങളെകൊണ്ട മേലാലും ഞങ്ങളുടെ ദേഹപതനാവധിവരെക്കും, ചെയ്വാൻ സംഗതിവരുമാറാകട്ടെ എന്നാണ ഞങ്ങൾ ഈശ്വരനെ പ്രാൎത്ഥിക്കുന്നത.

പ്രതാപചന്ദ്രൻ:— അച്ഛാ! താരാനാഥന്റെ പരാക്രമവും അല്പമല്ല. താരാനാഥൻ ഒരിക്കൽ കുന്തളേശനെ അയാളുടെ സൈന്യത്തിൽനിന്ന വേർതിരിച്ച ഒററപ്പെടുത്തി ഭയങ്കരനായിരിക്കുന്ന ആയാളെക്കൂടി ഒന്ന ഭയപ്പെടുത്തി. പിന്നെ എന്റെ കുതിരക്ക വെട്ടുകൊണ്ട ഞാൻ താഴത്തുവീണ തക്കത്തിലാണ കുന്തളേശൻ താരാനാഥന്റെ മുമ്പിൽ നിന്ന ഒഴിച്ചത.

അഘോരനാഥൻ:— അത താരാനാഥൻ ചെയ്തത കുറെ സാഹസമായിപ്പോയി. ആ യവനൻ താരാനാഥനാണെന്ന ഞാൻ അപ്പോൾ അറിഞ്ഞിരുന്നുവെങ്കിൽ അവനെ അതിന്ന സമ്മതിക്കുകയില്ലായിരുന്നു.

രാജാവ.— അച്ഛന്റെ ഗുണങ്ങൾ മക്കളിൽ പ്രതിബിംബിക്കുന്നത അത്ഭുതമല്ലല്ലോ, താരാനാഥനെ ഇന്നുമുതൽ നമ്മുടെ പ്രധാന സേനാ

പതിയായി നിശ്ചയിച്ചിരിക്കുന്നു. എന്ന പ്രതാപചന്ദ്രനോടായിട്ട പറഞ്ഞു. ആ കല്പന എല്ലാവൎക്കും വളരെ സന്തോഷകരമായി. കപിലനാഥനും അഘോരനാഥനും തങ്ങൾക്ക താരാനാഥന്റെ പ്രായത്തിൽ ആ വിധം വലിയ സ്ഥാനമാനങ്ങൾ കിട്ടുവാനിടവന്നിട്ടില്ലെന്ന പറഞ്ഞു സന്തോഷത്തോടു കൂടി താരാഥനെ ആശ്ലേഷം ചെയ്തു. മററവർ വെറെ പ്രകാരത്തിൽ തങ്ങളുടെ സന്തോഷത്തെ കാണിക്കുകയും ചെയ്തു.

അതിന്റെ ശേഷം കപിലനാഥൻ യുദ്ധമുണ്ടാവുമെന്ന അറിഞ്ഞ ഉടനെ, തന്റെ വനഭവനത്തെ ശൂന്യമാക്കി വിട്ടെച്ച എല്ലാവരും കൂടി പുറപ്പെട്ടതും ധൎമ്മപുരിയിൽ എത്തി ഒരു വാഹനം സമ്പാദിച്ചതും, വഴിയിൽ ഓരൊ ദിക്കുകളിൽ താമസിച്ച യുദ്ധം തുടങ്ങുന്നതിന്റെ തലെ ദിവസം രാജധാനിയുടെ ഉത്തര ഭാഗത്ത ഒരു വഴിയമ്പലത്തിൽ എല്ലാവരുംകൂടി എത്തി, അന്നെത്തെരാത്രി അവിടെകഴിച്ചതും, പുലച്ചെ രാമദാസനെയും താരാനാഥനെയും ഏല്പിച്ച കുന്ദലതയെയും, പാൎവ്വതിയെയും അയച്ചതും മററും വിവരമായി പറഞ്ഞു. താരാനാഥൻ താനും രാമദാസനും കൂടി സൈകതപുരിയിൽ രാമദാസന്റെ വീട്ടിൽ എത്തി, കുന്ദലതയെയും പാൎവ്വതിയെയും ഒരു അകത്ത കൊണ്ടുപൊയി ഇരുത്തിയതും, രാമദാസനെ കണ്ടറിഞ്ഞപ്പോൾ അവന്റെ അമ്മക്കും, പെങ്ങൾക്കും ഉണ്ടായ സന്തോഷവും, പിന്നെ തങ്ങൾ കപിലനാഥന്റെ ഒരുമിച്ച എത്തി യവന വെഷം ധരിച്ചതും മററും വിസ്തരിച്ച പറഞ്ഞു.

കുന്ദലതയും ഒന്നും പറഞ്ഞില്ലെന്നില്ല. തനിക്ക രാമദാസന്റെ അമ്മയും പെങ്ങളും വളരെ ദയ കാണിച്ച വിവരവും, വൈകുന്നെരം രാമദാസൻ യവന വെഷത്തൊടു കൂടി മടങ്ങിച്ചെന്ന തന്നെയും പാൎവ്വതിയെയും ഡോലിയിൽ കയററിയപ്പൊൾ, രാമദാസന്റെ അമ്മയെയും പെങ്ങളെയും കൂടെ കൊണ്ടുപൊരെണമെന്ന താൻ ആവശ്യപ്പെട്ട പ്രകാരം അവരെ വെറൊരു ഡോലിയിൽ കൊണ്ടുവന്നതും മററും പറഞ്ഞു.

ഇങ്ങിനെ എല്ലാവരും ഓരൊ വൎത്തമാനങ്ങൾ കെട്ട അത്ഭുതപ്പെട്ട വളരെ സന്തോഷമായി നാല ദിവസം ചന്ദനൊദ്യാനത്തിൽ തന്നെ താമസിച്ചു. വെടക്കരച്ചൻ യുവരാജാവിന്ന ചെയ്ത ഉപകാരത്തിന്ന വെണ്ടി വലിയ രാജാവ ആയാൾക്ക വളരെ സമ്മാനങ്ങളും വെടക്കരച്ചക്ക പണ്ടില്ലാത്ത ചില സ്ഥാനമാനങ്ങളും കൊടുത്ത വളരെ സന്തൊഷമാക്കി പറഞ്ഞയക്കുകയും ചെയ്തു.

## ൧൯-ാം അദ്ധ്യായം.

## വിമൊചനം.

---

കലിംഗരാജാവും കപിലനാഥൻ മുതലായവരും ചന്ദനോദ്യാനത്തിൽനിന്ന പുറപ്പെട്ട രാജധാനിയിലെക്ക എത്തുമാറായപ്പൊഴെക്ക പൌരന്മാർ അനവധി ജനങ്ങൾ സന്തൊഷത്തൊട്ടു കൂടി എഴുന്നരുളത്തിനെ എതിരെററു. തൊരണങ്ങളെക്കൊണ്ടും മററും അലംകൃതയായിരിക്കുന്ന രാജവീഥിയുടെ ഇരുഭാഗത്തും സൌധങ്ങളിലും, കുന്ദലതയെയും കപിലനാഥനെയും കാണ്മാൻ ജനങ്ങൾ തിക്കിത്തിരക്കി നിന്നിരുന്നു. പലെടങ്ങളിൽനിന്നും, ജനങ്ങൾ അവരെ പുഷ്പവൃഷ്ടി ചെയ്യുകൊണ്ടും, ജനങ്ങളുടെ കൊലാഹല ശബ്ദത്തൊടും വാദ്യഘൊഷത്തൊടും കൂടി താമസിയാതെ എല്ലാവരും രാജധാനിയിൽ എത്തി. ആ രാജധാനിയാകട്ടെ, യുദ്ധം കഴിഞ്ഞതിൽ പിന്നെ വളരെ ശുദ്ധി വരുത്തി, കെട്ടു തീൎത്ത, മനൊഹരമാകുംവണ്ണം അലങ്കരിച്ചിരുന്നു. എല്ലാവരും ചെന്നിറങ്ങി, രാജധാനിയുടെ വിലാസമായ പൂമുഖത്ത അല്പം നെരം നിന്ന ശെഷം, കപിലനാഥൻ കുന്ദലതയുടെ കയ്യുംപിടിച്ച രാജധാനിക്കുള്ളിൽ ഓരൊ സ്ഥലങ്ങൾ പറഞ്ഞു കാണിച്ചു കൊടുപ്പാൻ തുടങ്ങി. ആസ്ഥാനമണ്ഡപത്തിന്റെ സമീപത്ത ചെന്നപ്പൊൾ പണ്ടു വളരെക്കാലം കപിലനാഥന്റെ ആജ്ഞയിൻ കീഴിൽ ഉദ്യൊഗം ഭരിച്ചിരുന്ന പല ഉദ്യൊഗസ്ഥന്മാരും, ഏററവും പ്രീതിയൊടുകൂടി, അദ്ദെഹത്തിന്റെ കീഴിൽ പണിയെടുത്തിരുന്ന നല്ല കാലങ്ങളെ സ്മരിച്ചുകൊണ്ടു, തങ്ങളുടെ മെധാവിയായ കപിലനാഥനെ വന്ന വണങ്ങി. അവരൊടൊക്കെയും സന്തൊഷമാകുംവണ്ണം അല്പം സംസാരിച്ചു, പിന്നെക്കാണാമെന്ന പറഞ്ഞു കുന്ദലതയെയും കൊണ്ടു മററ ദിക്കുകളിലെക്ക പൊയി, ഓരൊന്നായി പ്രധാനപ്പെട്ട സ്ഥലങ്ങൾ ഒക്കെയും കാണിച്ചു കൊടുക്കുകയും ചെയ്തു.

കപിലനാഥൻ:— രാജധാനിയിൽ എത്തി രണ്ടു ദിവസം കഴിഞ്ഞശെഷം, കുന്തളെശനെ ഒട്ടും താമസിയാതെ വിട്ടയക്കുകയാണ നല്ലതെന്നും പ്രബലന്മാരുടെ വൈരം ആപൽക്കരമാണെന്നും, രാജാവിനെ പറഞ്ഞു ബൊദ്ധ്യം വരുത്തി, അതിന്ന അനുജ്ഞ വാങ്ങി താരാനാഥനെയും കൂട്ടിക്കൊണ്ടു ഉൾദുൎഗ്ഗത്തിലെക്ക പൊയി, രണ്ടു പെർ കാണ്മാൻ

വന്നിരിക്കുന്നു എന്ന കുന്തളേശനെ അറിയിച്ച കാണ്മാൻ സമ്മതം വാങ്ങി, അടുത്തചെന്ന വന്ദിച്ചു. കുന്തളേശൻ രണ്ടു പേരെയും സൂക്ഷിച്ച നോക്കി, "ഞാൻ കപിലനാഥനെയല്ലേ കാണുന്നത?" എന്ന ചോദിച്ചു.

കപിലനാഥൻ:— അതെ അയാളെത്തന്നെ. ആശ്ചര്യം!

കൃതവീര്യൻ:— മറെറ മുഖം എനിക്ക പരിചയമില്ല.

കപിലനാഥൻ:— ഇത എന്റെ പുത്രനായ താരാനാഥനാണ, അങ്ങുന്ന അറിവാൻ സംഗതിയില്ല.

കൃതവീര്യൻ:— കപിലനാഥനെത്തന്നെ ഞാൻ ഒരിക്കലെ കണ്ടിട്ടുള്ളു. അതും ഇരിപതൊളം സംവത്സരം മുമ്പെയാണ. എങ്കിലും കണ്ടപ്പോൾ അറിവാൻ അധികം പ്രയാസമുണ്ടായില്ല.

കപിലനാഥൻ:— കുറെ കാലമായിട്ട ഞാൻ നാട വിട്ട പോയിരുന്നു. ഇയ്യിടെ യുദ്ധമുണ്ടാവുമെന്നറിഞ്ഞപ്പോൾ, എന്റെ സ്വാമിക്ക എന്നെക്കൊണ്ട കഴിയുന്ന സഹായം ചെയ്യാൻ വന്നതാണ.

കൃതവീര്യൻ:— ഞാൻ കീഴടങ്ങിയത അങ്ങേക്ക തന്നെയൊ എന്നറിവാൻ എനിക്ക ആഗ്രഹം പാരമുണ്ട.

കപിലനാഥൻ:— എന്റെ വാക്കകൊണ്ടാണ ഒടുവിൽ അങ്ങുന്ന യുദ്ധം നിൎത്തിയത. കീഴടങ്ങി എന്ന പറവാൻ നാം തമ്മിൽ ഏൽക്കുകയുണ്ടായിട്ടില്ലല്ലൊ.

കൃതവീര്യൻ:— ആവൂ! ഇപ്പോൾ എന്റെ വിഷാദവും ദൈന്യതയും പകുതിയിൽ അധികം നശിച്ചു. ഇത്ര വലിയ ഒരു യോദ്ധാവിന്ന കീഴടങ്ങേണ്ടിവന്നതകൊണ്ട എനിക്ക ലേശം പോലും ലജ്ജ തോന്നുന്നില്ല. ഇതുവരെയും എങ്ങാനും കിടക്കുന്ന ഒരു യവനനോട ഞാൻ തോററുവല്ലോ എന്ന വിചാരിച്ച വിഷണ്ണനായി എന്റെ പൌരുഷത്തെ ഞാൻ വൃഥാവിൽ ധിക്കരിച്ചു. എനിക്ക ഒന്ന കൂടെ അറിവാൻ കുതുകമുണ്ട. എന്നെ ഒരിക്കൽ എന്റെ വ്യൂഹ മദ്ധ്യത്തിങ്കൽനിന്ന വേർപെടുത്തി കുറച്ച നേരം തടുത്ത നിൎത്തിയ അങ്ങേടെ വിരുതനായ ആ സഖാവ ആരാണ?

കപിലനാഥൻ:— മന്ദസ്മിതത്തോടുകൂടി, "അത ഓരം നിൽക്കുന്ന താരാനാഥനാണ" എന്ന പറഞ്ഞു.

കൃതവീര്യൻ. "അങ്ങേടെ യുദ്ധവൈദഗ്ദ്ധ്യത്തെക്കണ്ട ഞാൻ ആശ്ചര്യപ്പെടുന്നു", എന്ന താരാനാഥനെ നോക്കി പറഞ്ഞു.

കപിലനാഥൻ. ഞാൻ ഒരു കാൎയ്യം ഇവിടെ പറവാനായിട്ട രാജാവ അയച്ച വന്നിരിക്കയാണ.

കൃതവീൎയ്യൻ. ഉടനെ ലജ്ജകൊണ്ട തല താഴ്ത്തി, "പറയാ"മെന്ന മന്ദാക്ഷരമായിട്ട പറഞ്ഞു.

കപിലനാഥൻ:— ഇവിടുന്ന സ്വരാജ്യത്തിലെക്ക പൊകുന്നതിന്ന മുമ്പായി എൻെറ സ്വാമിയൊട രഞ്ജിപ്പായി പിരിയെണമെന്നും മെലാൽ കുന്തള കലിംഗ രാജ്യങ്ങൾ തമ്മിൽ വൈരമില്ലാതെ കഴിയെണമെന്നും, എൻെറ സ്വാമിക്ക ഒരു പരിഭവം ഉള്ളത ഇവിടെ അറിയിച്ച, രാജധാനിയിലെക്ക പൊരെണമെന്ന, ഇവിടുത്തൊട അപെക്ഷിക്കുവാനാണ എന്നെ അയച്ചിരിക്കുന്നത.

കൃതവീൎയ്യൻ:— ഞാൻ സ്വരാജ്യത്തിലെക്ക പൊകുന്നത എന്ന? ഇപ്പൊൾ ഞാൻ കലിംഗരാജാവിൻെറ കാരാഗൃഹത്തിൽ അല്ലെ?

കപിലനാഥൻ:— യുദ്ധത്തിൻെറ ശെഷം മുഖ്യമായ ചില രാജ്യകാൎയ്യങ്ങളിൽ ദൃഷ്ടി വെക്കെണ്ടി വരികയാൽ ഇവിടുത്തെ യാത്രയാക്കുവാൻ അല്പം താമസം വന്നതാണ. ഇവിടുത്തെ കുന്തളരാജ്യത്തെക്ക അയക്കുവാൻ പ്രധാന മന്ത്രിയായ അഘൊരനാഥൻ അകമ്പടിയൊടുകൂടി ഇപ്പൊൾ ഇവിടെ എത്തും. അതിന്ന മുമ്പായി ഇവിടുന്ന രാജധാനിയിൽ വന്ന തമ്മിൽ കണ്ട പിരിയെണമെന്നാണ സ്വാമിയുടെ ആഗ്രഹം.

കൃതവീൎയ്യൻ:— ഞാൻ അദ്ദെഹത്തിന്ന ചെയ്ത ഉപദ്രവം ഓൎത്തു നൊക്കുമ്പൊൾ അദ്ദെഹത്തിൻെറ പക്കൽനിന്ന ഇത്ര ദയ അനുഭവിക്കെണ്ടവനല്ല. എൻെറ അവിവെകം കൊണ്ട ചില അബദ്ധങ്ങൾ ഞാൻ പ്രവൃത്തിച്ച പൊയത ഒക്കെയും പൊറുക്കുവാനായിട്ട അങ്ങുന്ന തന്നെ എൻെറ പെക്ക അദ്ദെഹത്തൊട യാചിക്കെണം. കൃതവീൎയ്യനൊട ഇന്ന കാണിച്ച ഈ ഔദാൎയ്യം ആയാൾ ഒരിക്കലും മറക്കുകയില്ല. ഈ ദൈന്യ സ്ഥിതിയിൽ എന്നെ രാജധാനിയിൽ വരുവാൻ മാത്രം അവശ്യപ്പെടരുതെ, പക്ഷെ താമസിയാതെ ഒരിക്കൽ വന്ന കണ്ട, എൻെറ കൃതജ്ഞതയെ വഴിപൊലെ കാണിക്കുവാൻ ഞാൻ സംഗതി വരുത്തിക്കൊള്ളാം. ഇപ്പൊൾ തന്നെ രാജാവിനെ വന്ന കാണാത്തത എൻെറ കാലുഷ്യംകൊണ്ടാണെന്ന തൊന്നരുത. എന്നീ വിവരം രാജാവിനെ അറിയിക്കെണം.

കപിലനാഥൻ:— സകലവും ഇവിടുത്തെ ഹിതം പൊലെ. സ്വരാജ്യത്തെക്ക തന്നെ പൊവുകയെന്നാണ തീൎച്ചയാക്കിയത എങ്കിൽ, പുറപ്പെടുവാൻ ഇവിടുന്ന ഒരുങ്ങെണ്ട താമസമെയുള്ളു.

കൃതവീൎയ്യൻ:— എൻെറ ആൾക്കാരും എൻെറ ഒരുമിച്ച തന്നെ എല്ലാവരും പൊരികയില്ലെ?

കപിലനാഥൻ:— ഇവിടുന്ന പുറപ്പെട്ടാൽ ആൾക്കാർ ഒന്നൊഴി യാതെ കൂടെയുണ്ടാകും.

കൃതവീൎയ്യൻ:— (അല്പം പുഞ്ചിരിയൊടു കൂടി) "എനിക്ക ഒരു അപെക്ഷയുണ്ട", അങ്ങുന്നും താരാനാഥനും താമസിയാതെ ഒരിക്കൽ എന്റെ പുരിയിൽ വന്ന കാണ്മാൻ സംഗതി വരുത്തെണം.

കപിലനാഥൻ:— അങ്ങിനെ തന്നെ. ഞങ്ങൾക്കും അത വളരെ സന്തൊഷമാണ. ഇവിടുത്തെ ആശ്രിതന്മാരായ ഞങ്ങളെക്കുറിച്ചും സ്മരണ പ്രത്യെകമുണ്ടായിരിക്കെണമെന്നാണ ഞങ്ങളുടെ അപെക്ഷ.

ഇങ്ങിനെ പറഞ്ഞു കുന്തളെശനെ വളരെ വണക്കത്തൊടു കൂടി പല്ലക്കിൽ കയററി, കാരാഗൃഹത്തിൽ കിടന്നിരുന്ന അദ്ദെഹത്തിന്റെ ആൾക്കാരെയും, അകമ്പടിക്ക കലിംഗരാജാവിന്റെ നൂറ ഭടന്മാരെയും, അഘൊരനാഥൻ ഒരുമിച്ച യാത്രയാക്കി, കപിലനാഥനും അനുയാത്ര യായി കുറെ ദൂരം ഒരുമിച്ച പൊയി, കുന്തളെശന്ന തന്നെക്കുറിച്ച പണ്ടെയുണ്ടായിരുന്ന ബഹുമാനത്തെയും, വിശ്വാസത്തെയും അധികം ദൃഢമാക്കിപ്പൊരികയും ചെയ്തു.

---

## ൨൦-ാം അദ്ധ്യായം.

## കല്യാണം.

---

കുന്ദലതയും കപിലനാഥനും, രാജധാനിയിൽ എത്തിയ ശെഷം രാജാവിന്റെ ഇഷ്ടപ്രകാരം അദ്ദെഹത്തിന്റെ മന്ദിരത്തിൽ തന്നെ യാണ അവർ താമസിച്ച വന്നിരുന്നത. താരാനാഥൻ പ്രധാന സെനാ പതിയാകയാൽ ആയാൾക്ക പ്രത്യെകിച്ച ഒരു മന്ദിരവും ഉണ്ടായിരുന്നു. ഇങ്ങിനെ കുന്ദലതയും, താരാനാഥനും വെവ്വെറെ മന്ദിരങ്ങളിലാണ താമസിച്ചിരുന്നത എങ്കിലും, രാജാവിന്റെ മന്ദിരത്തിൽ വെച്ചൊ യുവ രാജാവിന്റെ മന്ദിരത്തിൽ വെച്ചൊ ദിവസെന അവർ തമ്മിൽ കണ്ട, കുറെ നെരം ഒരുമിച്ച കഴിക്കുക പതിവായി. നാല മാസത്തൊളം അങ്ങിനെ കഴിഞ്ഞ ശെഷം, അവൎക്ക തങ്ങളുടെ സൂക്ഷ്മാവസ്ഥയെ വെളി പ്പെടുത്തെണമെന്നാഗ്രഹം തൊന്നിത്തുടങ്ങി. പക്ഷെ അതിന്ന മുമ്പ

കാണാത്ത ചില തടസ്ഥങ്ങൾ ഉണ്ടായിതീൎന്നു. കുന്ദലതയുടെയും താരാനാഥന്റെയും സ്ഥിതികൾക്കു ഇതിന്നിടയിൽ വളരെ അന്തരം വന്നു. കുന്ദലത ഒരു രാജസ്ത്രീയിന്റെ പദവിയിലായി. താരാനാഥന്നു എത്ര തന്നെ ബഹുമാനവും വലിപ്പവും ഉണ്ടെങ്കിലും രാജാവിന്റെ ഒരു സചിവൻ എന്നല്ലാതെ വരികയില്ല. ആകയാൽ താരാനാഥൻ കുന്ദലതയുടെ പാണിഗ്രഹണത്തിന്നു, രാജാവോടു അനുജ്ഞയപേക്ഷിക്കുവാൻ ഒട്ടും ഭംഗി പോരാതെയായി. കുന്ദലത സ്ത്രീയാകയാൽ തന്റെ ആ അഭിലാഷം താൻ തന്നെ ഒരുവനോടു പറയുന്നതും ഉചിതമാവുകയില്ലല്ലൊ. എങ്കിലും ആ തടസ്ഥങ്ങളെ ഇല്ലാതാക്കുവാൻ കുന്ദലത വേഗത്തിൽ വഴി കണ്ടു. ഒരു ദിവസം താൻ സ്വൎണ്ണമയിയുമായി സംസാരിക്കുമ്പോൾ വളരെ സാമൎത്ഥ്യത്തോടുകൂടി തന്റെ വിവാഹ സംഗതിയെ കുറിച്ചു ചോദിക്കുവാൻ സംഗതി വരുത്തുകയും ചോദിച്ചപ്പോൾ വസ്തുത ഒക്കെയും സ്വൎണ്ണമയിയോടു തുറന്നു പറയുകയും ചെയ്തു. സ്വൎണ്ണമയിക്കു ഏറ്റവും സന്തോഷകരമായ ആ വൎത്തമാനം ഒട്ടും താമസിയാതെ പ്രതാപചന്ദ്രനോടറിയിച്ചപ്പോൾ "എന്റെ സോദരിക്കു ഇതിലധികം യോഗ്യനായ ഒരു ഭൎത്താവിനെ കിട്ടുവാൻ പ്രയാസമാണു. "നല്ലതു നല്ലതിനോടല്ലേ ചേരൂ." അവളുടെ ഹിതം സാധിപ്പിക്കുവാൻ ഞാൻ തന്നെ വേണമെങ്കിൽ ഉദ്യോഗിക്കാമല്ലോ" എന്നു അദ്ദേഹം പറഞ്ഞു.

സ്വൎണ്ണമയി:— ഇവിടുന്നല്ലാതെ അവരുടെ അഭിലാഷം സാധിപ്പിക്കുവാൻ അത്ര തക്കതായി ആരെയും എനിക്കു തോന്നുന്നില്ല. അങ്ങേടെ സഹായം ഇപ്പോൾ അവൎക്കു വളരെ ആവശ്യവുമായിരിക്കും.

പ്രതാപചന്ദ്രൻ:— താരാനാഥൻ എന്റെ സോദരിക്കു ഏറ്റവും അനുരൂപൻ തന്നെ.

സ്വൎണ്ണമയി:— കുന്ദലതയുടെ അവസ്ഥ വിചാരിച്ചു നോക്കിയാൽ, ജ്യേഷ്ഠനെക്കാൾ വളരെ അധികം ആഭിജാത്യവും മഹിമയും ഉള്ള ഒരാൾ അവളെ വിവാഹം ചെയ്യേണ്ടതാണെന്നു ജനങ്ങൾ പറയുമായിരിക്കാം. കുന്ദലതയുടെ സ്വയംബരം ഉണ്ടെന്നു പ്രസിദ്ധപ്പെടുത്തിയാൽ അവളുടെ പാണിഗ്രഹണത്തെ കാംക്ഷിച്ചു വരാത്ത കിരീടപതി രാജാക്കന്മാർ ഉണ്ടെന്നും തോന്നുന്നില്ല.

പ്രതാപചന്ദ്രൻ:— അച്ഛന്നു ആ വക മോഹങ്ങൾ ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. അഥവാ ഉണ്ടെങ്കിൽ തന്നെ കപിലനാഥന്റെ മനോരഥത്തെ തെറ്റി നടക്കുകയുമില്ല.

സ്വൎണ്ണമയി:— അച്ഛൻ ജ്യേഷ്ഠന്നു വേണ്ടി ഒന്നും ഒരു കാൎയ്യത്തിൽ പറകയില്ല നിശ്ചയം തന്നെ. രാജാവിന്നു കുന്ദലതയെ ഒരു

രാജപത്നിയായിരിക്കണമെന്ന തന്നെ ആഗ്രഹമുണ്ടെന്നുവരികിൽ, ഇനി ജ്യേഷ്ഠനെ ഒരു രാജാവാക്കുകയല്ലാതെ ഒരു നിൎവ്വാഹവുമില്ല.

പ്രതാപചന്ദ്രൻ. വിസ്മയത്തോടുകൂടി "അത എന്ത കൊണ്ട?" എന്ന ചോദിച്ചു.

സ്വൎണ്ണമയി:— കുന്ദലതാ ജ്യേഷ്ഠനെ വരിച്ചിരിക്കുന്നു. അത അവർ വിലപാഠിയുടെ മുകളിൽനിന്ന തന്നെ കഴിച്ചിരിക്കുന്നപോൽ. ഇനി അവരുടെ അന്തൎഗ്ഗതം അറിഞ്ഞു, കല്യാണം നിശ്ചയിച്ചിട്ടില്ലെങ്കിൽ, കുന്ദലത തന്നെ രാജാവിനോട പറയുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നും, അവൾ തന്നെയാണ എന്നോട പറഞ്ഞുത.

പ്രതാപചന്ദ്രൻ. അത കേട്ട ഉടനെ കുന്ദലതയെ ചെന്ന കണ്ട വിവരം ഒക്കെയും ചോദിച്ചറിഞ്ഞു, അധികം താമസിയാതെ തൻെറ സോദരിയുടെ മനോരഥം അച്ഛനെയും അറിയിച്ചു.

രാജാവ. ഇത ഞാൻ ഒട്ടും ഓൎത്തില്ല. താമസിയാതെ കുന്ദലതക്ക സ്വയംബരം നിശ്ചയിക്കേണമെന്നായിരുന്നു എൻെറ മനോരാജ്യം. അത ഒന്നും കൂടാതെ കഴിഞ്ഞു. രാജകന്യകമാൎക്ക രാജകുമാരന്മാരാരെങ്കിലും വേണമെന്ന തന്നെയായിരിക്കും അധികം ജനങ്ങളുടെ അഭിപ്രായം. അത ബഹുമാനവും സമീപമുള്ള രാജാക്കന്മാരുടെ മൈത്രിയും കാംക്ഷിച്ചാണ. നമുക്ക അവരെല്ലാവരുടെയും മൈത്രിയെക്കാൾ, ഈ മന്ത്രിപ്രവീരന്മാരുടെ മൈത്രിതന്നെയാണ അധികം വലുതായിട്ടുള്ളത. എന്ന തന്നെയുമല്ലാ താരാനാഥനെപ്പോലെ ഇത്ര പൌരുഷവും, ഓജസ്സും ബുദ്ധിശക്തിയും മററും ഗുണങ്ങളും തികഞ്ഞിട്ടുള്ള രാജകുമാരന്മാർ വളരെ ദുൎല്ലഭവുമാണ. അതകൊണ്ട ഈ ശുഭകൎമ്മത്തിന്ന ഒട്ടും താമസിക്കരുത" എന്ന പറഞ്ഞു കുന്ദലതയെയും താരാനാഥനെയും ആളെ അയച്ച വരുത്തി, ഏററവും സന്തോഷത്തോടുകൂടി തൻെറ അനുജ്ഞയെയും ആശിസ്സും നല്കി. കപിലനാഥനെയും വിവരം അറിയിച്ചു. കപിലനാഥന്ന ആ സംയോഗം സംഭവിക്കുമെന്ന തീൎച്ചയുണ്ടായിരുന്നു എങ്കിലും, വിവാഹം നിശ്ചയിച്ചു എന്നറിഞ്ഞപ്പോൾ വളരെ പ്രമോദമുണ്ടായി. കാലതാമസം കൂടാതെ അഘോരനാഥൻ വളരെ ജാഗ്രതയോടുകൂടി രാജാവിൻെറ കല്പനപ്രകാരം കുന്ദലതയുടെ വിവാഹോത്സവത്തിന്ന ഒരുക്കുകൾ കൂട്ടിത്തുടങ്ങി. കലിംഗരാജ്യത്തെ പ്രഭുക്കന്മാരും നാട്ടവാഴികളും, പടനായകന്മാരും സ്ഥാനികളും ആയ വളരെ ആളുകൾ കല്യാണത്തിന്ന വേണ്ടുന്ന ഓരോ സംഭാരങ്ങളോടുകൂടി എത്തിത്തുടങ്ങി. കുന്ദലതയുടെയും

കപിലനാഥന്റെയും ആശ്ചൎയ്യമായ ചരിതം കലിംഗരാജ്യത്തിന്ന സമീപമുള്ള രാജ്യങ്ങളിലും, പല ദൂരദെശങ്ങളിലും കൂടി, അഞ്ചാറമാസംകൊണ്ട പ്രസിദ്ധമായിതീൎന്നിരുന്നു. ആയതകൊണ്ട കുന്ദലതയുടെ അനുപമമായ ബുദ്ധിവൈശിഷ്ട്യത്തെയും, ലാവണ്യാദിഗുണങ്ങളെയും, കെട്ട ആ കാമിനീരത്നത്തെയും, അവളുടെ ഭാഗ്യശാലിയായ ഭൎത്താവിനെയും കണ്ട നയനസാഫല്യം വരുത്തുവാൻ ആഗ്രഹത്തൊടുകൂടി പല ദിക്കുകളിൽനിന്നും അനവധി ജനങ്ങൾ വന്നുകൂടി ജനബാഹുല്യത്തെ ഭയപ്പെട്ട രാജധാനിയുടെ പുറത്തഭാഗത്ത തന്നെ ഒരു മൈതാനത്തിൽ അഘൊരനാഥൻ മൂന്ന വലിയ നെടുമ്പുരകൾ കെട്ടിച്ചിരുന്നു. അവയിൽ നടുവിലുള്ള ഏററവും വലിയ വൃത്താകാരമായ നെടുമ്പുരയിൽ വളരെ ജനങ്ങൾ ഒന്നായിട്ടിരുന്ന കാണത്തക്ക വിധത്തിൽ ചുററും മഞ്ചങ്ങളും പീഠങ്ങളും വെച്ചുകെട്ടിയിരുന്നത വളരെ കൌതുകമാകുംവണ്ണം അലങ്കരിച്ചിട്ടുണ്ടായിരുന്നു. ഔന്നത്യംകൊണ്ട സമീപമുള്ള എല്ലാ മന്ദിരങ്ങളെയും നീചങ്ങളാക്കി തീൎത്തിരുന്ന ആ ഉത്തുംഗമായ നെടുമ്പുര വിവിധവൎണ്ണങ്ങളായി പവനൊദ്ധൂളിതങ്ങളായിരിക്കുന്ന പതാകാശതങ്ങളെക്കൊണ്ട ഭൂഷിതയായി നില്ക്കുന്നത കണ്ടാൽ, അതിന്റെ അന്തൎഭാഗത്തിങ്കൽ സംഭവിക്കുവാൻ പൊകുന്ന ഉദ്വാഹമഹൊത്സവം സ്വൎഗ്ഗലൊകത്തിൽ വെച്ച കഴിയെണ്ടതാണെന്നുറച്ച, അതിന്ന വെണ്ടി, മെല്പെട്ട പറക്കുവാൻ തെയ്യാറായി നില്ക്കുകയൊ എന്ന തൊന്നും. അങ്ങിനെയിരിക്കുന്ന ആ വലിയ നെടുമ്പുരയിൽ വിവാഹത്തിന്ന നിശ്ചയിച്ച ദിവസം മുഹൂൎത്തത്തിന്ന നാല നാഴിക മുമ്പായിട്ട മഹാ ജനങ്ങൾ വാതില്ക്കളിൽകൂടി തിക്കിതിരക്കി കടന്ന, കടുകിട്ടാൽ ഉതിരുവാൻ പഴുതില്ലാതെ നിറഞ്ഞിരുന്നു. നടുവിൽ മഹാ രാജാവും, കപിലനാഥൻ മുതലായവരും, പുരൊഹിതന്മാരും മററും വിശിഷ്ടന്മാരായ ബ്രാഹ്മണരും, മണിമയങ്ങളായ ആസനങ്ങളിന്മെൽ വന്നിരുന്നു. അങ്ങിനെ ആ സദസ്സുനിറഞ്ഞ മുഹൂൎത്തസമയം സമീപിച്ചപ്പൊൾ സ്വൎണ്ണമയമായ ഒരു പല്ലക്കിൽ കുന്ദലതയും മററ രണ്ട പല്ലക്കുകളിൽ അഘൊരനാഥന്റെ പത്നിയും, സ്വൎണ്ണമയീദെവിയും വന്നിറങ്ങി. കുന്ദലതയെ നടുവിലാക്കി മൂന്ന പെരുംകൂടി നടന്ന സഭയുടെ എടത്തുഭാഗത്തുള്ള ഒരു മണ്ഡപത്തിൻ മീതെ, രത്നഖചിതങ്ങളായ ആസനങ്ങളിന്മെൽ ചെന്നിരുന്നു. കുന്ദലതയും തൊഴിമാരും എത്തിയപ്പൊഴെക്ക വീണാവെണുമൃദംഗാദികളുടെ മഞ്ജുളനാദംകൊണ്ടും മററും അതുവരെ ശബ്ദായമാനമായിരുന്ന ആ സദസ്സു ഏററവും നിശ്ശബ്ദമായി. രാജകുമാരിയുടെ അസീമമായ കൊമളിമാവ,

കാണികളായ മഹാജനങ്ങളുടെ അക്ഷികൾക്ക പിയൂഷമായി ഭവിച്ചു. ആ അക്ഷികളാകട്ടെ മധുപാനകേളിയിങ്കൽ ആസക്തിയോടുകൂടി, സദ്യഃസ്ഫുടങ്ങളായ പ്രസൂനനിചയങ്ങളിൽ പ്രവെശിച്ചിരിക്കുന്ന ഭ്രമരപടലികളെപ്പൊലെ ആയതിനെ പിന്നെയും പിന്നെയും ആദരവൊടുകൂടെ ആസ്വദിച്ചിട്ടും തൃപ്തിയെ പ്രാപിച്ചില്ല കുന്ദലത ആസനത്തിന്മെൽ വന്നിരുന്ന ഉടനെ ചുററും ഇരിക്കുന്ന മഹാജനങ്ങളെ വിസ്മയത്തൊടുകൂടി നൊക്കിക്കൊണ്ട ചില പ്രധാനികളെ അഘൊരനാഥന്റെ പത്നിയൊട ചൊദിച്ചറിയുമ്പൊഴെക്ക ദൂരത്തനിന്ന ചിലർ കുതിരപ്പുറത്ത കയറി വരുന്ന ശബ്ദം കെൾക്കുമാറായി. എല്ലാവരും സശ്രദ്ധന്മാരായി വരുന്നവരെ കാത്തുകൊണ്ടിരിക്കെ, താരാനാഥനും, യുവരാജാവും, അഘൊരനാഥനും എത്തി, കുതിരപ്പുറത്ത നിന്നിറങ്ങി, താരാനാഥനെ നടുവിലാക്കിക്കൊണ്ട സഭയിലെക്ക കടന്നു. ഏററവും ചെൎച്ചയുള്ള കഞ്ചുകൊഷ്ണീഷങ്ങൾക്ക പുറമെ, കുന്തളെശനുമായുണ്ടായ യുദ്ധത്തിൽ തന്റെ പരാക്രമം കണ്ട സന്തൊഷിക്കുകയാൽ യുവരാജാവിനാൽ രാജസഭയിൽ വെച്ച സമ്മാനിക്കപ്പെട്ടതായ, മരതക വൈഡൂൎയ്യാദികളെക്കൊണ്ട ഖചിതമായി ചന്ദ്രക്കലയുടെ ആകൃതിയിൽ ദീപ്തികലൎന്ന ഒരു മുദ്ര, താരാനാഥൻ തന്റെ വക്ഷസ്സിന്റെ വാമഭാഗത്ത ധരിച്ചിട്ടുണ്ടായിരുന്നു. മുഖം സ്വതെ രക്തപ്രസാദമുള്ളതാകയാലും അപ്പൊൾ കുതിരപ്പുറത്ത ഓടിച്ചവന്നതാകയാലും താരാനാഥൻ കാണുന്നവൎക്ക ഏററവും മൊഹനീയാകൃതിയായിട്ട തൊന്നി. മൂന്നാളുകളും കൂടി സഭയിലെക്ക കടന്നപ്പൊൾ വാദ്യഗാനങ്ങളുടെ ഘൊഷവും മററും നിന്ന സഭ രണ്ടാമതും നിശ്ശബ്ദമായി. താരാനാഥൻ മഹാജനങ്ങൾക്ക തന്റെ വന്ദനയെ കാണിപ്പാൻ രണ്ട മൂന്ന പ്രാവശ്യം തലകുമ്പിട്ട, അഘൊരനാഥനും യുവരാജാവും ഒരുമിച്ച സഭയുടെ വലത്ത ഭാഗത്ത അലങ്കരിച്ച വെച്ചിരിക്കുന്ന ആസനങ്ങളിന്മെൽ, കുന്ദലതക്കു അഭിമുഖനായിട്ടിരിക്കുകയും ചെയ്തു. മുഹൂൎത്തത്തിന്ന രണ്ട വിനനാഴികക്കൂടെയുണ്ടായിരുന്നതിനാൽ താരാനാഥനും കുന്ദലതയും, തങ്ങളുടെ പാണിഗ്രഹണമഹൊത്സവത്തെ കാണ്മാൻ വന്നവരായ മഹാജനങ്ങളെ നൊക്കി വിസ്മയിച്ചുകൊണ്ടും അവരുടെ നെത്രാവലിയെ തങ്ങളുടെ രൂപമാധുൎയ്യത്താൽ കുളൎപ്പിച്ചുകൊണ്ടും, ഇരുന്നു. ആ മഹാജനങ്ങളും കുന്ദലതാ താരാനാഥന്മാരുടെ സൌഭാഗ്യത്തെയും അന്യൊന്യമുള്ള ചെൎച്ചയെയും മററും കുറിച്ച വളരെ കൊണ്ടാടി സ്തുതിക്കുകയും ചെയ്തു.

മുഹൂൎത്ത സമയത്ത പുരൊഹിതൻ അഗ്നിസാക്ഷിയായി താരാനാഥനും കുന്ദലതയും തമ്മിൽ, പാണിഗ്രഹണം ചെയ്യിച്ചു. അപ്പൊൾ തന്നെ

പുറത്തനിന്ന പല മംഗല ശബ്ദങ്ങളും മുഴങ്ങി. മെഘനിസ്വനം പൊലെ അതി ഗംഭീരമായ ശംഖധ്വനി എല്ലാററിലും ഉച്ചത്തിൽ കെൾക്കുമാറായി, എല്ലാ ജനങ്ങൾക്കും ആ അവസ്ഥയുടെ ഗൌരവം നല്ലവണ്ണം മനസ്സിൽ തൊന്നി. മുമ്പെ തന്നെ ഹൃദയങ്ങൾ തമ്മിൽ ഐക്യം പ്രാപിച്ചിട്ടുള്ള ആ സ്ത്രീപുമാന്മാൎക്കു, ഈ ലൌകികമായ പാണിഗ്രഹണം എന്ന മംഗല ക്രിയകൊണ്ടു അല്പം പൊലുംഅധികമായ ഒരു സംബന്ധം ഉണ്ടാവാനില്ല. എങ്കിലും അവർ ആ ലൊക മൎയ്യാദയെ അനുസരിച്ചു അന്യൊന്യം പാണിഗ്രഹണം ചെയ്തു നിൽക്കുമ്പൊൾ, അവർ പ്രാപിച്ചിരിക്കുന്ന ആ നിരന്തരമായ സംബന്ധത്തിന്റെ ഗൌരവം മുഴുവനും അവൎക്കു അനുഭവമായി. ആ സമയം അന്തരംഗത്തിൽ തിങ്ങി വിങ്ങുന്നതായ പലവിധ വികാരം ഹെതുവായി പുളകിതമായിരിക്കുന്ന ഗാത്രത്തൊടും അല്പം ഉന്നമ്രമായിരിക്കുന്ന വദനാരവിന്ദത്തൊടും കൂടി പരസ്പരം പാണിഗ്രഹണം ചെയ്തുകൊണ്ടു നിൽക്കുന്ന ആ ദമ്പതിമാരുടെ തലയിൽ പല പ്രാവശ്യം പുഷ്പവൃഷ്ടിചെയ്കയും ശംഖനാദം പിന്നെയും പിന്നെയും മുഴക്കുകയും കാണികൾ പലവിധ മംഗള വാക്യങ്ങളെ ഘൊഷിക്കുകയും ചെയ്തു.

പാണിഗ്രഹണം കഴിഞ്ഞു, അഗ്നികുണ്ഡത്തെയും സഭയിൽ അഗ്രാസനാസീനന്മാരായ യൊഗ്യന്മാരെയും പ്രദക്ഷിണം ചെയ്തശെഷം ആ ജായാപതിമാരായ യുവാക്കളെ മഹാരാജാവും കപിലനാഥനും മററും ആശീൎവ്വാദം ചെയ്തു. പിന്നെ പലവിധ വാദ്യഗാനങ്ങളൊടും, മഹാജനങ്ങൾ ജയശബ്ദം ഘൊഷിച്ചുകൊണ്ടും കുന്ദലതയും താരാനാഥനും ഒരെ പല്ലക്കിൽ തന്നെ കയറി രാജവീഥിയിൽ കൂടി, രണ്ടുപുറത്തും ഈററുനിൽക്കുന്ന പട്ടണവാസികൾ കാണ്കെ രാജധാനിയിലെക്കു മടങ്ങിപ്പൊകയും ചെയ്തു.

അവസാനം.

1032b 8152

19. ൮. 3. വരി. പാളുണ്ണാരം
29 ൮ 4 " " കൊമ്പല — കോ?
33. 14 " " തറെന്നു
43. 13 " " പന്തരം പാട്ടുന്തിൽ പറിക്ക
61 സർ പ്രസാദവിശ്വനന്ദ്യായവായ്ക്കുകൾ
15 വരി പുണ്യാഹം
65 സർ [illegible] ശ്ലോകി
90 ൧. 7 [illegible] സംക്രാന്ത
൮ [illegible]
96 സർ [illegible] Tirup ?

ൟ പുസ്തകം കൊഴിക്കൊട മാങ്കാവിൽ മ. രാ. രാ. ടി. എം. കെല്വനെടുങ്ങാടി അവർകളൊട ആവശ്യപ്പെട്ടാൽ കിട്ടുന്നതാകുന്നു.

വില അണ ൮.    തപാൽ കൂലി അണ ൧.

1.–

# KUNDALATA

## A MALAYALAM NOVEL

BY

**T. M. APPU NEDUNGADI, B. A.**

*Copyright registered.*

തലക്കൊടിമഠത്തിൽ അപ്പുനെടുങ്ങാടി

ഉണ്ടാക്കിയ

# കുന്ദലതാ

എന്നൊരു പുതുമാതിരി കഥാ.

ഈ പുസ്തകത്തിന്റെ കൊപ്പിറൈററ
അവകാശം റജിസ്തർ ചെയ്തിരിക്കുന്നു.

CALICUT

PRINTED AT THE VIDYA VILASUM PRESS.

1887.